

# ഴ്ത്തപ്പെട്ട ചാവറയച്ചൻ

## വ്യക്തിത്വം വീക്ഷണവും

ജോൺറോമിയോ പട്ടശ്ശേരി CMI:

SCP 1573

2104
K, 202

# വാഴ്ത്തപ്പെട്ട ചാവറയച്ചൻ

## വ്യക്തിയും വീക്ഷണവും

ഫാ. ജോൺ റോമിയോ പട്ടശ്ശേരി C.M.I.

Malayalam

**VAZHTHAPETTA CHAVARAYACHAN**
**VYAKTHIYUM VEEKSHANAVUM**

Vol - I

**By. Fr. John Romeo C.M.I. M.A.**

First Edition - August - 1989.

Copy Right. Fr. John Romeo Pattassery C.M.I.

*Published by*
Chavara Books & Publications, Alwaye

Price - Rs - 20

Printed at
**K. C. M.** Press
Karikamury. Ernakulam. Cochin - 682 011

# ഗ്രന്ഥകർത്താവിൻെറ ഇതരകൃതികൾ

വാഴ്ത്തപ്പെട്ട ചാവറയച്ചൻ
1st Edition - 1987
2nd Edition - 1988
3rd Edition - 1989

പുണ്യചരിതനായ പാലയ്ക്കൽ മല്പാൻ

ചാവറയച്ചൻ വികാരിയായിരുന്ന പള്ളിപ്പുറം

ധർമ്മഗീതി – (Ed.)

അമൃതധാര – (Ed.)

വാഴ്ത്തപ്പെട്ട ചാവറയച്ചൻ
വ്യക്തിയും വീക്ഷണവും
Vol. I. 1989.
Vol. II. 1989.

വേദനയുടെ വാടാമലർ (അച്ചടിയിൽ)

പാറവായിലെ ഗീതം.

# ഉള്ളടക്കം

## Vol. I


മുഖവുര

അവതാരിക

I മാതൃകേതനായ ചാവറയച്ചൻ

II പള്ളിപ്പുറം ചാവറയച്ചന്റെ രണ്ടാം ജന്മഗൃഹം

III ചാവറയച്ചനും സി. എം. ഐ. സഭയും

IV ചാവറയച്ചനും വിദ്യാദാന പ്രവൃത്തനങ്ങളും

V അധഃകൃതരുടെ അജപാലകൻ

VI മുദ്രാലയ പ്രസിദ്ധീകരണം ഒരു തപസ്യ

VII രമ്യതയുടെ ശുശ്രൂഷകൻ

VIII വി. കർബാനയുടെ ആരാധകൻ

IX പരസ്നേഹത്തിന് ഒരു ചാവറ ശൈലി

X ദൈവീക മനുഷ്യൻ

## Vol. II


| | പേജ് |
|---|---|
| മുഖവുര | vi |
| അവതാരിക | xiii |
| അധികാരം സേവനത്തിന് | 17 |
| അനുസരണം ബലിയേക്കാൾ ഉത്തമം | 38 |
| ചാവറയിലെ സാഹിത്യകാരൻ | 47 |
| ചാവറയച്ചനും കൂനമ്മാവും | 65 |
| C M C., C T C. സഭകളും ചാവറയച്ചനും | 98 |
| കുടുംബം – ചാവറയുടെ ദൃഷ്ടിയിൽ | 128 |
| ചാവറയുടെ 'ആബാ' എക്സ്പീരിയൻസ് | 137 |
| ലിററർജി – ചാവറയുടെ ദൃഷ്ടിയിൽ | 145 |
| ചാവറയച്ചൻ അനുഗ്രഹ ദാതാവ് | 159 |
| ചാവറയെക്കുറിച്ച് മഹാൻമാർ | 172 |

# മുഖവുര

ഭാരത ക്രൈസ്തവർക്ക് എന്നും അഭിമാനത്തിനും അനുകരണത്തിനും അർഹനായ വാഴ്ത്തപ്പെട്ട ചാവറയച്ചനെ കുറിച്ച് ഇന്നു കൂടുതൽ കൂടുതൽ ആളുകൾ അറിഞ്ഞുകൊണ്ടാണിരിക്കുന്നത്. 19-ാം നൂററാണ്ടിൽ കേരള സഭയ്ക്കും ഭാരത സഭയ്ക്കും ഇത്ര മഹത്തായ സേവനം ചെയ്ത ഈ മഹാത്മാവിനെ എന്തുകൊണ്ട് ഞങ്ങൾക്കു വിശദമാക്കി തന്നില്ല എന്നുള്ള ചോദ്യം ഇന്നു പലരുടേയും നാവിൽ നിന്നും വീഴുന്നു. അദ്ദേഹം സ്ഥാപിച്ച സി. എം. ഐ. സി. എം. സി. സഭയിലെ അംഗങ്ങൾ പോലും അദ്ദേഹത്തിന്റെ മഹത്തായ സേവനങ്ങളുടെ ചരിത്രം പൊതുജനങ്ങളിൽ നിന്നും ഒരു പരിധിവരെ മറച്ചുവച്ചിരിക്കയായിരുന്നു എന്ന പരമാർത്ഥം തലകുലുക്കി സമ്മതിക്കാതെ തരമില്ല. ഏതായാലും സഭയുടെ പരമാദ്ധ്യക്ഷനും ക്രിസ്തുവിന്റെ വികാരിയുമായ – ജോൺ പോൾ രണ്ടാമൻ മാർപാപ്പാതന്നെ, ഭാരതത്തിൽ വന്നു – കേരളമണ്ണിൽ വച്ചുതന്നെ വീരനായ ഈ കേരള പുത്രനെ അൾത്താരയുടെ വണക്കത്തിനായി പ്രതിഷ്ഠിച്ചു. അന്നുവരെ മാന്നാനത്തും പരിസരങ്ങളിലും സഭാംഗങ്ങളുടെ ഇടയിലും മാത്രം ഒതുങ്ങി നിന്ന ചാവറയെന്ന വ്യക്തി – ആഗോളസഭയുടെ – ഭാരതസഭയുടെ പൊതു സ്വത്തായിത്തീരുകയായിരുന്നു. പലരും ചാവറയെക്കുറിച്ചു ചിന്തിച്ചു. പലരും പുസ്തകങ്ങളും ജീവിത ചരിത്രങ്ങളും തേടി നെട്ടോട്ടം ഓടി. അപൂർവ്വലഭ്യമായ ഫാ. വലേരിയൻ എഴുതിയ ചാവറയച്ചനെക്കുറിച്ചുള്ള ജീവചരിത്രവും ഷെവ. കെ. സി. ചാക്കോ, ഇംഗ്ലീഷിൽ വിരചിച്ച ചാവറയച്ചന്റെ ജീവചരിത്രവുംമാത്രമാണ് അവർക്കു കണ്ടെത്തുവാൻ സാധിച്ചത്.

പുണ്യപദപ്രഖ്യാപനത്തിനുശേഷം Z. M. മുഴൂരും മററും ... വറയുടെ ജീവചരിത്രം പ്രസിദ്ധീകരിച്ചു. ഈ ഗ്രന്ഥകാ... തന്നെ എഴുതിയ ചാവറയച്ചന്റെ ജീവചരിത്രം ഇതിന... മൂന്നുപതിപ്പുകൾ തന്നെ ആവശ്യമായി വന്നു എന്ന് അറി... മ്പോൾ ചാവറയച്ചനെ കുറിച്ചു കൂടുതൽ അറിയുവാനുള്ള ... ജനത്തിന്റെ അഭിവാഞ്ഛ ഊഹിക്കാവുന്നതാണല്ലോ. ... ഭാരതസുറിയാനി സഭ – കത്തോലിക്കാസഭയുടെ ഭാഗ... ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടു വളരുന്നുവെങ്കിൽ അതി... മുഖ്യശില്പി വാ. ചാവറയച്ചനായിരുന്നെന്ന് ആർക്കാണ്...

റിവില്ലാത്തതു്. പരാധീനതകൾ പലതുണ്ടായിരുന്നിട്ടും– സ്വ
ജാതി മെത്രാനേയോ സ്വന്തം റീത്തു മെത്രാനേയോ അനു
വദിച്ചു തരുവാൻ വത്തിക്കാൻ വൈമുഖ്യം കാണിച്ചിട്ടും– പ്ര
തിഷേധ മനഃസ്ഥിതയോടുകൂടി സത്യസഭയിൽ നിന്നും
'സലാം' പറഞ്ഞു പിരിയുക ഒരിക്കലും പാടില്ലെന്ന പക്ഷ
ക്കാരനായിരുന്നു വാ. ചാവറയച്ചൻ. ഈ ആശയം മററുള്ളവ
രെ മനസ്സിലാക്കി കൊടുക്കുവാനും അതനുസരിച്ചു കാര്യങ്ങൾ
നീക്കുവാനും എന്തൊരു പ്രയാസങ്ങളാണു് അദ്ദേഹത്തിനു് സ
ഹിക്കേണ്ടി വന്നതു്.

ചാവറയച്ചൻ കൈവയ്ക്കാത്ത, ആരംഭം കുറിക്കാത്ത ഒരു
പദ്ധതിയും ഇന്നു കേരള കത്തോലിക്കാ സഭയിൽ ഇല്ലയെന്നു
തീർത്തു പറയുവാൻ സാധിക്കും. ഈ ക്രിസ്തീയ ശുശ്രൂഷകളിൽ
പലതും അദ്ദേഹത്തിൻെറതന്നെ കണ്ടുപിടുത്തവും ദീർഘ
വീക്ഷണവുമായിരുന്നു. ആരുപോലുമില്ലാത്ത മരണാസന്നർക്കു
അഭയം നൽകുവാൻ ഒരു 130 കൊല്ലം മുമ്പു 'ഉപവിശാല'
എന്ന ആശയം കണ്ടുപിടിക്കുകയും അതു നടപ്പിൽ വരുത്തുകയും
അതിനായി ദൈവജനത്തിൽ നിന്നു തന്നെ ഒരു സന്നദ്ധ സമൂ
ഹത്തെ സംഘടിപ്പിക്കുകയും ചെയ്ത ചാവറയച്ചനെ എത്ര
മാത്രം നമ്മൾ പ്രകീർത്തിച്ചാലും അതു അധികമായിപ്പോകുക
യില്ല. സന്ന്യാസിനികളുടേയും മററും സഭകളൊന്നുമില്ലാതി
രുന്ന അക്കാലത്തു് ഇതു് ചങ്കുറപ്പുള്ള ഒരു വലിയ 'ചുവടുവയ്പു്'
തന്നെയായിരുന്നു.

മുട്ടിനു മുട്ടിനു് സ്വന്തമായ സ്കൂളുകളും കോളേജുകളും കൊണ്ടു്
ഇന്നു് കേരള കത്തോലിക്കാ സഭ ധന്യമാണു്. ഇതു കണ്ടു
മററുള്ള സമുദായങ്ങൾ അസൂയപ്പെടുകയും അഭിവൃദ്ധിയുടെ വഴി
യിൽ എല്ലാ തടസ്സങ്ങളും ഗവണ്മെൻറു പക്ഷത്തു നിന്നും വരു
ത്തി വയ്ക്കുകയും ചെയ്യുന്നു. ഇതിനു വേണ്ടി ആക്കം കൊടുത്ത
വ്യക്തി ചാവറയാണെന്നും മാന്നാനത്തു തുടങ്ങിവച്ച സംസ്കൃത
സ്കൂളാണിതിൻെറ തുടക്കമെന്നും എത്രപേർക്കു ഇന്നറിയാമോ
ആവോ? പള്ളിയോടനുബന്ധിച്ചു സ്കൂളില്ലെങ്കിൽ 'അംശമുടക്കു
കല്പിക്കുമെന്നു ഭയപ്പെടുത്തിപ്പോലും സ്കൂളുകൾ ആരംഭിപ്പി
ക്കാൻ പ്രോത്സാഹനം കൊടുത്തയാളാണു് ചാവറയച്ചൻ.

അധഃകൃതരും തങ്ങളുടെ സഹോദരങ്ങളാണെന്നും തീണ്ടലി
ൻെറയും തൊടീലിൻെറയും പേരിൽ മാററി നിർത്തുകയും അവ
ഗണിക്കുകയും അവഹേളിക്കുകയും ചെയ്യേണ്ടവരല്ല അവരെ
ന്നും ഒരു മഹാത്മാഗാന്ധിക്കു മുമ്പു തന്നെ മനസ്സിലാക്കി
പ്രവർത്തിച്ചയാളായിരുന്നു വാ. ചാവറയച്ചൻ. അവർക്കു വേണ്ടി
[illegible] ഒരു സ്കൂൾ ആരംഭിപ്പാൻ ഈ ദൈവ മനുഷ്യനു നല്ല ചങ്കു
റപ്പുണ്ടായിരുന്നു.

വിദ്യ കൊടുത്താൽ വായിക്കാനുള്ള വകയും കൊടുക്കണമെന്നു മനസ്സിലാക്കി 'അച്ചടി ശാല' സ്ഥാപിക്കാൻ അക്ഷീണയത്നം ചെയ്തവനാണ് വാ. ചാവറ. തിരുവനന്തപുരം വരെ ഒന്നോ രണ്ടോ കാൽനടയാത്ര ഒരു ബുദ്ധിമുട്ടായി അദ്ദേഹത്തിനു തോന്നിയില്ല. ഇന്നു പുസ്തക പ്രസിദ്ധീകരണം ഒരു ബിസിനസ്സായി തീർന്നിട്ടുണ്ടെങ്കിൽ അന്ന് ഇതൊരു തപസ്യയും സേവനവുമായിരുന്നു. കേരളത്തിൽ ഇന്നു കാണുന്ന എല്ലാ കത്തോലിക്കാ പ്രസ്സുകളുടേയും പുസ്തക പ്രസിദ്ധീകരണ ശാലകളുടേയും മുത്തശ്ശിയുമാണ് മാന്നാനത്തെ വി. യൗസേപ്പിതാവിന്റെ അച്ചുകൂടം. മരപ്രസ്സ് മുതൽ 'ഓഫ്' സെററ് വരെ അതിനിന്നു വളർച്ചയുണ്ടായിട്ടുണ്ടെങ്കിൽ പല വർണ്ണങ്ങളിൽ പല പേജുകളിൽ അടിച്ചിറങ്ങുന്ന ദിന പത്രങ്ങൾ ഇന്നിതിന്റെ കീഴിൽ ഉണ്ടെങ്കിൽ ചാവറയച്ചന്റെ 1844 ലെ ദീർഘദൃഷ്ടിയുടെ ആകത്തുക മാത്രമാണിതെല്ലാമെന്നു നാം സമ്മതിക്കണം. ഈ പ്രസ്ഥാനത്തിന്റെ ചുവടു പിടിച്ച് എത്രയെത്ര അച്ചടിശാലകളും പ്രസിദ്ധീകരണ ശാലകളും ഇന്നു കേരള കത്തോലിക്കാ സഭയ്ക്കുണ്ട്.

സന്ന്യാസത്തെ പൊതു സേവനത്തിനുള്ള നിഷ്കാമകർമ്മത്തിനുള്ള ഒരു മാധ്യമമാക്കി തീർക്കുകയും തന്റെതന്നെ മാതൃകകൊണ്ട് അതിനു രൂപഭംഗി കൊടുക്കുകയും ചെയ്ത ചാവറയച്ചൻ പുരുഷന്മാർക്കും, സ്ത്രീകൾക്കും വേണ്ടി രണ്ടു സന്ന്യാസ സഭകളാണ് സ്ഥാപിച്ചത്. CMI, CMC സഭകൾ. ഈ പിതാവിന്റെ കൈകുഞ്ഞുങ്ങളാണ് ഇവ വളർന്നു വികസിച്ചു ഭാരതത്തിലും ഭാരതത്തിനു പുറത്തും ദൈവജന ശുശ്രൂഷ ചെയ്യുന്നുണ്ടെങ്കിൽ അതെല്ലാം ഈ പിതാവിന്റെ കൈവയ്പ്പും അനുഗ്രഹവും ഒന്നുകൊണ്ടു മാത്രമാണ്.

ഇങ്ങനെ ചാവറയച്ചന്റെ അപദാനങ്ങൾ എണ്ണിയെണ്ണി പറയുവാൻ സാധിക്കും. ഇന്നു ജീവിക്കുന്നവർക്ക് വെളിച്ചവും ശക്തിയും പകരുവാൻ പണ്ടു ജീവിച്ചു മൺമറഞ്ഞ ചാവറയച്ചനെപോലുള്ള മഹാശയന്മാരുടെ മനോഹരിത ഇന്നിന്റെ തലമുറയ്ക്കു മനസ്സിലാക്കികൊടുക്കണമെന്നു മാത്രമാണ് ഈ പുസ്തക രചനയിൽ എനിക്കുള്ള ഏക ഉദ്ദേശം.

ദൈവജനത്തിനു ചാവറയച്ചനെകുറിച്ചു കൂടുതൽ അറിവു ലഭിക്കുക ഒരുപക്ഷേ പുസ്തകങ്ങളിൽ നിന്ന് എന്നതിനേക്കാൾ പള്ളിപ്രസംഗങ്ങളിൽ നിന്നും നൊവേന പ്രസംഗമായിരിക്കും. ഈ എഴുത്തുകാരന്റെ അനുഭവത്തിൽ നിന്നു തന്നെ ഇതു നല്ലതുപോലെ ബോദ്ധ്യമായിട്ടുള്ള കാര്യമാണ്. ഭക്തിയുടേയും ശ്രമയുടേയും ആ അന്തരീക്ഷത്തിൽ വചാലകനായ ഒരു പ്ര

ത്തിയിരിക്കുന്നത്. അതുകൊണ്ട് ഈ പുസ്തകങ്ങൾ തീർത്തും വ്യത്യസ്തമായ വീക്ഷണഗതികളാണു കൈക്കൊണ്ടിരിക്കുന്നത് എന്നു പറയുവാൻ വേണ്ടിയാണ് ഇത്രയും ഇവിടെ സൂചിപ്പിച്ചത്.

ഇതിലെ ആശയങ്ങൾ പലതും ചാവറയച്ചനെക്കുറിച്ചുള്ള പല പ്രസംഗങ്ങളിലായി ഈ ലേഖകൻതന്നെ അവതരിപ്പിച്ചിട്ടുള്ളതാണ്. അതെല്ലാം ഒരു പുസ്തകമായി കാണുവാൻ പലരും ആവശ്യപ്പെട്ടതനുസരിച്ചാണ് ഇപ്പോൾ ഇതു നിർവ്വഹിക്കുക. വാങ്ങിക്കുന്നവരുടെ സൗകര്യം കണക്കിലെടുത്ത് രണ്ടു ഭാഗമായിട്ടാണു ഇതു പ്രസിദ്ധീകരിക്കുന്നത്. രണ്ടുംകൂടി ഒരുമിച്ചു പ്രസിദ്ധീകരിക്കണമെന്നു ആഗ്രഹിച്ചതുകൊണ്ട് മെയ്, ജൂൺ മാസം മുഴുവൻതന്നെ 5 മണിക്കൂർ പവർകട്ടായതു കൊണ്ടും ജൂലൈ 3-ന് പ്രസിദ്ധീകരിക്കുകയും ജൂലൈ അവസാനിക്കുന്നതിനു മുൻപു പ്രീപബ്ലിക്കേഷൻസ് വ്യവസ്ഥയിൽ പുസ്തകം ബുക്കുചെയ്തിരുന്നവർക്കു എത്തിച്ചുകൊടുക്കണമെന്ന ആഗ്രഹം ഒരു മാസത്തോളം താമസിച്ചുപോയി. പുസ്തകങ്ങൾ നേരത്തെ ബുക്കുചെയ്തിരുന്നവർ ഈ ചെറിയ അസൗകര്യം ക്ഷമിക്കുമെന്നു വിചാരിക്കുന്നു.

ചാവറയച്ചനെക്കുറിച്ച് പ്രസംഗം പറയുന്നതിനു തന്നെയല്ല – ഒരു ചർച്ചാക്ലാസോ – സെമിനാറോ – നടത്തേണ്ടിവരുമ്പോഴും ജ്ഞാനവായനക്കും ധ്യാനത്തിനും ഈ പുസ്തകം ഉപയോഗിക്കാവുന്നതാണ്. ലേഖനങ്ങൾ എഴുതുമ്പോൾ അതിന്റെ ചരിത്ര പശ്ചാത്തലവും വിവരിക്കണമല്ലോ. അങ്ങനെ വിവരിക്കുന്ന കൂട്ടത്തിൽ ചില വ്യക്തികളെയും ദേശങ്ങളേയും പേരെടുത്തു പറയുകയോ സൂചിപ്പിക്കുകയോ ചെയ്തിട്ടുണ്ടാകാം. പലതും ചാവറയച്ചന്റെ നാളാഗമത്തിൽ തന്നെയുള്ളതും ബാക്കി മററുപുസ്തകങ്ങളിൽ നിന്നോ ലേഖകന്റെ വ്യക്തിപരമായ അറിവിൽനിന്നോ ഉള്ളതുമാണ്. ഈ കാര്യത്തിൽ ആർക്കെങ്കിലും പ്രയാസം തോന്നിയാൽ ക്ഷമിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ചാവറയച്ചന്റെ ജീവിത ശൈലിയേയും പ്രവർത്തനങ്ങളെയും കുറിച്ച് കൂടുതൽ കൂടുതൽ അറിവു ഇന്നത്തെ തലമുറയ്ക്കു കൊടുക്കേണ്ടതു് ഏററം വലിയ ഒരാവശ്യമാണ് വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയെപ്പോലെ ന. കാലത്തിൽ ജീവിച്ച് മരിച്ച ഒരു വ്യക്തിയല്ലല്ലോ വാ.ചാവറയച്ചൻ. അപ്പോൾ ധാരാളം പുസ്തകങ്ങൾ പ്രസാധനം ചെയ്ത് ഈ കുറവു പരിഹരിക്കേണ്ടതാണ്. സി.എം.ഐ., സി.എം.സി. സഭാംഗങ്ങൾ മാത്രമല്ല ചാവറയച്ചന്റെ ഭക്തരായ എല്ലാവരും ഇതിന്

ഒത്തൊരുമിച്ചു ശ്രമിക്കുമെന്നാണെന്റെ പ്രതീക്ഷ. വേദപാഠപ്പരീക്ഷകൾക്കു സമ്മാനം കൊടുക്കുമ്പോൾ – കലാകായിക മത്സരങ്ങൾക്ക് സ്കൂളുകളിലും കോളേജുകളിലും സമ്മാനം നല്കുമ്പോൾ അതുമിതും വാങ്ങിച്ചു കൊടുക്കാതെ – ഇപ്രകാരമുള്ള വിശുദ്ധരുടെ ചരിത്രങ്ങൾ അടങ്ങുന്ന പുസ്തകങ്ങൾ അവക്കു കൊടുക്കുന്നതു് എത്രയോ നല്ല കാര്യമാണ്.

ഈ പുസ്തകത്തിന് നല്ല ഒരു അവതാരിക എഴുതി അനുഗ്രഹിച്ച അത്യുന്നത കർദ്ദിനാൾ ആന്റണി പടിയറ തിരുമേനിയോട് ഏതു പ്രകാരത്തിൽ നന്ദിപറഞ്ഞാലും മതിയാവുകയില്ലെന്നാണ് എന്റെ വിചാരം. വിവിധങ്ങളായ ജോലിത്തിരക്കിനിടയ്ക്ക് ഈ ചെറിയ ഒരു കാര്യത്തിനു അഭിവന്ദ്യ പിതാവു കാണിച്ച സന്മനസ്സ് എത്രയോ ശ്ലാഘനീയമാണ്. പിതാവിനു ചാവറ പിതാവിന്റെ എല്ലാ അനുഗ്രഹങ്ങളും ഉണ്ടാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് ഹൃദയംഗമമായ നന്ദി ഞാൻ രേഖപ്പെടുത്തുന്നു.

ഇപ്രകാരം ഒന്നു എഴുതിത്തുടങ്ങിയിട്ടുണ്ട് എന്നറിഞ്ഞു് എന്നെ പ്രോത്സാഹിപ്പിച്ച സി.എം.ഐ സഭയുടെ പ്രിയോർ ജനറാൾ പെ.ബ.വിജയാനന്ദ് അച്ചനെയും തിരുഹൃദയ പ്രവിശ്യയുടെ പ്രൊവിൻഷ്യൽ ബ.മാത്യു ബൊസ്സൂസ് അച്ചനെയും സി.എം.ഐ തിരുഹൃദയ പ്രവിശ്യയുടെ പ്രസിദ്ധീകരണ വിഭാഗം സെക്രട്ടറി ബ.ഓസ്റ്റിൻ മുളവരിക്കലച്ചനെയും വളരെ നന്ദിയോടെ ഞാനിവിടെ ഓർക്കുന്നു.

പുസ്തകം പ്രസിദ്ധീകരിക്കുന്നു എന്ന അറിവുകിട്ടിയ ഉടനെ തന്നെ ഈ പുസ്തകത്തിന്റെ ഒട്ടുമുക്കാലും പ്രതികൾ പ്രീ പബ്ലിക്കേഷൻസ് വ്യവസ്ഥയിൽ ബുക്കുചെയ്തു എല്ലാ നല്ല ആളുകളോടും വിശിഷ്യ CMC സഭയുടെ സുപ്പീരിയർ ജനറൽ ബ. മദർ പ്രീമായോടും എനിക്കുള്ള വലിയ കടപ്പാട് ഞാൻ രേഖപ്പെടുത്തട്ടെ. അവർ തന്ന വലിയ പ്രോത്സാഹനമാണ് ഒരു വിധത്തിൽ ഇത്ര പെട്ടന്നു ഈ രണ്ടു പുസ്തകങ്ങളും വെളിച്ചം കാണുവാൻ എനിക്കു സഹായമേററിയതു്.

പവർകട്ടിന്റെ ബുദ്ധിമുട്ടുകളും ഏറെറടുത്ത ജോലിയുടെ ബാഹുല്യവും പരിഗണിക്കാതെ ഇതിന്റെ മുദ്രണം ഒരു മാസത്തിനുള്ളിൽ നിർവഹിച്ചുതന്ന എറണാകുളം K.C.M. പ്രസ്സ് അധികാരികളോടും അവിടെയുള്ള എന്റെ പ്രിയപ്പെട്ട തൊഴിലാളി സഹോദരങ്ങളോടും എനിക്കു വലിയ കടപ്പാടുണ്ട്. അവർക്കെല്ലാം നന്ദിയുടെ നറുമലരുകൾ.

ക്രൗൺസൈസിൻ ഇറക്കണമെന്നായിരുന്നു ആദ്യം ഉദ്ദേശിച്ചതു്. എന്നാൽ താത്വികമായ ഈ പുസ്തകം ഡെമിസൈസിൽ അടിക്കുന്നതായിരിക്കും ഭംഗി എന്നു പലരും നിർദ്ദേശിച്ചതിനാൽ അപ്രകാരമാണു് പുസ്തകം അടിച്ചിരിക്കുന്നതു്. എങ്കിലും പേജുകൾ കുറച്ചിട്ടില്ല ഇതിനാൽ കടലാസിൻെറയും മററും വില കൂടുതൽ പരിഗണിച്ചു് – ഒരു പുസ്തകത്തിനു – മുഖവില 20 രൂപാ ആക്കിയിരിക്കുന്നു. എങ്കിലും പ്രീ പബ്ലിക്കേഷൻ ഓഡർകാർക്കു പഴയ വ്യവസ്ഥയിൽ തന്നെ ഈ പുസ്തകം നൽകുന്നതാണു്.

കാററും കോളും നിറഞ്ഞ 19-ാം നൂററാണ്ടിൽ കേരള സുറിയാനി സഭയാകുന്ന നൗകയെ യാതൊരു അപകടവും കൂടാതെ ധീരമായി നയിച്ച വാഴ്ത്തപ്പെട്ട ചാവറയച്ചനെന്ന മാലുമിയെ നമുക്കു ഭക്തിയോടും നന്ദിയോടും കൂടി സ്മരിക്കാം. ധന്യനായ ഈ നായകനെ വിവിധ വശ്ങ്ങളിൽ ചിത്രീകരിക്കുന്ന ഈ പുസ്തകം അദ്ദേഹത്തോടുള്ള ഭക്തിയും കടപ്പാടും കൂടുതൽ സംജാതമാകുന്നതിനു് എല്ലാവരേയും സഹായിക്കട്ടെ.

ചാവറപ്പിതാവിനെക്കുറിച്ചു് നമുക്കു പഠിക്കാം. ഭക്തി പ്രചരിപ്പിക്കാം. അദ്ദേഹത്തെ അനുകരിക്കുകയും മാദ്ധ്യസ്ഥം പ്രാത്ഥിക്കുകയും ചെയ്യാം. എല്ലാ അനുവാചകരിലും വാഴ്ത്തപ്പെട്ട ചാവറയച്ചൻെറ അനുഗ്രഹം പ്രാത്ഥിക്കുന്നു.

ഫാ. ജോൺ റോമിയോ പട്ടശ്ശേരി. CMI
സെൻറു് ആൻറണീസ് മൊണാസ്റ്ററി.

ആലുവ,
1. 8. 1989

# അവതാരിക

ലോകചരിത്രമെന്നത് ഭൂമിയിലുള്ള മണ്ണിന്റെയോ കല്ലിന്റെയോ – സസ്യജാലങ്ങളുടെയോ കഥയല്ല; അതു മനുഷ്യരുടെ കഥയാണ്. ലോകത്തെ പ്രകാശിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ഉത്തേജിപ്പിക്കുകയും പുരോഗതിയിലേക്കു നയിക്കുകയും ചെയ്യുവരുടെ കഥയാണത്. ലോകാരംഭം മുതൽ തന്നെ – മനുഷ്യ വംശത്തിന്റെ ജനനം മുതൽ തന്നെ – ഓരോ ഭൂപ്രദേശത്തെയും തങ്ങളുടെ മഹത്തായ വ്യക്തിത്വത്താൽ പ്രോജ്ജ്വലമാക്കിയ "മനീഷികൾ" ജീവിച്ചിരുന്നു. അവരെ നേതാക്കളായും അവതാരമായും നായകന്മാരായും ലോകം ബഹുമാനിച്ചിരുന്നു.

ഇപ്രകാരം നോക്കുമ്പോൾ നമ്മുടെ കൊച്ചു കേരളത്തിന്റെ 19-ാം നൂററാണ്ടിലെ നിർണ്ണായക പങ്ക് വഹിച്ച സംപൂജ്യനായ ഒരു വ്യക്തിയാണ് വാ. ചാവറയച്ചൻ. അദ്ദേഹത്തിന്റെ ചരിത്രം ഒരു വ്യക്തിയുടെ ഔന്നത്യത്തിന്റെ ചരിത്രമല്ല. പ്രത്യുത കേരള ക്രൈസ്തവ സമൂഹത്തിന്റെ ഒരു കാലഘട്ടത്തിന്റെ ചരിത്രമാണ്. ചാവറയച്ചനെ ഓർക്കാതെ, പേരെടുത്തു പറയാതെ, കേരള ക്രൈസ്തവ ചരിത്രം എഴുതുവാൻ ആർക്കും സാധിക്കുകയില്ല.

ഇവിടെ, പത്തോ അൻപതോ കൊല്ലങ്ങളിലെ നിർണ്ണായക പങ്കുവഹിച്ച ഒരു വ്യക്തിയെയല്ല, തലമുറകൾ നീണ്ടുനില്ക്കുന്ന സംഭാവനകൾ കൊണ്ട് മനുഷ്യവംശത്തിന്, കേരള ജനതയ്ക്കു പ്രഭ വിതറിയ ഒരാളുടെ ദർശനത്തിന്റെയും സ്വീകരിക്കലിന്റെയും കഥയാണ് നാം കാണുക. നമ്മുടെ രാഷ്ട്രപതിയുടെ ഭാഷയിൽ "ദൈവീക ചിന്തയേയും മനുഷ്യ സേവനത്തെയും ഇദ്ദേഹത്തെപ്പോലെ ഇത്ര സ്വാഭാവികമായും ക്രിയാത്മകമായും സംയോജിപ്പിച്ചിട്ടുള്ളവർ അംഗുലീപരിമിതരാണ്". യഥാർത്ഥത്തിൽ ഈ മഹാത്മാവിന്റെ മനസ്സിൽ വിശ്വാസപരമായ പ്രവൃത്തനങ്ങൾക്കും കർമ്മപരമായ പ്രവൃത്തനങ്ങൾക്കും തമ്മിൽ യാതൊരു വ്യത്യാസവും ഉണ്ടായിരുന്നില്ല. ചാവറയച്ചൻ ഈ രണ്ടു രീതിയേയും പ്രധിനിധീകരിച്ചിരുന്നു. ഒരു യോഗീവര്യനായിരുന്നെങ്കിലും അദ്ദേഹം ബാഹ്യ പ്രവൃത്തനങ്ങളുടെ നിലയ്ക്കാത്ത യന്ത്രം തന്നെയായിരുന്നു. ചാവറയച്ചന്റെ ഉള്ളിന്റെ ഉള്ളിൽ ദൈവീക ചൈതന്യത്തിലേക്കു [illegible]ക്കുന്നതോടൊപ്പം ഏവർക്കും അഭിമാനമുള്ളവരും ദൈ

വവിശ്വാസമുള്ളവരുമായി ജീവിക്കുന്നതിനുമുള്ള സാമൂഹ്യ ചുറ്റുപാട് ഉണ്ടാക്കുന്നതിനും അക്ഷീണം പരിശ്രമിച്ചിരുന്നു''. (രാഷ്ട്രപതി ചാവറയച്ചന്റെ സ്റ്റാമ്പ് പ്രകാശനം ചെയ്തുകൊണ്ടു നടത്തിയ പ്രസംഗം)

ദൈവത്തെ 'അപ്പാ' എന്നു വിളിച്ച് മകനടുത്ത സ്വാതന്ത്ര്യത്തോടെ ദൈവീക ചൈതന്യ ധാരയിൽ മുങ്ങിത്തുടിച്ച അദ്ദേഹം കൈനകരിയിലെ മരണാസന്നർക്ക് ''ധർമ്മശാല'' പണിയുന്ന പണിക്കാരനായി പിറ്റേ ദിവസം മാറുകയായി. ദൈവോപാസന ഇവിടെ മനുഷ്യോപാസനയായിത്തീരുന്നു. നാല്പതുമണി ആരാധനയും മറ്റു ആരാധനാരീതികളും നടപ്പാക്കിക്കൊണ്ട് പറ്റി. കർബാനയുടെ ആരാധനയിലേക്ക് – ഭക്തിയുടെ നിർവൃതിയിലേക്കു– ദൈവജനത്തെ നയിക്കുന്ന അദ്ദേഹംതന്നെയാണ് സ്കൂളിനും അച്ചടിശാലക്കും വേണ്ടി ദൈവജനത്തെ സംഭാവനയ്ക്കായി സമീപിക്കുന്നതു്. ഭാരതസഭയ്ക്കു നിർണ്ണായകമായ ഒരു ശുശ്രൂഷാ ചൈതന്യമുണ്ടെന്നും അതു ഭാരതത്തിനു നല്കുമ്പോഴാണ് സഭ ജനതകളുടെ പ്രകാശമാകുന്നതെന്നും സ്വജീവിതത്തിൽ കാണിച്ചുകൊടുത്തുകൊണ്ട് അതിന്റെ കൈത്തിരി ഭാരതത്തിൽ മാത്രമല്ല – ലോകത്തിലെമ്പാടും പരത്തുവാൻ സേവനോത്സുകരായ പുരുഷന്മാരുടെയും സ്ത്രീകളുടെയും സന്നദ്ധ പടയാളികളുടെ സമൂഹങ്ങൾക്കു ജന്മം നല്കിയ യുഗ പ്രഭാവനായിരുന്നു ചാവറയച്ചൻ. ഇന്നു ഭാരതത്തിലെ ക്രിസ്തീയ ശുശ്രൂഷാ ചൈതന്യത്തിനു മുഖ്യധാരയായി പ്രവർത്തിക്കുന്ന സി.എം.ഐ, സി.എം.സി. സി.ടി.സി. സഭകളുടെ എല്ലാ ചൈതന്യവും അദ്ദേഹത്തിൽ നിന്നും കൊളുത്തി എടുത്തതാണ്. ഈ സഭകളിലൂടെ ചാവറയച്ചൻ ഇന്നും പ്രവർത്തിക്കുകയാണ് – ആയിരമായിരം ചാവറമാരായി.

നമ്മുടെ പരിശുദ്ധ പിതാവു ജോൺ പോൾ മാർപാപ്പ ഭാരതത്തിൽ വന്ന് അൾത്താരയുടെ വണക്കത്തിനായി ആദ്യത്തെ ഭാരതീയക്രൈസ്തവനെ പ്രതിഷ്ഠിച്ചപ്പോഴായിരിക്കണം ചാവറയച്ചനെക്കുറിച്ച് സാധാരണയാളുകൾ അറിഞ്ഞു തുടങ്ങുക. അവർക്കു ചാവറയച്ചൻ നൂറ്റാണ്ടു മുൻപു ജീവിച്ചു മൺമറഞ്ഞ ഒരു വ്യക്തിയായിരുന്നു. പക്ഷേ ഈ മാണിക്യക്കല്ലിനെ കുപ്പയിലും മണ്ണിലും കുഴിച്ചിട്ടാലും അതു തിളക്കത്തോടെ പരിലസിക്കും. മനുഷ്യരുടെ മറവിന്റെ മാറാലകൾ നീക്കിക്കൊണ്ട് ഈ ചൈതന്യത്തെ കൂടുതലായി ലോകത്തിനു മുമ്പിൽ കാട്ടിക്കൊടുക്കേണ്ടതു് ഭാരത ക്രിസ്തീയ സമൂഹത്തിന്റെ തന്നെ ഒരു വലിയ കടമയാണ്. ഇതു് അദ്ദേഹത്തിന്റെ പുസ്തകങ്ങൾ വഴി പഠനങ്ങൾ വഴി, ദർശനങ്ങൾ വഴി സാധിതമാക്കേണ്ട ഒരു കാര്യമാണ്. ഈ ഒരു കടമയിലേക്ക്

വെളിച്ചം പകരുന്ന ഉപകാരപ്രദമായ ഒരു പുസ്തകമാണ് ''ചാവറയച്ചൻ – വ്യക്തിയും വീക്ഷണവും'' എന്ന അഭിധാനത്തിൽ പ്രകാശനം ചെയ്യുന്നതെന്നു് ഞാൻ മനസ്സിലാക്കുന്നു.

ചാവറയച്ചൻ എന്തു ചെയ്തെന്നും എന്തൊക്കെ ചെയ്തെന്നും ഇന്നും നമ്മുടെ സാധാരണക്കാർക്കു പിടിയില്ല. അതിനായി ധാരാളം നല്ല പുസ്തകങ്ങൾ ഇനിയും വെളിച്ചം കാണേണ്ടിയിരിക്കുന്നു. ചരിത്ര സംഭവങ്ങളെ മുൻനിറുത്തി വിരചിതമാകുന്ന ഇത്തരം പുസ്തകങ്ങളായിരിക്കണം നമ്മുടെ യുവജനങ്ങൾക്കു് ക്രിസ്തീയ ചൈതന്യം ജീവിതത്തിൽ പ്രതിഫലിപ്പിക്കുവാൻ പ്രേരണ നല്കുന്ന സ്രോതസ്സുകൾ. ഇവിടെ ഭക്തി എങ്ങനെ ജീവിത സ്പർശിയാകുന്നെന്നും അന്യർക്കുതകുന്ന ജീവിതം എങ്ങനെ ഭക്തിയിൽ സംയോജിപ്പിക്കാമെന്നും നാം മനസ്സിലാക്കുന്നു.

ചാവറയച്ചന്റെ വെറും ജീവചരിത്രത്തെ വിട്ടിട്ട് അദ്ദേഹത്തിന്റെ ദർശനങ്ങളിലേക്കും വ്യക്തിത്വത്തിലേക്കും ഇതു വെളിച്ചം വീശുന്നു. ഈ വ്യക്തിത്വമാണ് നമ്മുക്കു ഇന്നു സ്വീകരിക്കേണ്ടതു്. ഈ ദർശനമാണിന്നു നമ്മുക്കു ചൈതന്യമേകേണ്ടതു്. ചാവറയച്ചനെ അൾത്താരയിൽ പ്രതിഷ്ഠിച്ച് നാം വണങ്ങുമ്പോൾ സഭ ആഗ്രഹിക്കുന്നതും ഇതല്ലാതെ മറ്റൊന്നുമല്ല. നമുക്കു ഇനിയും ധാരാളം ചാവറമാരും അൽഫോൻസാമാരും ഉണ്ടാകണം. ഇവർ അതിനു് പ്രേരണ നൽകണം. ഇവരുടെ ജീവിത ശൈലിയും ആദർശവും നമ്മുടെ യുവതീയുവാക്കൾക്കു ക്രിസ്തീയ ശുശ്രൂഷാ ജീവിതത്തിൽ ഒരു 'കുതിപ്പ്' നല്കണം.

ഇവിടെ ഇരുപതു ലേഖനങ്ങളിലായി വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ വിവിധങ്ങളായ വ്യക്തിത്വത്തെ – ദർശനത്തെ – സേവന ധാരയെ വിവിധ വർണ്ണങ്ങളിൽ ചിത്രീകരിച്ചിരിക്കുന്നു. ചാവറയച്ചന്റെ ഒരു ഭക്തനും സി. എം. ഐ. സഭയിലെ സേവനോത്സുകനായ ഒരു വൈദീകനുമായ ബ. പട്ടശ്ശേരി അച്ചനാണ് ഇതിന്റെ രചയിതാവ്. ചാവറയച്ചനെക്കുറിച്ച് ആധികാരികമായി പറയത്തക്കവണ്ണം അദ്ദേഹം ധാരാളം ചിന്തിക്കുകയും വായിക്കുകയും ഗവേഷണം നടത്തുകയും ചെയ്തതിന്റെ ആകെത്തുകയാണ് ഈ പുസ്തകമെന്ന് ഞാൻ മനസ്സിലാക്കുന്നു. ആരാണ് ചാവറയച്ചനെന്നും എന്താണു ചാവറയച്ചന്റെ സംഭാവനയെന്നും നന്നായി മനസ്സിലാക്കുവാൻ ഈ പുസ്തകം ഉപകരിക്കും.

അദ്ദേഹംതന്നെ എഴുതിയ വാ. ചാവറയച്ചന്റെ ജീവചരിത്രത്തിന് രണ്ടു കൊല്ലത്തിനിടയിൽ മൂന്നു പതിപ്പുകൾ ആവശ്യമായി വന്നു എന്നതിൽ നിന്നും ജനങ്ങൾക്ക് പ്രിയപ്പെട്ട ഒരു എഴുത്തുകാരനാണ് അദ്ദേഹമെന്നു എനിക്കു നിസ്സംശയം പറയാൻ സാധിക്കും. സാധാരണ വിശുദ്ധന്മാരുടെ ജീവചരിത്രവും അവരുടെ പ്രബോധനങ്ങളുമടങ്ങിയ പുസ്തകങ്ങൾ പുസ്തകശാലകളിലെ അലമാരികളിൽ നിത്യവിശ്രമം കൊള്ളുമ്പോൾ 'വാഴ്ത്തപ്പെട്ട ചാവറയച്ചൻ' എന്ന ജീവചരിത്രത്തിന്റെ പല പതിപ്പുകൾ ഈ ചുരുങ്ങിയ നാളുകളിൽ വിററഴിഞ്ഞു എന്നറിയുന്നതിൽ എഴുത്തുകാരന്റെ വശ്യവചസ്സുകളേയും പ്രകാശനരീതിയേയും അഭിനന്ദിക്കാതിരിക്കാൻ നിവർത്തിയില്ല.

ആമുഖത്തിൽ, ഗ്രന്ഥകാരൻ പറയുന്നതുപോലെ, ചാവറയച്ചനെകുറിച്ച് നവനാളുകളിലും മററും ഒരു 'പ്രസംഗ പരമ്പര' നടത്തേണ്ടവർക്ക് – ഈ പുസ്തകം വലിയ ഒരു ഗൈഡ് – ആകുമെന്നുള്ളതിന് സംശയമില്ല. വിവിധ വിഷയങ്ങളെകുറിച്ചാണ് പ്രാസംഗികൻ പറയുന്നതെങ്കിലും പലപ്പോഴും കേൾക്കുന്നവർക്കു ആവർത്തന വിരസത അനുഭവപ്പെടുന്ന സാഹചര്യം ഈ പുസ്തകംമൂലം ഒഴിവാക്കാൻ സാധിക്കുമെന്ന് ഞാൻ വിചാരിക്കുന്നു. ഓരോ വിഷയത്തെക്കുറിച്ചും അര മണിക്കൂറിലേറെ പറയാൻ ഇതിലെ ഓരോ ലേഖനവും ധാരാളം മതിയാകും. ഗ്രന്ഥകാരനെ അനുമോദിക്കുകയും ധാരാളം അനുവാചകർ ഈ ഗ്രന്ഥത്തിനുണ്ടാകട്ടെയെന്നു ആശംസിക്കുകയും ചെയ്യുന്നു.

**കർദ്ദിനാൾ ആന്റണി പടിയറ,**

എറണാകുളം മെത്രാപ്പോലീത്ത

എറണാകുളം.
2 – 8 – 89.

I

# മാതൃഭക്തനായ ചാവറയച്ചൻ

തിരുസ്സഭയിലെ പേരെടുത്ത വിശുദ്ധരെല്ലാവരും പരി. അമ്മയുടെ നേർക്കു് ഭക്തിയുള്ളവരായിരുന്നു. വാഴ്ത്തപ്പെട്ട ചാവറയുടെ കാര്യത്തിലും ഇതൊരു പരമാർത്ഥമായിരുന്നു. മരിയ ഭക്തിക്കു പേരുകേട്ട മററു് ഏതൊരു രാജ്യത്തെക്കാളും മാതാവിനോടുള്ള ഭക്തി ഈ കൊച്ചു കേരളത്തിലാണെന്നു് അധികം ആരും അറിയുന്നില്ല എന്നതു് ഒരു പരമാർത്ഥമായിരിക്കാം. മാതാവിൻെറ 'സ്ത്രീധനം' എന്നു പ്രകീർത്തിക്കപ്പെടുന്ന ഐർലണ്ടുകാരും, ചെസ്റ്റർഹോവായിലെ കറുത്ത മാതാവിൻെറ പേരിൽ അഭിമാനിക്കുന്ന പോളണ്ടുകാരും കേരളത്തിൽ വന്നാൽ എല്ലാം മാതൃമയമായി തോന്നും. പ്രസിദ്ധമായ പള്ളികൾ എല്ലാം തന്നെ മാതാവിൻെറ നാമത്തിലാണ്. മാതാവിൻെറ മെഡലോ ഉത്തരീയമോ ധരിക്കുന്ന ദൈവജനം, സന്ധ്യയായാൽ ജപമാലയുടെ കീർത്തനം മുഴങ്ങുന്ന ക്രിസ്തീയ ഭവനങ്ങൾ ഇവയെല്ലാം കേരളത്തിൻെറതുമാത്രമായ ഒരു പ്രത്യേകതയാണ്. സെമിനാരികളും കന്യകാലയങ്ങളും അടച്ചു പൂട്ടിക്കൊണ്ടിരിക്കുന്ന യൂറോപ്പിലും അമേരിക്കയിലും ദൈവവചനം പ്രഘോഷിക്കുവാൻ, ബലിയർപ്പിക്കുവാൻ, ക്രിസ്തീയ ശുശ്രൂഷ നടത്തുവാൻ ഈ കൊച്ചുകേരളത്തിൽ നിന്നു യുവതീയുവാക്കൾ പോയിക്കൊണ്ടിരുന്നതിൽ ആരാണ് അഭിമാനം കൊള്ളാത്തതു്. വർദ്ധിച്ചു വരുന്ന ദൈവവിളി മാതാവിൻെറ അനുഗ്രഹമായിട്ടേ ചിന്തിക്കുന്നവർക്കു മനസ്സിലാക്കാൻ സാധിക്കുകയുള്ളു.

## നന്മ നിറഞ്ഞമറിയമേ എന്ന മന്ത്രധ്വനി

സന്ധ്യകഴിഞ്ഞാൽ തിരികൊളുത്തിയ തിരുസ്വരൂപത്തിനു മുന്നിൽ മുട്ടുകുത്തി ജപമാലചൊല്ലാത്ത വീടുകൾ ഇന്നും കേരളത്തിൽ വിരളമാണ്. ക്രിസ്തീയകുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു സ്ഥലത്തുകൂടി സന്ധ്യകഴിഞ്ഞു പോകുന്ന ഒരു വഴിയാത്രക്കാരനു് ജപമാലയുടെ ശുദ്ധമാന മറിയമേ എന്ന ധ്വനി പല പ്രായത്തിലുള്ളവരുടെ അധരങ്ങളിൽ നിന്നും ഉയരുന്നതു് എത്ര കർണ്ണാനന്ദകരമായിരിക്കും, എത്ര ഹൃദയാവർജ്ജകമായിരിക്കും. സിനിമയും, റേഡിയോ ടെലിവിഷനും മിക്കവീടുകളിലും സ്ഥാനം പിടിച്ചിട്ടും

അനുദിനജപമാല മുടങ്ങാതെ ചൊല്ലുന്ന ക്രിസ്തീയ ഭവനങ്ങളാണ് ഇന്നും കേരളത്തിൽ തൊണ്ണൂറു ശതമാനത്തിലധികവും. ഹിന്ദു സഹോദരങ്ങളുടെ നാമജപംപോലെ മരിയകീർത്തനം ആവർത്തിച്ചുരുവിട്ട് മാതാവിനെ തൊട്ടുവണങ്ങി മാതാപിതാക്കൾക്ക 'സ്തുതി' ചൊല്ലുന്ന ഭവനങ്ങൾ കേരളത്തിലല്ലാതെ മറെറവിടെയാണുള്ളത്.

ഒന്നര നൂററാണ്ടു മുമ്പ് ജപമാലഭക്തി അതിൻെറ പാരമ്യത്തിലായിരുന്നു എന്നു വേണം ചാവറയുടെ സ്വയം കൃതിയിൽനിന്നും മനസ്സിലാക്കുവാൻ. അൻപത്തിമൂന്നുമണി ജപമല്ല നൂററിഅൻപത്തിമൂന്നുമണി ജപംതന്നെ നീട്ടിചൊല്ലുവാൻ അന്നത്തെ കാരണവന്മാർ നിഷ്ഠവച്ചിരുന്നു. അവർക്കു പ്രാർത്ഥന ഒരു നിർവൃതിയും, ദൈവമാതാവ് അവരുടെ കുടുംബദേവതയുമായിരുന്നു. അന്നത്തെ ഒരു സാധാരണ കുടുംബത്തിലെ ജപമാലയെക്കുറിച്ചുള്ള വീക്ഷണവും അനുഷ്ഠാനവും വന്ദ്യനായ ചാവറയച്ചൻ രേഖപ്പെടുത്തിയിരിക്കുന്നതു നോക്കുക.

## അമ്മിഞ്ഞിയോടൊപ്പം

രണ്ടോ മൂന്നോ വയസ്സുള്ളപ്പോൾ സംഭവിച്ച കാര്യം ചാവറയച്ചൻ അനുസ്മരിക്കുകയാണ്. അദ്ദേഹത്തിൻെറ പ്രിയപ്പെട്ട മാതാവ്, കുടുംബാംഗങ്ങൾ എല്ലാവരുംകൂടി ചൊല്ലുന്ന പ്രാർത്ഥനമാത്രം കൊണ്ട് അന്നു തൃപ്തിപ്പെട്ടിരുന്നില്ല. പാതിരാത്രി കഴിഞ്ഞ് ഉറക്കത്തിൽനിന്നും എഴുന്നേററ് പായിൽമുട്ടുകുത്തി ആ സാധ്വി കൊന്ത എത്തിക്കുമായിരുന്നു; മുട്ടിൽ നിൽക്കുമ്പോൾ ഉറക്കം വിട്ടുണരുന്നകൊച്ചു കുര്യാക്കോസിനെ കൈവലയത്തിൽ ചുററി ശരീരത്തോടു ചേർത്തു നിർത്തുകയോ, കൊച്ചിനു് ഉറക്കം വരികയാണെങ്കിൽ കാലുനീട്ടി ഇരുന്ന് കാലിൽ കിടത്തി ഉറക്കുകയോ ചെയ്യുമായിരുന്നു.' നന്മനിറഞ്ഞ മറിയമേ' – 'ശുദ്ധമാന മറിയമേ' എന്നീ ജപങ്ങൾ കൊച്ചു കുര്യാക്കോസിൻെറ ചെവിയിൽ ചൊല്ലികൊടുക്കുമായിരുന്നു. അമ്മഞ്ഞിപ്പാലിനൊടൊപ്പം മാതാവിൻെറ കീർത്തനവും അവൻ ഉൾക്കൊണ്ടിരുന്നു. തൻെറ അമ്മയാണ്, സ്വർലോക ഭൂലോകങ്ങളുടെ രാജ്ഞിയായ പരി. കന്യാമറിയത്തിലേക്കു തന്നെ അയപ്പിച്ചതും അവരോടുള്ള ഭക്തി ഉജ്ജ്വലിപ്പിച്ചതും എന്ന് ചാവറയച്ചൻതന്നെ എഴുതിയിട്ടുണ്ട്.

''പൈതൽ പ്രായത്തിൽ തീററിവളർത്തുവാൻ
അയ്യംകൂടാതെ തന്ന മാതാവിനെ
അന്നവളുടെ കല്ലലിരുന്നു ഞാൻ
മന്ദമന്ദമറിഞ്ഞു ദൈവത്തേയും

എന്നവും പാതിരാനേരത്തും
മന്ദം നീക്കിയുണർന്നെഴുന്നേററിട്ട്
മുട്ടുകുത്തി നമസ്കാരം ചെയ്യുമ്പോൾ
ഒട്ടുനേരം ഞാൻ മുട്ടിന്മേൽ ചാഞ്ഞിടും.
രാജപം ദേവമാതാവിൻ പ്രാർത്ഥന
രാജരാജനാമീശോതൻ നാമങ്ങൾ
...........................................
മന്ദമായതുകേട്ടിരുന്നു കൊണ്ടാ
സുന്ദരിയുടെ പാദേയുറങ്ങി ഞാൻ
അക്കാലം നാവിളക്കുവാൻ നേരത്ത
പൊക്കികാട്ടി പറയിക്കും ദൈവത്തിൻ
ശുദ്ധനാമമീശോ മറിയവും
ശുദ്ധനായ യൗസേപ്പിൻ നാമവും

(ആത്മാനുതാപം p. 2–3)

എത്ര വിശിഷ്ടമായ ഒരു മാതൃകയാണു നാം ഇവിടെ കാണുക. ശരീര പോഷണത്തിനു ഭക്ഷണമെന്നപോലെ ആത്മീയപോഷണത്തിനു വിശ്വാസം എത്രയോ ആവശ്യമാണു്. ദൈവത്തോടും മാതാവിനോടുമുള്ള അത്യഗാധമായ ഭക്തിയും വിശ്വാസവും മുൻകാലങ്ങളിൽ എപ്രകാരമാണു് തന്റെ കുഞ്ഞുങ്ങളിൽ മാതാക്കൾ കുത്തിവച്ചിരുന്നതു് എന്നുള്ളതിനു് ഇതു് ഒന്നാംതരം തെളിവാണു്.

## മാതാവിനു സമർപ്പിതൻ

കൊച്ചു കര്യാക്കോസ് ശിശുവായിരുന്നപ്പോൾതന്നെ അദ്ദേഹത്തെ കൈനകരിക്കടുത്തുള്ള പ്രസിദ്ധമായ വെച്ചൂർ പള്ളിയിൽ കൊണ്ടുപോയി മാതാവിനു അടിമ വെച്ചിരുന്നു. മാതാവിനു സമർപ്പിച്ച ശിശുക്കൾക്കു്–രോഗവും പരീക്ഷകളും വരുകയില്ല എന്നായിരുന്നു അന്നത്തെ അമ്മമാരുടെ വിശ്വാസം. സെമ്മിനാരിയിൽ പോകുന്ന പത്താമത്തെ വയസ്സുവരെ ഈ പതിവു മുടങ്ങാതെ അമ്മ നിർവ്വഹിച്ചു. മകൻ സെമിനാരിയിൽ ചേർന്നു കഴിഞ്ഞും സെപ്റ്റംബർ 8 – ാം തീയതി ഈ കർമ്മം ആ സാധ്വി നിർവ്വഹിച്ചിരുന്നു. അടിമപ്പണംകൊടുത്തു് മകന്റെ അഭാവത്തിൽ – അമ്മതന്നെ രൂപത്തിൻമുൻപാകെ മുട്ടുകുത്തി വൈദീകനെ കൊണ്ടു പ്രാർത്ഥിക്കുകയായിരുന്നു പതിവു്. ഇപ്രകാരം മാതാവിനു തുടർച്ചയായി പ്രതിഷ്ഠിക്കമായിരുന്നതുകൊണ്ടു് കൊച്ചു കര്യാക്കോസിനുതന്നെ, താൻ സ്വർഗ്ഗീയ ജനനിയുടെ പുത്രനാണു് എന്നൊരു ബോദ്ധ്യമുണ്ടാ

യിരുന്നു. അതനുസരിച്ചു് വിശുദ്ധനായി ജീവിക്കണം എന്നൊരു വിചാരവും ആ മനസ്സിൽ നിറഞ്ഞുനിന്നിരുന്നു. ഒരിക്കൽ അടിമവസ്തുവാനായി മകനെ തിരുസ്വരൂപത്തിൻ മുമ്പിൽ കൊണ്ടുചെന്നപ്പോൾ ഒരു വന്ദ്യവൈദികൻ പരിശുദ്ധാത്മാവിനാൽ പ്രേരിതനായി പണ്ടു ശിമയോൻ ബാവ, ഉണ്ണീശോയെ ദേവാലയത്തിൽ കാഴ്ചവച്ചപ്പോൾ പ്രവചിച്ചതുപോലെ ശിശുവായ കരിയാക്കോസിന്റെ കൈക്കുപിടിച്ചുകൊണ്ടു പറഞ്ഞുവത്രെ: "ഇവൻ മാതാവിന്റെ മകനാണ് – നിന്റെ മകനല്ല – ഇവനെ സൂക്ഷിച്ചു വളർത്തണം. മാതാവിനുവേണ്ടി വലിയ കാര്യങ്ങൾ ചെയ്യുന്ന ഒരു മഹാത്മാവായിത്തീരും എന്നു്. വാഴ്ത്തപ്പെട്ട ചാവറയച്ചൻ തന്റെ ആത്മാനുതാപത്തിൽ ഇക്കാര്യം സൂരിച്ചുകൊണ്ടു് ഇങ്ങനെ എഴുതുന്നു.

അന്നു മാതാവിൻമുൻപിൽ കിടത്തി പ്രാർത്ഥിച്ചപ്പോൾ
ദേവാലയ ശ്രേഷ്ഠൻ ഗുരുതാൻ പൂവും നീരും
ദേവമാതാവിൻ നാവാൽ കൊടുത്തു മാതൃകയ്യിൽ
പിടിച്ചു മമ ചെറുകരത്തിലതു നേരം.
കൊടുത്തുചൊല്ലി മാതൃദാസനായിവനെ നീ
സൂക്ഷിച്ചു വളർത്തുക പാലിച്ചാദരിക്ക നീ
സാക്ഷാൽ നിൻസുതനല്ല മാതാവിൻ ദാസൻ ദൃഢം.
എന്നരുൾ ചെയ്തു ഗുരു ഏൽപിച്ചുകൊടുത്തു മാതൃകരെ

(ആത്മാനുതാപം p. 7)

എന്നതന്നെയുമല്ല കന്നിമാസമെട്ടതിൽ
ചെന്നു കമ്പിടും നാഥാമക്കാലം മാതൃസഹാ
കൊടുക്കും ദാസ്യപ്പണം മടിക്കാതെക്കാലവും
ഒടുക്കി അവളുടെ മരണകാലംവരെ
നിന്നുടെ നാഥാ മാതാ അവർക്കു ദാസൻ നീയെ
എന്നിതു മനസ്സതിലെപ്പോഴും സ്മരിക്കണം
എന്നുള്ള ജ്ഞാനവാക്യം സ്നേഹത്തിൻ വചനവും"

(ആത്മാനുതാപം p. 8)

ആത്മാനുതാപം എന്ന മനോഹരകാവ്യം രചിച്ച 60-ാം വയസ്സിലും മാതാവിനു സമർപ്പിച്ച അന്നത്തെ ദിനങ്ങളെ എത്ര പച്ചയായി വന്ദ്യനായ ചാവറയച്ചൻ കാത്തു സൂക്ഷിച്ചിരുന്നു എന്നു നോക്കുക. മാതാവിനു സമർപ്പിതനാണു താനെന്നും മാതാവിനു ഇഷ്ടമില്ലാത്തതൊന്നും തന്നിൽ ഉണ്ടാകരുതെന്നും ഉള്ള ഉറച്ച ബോധ്യം ഇവിടെനിന്നാണു നാം കണ്ടെത്തുക.

## മാതൃ തൃക്കരങ്ങളിൽ

അങ്ങനെ മാതാവിനു മകനായി, മാതൃഭക്തി നിറഞ്ഞവനായി വളർന്നു വരവേ നിനച്ചിരിയാത്ത സമയത്ത് പള്ളിപ്പുറം സെമിനാരിയിലെ പ്രസിദ്ധനായ മല്പാൻ പാലയ്ക്കൽ തോമ്മാച്ചൻ തന്റെ വീട്ടുമുററത്തേക്കു നടന്നുകയറിവരുന്നത് കര്യാക്കോസ് കണ്ണുമിഴിച്ച് നോക്കിക്കാണുന്നു. മാതാവിനു പ്രതിഷ്ഠിച്ചവനെ കൂടുതൽ കാര്യങ്ങൾക്കായി വിളിക്കുവാൻ വന്ന, കൂടുതൽ സന്ദേശം അറിയിക്കുവാൻവന്ന ദൈവത്തിന്റെ ദൂതൻ, അല്ല, ദൈവമാതാവിന്റെ ദൂതനായിരുന്നു പാലയ്ക്കൽ മൽപാനച്ചൻ. വൈദികജീവിതത്തിനായി കരിയാക്കോസിനെ പള്ളിപ്പുറം സെമിനാരിയിലേക്കു തന്റെകൂടെ അയക്കണമെന്നും ദൈവികകലയുള്ള ഈ കുട്ടി അതിനായി നീക്കിവയ്ക്കപ്പെട്ടവനാണെന്നുമായിരുന്നു മല്പാനച്ചന്റെ സദ്‌വാർത്ത.

കുടുംബത്തിലെ എല്ലാ പ്രതീക്ഷകളും ഇളയമകനായ കര്യാക്കോസിൽ നിക്ഷേപിച്ചിരുന്ന അമ്മയും അപ്പനും ഈ ആവശ്യത്തിനു വഴങ്ങിക്കൊടുക്കാൻ വലിയ മടി ആദ്യം കാണിച്ചു. പക്ഷെ കരിയാക്കോസിന്റെ ആഗ്രഹത്തിനും ചിററപ്പന്മാരുടെ ഇടപെടലും നിമിത്തം അവസാനം അവർ സമ്മതിക്കുകയാണു ചെയ്യുന്നത്. 'മാതാവിൻ മകനെ' വീട്ടിൽ വച്ചുകൊണ്ടിരിക്കുക ശരിയല്ലെന്നു അവക്കു തോന്നിയിരിക്കാം. അങ്ങനെ ജനിപ്പിച്ച അമ്മയേയും അപ്പനെയും കൂടെയുള്ള സഹോദരനേയും ഉപേക്ഷിച്ച പാലയ്ക്കൽ മല്പാനച്ചന്റെകൂടെ ഒരു പത്തു വയസ്സുകാരൻ വിശാലമായ കുട്ടനാടൻ ജലപ്പരപ്പിലൂടെ, വേമ്പനാടൻ കായൽപ്പരപ്പിലൂടെ സ്വർഗ്ഗീയ അമ്മയുടെ വിളിതേടി, വഞ്ചിയിൽ വടക്കോട്ടു യാത്രയായി. സ്വർഗ്ഗീയ അമ്മയ്ക്കു പ്രതിഷ്ഠിച്ച തന്റെ മകനെ കണ്ണെത്താദൂരംവരെ ആ മാതാവു് വീട്ടുമുററത്തുനിന്നും നോക്കിക്കണ്ടു.

മല്പാനച്ചന്റെകൂടെ ധൈര്യപൂർവ്വം യാത്ര പുറപ്പെട്ട കര്യാക്കോസ് ചെന്നുകയറിയതു് – പ്രസിദ്ധമായ തെക്കൻപള്ളിപ്പുറത്തെ മാതാവിന്റെ ദേവാലയത്തിലേക്കാണ്. പള്ളിയിൽ കയറി മുട്ടുകുത്തിയ കര്യാക്കോസ് നേരെ അൾത്താരയിലേക്കു നോക്കി. അത്ഭുതമേ താൻ ഏതു രൂപത്തിൻ മുൻപാകെ, കൊല്ലങ്ങളായി പ്രതിഷ്ഠിതനായോ ആ മാതാവിൻ തിരുസ്വരൂപം ഇവിടെ പുഞ്ചിരി പൊഴിച്ചു എഴുന്നള്ളിയിരിക്കുന്നു. വെച്ചൂർ പള്ളിയിലെ അതേ മാതാവിന്റെ സന്നിധാനത്തിലേക്കു താൻ വന്നുകയറിയതായി – കര്യാക്കോസിനു തോന്നി. മനസ്സുകൊണ്ടു മാതാവിന്റെ പ്രതിഷ്ഠയെ ഒന്നുകൂടി നവീകരിച്ചു. നിർന്നിമേഷനായി തന്റെ ഭാവി

ജീവിതം മുഴുവൻ മാതാവിനു സമർപ്പിച്ചു. അമ്മയുടെ ബലമേറിയ കരങ്ങളിലാണു താനെന്നും, തന്നെ മാതാവു അരുമയായി കാത്തുസൂക്ഷിക്കുമെന്നും ആ പത്തുവയസ്സുകാരനു് ഉറപ്പായിരുന്നു. സമയം കിട്ടുമ്പോഴെല്ലാം പള്ളിയിലേക്കു കുര്യാക്കോസ് ഓടും—കൊന്തചൊല്ലുവാനും പാട്ടുപാടുവാനും നേതൃത്വം കൊടുക്കും. കൂട്ടുകാരെ കൂട്ടി മാതാവിന്റെ ലുത്തിനിയ പാടി പ്രാർത്ഥിക്കും.

## ദൈവമാതാവു് ഇനി സ്വന്തം മാതാവു്

വളരെയേറെ ആഗ്രഹത്തോടും തീക്ഷ്ണതയോടും കൂടെ സമാരംഭിച്ച വൈദികജീവിതം ഭക്തനായ പാലയ്ക്കൽ മല്പാനച്ചന്റെ മേൽനോട്ടത്തിൽ പരിപുഷ്ടി പ്രാപിക്കുകയായിരുന്നു. മാതാവു് തന്നെ എന്നും കാണുന്നുണ്ടെന്നും സംരക്ഷിക്കുന്നുണ്ടെന്നും പൂർണ്ണമായ വിശ്വാസം കുര്യാക്കോസിനുണ്ടായിരുന്നു. പക്ഷേ രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ – വ്യാകുലയായ അമ്മ – തന്റെ പ്രിയപ്പെട്ട മകനെ വ്യാകുലങ്ങളുടെയും സങ്കടങ്ങളുടെയും പാതയിലൂടെ നയിക്കുവാനാണു് തിരുമനസ്സായതു്. കൂട്ടുകാരോടൊത്തു പാഠങ്ങൾ പഠിച്ചും, പ്രാർത്ഥിച്ചും സന്തോഷമായി കഴിഞ്ഞുവരവേ – ഒരു ദിവസം രണ്ടുചിറ്റപ്പന്മാർ തന്നെ കാണുവാനായി പള്ളിപ്പുറത്തു എത്തിയ വിവരം കുര്യാക്കോസിനു മനസ്സിലായി. അവർ മല്പാനച്ചന്റെ മുറിയിൽചെന്നു ദീർഘമായി സംസാരിക്കുന്നതും – കുര്യാക്കോസ് നോക്കിക്കണ്ടു. ഒടുവിൽ കാത്തിരുന്നതുപോലെ മല്പാനച്ചന്റെ മുറിയിലേയ്ക്കു വിളിക്കപ്പെട്ടു. ഒട്ടും പ്രതീക്ഷിക്കാത്ത സങ്കടകരമായ വാർത്തയാണു മല്പാനച്ചൻ കുര്യാക്കോസിനോടു പറഞ്ഞതു്. അക്കാലങ്ങളിൽ കൈനകരിയിൽ പടർന്നുപിടിച്ച മാരകമായ സാംക്രമികരോഗം (കോളറ) കുര്യാക്കോസിന്റെ പ്രിയപ്പെട്ട അപ്പനേയും അമ്മയേയും – ഏകസഹോദരനെയും ബാധിച്ചെന്നും അവർ മൂവരും ഇഹലോകവാസം വെടിഞ്ഞു എന്നും സാംക്രമിക രോഗമായതിനാലാണു് രോഗവിവരവും മരണവിവരവും കുര്യാക്കോസിനെ അറിയിക്കാതിരുന്നതെന്നുമാണു് മല്പാനച്ചൻ വളരെ മയപ്പെടുത്തി ധരിപ്പിച്ചതു്.

തനിക്കു ഭൂമിയിൽ പ്രിയപ്പെട്ടവരുടെ അന്ത്യശുശ്രൂഷയും അന്ത്യദർശനവും അനുവദിക്കാതിരുന്ന, അവസരം കൊടുക്കാതിരുന്ന പിതൃസഹോദരന്മാരോടു് കുര്യാക്കോസിനു മനസ്സിൽ വെറുപ്പുതോന്നി. കണ്ണുനീർപ്രവാഹം നിയന്ത്രിക്കാൻ സാധിക്കാതെ കൊച്ചുകുര്യാക്കോസ് വിങ്ങിവിങ്ങിക്കരഞ്ഞു. കരച്ചിൽ ഒട്ടൊന്നവസാനിച്ചപ്പോൾ മല്പാനച്ചൻ ഗുണദോഷരൂപത്തിൽ പറഞ്ഞ കാര്യങ്ങൾ കുര്യാക്കോസിനെ വീണ്ടും

തളർത്തി. വീട്ടിൽ ആരും ഇല്ലാതിരിക്കുന്ന ഈയവസരത്തിൽ –
കുടുംബം അന്യം നിന്നുപോകാതിരിക്കാനായി – കര്യാക്കോ
സ് ചിററപ്പന്മാരുടെകൂടെ വൈദീകവിദ്യാഭ്യാസം നിറുത്തി
വീട്ടിലേയ്ക്കു പോകണമെന്നും, ഇതാണ് ഇപ്പോഴ ദൈവ തിരു
മനസ്സെന്നും മല്പാനച്ചൻ സമർത്ഥിച്ചു. വേദനിക്കുന്ന ഹൃദയ
ത്തോടെ കര്യാക്കോസ് താഴേക്കു ഓടി. പള്ളിയിൽക്ക
യറി – പരിശുദ്ധ അമ്മയെനോക്കി പ്രാർത്ഥിച്ചു. തന്നെ ഇപ്ര
കാരം പരീക്ഷിക്കുന്നതെന്തിനെന്നു് മാതാവിനോടു സങ്കടം
പറഞ്ഞു. എന്തെല്ലാം പ്രതിസന്ധികളുണ്ടായാലും തന്നെ
വൈദീകനാകാൻ അനുഗ്രഹിക്കണമെന്നും – വീട്ടിൽപോയി
കാര്യങ്ങൾ ക്രമീകരിച്ചു് തിരിയെവന്നു സെമിനാരിയിൽ
ചേരുവാൻ അനുഗ്രഹിക്കണമെന്നും ഉള്ളുരുകി പ്രാർത്ഥിച്ചു.
കണ്ണുനീരോടെ മാതാവിനെനോക്കി നിന്നിമേഷനായി കുറെ
നേരം അങ്ങനെനിന്നു. മനസ്സിലേക്കു സമാശ്വാസത്തിന്റെ
യും ധൈര്യത്തിന്റെയും ഏതോ ശക്തി ഒഴുകിഇറങ്ങുന്നതായി
കര്യാക്കോസിനു് അനുഭവപ്പെട്ടു. 'ഞാനല്ലേ ഇനിമുതൽ
നിന്റെ അമ്മ' എന്നു് ആരോ ഹൃദയത്തിൽ മന്ത്രിക്കുന്നതായും
തോന്നി. പുറകിൽ മല്പാനച്ചന്റെ കാൽപെരുമാററം. മാതാ
വിനു സ്തുതിചൊല്ലി നിലംമുത്തി എഴുന്നേററു് കര്യാക്കോസ്,
മല്പാനച്ചനെ പിന്തുടന്നു പള്ളിക്കു പുറത്തുവന്നു. തന്റെ പെ
ട്ടിയും പായുമെല്ലാം എടുത്തു പോകാൻ തയ്യാറായി നിൽക്കുന്ന
ചിററപ്പന്മാരെയാണു കര്യാക്കോസ് കണ്ടതു്. മല്പാനച്ചൻ
അടുത്തുവന്നു കര്യാക്കോസിനെ കെട്ടിപ്പിടിച്ചു ചുംബിച്ചു.
പോക്കററിൽ നിന്നും ഒരു കൊന്തയും മാതാവിന്റെ ഒരു
രൂപവും എടുത്തു കര്യാക്കോസിനു കൊടുത്തു. അമ്മ നിന്നെ
അനുഗ്രഹിക്കും – നീ ധൈര്യമായി പോകുകയെന്നുപറഞ്ഞു
കര്യാക്കോസിനെ വീട്ടിലേക്കു അയച്ചു. അൽപനേരം അവ
രെ നോക്കിനിന്നശേഷം തോമ്മാമല്പാനും വള്ളക്കടവിൽവരെ
അവരെ പിൻചെന്നു. പുറത്തുതട്ടി ആശീർവ്വാദം കൊടുത്തു
അരുമശിഷ്യനെ യാത്രയാക്കി.

പള്ളിപ്പുറത്തുനിന്നും കൈനകരിവരെയുള്ള നീണ്ട വഞ്ചി
യാത്ര സമയം മുഴുവൻ, ഈ പ്രതിസന്ധി എങ്ങനെ പരിഹരി
ക്കുമെന്നായിരുന്നു കര്യാക്കോസിന്റെ ചിന്ത. വൈദികവൃത്തി
ഉപേക്ഷിക്കുക എന്നതു് ചിന്തിക്കാൻ പോലും സാധിക്കാത്ത
ഒരു കാര്യമായിരുന്നു. വള്ളം ചേന്ദങ്കരി പള്ളിക്കടവിൽ
അടുക്കണമെന്നു് കര്യാക്കോസ് നിർബന്ധം പിടിച്ചു. വള്ള
ത്തിൽ നിന്നിറങ്ങി തന്റെ പ്രിയപ്പെട്ടവർ അന്ത്യവിശ്രമം
കൊള്ളുന്ന സിമേററിയിൽ പ്രവേശിച്ചു. ചിററപ്പന്മാർ
കാണിച്ചുകൊടുത്ത പച്ചകെടാത്ത മൺകൂനകളിൽ സാഷ്ടാംഗം

വീണ്ടു പ്രാർത്ഥിച്ചു. ചിററപ്പന്മാർ നിർബന്ധിച്ച് അവിടെ നിന്നും വള്ളത്തിൽ കയറി വീട്ടിലെത്തി തന്റെ പ്രിയപ്പെട്ട മാതാപിതാക്കളുടെയും സഹോദരന്റെയും ചൈതന്യം മാത്രം നിഴൽ വീശിയ വിജനമായ ആ വീട്ടിൽ രണ്ടു മൂന്നു ദിവസം ഏകനായ് കര്യാക്കോസ് കഴിച്ചുകൂട്ടി. അമ്മ പണ്ടു കൊന്ത ചൊല്ലുന്ന പഴയ തിരുക്കുടുംബരൂപത്തിന്റെ മുമ്പിൽ പലപ്പോഴും പോയി പ്രാർത്ഥിച്ചു. ഇളയമ്മമാർ നിർബന്ധിച്ച് ഭക്ഷണം കൊടുത്തു. മൂന്നാലുദിവസം അങ്ങനെ പോയി. ഒരു ദിവസം രാവിലെ ഏതോ തീരുമാനത്തിലെത്തിയതുപോലെ കര്യാക്കോസ് – തന്റെ മൂത്ത പെങ്ങളെ വിവാഹംചെയ്ത് അയച്ചിരുന്ന എടത്വായിലേയ്ക്കുപോയി. അവിടെ ഒന്നുരണ്ടു ദിവസം താമസിച്ചു. അളിയനുമായി ചില നീക്കുപോക്കുകൾ ചെയ്യാനായിരുന്നു ഈ താമസം. തന്റെ പേരിലുള്ള വസ്തുവകകൾ അളിയന്റെയും പെങ്ങളുടെയും പേരിൽ എഴുതിക്കൊടുക്കുമെന്നും അവരുംകൂടി വന്ന് കുറെനാളത്തേക്ക് വീട്ടിൽ താമസിച്ച് വീട്ടുകാര്യങ്ങൾ നോക്കണമെന്നുമായിരുന്നു ചിററപ്പന്മാർ അറിയാതെയുള്ള രഹസ്യ ധാരണ. അതിൻപ്രകാരം ഒരാഴ്ച കഴിഞ്ഞപ്പോൾ പെങ്ങളും അളിയനും ചാവറ വീട്ടിൽ എത്തി. 30 അടിയന്തിരവും 41 ആഘോഷവും ഒക്കെ ഭംഗിയായി നടന്നു. ദിവസവും കൈനകരിപള്ളിയിൽ പോയി കുർബ്ബാനയ്ക്കു സഹായിക്കുവാനും സിമിത്തേരിയിൽ പോയി പ്രാർത്ഥിക്കുവാനും കര്യാക്കോസ് താത്പര്യം കാണിച്ചു. പക്ഷേ, വീട്ടുകാര്യങ്ങളിലും കൃഷികാര്യാദികളിലും ഒട്ടും താത്പര്യം കാണിക്കാതെ മൗനിയായി ചിന്താമഗ്നനായി കഴിയുകയായിരുന്നു കര്യാക്കോസ് കൂടുതൽ സമയവും. വീട്ടുകാര്യാദികളൊക്കെ അളിയൻ ഭംഗിയായി ചെയ്യുന്നുമുണ്ടായിരുന്നു. മൂന്നുമാസത്തോളമായപ്പോൾ ഒരു ദിവസം ബന്ധത്തിൽപ്പെട്ട തോപ്പിൽ ഗീവർഗീസച്ചൻ ആ വഴിവന്നു. കര്യാക്കോസ് ഗീവർഗീസച്ചനോട് കാര്യമെല്ലാം തുറന്നു പറഞ്ഞു. ഗീവർഗീസച്ചൻതന്നെ ചിററപ്പന്മാരെ കാണുകയും വൈദികപഠനത്തിനായി കര്യാക്കോസിനെ വീണ്ടും സെമിനാരിയിലേയ്ക്ക് അയയ്ക്കുവാൻ അവരെ സമ്മതിപ്പിക്കുകയും ചെയ്തു.

'മലപോലെ വന്ന കാര്യം മാതാവിന്റെ സഹായത്താൽ പൂപോലെയായി' എന്നു ചാവറയച്ചൻ കൂടെ കൂടെ പറയാറുണ്ടായിരുന്നു. അതിന്റെ ആദ്യ അനുഭവം അദ്ദേഹത്തിനനുഭവവേദ്യമാകുകയായിരുന്നു. മാതാവിന്റെ രൂപത്തിൽ തൊട്ടുമുത്തി നന്ദി പറഞ്ഞുകൊണ്ട്, പെട്ടിസാമാനങ്ങളുമായി വീണ്ടും കര്യാക്കോസ് സെമിനാരിയിലേക്കു ചെന്നു. പള്ളിയിൽ കയറി മാതാവിനു സ്വസ്തി പറഞ്ഞു. വൈദിക ജീവിതത്തിനു

നേരിട്ട പ്രതിബന്ധം നീക്കിത്തന്നതിനും വീട്ടിലെ കാര്യങ്ങൾ ഭംഗിയായി കലാശിപ്പിച്ചതിനും മാതാവിനു നന്ദി പറഞ്ഞു. മരിച്ചുപോയ തന്റെ അമ്മയുടെ സ്ഥാനത്ത് സ്വർഗ്ഗീയ അമ്മയെ കാണുകയും അവളുടെ സംരക്ഷണയ്ക്ക് പൂർണ്ണമായി സമർപ്പിക്കുകയും ചെയ്തു.

## അമലോത്ഭവ ദാസൻ

'നക്ഷത്രകിരീടം ചൂടി, ശുഭ്രവെള്ളമേലങ്കി അണിഞ്ഞ് നീല അരക്കെട്ടുമായി – നരകസർപ്പത്തെ ചവിട്ടിഅരയ്ക്കുന്ന അമലോത്ഭവനാഥയോട് ചാവറയച്ചന് പ്രത്യേകമായ ഭക്തിയുണ്ടായിരുന്നു.' തന്റെ പുരോഹിത പട്ടത്തിന് തൊട്ടുമുമ്പുള്ള നാളുകളിൽ മൽപാനായ പാലയ്ക്കലച്ചനും പോരൂക്കരയച്ചനും സന്യാസജീവിതത്തെക്കുറിച്ചും സന്യാസ ഭവനത്തെക്കുറിച്ചും ചിന്തിക്കയും സംസാരിക്കുകയും പലരുമായി ആലോചിക്കുകയും ചെയ്യുന്നതായി ചാവറ കുര്യാക്കോസ് ശെമ്മാശൻ അറിഞ്ഞു. വി. ഡൊമിനിക്കോസിന്റെ നാമത്തിൽ സന്യാസ സഭ ആരംഭിക്കണമെന്നായിരുന്നു അവരുടെ രണ്ടുപേരുടെയും ആഗ്രഹം. ആരംഭത്തിലെ മാന്നാനത്തെ ജീവിതരീതിയും ഏതാണ്ട് ഇതനുസരിച്ച് തന്നെയായിരുന്നു. പക്ഷേ ചാവറയച്ചന്റെ മനസ്സിൽ 'മാതാവിന്റെ സഭ' വേണം; അതും അമലോത്ഭവമാതാവുമായി ബന്ധപ്പെട്ടായിരിക്കണം എന്ന വലിയ ആഗ്രഹമായിരുന്നു. മററു രണ്ടു പിതാക്കളേയും വൈദികരേയും ഈ ആശയത്തിലേക്ക് കൊണ്ടുവരുവാൻ ചാവറയച്ചൻ നന്നെ പണിപ്പെട്ടു. മാതാവിനോടുതന്നെ ധാരാളം പ്രാർത്ഥിച്ചു. അവസാനം നിയതമായ പേരുകൊടുക്കേണ്ട സമയമായപ്പോൾ ചാവറയച്ചന്റെ ആഗ്രഹം തന്നെ സഫലമായി. 'അമലോത്ഭവ കന്യകയുടെ ദാസസംഘം എന്ന പേരാണ് സ്വീകരിച്ചത്. ദൈവജനനിയോടുള്ള ഭക്തി കേരളക്കരയിൽ ഈ സഭ വഴിയായി അഭിവൃദ്ധിപ്പെടണമെന്നും, മാതാവുവഴി ഈശോയിലേയ്ക്ക് ജനങ്ങളെ അടുപ്പിക്കണമെന്നുമായിരുന്നു ചാവറയച്ചന്റെ ആഗ്രഹം.

അക്കാലങ്ങളിൽ അമലോത്ഭവരഹസ്യം വിശ്വാസസത്യമായി പ്രഖ്യാപിക്കുവാൻ വേണ്ട പഠനങ്ങൾ നടക്കുന്ന കാലമായിരുന്നു. രൂപതകളിൽ നിന്നും വിശ്വാസികളിൽ നിന്നും ഈ ആവശ്യം യാചിച്ചുകൊണ്ട് റോമിലേയ്ക്കു അപേക്ഷകൾ പ്രവഹിച്ചുകൊണ്ടുമിരുന്നു. ചാവറയച്ചനും ഇക്കാര്യത്തിന് ഒരു മുന്നണി പോരാളിയായിനിന്ന് പ്രവർത്തിച്ചു എന്നുള്ളത് സുവിദിതമായ ഒരു കാര്യമാണ്.

റോമ്മായിൽ പരിശുദ്ധ ദൈവമാതാവിന്റെ അമലോത്ഭവം വിശ്വാസസത്യമായി പ്രഖ്യാപിച്ചതറിഞ്ഞ് ഏററവും സന്തോഷിച്ചതു് ചാവറയച്ചനായിരുന്നു. ഇതിന്റെ സന്തോഷത്തിനായി എല്ലാ കൊവേന്തകളിലും ആഘോഷമായ പാട്ടുകുർബ്ബാനയും ലാക്ആലാഹാ (സ്തോത്രഗീതം) യും പാടണമെന്ന് കല്പനമൂലം ഉടനെ അറിയിച്ചു. അക്കൊല്ലത്തെ അമലോത്ഭവത്തിരുനാൾ വളരെ ആഘോഷമായി കൊണ്ടാടുകയും അതിന്റെ തലേദിവസത്തെ പാട്ടുറംശ ചാവറയച്ചൻതന്നെ നടത്തുകയും ചെയ്തു. തിരുനാൾദിവസം അമലോത്ഭവമാതാവിനെ കുറിച്ച് പണ്ഡിതോചിതമായ ഒരു പ്രസംഗം നടത്തുകയും ചെയ്തു.

അമലോത്ഭവ കേ്തി മരിയസഖ്യം മുതലായവ വഴി അമലോത്ഭവമാതാവിനോടു ബന്ധപ്പെട്ടു ജീവിക്കുവാൻ കേരളകത്തോലിക്കരെ കഥാപുരുഷൻ തന്റെ ജീവിതവും പ്രസംഗങ്ങളുംവഴി കളമൊരുക്കി. ഇന്നു നമ്മുടെ ദേവാലയങ്ങളിൽ പുഷ്ടിപ്രാപിച്ചിരിക്കുന്ന കുട്ടികളുടെ സൊഡാലിററി (സി. എൽ. സി.) ചാവറയച്ചന്റേയും കൂട്ടാളികളുടേയും ഒരുകാലത്തെ നിരന്തര പരിശ്രമത്തിന്റെ ഫലമാണ്. ഇന്നും സി. എം. ഐ. സഭയിൽ മുഴുവൻ സമയവും സി. എൽ. സി. ക്കു യ്ക്കുവേണ്ടി പ്രവർത്തിക്കുന്ന വൈദികരുണ്ട്. കർമ്മലകുസുമം വഴി പ്രസിദ്ധമായ നീലമുന്നണി ഇതിന്റെ മറെറാരു വകഭേദമാണ്.

അമലോത്ഭവമാതാവു നല്കിയ വലിയൊരനുഗ്രഹമായിരുന്നു അമലോത്ഭവവിശ്വാസ പ്രഖ്യാപനത്തിന്റെ ഒന്നാം വാർഷികത്തിൽ സഭ ഔദ്യോഗികമായി (കാനോനികമായി) അംഗീകരിക്കപ്പെടുകയും അതിലെ ആദ്യപിതാക്കന്മാർ 11 പേരും വ്രതാനുഷ്ഠാനം നടത്തുകയും, ചാവറയച്ചനെ അതിന്റെ ശ്രേഷ്ഠനായി നിയമിക്കപ്പെടുകയും ചെയ്ത സംഭവം. ഇന്നും ഡിസംബർ എട്ടും അമലോത്ഭവമാതാവിന്റെ തിരുനാളും സി. എം. ഐ. സഭയുടെ ഏററം പ്രധാനപ്പെട്ട തിരുനാളുകളിൽ ഒന്നാണ്.

(പ്രധാനപ്പെട്ട വിപത്തുകളിലെല്ലാം ചാവറയച്ചൻ അമലോത്ഭവമാതാവിനോട് പ്രാർത്ഥിച്ചിരുന്നു. റോക്കോസ് ശീശ്മക്കാലത്ത് ഓരോരുത്തരും ചൊല്ലുവാനായി അദ്ദേഹം എഴുതിയുണ്ടാക്കിയ പ്രാർത്ഥന നോക്കുക. "ജന്മപാപമില്ലാതെ! തിരുസ്സഭക്കു നേരിട്ട എല്ലാ നാശങ്ങളേയും നീക്കിയ മാതാവേ! പുത്തനായിട്ട് മുളച്ചുണ്ടാകുന്ന ശീശ്മ അയ്യോ ഈ തിരുസ്സഭയെ കലക്കുവാൻ തക്കവണ്ണം നീ കൈവിടാതിരിക്കണമെ. ശുദ്ധ

മാന പത്രോസിൻെറ അധികാരം കൈക്കൊണ്ടിരിക്കുന്ന ശ്രുദ്ധ മാർപാപ്പക്ക് മുഴുവനായ കീഴ്വഴക്കം എന്നും എല്ലായിടത്തി ലും നടന്നുവരുവാൻ നീ കൃപ ചെയ്യണമെ ആമ്മേൻ''.

## കർമ്മല പുത്രൻ

അമലോത്ഭവമാതാവിൻെറ ദാസസംഘത്തെ കർമ്മലീത്താ സഭയോടു യോജിപ്പിച്ചതും, അതിൻെറ മൂന്നാം സഭയായി അതിന് അംഗീകാരം നൽകിയതും അക്കാലത്തുള്ള സഭാംഗ ങ്ങളുടെ ആഗ്രഹവും അഭിലാഷവുമായി രുന്നോ എന്നു ഇന്നു ബലമായി സംശയിക്കുന്നവർ സഭാംഗങ്ങളിൽ ധാരാളം പേരു ണ്ട്. ഒരു പടികൂടി കടന്ന് ഇതു് സഭാ സ്ഥാപകനായ ചാവറയച്ചൻേറയും സഭാംഗളുടേയും ഇഷ്ടത്തിനു വിപരീത മായിരുന്നെന്നും മൂന്നാം സഭയാക്കിയതും കർമ്മലീത്താ സഭ യോടു യോജിപ്പിച്ചതും സഭയിൽ അന്നുള്ളവരുടെയെല്ലാം അറി വോ സമ്മതമോ കൂടാതെയായിരുന്നെന്നും ഇന്നു വാദിക്കുന്ന വരുമുണ്ട്. പക്ഷേ, ഒരു കാര്യംതീർച്ചയാണ്. പിൽക്കാല ത്തെങ്കിലും കർമ്മല സഭയുമായി യോജിച്ചതു ഒരു ദൈവാനു ഗ്രഹമാണെന്നും - മാതാവിൻെറ വലിയൊരനുഗ്രഹമാണന്നും ചാവറയച്ചൻ തൻെറ ഡയറിയിൽ എഴുതി വച്ചിട്ടുണ്ട്. ഒരു രൂപതാസന്ന്യാസ സഭയായി തുടങ്ങിയ അമലോത്ഭവ ദാസ സംഘത്തിൻെറ മേൽ ശ്രേഷ്ഠനായിരൂപതാദ്ധ്യക്ഷന്മാർതന്നെ സ്വയം നിയമിക്കപ്പെടുക സ്വാഭാവികമാണല്ലോ. രൂപതാദ്ധ്യ ക്ഷനെ ചോദ്യം ചെയ്യാതെ, അനുസരിച്ചു മാത്രം പഠിച്ചിട്ടുള്ള സന്ന്യാസ വൈദികർ രൂപതാധികാരി നിശ്ചയിക്കുന്നതിനോടു മറുതലിക്കാതെ – അതിനോടു യോജിച്ചു പോയതിൽ അധി കാരികളിൽ ദൈവത്തേയും ദൈവിക മനസ്സിനേയും കാണു വാനുള്ള അവരുടെ സന്ന്യാസ ചൈതന്യമായി നാം കണക്കാ ക്കണം. റോമ്മിലെ കർമ്മലീത്ത സഭയുമായി യോജിപ്പിച്ചതു് അംഗങ്ങളോടു ചോദിക്കാതെ അധികാരി എന്ന നിലയിൽ രൂപതാദ്ധ്യക്ഷൻ ചെയ്ത കാര്യമായിരുന്നു. രൂപതാദ്ധ്യക്ഷൻെറ പ്രതിനിധിയായി മാർസ്സീലോസ് മൂപ്പച്ചൻ മാന്നാനത്തെ സന്ന്യാസക്കൂട്ടത്തിൽ കാനോനിക സന്ദർശനം നടത്തി. ''സന്ദ ർശന ദിവസങ്ങളിൽ നമ്മുടെ സഭയെ കർമ്മെലീത്ത ഒന്നാം സഭയോടുചേർത്തു അതിൻെറ മൂന്നാം സഭയായികൈകൊണ്ടി രിക്കുന്നുഎന്നും അതിൻ പ്രകാരമുള്ള വിസീത്തയാണ് താൻ കഴി ക്കുന്നതെന്നും സ്ഥാനസന്ദർശകൻ പ്രസ്താവിച്ചു. (ബ. ബർ ണാഡ് – സഭാ ചരിത്രം p. 82)

വാഴ്ത്തപ്പെട്ട ചാവറയച്ചൻ മൂന്നാംസഭയായ സാഹചര്യ ത്തെക്കുറിച്ചു യാതൊന്നും ദോഷമായോ ഗുണമായോ പറയു

ന്നില്ല. പക്ഷേ, നമുക്ക് ഇവിടെ പ്രധാനപ്പെട്ട കാര്യം; അദ്ദേഹം ഇപ്രകാരം സംഭവിച്ചതിൽ ആനന്ദിക്കുകയും അമലോത്ഭവ കർമ്മല അമ്മയുടെ സഭയാകുന്നതിൽ അഭിമാനം കൊള്ളുകയും ചെയ്തിരുന്നു എന്നതാണ്. ഒരുപക്ഷേ അന്നത്തെ മെത്രാനച്ചനോടും തന്റെ ആത്മീയപിതാവും ഉററസ്നേഹിതനുമായ ലെയപ്പോൾഡ് മൂപ്പച്ചനോടുംഉള്ള സ്നേഹത്തിന്റെയും ആദരവിന്റെയും കടപ്പാടിന്റെയും വിചാരംകൊണ്ടും കർമ്മലീത്ത മൂപ്പച്ചന്മാർവഴി കർമ്മലസഭയോടും കർമ്മലഅമ്മയോടും തോന്നിയ ഭക്തികൊണ്ടും ആയിരിക്കാം. ഏതായാലും തന്റെ പിൻഗാമികൾ ഇതെക്കുറിച്ചു തെററായി ചിന്തിക്കാൻ സാദ്ധ്യതയുണ്ട് എന്നു മനസ്സിലാക്കി അദ്ദേഹം തന്റെ **Testament**–ൽ എഴുതിയിരിക്കുന്നതു് ഇപ്രകാരമാണ്: "പ്രിയമുള്ള കുഞ്ഞുങ്ങളെ നാം സർവ്വേശ്വരന്റെ വിശേഷകൃപയാൽ ദേവമാതാവിന് ഏററം ഇഷ്ടപ്പെട്ടവരായ കർമ്മലീത്താസഭക്കാരായി വിളിക്കപ്പെട്ടു. എന്നാൽ ഇതു് ദൈവാലോചനയാൽ അല്ലാതെ മാനുഷ്യരുടെ വിചാരത്താൽ അല്ലായെന്ന്, ഇതു് കടലാസ് എന്നു കാണുംവണ്ണം കണ്ടുറച്ചിരിക്കുന്നു. അതെങ്ങനെയെന്നാൽ ഇതിന്റെ അടിസ്ഥാനക്കാരനായ പെ. ബ. പാലയ്ക്കൽ – പോരൂ – എന്ന തോമ്മാച്ചന്മാരു് അപേക്ഷിച്ചതും ക്രമപ്പെടുത്തിവന്നതും ശുദ്ധ. ദൊമനീക്കോസിന്റെ സഭ്യതകണമെന്നത്രേ. ഇതിനായിട്ടത്രെ അതുവരെ ഇവിടെ നടപ്പില്ലാത്ത വെള്ളളോവ ഉടുത്തുതുടങ്ങിയതു്. ശേഷവും, ഇതിനാൽ നമ്മുടെ ബലക്ഷയം കണ്ടിട്ട് ഈ ശു. അമ്മ തന്റെ വിശേഷസ്നേഹത്തിൽ ചേർത്തു. (മരണശാസനം നമ്പ 1 – പാറപ്പുറത്തു വക്കിൽഅച്ചൻ)

സ്ത്രീകൾക്കായുള്ള സന്ന്യാസസഭ സ്ഥാപിക്കുന്ന സമയമായപ്പോൾ പേരിനെച്ചൊല്ലി യാതൊരു തർക്കവും ചാവറയച്ചനും ലെയോപ്പോൾഡ് മൂപ്പച്ചനും ഇല്ലായിരുന്നു. 1866–ന്റെ കാലമായപ്പോൾ അത്രയ്ക്കു കർമ്മലഅമ്മയുടെ ഭക്തനായി ചാവറയച്ചൻ തീർന്നിരുന്നു. നാളാഗമത്തിൽ ചാവറയച്ചൻ ഇപ്രകാരമാണ് ഇതെക്കുറിച്ചു പറഞ്ഞിരിക്കുന്നതു്: "അവരുടെ നൻമനസ്സും ധൈര്യവും കണ്ട് പെ. ബ. മെത്രാപ്പോലീത്താച്ചനോട് അറിയിച്ചാറെ അദ്ദേഹത്തിനു സന്തോഷമായി കർമ്മലീത്താ മൂന്നാംസഭക്കാരായി സ്ഥാപിക്കാമെന്നും കല്പിച്ച് അതിനുള്ള ക്രമപുസ്തകവും കൊടുത്തു." (നാളാഗമം) തട്ടാശ്ശേരി സ്കറിയാച്ചനെ കൂനമ്മാവു കൊവേന്തയിലെ വികാരിയായി നിയമിക്കുന്ന പത്തേന്തിയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: ജന്മപാപംകൂടാതെ ഉത്ഭവിച്ച കർമ്മലമാതാവിന്റെ ശുശ്രൂഷികളുടെ പ്രിയോർ.

കണമെന്നും രൂപം തൊട്ടുമുത്തണമെന്നും നിർദ്ദേശിച്ചിരുന്ന കാര്യങ്ങളും എത്ര പച്ചയായി വാഴ്ത്തപ്പെട്ട ചാവറയച്ചൻ തന്റെ ജീവിതത്തിൽ പ്രായോഗികമാക്കി. ആ അനുഭവങ്ങൾ തന്റെ ഹൃദയത്തിൽ എന്നും തിരുക്കുടുംബത്തോടുള്ള ഭക്തിയാൽ അനുരണനം ചെയ്തിരുന്നു.

## എല്ലാം മാതൃമയം

ചാവറയച്ചന്റെ പ്രധാനപ്പെട്ട എല്ലാ കാര്യങ്ങളും ആരംഭിക്കുന്നതു് മാതാവിനെ ഓർത്തുകൊണ്ടും മാതാവിന്റെ നാമത്തിലും ആയിരുന്നു – അമലോത്ഭവ കർമ്മല മാതാവിന്റെ സഭയിലെ ശുശ്രൂഷി എന്നു് എല്ലാ ഔദ്യോഗിക എഴുത്തുകളിലും എഴുതിയിരുന്നു. ഇവിടെ കുറച്ച് സംഭവങ്ങളെക്കുറിച്ച് നമുക്ക് അനുസ്മരിക്കാം.

മാതാവിന്റെ (തിരുക്കുടുംബത്തിന്റെ) രൂപത്തിന്റെ മുമ്പിൽ അമ്മ മുട്ടുകുത്തിച്ച് പ്രാർത്ഥിപ്പിക്കുന്നതു്, പാതിരാ നേരത്തും പ്രാർത്ഥിക്കുവാൻ എഴുന്നേൽക്കുന്നതും കൊന്ത ചൊല്ലുന്നതും. മാതാവിനു, വെച്ചൂരിൽപോയി അടിമവയ്ക്കുന്നതു്, ആണ്ടുതോറും അതു് നവീകരിക്കുന്നതു്. പള്ളിപ്പുറത്തു മാതാവിൽ ആശ്രയിക്കുന്നതും സഹപാഠികളിൽ മരിയഭക്തി പ്രചരിപ്പിക്കുന്നതും മാതാവിനോടു പ്രാർത്ഥിച്ച് വീട്ടിനുപോയി കാര്യങ്ങൾ ക്രമീകരിച്ചു തിരിച്ചുവരുന്നതു്–മാതാവിനെ അമ്മയായി സ്വീകരിച്ച് ശിഷ്യജീവിതം പരിപുഷ്ടമാക്കുന്നതു് – സഭയെക്കുറിച്ച് ആലോചിക്കുമ്പോൾ മാതാവിന്റെ നാമത്തിൽ തുടങ്ങാൻ ആഗ്രഹിക്കുന്നതു്. മാതാവിനോടു പ്രാർത്ഥിച്ച് കടലാസും മഷിയും വാങ്ങാൻ പോകുന്നതു്, കർമ്മലമാതാവിന്റെ സഭയോടു യോജിപ്പിക്കുവാൻ കാലാന്തരത്തിൽ ഇടയായപ്പോൾ അതിനെ സന്തോഷമായി സ്വീകരിച്ചതു്, വെച്ചൂരും, പള്ളിപ്പുറത്തും മാതാവിന്റെ തിരുനാളുകളിൽ എവിടെപ്പോയാലും ചെന്നു പ്രസംഗം പറയുന്നതു്, ധ്യാനപ്രസംഗങ്ങളിൽ മാതാവിനു വലിയ സ്ഥാനം കൊടുക്കുന്നതു്, മാതാവിനോടുള്ള ഭക്തിയിൽ ദൈവജനത്തെ പ്രബുദ്ധരാക്കുന്നതു്, മാതാവിന്റെ അമലോത്ഭവ തിരുനാൾ ദിവസം വ്രതം ചെയ്യുന്നതു് – സഭ കാനോനികമായി ആരംഭിക്കുന്നതു് – രണ്ടാമതാരംഭിച്ച വാഴക്കുളത്തെ ആശ്രമവും മൂന്നാമതു് ആരംഭിച്ച എൽത്തുരുത്തു് ആശ്രമവും മാതാവിന്റെ നാമത്തിൽ ആരംഭിക്കുന്നതു്. സ്ത്രീകൾക്കുള്ള സന്ന്യാസസഭയും മാതാവിന്റെ നാമത്തിൽ ആരംഭിക്കുന്നതു്. മാതാവിന്റെ വിവാഹത്തിനാൾ ദിവസം പനമ്പുമഠം പൂർത്തിയാക്കി താമസം തുടങ്ങിയതു്, പുതിയ മഠത്തിനു കല്ലിടുമ്പോൾ മാതാവിന്റെ മെഡൽ

പ്രത്യേകമായി അടിസ്ഥാന കല്ലിൽ നിക്ഷേപിക്കുന്നതു്, കന്യാസ്ത്രീകളുടെ പ്രധാന കൈത്തൊഴിൽ കൊന്തകെട്ടും ചിത്രത്തുന്നലുമാണ്. തുല്യമാക്കിയതു. പെൺകുട്ടികളെ ആദ്യമായി പഠിപ്പിക്കുന്നതും ഈ വിശുദ്ധതൊഴിൽ തന്നെയാണ്. (മാതാവിൻെറ പ്രത്യേക അനുഗ്രഹത്താൽ ഇന്ന് എത്ര കുടുംബങ്ങളാണ് കൂനമ്മാവിൽ കൊന്തകെട്ടും മെഡൽ വ്യവസായവുമായി കഴിഞ്ഞു കൂടുന്നതു്.) സഭയുടെ ആരംഭത്തിൽ അച്ചന്മാരും ശെമ്മാച്ചന്മാരും മൂന്നു നേരമായിട്ട് 153 മണിജപം എത്തിച്ചിരുന്നു. പിൽക്കാലത്തു സഭയിൽ നടപ്പായ ശനിയാഴ്ച, ഗ്രാംലേക് പിതാവിൻെറ കാലത്തുതന്നെ ആരംഭിച്ചതാണ്. മാതാവിനെ ചൂണ്ടി, 'മാമ്മോദീസായിലെ വെള്ളവസ്ത്രം' നഷ്ടപ്പെടാത്ത ഹൃദയരഹസ്യം വെളിപ്പെടുത്തിക്കൊണ്ട് അദ്ദേഹം ദൈവത്തിൽ വിലയംപ്രാപിക്കുന്നു. അദ്ദേഹത്തിൻെറ കൃതികളിൽ മാതാവിനെക്കുറിച്ച് വളരെയേറെ എഴുതിയിട്ടുണ്ട്. അതെക്കുറിച്ചാണു നമുക്കു അടുത്തതായി ചിന്തിക്കുവാനുള്ളതു്.

## മാതൃ കീർത്തനം ചാവറയച്ചൻെറ കൃതികളിൽ

മുകളിൽ സൂചിപ്പിച്ചതുപോലെ ധാരാളിത്വത്തോടുകൂടി അച്ചൻെറ കൃതികളിൽ മാതാവിനെ വർണ്ണിക്കുകയും മാതാവിനോടു പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ട്. അതുമുഴുവൻ ഇവിടെ ഉദ്ധരിക്കപ്പെടേണ്ടതാണെങ്കിലും അതിൽനിന്നും വളരെ പ്രസക്തഭാഗങ്ങൾ മാത്രമേ വിസ്താരഭയത്താൽ ഇവിടെക്കുറിക്കുന്നുള്ളൂ.

ആത്മാനുതാപം എന്ന മഹാകാവ്യത്തിലാണ് മാതാവിനെക്കുറിച്ച് കൂടുതലായി എഴുതിയിട്ടുള്ളതു്.

പരമഗുണനാഥൻ കരുണാനിധി ദേവൻ
കാതിയറിയിച്ച പെരുമ നിൻെറ പൂർവ്വം
മന്നിലങ്ങുണ്ടായൊരു മന്നവന്മാരിൽ മുഖ്യൻ
മന്നവൻ ശ്ലേമോൻ തൻെറ ഉന്നത ബുദ്ധിവശാൽ
എത്രയും വിചിത്രമായ് ചമച്ച ദേവാലയെ
ചിത്രമായ് തൂക്കിട്ടുള്ള തിരശ്ശീലകൾക്കുള്ളിൽ
ശുദ്ധി ശുദ്ധിയാം സ്ഥലമതിൻെറ മദ്ധ്യസ്ഥലെ
ശുദ്ധമാം സ്വർണ്ണത്താൽ പാർത്തുള്ള ക്രോവെമദ്ധ്യേ
തൻ തിരുവാക്യരേഖയുള്ള കല്പലകകൾ
ചന്തമായി വച്ചീടുന്ന പെഴയെ സ്ഥാപം ചെയ്തു
ഇന്നതുപോലെ നിൻെറ ശുദ്ധമാമുദരത്തിൽ
വന്ദന യോഗ്യനായ തൻ തിരുവടി തന്നെ

തിരുവാസനമിട്ടങ്ങവിടെ എഴുന്നെള്ളി
ഇരിക്കും പെട്ടിയല്ല്യ കേവലം മാത്രതന്നെ
അയ്യയ്യോ നാഥാ നിൻെറ മാതാവിൻ സദൃശ്യമാം
അച്ച്ശിഷ്ട പെട്ടിയിൽ സന്നിധൌ ദാഗോൻ ദേവൻ
എന്നവൻ ബിംമംവീണ കുമ്പിടുന്നതു സിദ്ധം
എന്നതു തേരിലേററി കെട്ടിയ പശുക്കുട്ടി
മന്ദമായ് നടന്നതു സൂര്യനാടതിൽ പുക്ക
മന്ദിരയെടുത്തപ്പോൾ കണ്ടവർ വന്ദിച്ചല്ലൊ
ഇത്തിരുപ്പെട്ടിയിൽ രാജൻ ദാവീദു മഹാഘോഷാൽ
അത്തിരു ദേവാലയെ അണച്ചീടുന്ന മദ്ധ്യെ
ദാസൻതൊട്ട സപ്പാഗുഹാ എന്നതിനോളമുള്ള
ദാവീതിൻ പ്രജകളാം ഇസ്രായേൽ ഒക്കെക്കൂടി
ദാനമോഹങ്ങളും വാദ്യഘോഷങ്ങളും പലതരം
ദാസനായതൊന്നീ ദാവീതന്നുതൻ പ്രജാ മുൻപിൻ
മറെറാരു ദിനം തിരുപ്പെട്ടിയെ തൊട്ടമുഖ്യൻ
മാററമെന്നിയെ വീണു മരിച്ചെന്നതും സിദ്ധം
പെട്ടിയോടണ വാനും തൊട്ടതുചുമപ്പാനും
പട്ടക്കാരിൽ മുഖ്യശ്രേഷ്ഠന്മാർ തന്നെ വേണ്ടും
എന്തൊരു ക്ഷമയതു സർവ്വേശ്വരാ നിൻെറ മാതാ
നിൻ തിരുക്കാലാൽതന്നെ കല്ലിലും നടക്കുന്നു.

ദൈവജനനി പാപികൾക്കായി ദൈവനീതിയുടെ സിംഹാസനത്തിൻമുമ്പാകെ മാദ്ധ്യസ്ഥം വഹിക്കുന്നവിധം എത്ര ആശ്വാസദായകമായിരിക്കുന്നുവെന്ന് നോക്കുക.

കന്യകാ മമമാതൃ അമ്മയെ ശരണം നീ
അന്യഭവനം ചരിച്ചയ്യയ്യൊ മമ കററം
എങ്കില്ല മമ്മ നീയെ മറന്നീടരുതയ്യൊ
ശങ്കതിൽ നിൻെറ ഓർമ്മ എപ്പോഴും മുണ്ടുതാനും
എങ്കിലും മറന്നയ്യോ നിന്നെ ഞാൻ നന്ദിഹീനാൽ
മങ്കയാം മനോഹരെ എന്നെ നീ മറക്കുമോ?
മുന്നമെ എന്നെ ചേർത്തുനിന്നുടെ ദാസനാക്കി
അന്നുനാൾ മുതൽ നീയും പാലിച്ചുരക്ഷിച്ചയ്യോ
എത്രയോ ഊഴം ദൈവനീതിക്കയോഗ്യനായി
അത്രയും മുഴം നിൻെറ മദ്ധ്യസ്ഥത്താൽ കാത്തല്ലൊ നീ
ദൈവത്തിൻ തിരുക്കരം ശിക്ഷിപ്പാനോങ്ങുംനേരം
ദൈവമാതാവെ നിൻെറ ദയയാൽ തടുത്തല്ലൊ

എന്നുടെ പാപത്താലെ നിന്നുടെ തിരുപുത്രൻ
തന്നുടെ കോപാഗ്നിയെ കത്തി ഞാനെരിയിച്ചു
അപ്പാപം നിമിത്തമായി ശിക്ഷിപ്പാൻ തുടങ്ങുമ്പോൾ
ഇപ്പാരിൽ തനിക്കു നീ ചെയ്ത ശുശ്രൂഷകളും
കാട്ടി വീണപേക്ഷിച്ചു നീക്കുവാൻ ശ്രമിക്കും നീ
കാട്ടിയെൻ കുററം പാപി ആയതുമോർത്തീടാതെ
വീണു താണീടും വീണ്ടും പാപത്തിൽ കൂടെക്കൂടെ
താണുപോകുന്നനേരം നിൻ കൈയ്യാൽ പിടിച്ചെന്നെ
നിറുത്തികൊണ്ടു തന്റെ കോപത്തെ അമർത്തുവാൻ
വെറുത്തീടാതെ കണ്ടു പ്രാർത്ഥിക്കും വീണ്ടും വീണ്ടും
ദുഷ്ടനാമടിയ നീ നന്ദിയോർക്കാതെ കണ്ടു്
കഷ്ടതയിൽനിന്നു നീങ്ങാതെയിരിക്കയിൽ
കോപിച്ചു നിന്റെ പുത്രൻ കോപാഗ്നി കലരുമ്പോൾ
ശപിച്ചു തള്ളീടുവാൻ കല്പിക്കും നേരമയ്യോ
നിന്നുടെ കരുണയിൽ മഹത്വത്താലടിയനെ
തന്നുടെ തിരുമുമ്പിലണപ്പാൻ ശ്രമിച്ചീടും.
കരുണ കാട്ടാഞ്ഞിലൊ അരുണോദയെ തവ
പെരുകിട്ടുള്ള ശ്രദ്ധാ അറിവിച്ചീടുമപ്പോൾ.
കാട്ടീടും നിന്റെ ശുദ്ധ തിരുവുദരത്തേയും
നീട്ടീടുംതന്നെ സ്നേഹത്താൽ ചുമന്ന കൈയും മുട്ടും
പ്രാർത്ഥിക്കും മഹാദയാൽ കേൾപ്പിക്കുമിതൊക്കവെ
പ്രാപ്തിഹീനനാം നിന്റെ ദാസനെ തൃക്കൺപാർക്ക
യവിനയോഗ്യനായിവനെങ്കിലും മഹാ
ഒൻപതു മാസം നിന്നെ ചുമന്ന ഉദരവും
അൻപിനാൽ കുടിപ്പിച്ചു വളർത്ത കൊങ്കകളും
ആദരവോടെ നിന്നെ എടുത്ത കരങ്ങളും
ആദരിച്ചിരുത്തിയ മടിയും മുട്ടുകളും
സൂക്ഷിച്ചു പാർത്തു നിന്റെ മാതൃവെപ്രതിയിപ്പോൾ
രക്ഷിച്ചീടണമിവൻ മമ ദാസനെന്നോർത്തു.

ധ്യാനസല്ലാപത്തിലെ ഒരു പ്രാർത്ഥനയും ഇവിടെ രേഖപ്പെടുത്താതിരിക്കാൻ വയ്യ.

"കർത്താവേ, ഇതാ എന്റെ ഹൃദയം തുറന്നിരിക്കുന്നു. നിനക്കേറ്റവും ഇഷ്ടമുള്ള ഇരിപ്പിടമായ എന്റെ ദൈവ മാതാവിൻ [illegible] എന്റെ ഹൃദയത്തിൽ ഞാൻ വച്ചിരിക്കുന്നു. ഇതിൽ നീ എഴുന്നള്ളിയിരിക്കണമേ, അമ്മയുടെ മടിയിൽ

ഇരിക്കുന്നു എന്ന കുഞ്ഞു മകൻ എത്രയോ സന്തോഷത്തോടു കൂടെ അവിടെയിരുന്നുകൊണ്ടു് തെളിയുന്നു. എന്നതിൽ വണ്ണം എൻെറ രക്ഷിതാവേ ഈ മാതാവിൻെറ തിരുമടിയിൽ നീയിരിക്കുന്നു എന്ന നേരത്തിൽ ഈ അമ്മ പ്രിയത്തോടുകൂടെ എന്തു കൽപിക്കുന്നുവോ ഒക്കെയും ആ കുഞ്ഞു ചെയ്യുന്നു. എന്നതിനാൽ ഈ നേരത്തിൽ ഈ അമ്മ അരുളിചെയ്യുന്നതിനെ നീ കേൾക്കണമേ ! ആ പ്രിയമുള്ള എൻെറ മകനെ എന്നെ സൃഷ്ടിച്ച ഉടയവനെ അടിയാട്ടിയും അമ്മയുമായ ഞാൻ നീ ബോധിച്ചിരിക്കും വണ്ണം ദുഃഖസാഗരത്തിൽ മുഴുകി ഗാഗുൽത്താമലയിൽ നിൻെറ മരണക്കട്ടിലായ കുരിശുമരത്തിൻ സമീപേ ഞാൻ നിൽക്കുമ്പോൾ, നിൻെറ തിരുമരണത്തിൻ സമയത്തിൽ ഈ നിൻെറ അമ്മയെ നീ തൃക്കൺപാർത്തുകൊണ്ടു് നിൻെറ പുത്രൻ ഇതാ എന്നും നീ അരുളിച്ചെയ്തുകൊണ്ടു് ഈ പാവപ്പെട്ട കര്യാക്കോസിനെയും എനിക്കു് മകനായിട്ടു് നീ ഏൽപ്പിച്ചു തന്നുവല്ലോ. ഇതാ എൻെറ പാദത്തിൻ പക്കൽ അണഞ്ഞുകൊണ്ടു് അവൻെറ പാപങ്ങളിന്മേൽ മനസ്താപപ്പെട്ടുകൊണ്ടു് നീ അവൻെറ സകല പാപങ്ങളും പാപത്താലുള്ള ശിക്ഷകളും അവനോടു് പൊറുത്തു് മുഴുവൻ മാപ്പു ചെയ്തു് മാമ്മോദീസായിൽ കൊടുത്തിരുന്ന ഇഷ്ടപ്രസാദം ഇനി മരണപര്യന്തം പൊയിപോകാതിരിപ്പാനുള്ള ഉറപ്പും നിന്നോടുള്ള സ്നേഹത്തിൽ മേൽക്കുമേലുള്ള വർദ്ധിപ്പും മരണപര്യന്തം നിന്നെയുള്ള ഓർമ്മയോടെ നടപ്പാനും മരണനേരത്തിൽ നിൻെറ വളർത്തു പിതാവായ എൻെറ ഭർത്താവിനു നീ കൊടുത്ത ഭാഗ്യമരണത്തെക്കുറിച്ചു് നീയും ഈ നമ്മുടെ ഭർത്താവും ഞാനും കൂടെ മരണ നേരത്തിൽ അവനെ തുണച്ചു് ശത്രുയോഗ്യം കൂടാതെ ആത്മാവിനെ എടുത്തു് നമ്മോടുകൂടെ പരലോകത്തിൽ കൊണ്ടു പോകണമെന്നും ഉള്ള അപേക്ഷകൾ നീ കൈക്കൊണ്ടു എന്നുള്ള അടയാളത്തിനായി നിൻെറ തിരുക്കാലുകളെ അവനു നീ നീട്ടികൊടുക്കണമേ.''

## മാതൃസ്തവ പ്രഘോഷകൻ

അക്കാലങ്ങളിലെ ഏററവും നല്ല വാഗ്മിയും മാതൃകേ്തനും വാഴ്ത്തപ്പെട്ട ചാവറയച്ചനായിരുന്നു. മുൻപുസൂചിപ്പിച്ചിരുന്നതുപോലെ തന്നെ അടിമകൊടുത്ത വെച്ചൂർ പള്ളിയിലും തൻെറ ജന്മഗൃഹം പോലെയായിരുന്ന കൈനകരി പള്ളിപ്പുറം പള്ളിയിലും മാതാവിൻെറ പ്രസിദ്ധമായ പെരുനാളുകൾക്കു് ചാവറയച്ചൻ തന്നെയായിരുന്നു പ്രസംഗം പറഞ്ഞിരുന്നതു്. ചാവറയുടെ പ്രസംഗം കേൾക്കുന്നതിനുവേണ്ടിത്തന്നെ ദൂരദേശങ്ങളിൽ നിന്നും ആളുകൾ വരുമായിരുന്നു. എവിടെ

യായിരുന്നാലും ഈ പ്രസംഗം പറയുവാൻ വേണ്ടി ചാവറയച്ചൻ ഓടി എത്തുമായിരുന്നു. നല്ല മണിപോലുള്ള സ്വരത്തിൽ എല്ലാവർക്കും കേൾക്കത്തക്ക ഇമ്പമേറിയ സ്വരത്തിൽ മാതാവിന്റെ മഹിമകളെ വിസ്തരിച്ചു പറയുന്ന ആ പ്രസംഗങ്ങളാണ് കേരളക്കരയിൽ ഇന്നും പച്ചപിടിച്ചു തഴച്ചു വളരുന്ന മാതൃഭക്തിക്ക് അടിസ്ഥാനമെന്ന് ആർക്കാണ് അറിഞ്ഞു കൂടാത്തത്.

മാതാവിനെക്കുറിച്ച് എഴുതുമ്പോഴും പ്രസംഗിക്കുമ്പോഴും ചാവറയച്ചൻ വാചാലനാകും. തന്റെ ഉള്ളിൽ തിങ്ങിനിറഞ്ഞിരിക്കുന്ന മാതൃഭക്തി തന്റെ ശ്രോതാക്കളിലേയ്ക്ക് അങ്ങനെ ഇടതടവില്ലാതെ ഒഴുകും. അമ്മയുടെ കീർത്തനങ്ങൾ ഉരുവിട്ടുകൊണ്ട് അമ്മയുടെ ഭക്തിയാൽ നിറഞ്ഞവരായി അവർ സ്വഗൃഹങ്ങളിലേയ്ക്കു പിന്തിരിയും. അവിടെ കൊന്ത ചൊല്ലുവാനും മാതൃഗീതങ്ങൾ ആലപിക്കാനും മക്കളെ മാതാവിനു സമർപ്പിക്കാനും അവർ ഉത്സാഹം കാണിക്കും.

അൽപം ദീർഘമായ ഈ ലേഖനം ഇവിടെ അവസാനിപ്പിക്കുകയാണ്. ഒരു മനുഷ്യന്റെ ഹൃദയത്തിലെ സ്വാകാര്യ ഭക്തിമുറയല്ല ചാവറയച്ചനിൽ നാം കാണുന്നത്. തനിക്കു ബോദ്ധ്യമുള്ള ഈ ഭക്ത്യാഭ്യാസം അന്നത്തെ ദൈവജനത്തിനു പകരുവാനും അവരെ അതിൽ പ്രബുദ്ധരാക്കുവാനും ഒരു ചാവറയ്ക്കു കഴിഞ്ഞു. ആ മഹത് വ്യക്തിയുടെ പരിശ്രമത്തിന്റെ ഫലമാണ് മാതൃഭക്തിയിൽ ലോകത്തിൽ തന്നെ ഏററവും മുന്നിട്ട് നിൽക്കുന്ന കേരളം. ഇതിനു സംഭാവന നൽകിയ പിതാവിനെ നമുക്കു നന്ദിപൂർവ്വം സ്മരിക്കാം. പിതാവിന്റെ തൃച്ചേവടികളെ പിൻതുടർന്ന് മാതാവിന്റെ മഹിമകൾ പാടുവാനും ഭക്തി പ്രചരിപ്പിക്കുവാനും നമുക്ക് പരിശ്രമിക്കാം. മൂന്നാം സഹസ്രാബ്ദം നമ്മുടേതാണ്. നമ്മുടെ സംഭാവനകളുടെ സൃഷ്ടിയും പരിശുദ്ധ പിതാവിനെ അനുകരിച്ച് ദൈവ മാതാവിനു തന്നെ ഈ പുതിയ യുഗത്തെ നമുക്ക് സമർപ്പിക്കാം. മാതാവു വഴി ഈശോയിലേയ്ക്ക് അങ്ങനെ ലോകത്തെ നമുക്ക് ആനയിക്കാം.

II

# പള്ളിപ്പുറം ചാവറയച്ചന്റെ രണ്ടാം ജന്മഗൃഹം

വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ വ്യക്തിയെയും വീക്ഷണത്തെയുംകുറിച്ചു പ്രതിപാദിക്കുന്ന ഈ ഗ്രന്ഥത്തിൽ 10 വയസ്സു മുതൽ 24 വയസ്സുവരേയും ഒരു വൈദീക വിദ്യാർത്ഥിയായും എട്ടുപത്തുകൊല്ലം റെക്ടറായും – വികാരിയായും കഴിഞ്ഞുവന്ന, അല്ലെങ്കിൽ അദ്ദേഹത്തെ വളർത്തിയ പള്ളിപ്പുറത്തെക്കുറിച്ചും പള്ളിപ്പുറം സെമിനാരിയെക്കുറിച്ചും ചുരുക്കമായെങ്കിലും പ്രതിപാദിച്ചില്ലെങ്കിൽ അതൊരു വലിയ തെറ്റുതന്നെയായിരിക്കും. അതുകൊണ്ടു് രണ്ടാമത്തെ ഈ ലേഖനം അതിനായി നീക്കിവയ്ക്കുകയാണു്.

സാഹചര്യങ്ങളാണു് മനുഷ്യനെ നല്ലവനും തീയനുമാക്കുന്നതു്. വ്യക്തിപരമായ നല്ല കഴിവുകൾപോലും സാഹചര്യത്തിന്റെ സ്പർശനത്താൽ മുരടിച്ചു പോകയോ മോശമായിപ്പോകയോ ചെയ്യാം. നേരെ മറിച്ചു് നല്ല നല്ല സാഹചര്യങ്ങൾക്കു് ഒരു വ്യക്തിയെ നന്മയിലേക്കു നയിക്കുകയും ചെയ്യാം. കൈനകരിക്കാരൻ ഒരു സാധാരണ പയ്യനെ വിശുദ്ധിയുടെ ഉന്നതിയിലേക്കു നയിച്ചതിൽ പള്ളിപ്പുറത്തിനു്, പള്ളിപ്പുറം സെമിനാരിക്കു് അതിശക്തിയായ പങ്കുണ്ടു്.

ചരിത്രത്തിന്റെ ഗതിവിഗതികളിൽപ്പെട്ടു ചാവറയച്ചനു പള്ളിപ്പുറവുമായുള്ള അഭേദ്യമായ ബന്ധത്തിനു്, മറവിയുടെയും മാനിക്കപ്പെടാതിരിക്കലിന്റെയും വലിയൊരു ഗതികേടുവന്നു ഭവിച്ചിട്ടുണ്ടു്. ചരിത്രമെഴുതുന്ന ചിലരെങ്കിലും ഈ വികല്പത്തിനു ഇരയാകുകയും ചെയ്തിട്ടുണ്ടു്. മാന്നാനത്തെക്കുറിച്ചും ഒരുപക്ഷേ കൂനമ്മാവിനെക്കുറിച്ചുമെല്ലാം അതിവർണ്ണനം ചെയ്തു പരത്തിപ്പറയുന്നവർ, ചാവറയച്ചന്റെ പരിശീലനക്കളരിയെക്കുറിച്ചു്, ഒരു വിധത്തിൽ അദ്ദേഹത്തിന്റെ രണ്ടാം ജന്മഗൃഹത്തെക്കുറിച്ചു് മൗനം ഭജിക്കുന്നതു് എന്താണെന്നു മനസ്സിലാകുന്നില്ല. ഇന്നു പള്ളിപ്പുറം സന്ദർശിക്കുന്നവർക്കു ചാവറയച്ചന്റേതായി ഒന്നും അവശേഷിക്കുന്നതായി കാണുകയില്ല. ഒരെഴുത്തോ എന്തെങ്കിലും രേഖകൾപോലുമോ അവിടെ ഒരിടത്തുമില്ല. അദ്ദേഹം താമസിച്ചിരുന്ന കാലത്തെ പള്ളി ഇന്നവി

ടില്ല. സെമ്മിനാരിയും കല്ലിൽ കല്ല് ശേഷിക്കാതെ പൊളിച്ചുകളഞ്ഞു. എങ്കിലും എന്നും നിലനിൽക്കുന്ന പുസ്തകങ്ങളിലൂടെ ഈ കുറവിനെ ഗ്രന്ഥകർത്താക്കൾ പരിഹരിക്കേണ്ടതാണ്, ആയതിനാൽ ചാവറയച്ചനും പള്ളിപ്പുറവുമായുള്ള ബന്ധത്തെക്കുറിച്ച് ഒരു ലേഖനം ഇതിൽ കുറിക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു.

## സെൻറ് തോമസ് കണ്ട പള്ളിപ്പുറം

പുരാതന പ്രസിദ്ധമായ തെക്കൻപള്ളിപ്പുറം പള്ളിക്ക് വി. തോമാശ്ലീഹായുടെ വരവിനോളം പഴക്കമുണ്ട്. കടലിൽ നിന്നും പരശുരാമൻ മഴുവെറിഞ്ഞു കേരളം സൃഷ്ടിച്ചു എന്ന ഐതിഹ്യം ആലപ്പുഴമുതൽ വടക്കോട്ട് ആറ്റുകുററിവരെയുള്ള കരപ്പുറം എന്ന ദ്വീപിനെക്കുറിച്ച് യാഥാർത്ഥ്യമാകുകയാണ്. കാലത്തിൻെറ ഏതോ നല്ല കാലത്തു് കടൽമാറി കരയായി തീർന്നതാണ് ഇന്നു നാം കാണുന്ന കരപ്പുറം അല്ലെങ്കിൽ ചേർത്തല താലൂക്ക്. പഞ്ചസാരമണലും വെള്ളക്കെട്ടുകളും കായൽപരപ്പും ഇതിന് ഒന്നാംതരം തെളിവാണ്. തൃപ്പൂണിത്തുറയും–കടുത്തുരുത്തിയും (കടൽത്തുരുത്ത്) എല്ലാം ഒരുകാലത്തു കടൽതീരങ്ങളായിരുന്നു. ഇങ്ങനെ കടൽപെററ കരയിൽ ഏതാണ്ട് മദ്ധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന പള്ളിപ്പുറത്ത് പ്രസിദ്ധമായ നമ്പൂതിരി ഇല്ലങ്ങളും വാണിഭസ്ഥാനങ്ങളും സ്ഥിതി ചെയ്യുന്നു. ഇന്നു പള്ളിപ്പുറത്തും തൈക്കാട്ടുശേരിയിലും സ്ഥിതിചെയ്യുന്ന പേരെടുത്ത ഹൈന്ദവ ക്ഷേത്രങ്ങൾ ഈ യാഥാർത്ഥ്യത്തെയാണ് സൂചിപ്പിക്കുന്നതു്. അന്ന് കരപ്പുറത്തെ മറെറാരു പ്രസിദ്ധമായ സ്ഥലമായിരുന്നു ചേർത്തല ടൗണിനു കിഴക്കുവശമുള്ള കോക്കമംഗലം ഗ്രാമം.. അവിടെയും പുകൾപെററ നമ്പൂതിരി ഇല്ലങ്ങളും അമ്പലങ്ങളും ആ നാളുകളിൽ സുലഭമായിരുന്നു. തോമാശ്ലീഹ ചായലിലും നിരണത്തും ശ്ലൈഹികവേല പൂർത്തിയാക്കി മുഹമ്മ വഴിയോ–തണ്ണീർമുക്കം വഴിയോ കോക്കമംഗലം എന്നനമ്പൂരിമാരുടെ ഇല്ലങ്ങളുള്ള ഗ്രാമത്തിൽ എത്തിയതായി നമുക്ക് ഊഹിക്കാം. ശ്ലീഹായുടെ പ്രവർത്തനങ്ങളെ വിവരിക്കുന്ന റമ്പാൻപാട്ടിൻെറ കുറെ വരികൾ ഇവിടെ ചേർക്കുന്നതു സമുചിതമായിരിക്കുമല്ലോ.

112. കല്ലിച്ചുടനെ താൻവാങ്ങി
വടമേക്കായ് നടകൊണ്ടു **ഗോക്കാ**
**മംഗല** ഗ്രാമേ താൻ ചെന്നു
പിഴയാതവിടേയു മൊരുവർഷത്തിട
അറിയിച്ചു താൻ മാർഗ്ഗത്തെ
ഒരായിരമോടറുന്നൂർ പേരെ

118. മാമ്മോദീസായും മുക്കി
അവിടന്നുടനെ നടകൊണ്ടങ്ങനെ
കോട്ടക്കായൽ ചെന്നെത്തി

ശക്തിയായ പാരമ്പര്യത്തെ അടിസ്ഥാനപ്പെടുത്തി രചിച്ചിട്ടുള്ള ഈ റബ്ബാൻപാട്ടിൽ പറയുന്ന '**ഗോക്കാമംഗല**' ഗ്രാമം നാം ഇന്നു കാണുന്ന 5 കിലോമീററർ ചുററളവുള്ള സ്ഥലമല്ലെന്നും ശ്ലീഹാ കരപ്പുറത്തു ആദ്യമായി വന്നിറങ്ങിയതു് കോക്കമംഗലം ഗ്രാമത്തിലായിരുന്നെന്നും അവിടെ താൻ മാമ്മോദീസ മുക്കിയ സവർണ്ണർക്കുവേണ്ടി ഒരു കുരിശു (പള്ളി) സ്ഥാപിച്ചെന്നും അവിടെനിന്നും കരപ്പുറത്തെ പ്രധാന സ്ഥലങ്ങളെല്ലാം ഒരുവർഷംകൊണ്ടു സന്ദർശിച്ചെന്നും വേദം പ്രസംഗിച്ചെന്നുമാണല്ലോ നാം മനസ്സിലാക്കേണ്ടതു്. ഇങ്ങനെ ചിന്തിക്കുമ്പോൾ അന്നു പ്രസിദ്ധിയാർജ്ജിച്ചിരുന്ന നമ്പൂതിരി കേന്ദ്രമായിരുന്ന പള്ളിപ്പുറത്തും ശ്ലീഹാ തീർച്ചയായും വന്നുകാണും, മതം പ്രസംഗിച്ചുകാണും, മാമ്മോദീസ നല്കിക്കാണും എന്നുള്ള ന്യായമായ നിഗമനത്തിൽ നാം എത്തിച്ചേരുന്നു. (കോക്കമംഗലത്തുനിന്നു പള്ളിപ്പുറത്തേക്കു കാൽനടയായി വെറും 7 കി. മീററും ജലമാർഗ്ഗമായി വെറും 5 കി. മീററും മാത്രമാണുള്ളതെന്നകാര്യം നാമിവിടെ ഓർക്കുക) തന്നെയുമല്ല-കോക്കമംഗലത്തുനിന്നും ശ്ലീഹ കോട്ടക്കാവിലേക്കു പോകുന്നതു് കാൽനടയായി-പള്ളിപ്പുറം വഴിയായിരിക്കാനാണു കൂടുതൽ സാദ്ധ്യതയും. ഇങ്ങനെ നാം ചിന്തിക്കുമ്പോൾ പള്ളിപ്പുറത്തെ ശ്ലീഹായുടെ കാലത്തുതന്നെയുണ്ടായ ക്രിസ്തീയസമൂഹത്തിന്റെയും കുരിശുപള്ളിയുടേയും ആരംഭത്തിനടിസ്ഥാനം നാം കണ്ടെത്തുകയാണു ചെയ്യുക.

## മാർതോമ്മാ കുരിശും പള്ളിപ്പുറവും

പുറം ലോകത്തിനു് ഇന്നും വേണ്ടത്ര അറിവില്ലാത്ത ഒരു കാര്യമാണു് മാർതോമാ ശ്ലീഹായാൽ സ്ഥാപിതമായ ഒരു സ്ലീവാ-പള്ളിപ്പുറം പള്ളിയുടെ തെക്കുവശത്തെ അൾത്താരയിൽ സ്ഥിതിചെയ്യുന്നു എന്നുള്ളതു്. ഇതിന്റെ ആവിർഭാവത്തിന്റെ പിന്നിലുള്ള ചരിത്രവും ഈയവസരത്തിൽ നാം പ്രത്യേകം ഓർക്കേണ്ടതാണു്. തോമ്മാശ്ലീഹാ കോക്കമംഗലത്തു സ്ഥാപിച്ച കുരിശു് അധികനാൾ അവിടെ സ്ഥിതിചെയ്യുവാൻ മതം മാറാത്ത നമ്പൂതിരിമാർ അനുവദിച്ചില്ല. എണ്ണത്തിൽ കുറവായ മതംമാറിയ നമ്പൂതിരി ഇല്ലങ്ങളെ ഭീഷണിപ്പെടുത്തിയും പേടിപ്പിച്ചും ഇവർ കഴിഞ്ഞുപോന്നു. ജീവനിൽ പേടിച്ചു് പല കുടുംബങ്ങളും അടുത്തുള്ള ക്രിസ്തീയ സങ്കേതമായ

പള്ളിപ്പുറത്തേക്ക കുടിയേറിയിരുന്ന അങ്ങനെ ഒററപ്പെട്ടുപോയ ക്രിസ്തീയ സമൂഹത്തെ കീഴ്പ്പെടുത്തി മതംമാറാത്ത നമ്പൂതിരിമാർ തോമ്മാശ്ലീഹാ സ്ഥാപിച്ച കരിശു തന്നെയും സമൂലം പിഴുതെടുത്ത് വേമ്പനാട്ടുകായലിൻെറ അഗാധമായ ജലഗർഭത്തിലേക്ക വലിച്ചെറിഞ്ഞു. മൂന്ന ഇഞ്ച് ഘനമുള്ള തേക്ക പലകയിൽ കൊത്തിവച്ച കരിശ്, വേമ്പനാടിൻെറ ജലപ്പരപ്പിൽ മുങ്ങിയും പൊങ്ങിയും കായലിലെഏററവും ഇറക്കവും അനുസരിച്ചും പള്ളിപ്പുറത്തിനു സമീപമുള്ള **മാട്ടേൽ തുരുത്തിൽ** വന്ന്അടിഞ്ഞു ചേരുന്നു.

'വൈരാണിക്കളം' എന്ന അപരനാമത്തിലും അന്നു പള്ളിപ്പുറം അറിയപ്പെട്ടിരുന്നു. ഇവിടെ കച്ചവടം നടത്തിയും പശുക്കളെ വളർത്തിയും ധാരാളം പട്ടാര്യ പ്രഭുക്കന്മാർ വാണിരുന്നു. ചൊരിമണൽ പ്രദേശമായ പള്ളിപ്പുറത്ത് കൊടും വേനലായാൽ പച്ച പുല്ല കിട്ടുവാൻ പ്രയാസമായിത്തീരും. ഈയവസരത്തിൽ അടുത്തുള്ള മാട്ടേൽ തുരുത്തിൽ കൊഴുത്തു കറുത്ത നിറമാർന്ന കറുകപ്പുല്ലുകഠം തഴച്ചു വളരുന്നുണ്ടാവും. ഇതു ചെത്തിക്കൊണ്ടു വരുവാൻ ദിവസവും വള്ളത്തിൽ പുലയ സ്ത്രീകഠം അവിടേയ്ക്കു പോകും. പടർന്നു തഴച്ചു നിൽക്കുന്ന കറുകക്കമ്പുകഠം ചെത്തി വള്ളം നിറച്ചാക്കി അവർ ഉച്ചയ്ക്കുമുമ്പായി പടിഞ്ഞാറേ കരയിൽ എത്തും. ഒരു ദിവസം ഇങ്ങനെ പുല്ലുചെത്തിക്കൊണ്ടു നിൽക്കുമ്പോഠം ഒരു പെണ്ണാളിൻെറ അരിവാഠം എന്തോ ഒന്നിൽ ഉടക്കിയതായി തോന്നി. പുല്ലുകഠം വകഞ്ഞുമാററി അരിവാഠം വലിച്ചെടുത്തപ്പോഠം അവിടം മുഴുവൻ ചോര നിറഞ്ഞൊഴുകുന്നു. അരിവാഠം തുമ്പിലും ചോരയുടെ നിറം. പെണ്ണുങ്ങഠം എല്ലാം പകച്ചു നിന്നു. അവർ തിടുക്കത്തിൽ വള്ളത്തിൽ കയറി പടിഞ്ഞാറെക്കരയിൽ വന്നു. ഈ അത്ഭുത പ്രതിഭാസത്തെക്കുറിച്ചു തങ്ങളുടെ യജമാനനായ പട്ടാര്യ പ്രഭുവിനെ അറിയിച്ചു. പ്രഭുവും കൂട്ടരും പല വള്ളങ്ങളിലായി മാട്ടേൽ തുരുത്തിലേക്ക കുതിച്ചു. അവർ ആ തടിക്കഷണം പുല്ലുകളുടെ വേരു പറിച്ചു കളഞ്ഞ് പുറത്തെടുത്തു. അതിൽകൊത്തിയിരുന്ന കരിശുരൂപം അവരുടെ ദൃഷ്ടിയിൽ പെട്ടു. ഇതു പുതുതായി ആരംഭിച്ച മതക്കാരുടെ പൂജ്യ വസ്തുവാണെന്നും, ക്രിസ്തീയ മതക്കാരെ ഇതേൽപിക്കാമെന്നും അവർ തീരുമാനിച്ചു. കടവിൽ പടിഞ്ഞാറേകരയിൽ വന്നു. കടവിൽ തന്നെ താമസമാക്കിയ കല്ലറയ്ക്കൽ ഇല്ലത്തെ 'ക്രിസ്തീയ കുടുംബത്തെ' ഇക്കാര്യം അറിയിച്ചു. അവർചെന്ന് പൂജ്യമായി ഈ കരിശുപലകയെ കൊണ്ടുവന്ന് തങ്ങളുടെ കരിശുപുരയിൽ സ്ഥാപിച്ചു.

കർണ്ണാകർണ്ണികയാ ഈ വാർത്ത കോക്കമംഗലം ഗ്രാമത്തിലുമെത്തി. ആ ഗ്രാമത്തിൽ നമ്പൂതിരിമാരുടെ ഭയപ്പെടുത്തലുകൾ സഹിച്ചും ജീവനെ പണയപ്പെടുത്തിയും കുരിശിനെ പാലിച്ചുകൊണ്ടിരുന്ന 'പാലിക്കുവോർ' വീട്ടിലെ ഗൃഹനാഥൻ നഷ്ടപ്പെട്ടുപോയ കുരിശിനെ പള്ളിപ്പുറത്തു കണ്ടെത്തിയ വിവരം അറിഞ്ഞു കാണുവാനും വണങ്ങുവാനുമുള്ള അമിതമായ ആഗ്രഹത്താൽ പള്ളിപ്പുറത്തേക്ക് ഓടിയെത്തി. വി. ശ്ലീഹായാൽ കോക്കമംഗലത്തു കുരിശുപള്ളിയിൽ സ്ഥാപിച്ച കുരിശുതന്നെയാണിതെന്ന് പാലിക്കുവോർ ചേട്ടൻ സാക്ഷ്യപ്പെടുത്തി. ആ കുരിശിനെ ശുശ്രൂഷിക്കുവാനും സൂക്ഷിക്കുവാനുമുള്ള ചുമതല ഒരു നേർച്ചയെന്നപോലെ സ്വയം ഏറ്റെടുത്തു. കോക്കമംഗലത്തുപോയി സകുടുംബം പള്ളിപ്പുറത്തു കുരിശു പുരയുടെ സമീപത്തു വന്നു താമസമാക്കി ഈ 'പാലിക്കുവോർ' ആണ്, കാലാന്തരത്തിൽ 'പാലിക്കോർ', 'പാലിക്കൻ', 'പാലയ്ക്കൽ', ആയി പരിണമിച്ചതെന്ന് പറയപ്പെടുന്നു.

കുരിശുപുരയിൽ സൂക്ഷിച്ചു സംരക്ഷിച്ചിരുന്ന മാർ തോമ്മാ കുരിശ്, ക്രിസ്തീയ സമൂഹം വർദ്ധമാനമായപ്പോൾ സൗകര്യമായതും, വിശാലമായതും ചന്തയോടും വഴിയോടും സമീപമുള്ളതുമായ ഇപ്പോഴത്തെ വിശാലമായ പള്ളിപ്പറമ്പിലെ വലിയപള്ളി പണിപൂർത്തിയായപ്പോൾ അങ്ങോട്ടു മാററി സ്ഥാപിക്കുകയും കാലാന്തരത്തിൽ ചില ഭക്തരുടെ ഭ്രാന്തമായ അതിക്രമങ്ങൾക്ക് ഇരയാകാതിരിക്കാൻ വേണ്ടി കണ്ണാടിക്കൂട്ടിലാക്കി തെക്കെ അൾത്താരയുടെ മുകളിൽ പ്രതിഷ്ഠിക്കുകയും ചെയ്തു. ഈ സ്ലീവയാണ് ഇപ്പോൾ 12 അടി വലിപ്പമുള്ള സ്വർണ്ണാങ്കിതമായ കുരിശിൻ ചുവട്ടിൽ അഭിവന്ദ്യ പിതാവ് പൂജ്യമായി പ്രതിഷ്ഠിച്ചിരിക്കുന്നത്. ഭക്തർക്ക് അടുത്തുനിന്നു കാണുവാനും ഇതു തൊട്ടുമുത്തുവാനും കൂടുതൽ സൗകര്യം നല്കുന്നു.

## പരി. കന്യകാമാതാവിന്റെ ചിത്രം

ഈ ദേവാലയത്തിൽ സൂക്ഷിച്ചിരിക്കുന്ന മററൊരു സംപൂജ്യ പുരാവസ്തു പരി. കന്യകാമാതാവിന്റെ മനോഹരമായ ഒരു ചിത്രമാണ്. സുവിശേഷകനായ ചിത്രകാരനെന്നോ ചിത്രകാരനായ സുവിശേഷകനെന്നോ വിശേഷിപ്പിക്കപ്പെടുന്ന വി. ലൂക്കാ വരച്ചതാണ് ഈ മാതൃചിത്രമെന്നു വിശ്വസിക്കപ്പെടുന്നു. മാതാവിന്റെ വരച്ച ചിത്രങ്ങളും വരക്കാൻ ഒരുക്കിവച്ച ചിത്രപ്പലകയും ഒരുമിച്ചു കപ്പലിൽ കൊണ്ടുപോന്നപ്പോൾ, വരക്കാത്ത പലകയിൽ അത്ഭുതകരമായി സ്വയം

ആലേഖനം ചെയ്യപ്പെട്ടതാണ് ഈ പൂജ്യ ചിത്രമെന്നു പറയപ്പെടുന്നു. ഏതായാലും പള്ളിപ്പുറം പള്ളിയുടെ പ്രധാന അൽത്താരക്കുമുകളിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ഈ ചിത്രം പോലെ ഇത്ര ക്ഷുറപാടൊത്തതും കാലത്തിന്റെ കടന്നാക്രമണം കൊണ്ടു ങ്ങളേല്ക്കാതെ സജീവത്വം നിലനിർത്തുന്നതുമായ വർണ്ണ ചിത്രം വേറെയില്ലെന്നാണ് പറയപ്പെടുന്നത്. ഈ ചിത്രത്തിന്റെ രചനാശൈലിയും വർണ്ണ സംയോജന കൗശലവും ഗ്രഹിച്ച അനുഗ്രഹീത ചിത്രകാരനായ രാജാരവിവർമ്മ ഈ ചിത്രത്തിന്റെ അപാര കലാമേന്മയെ മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായിട്ടുണ്ട്.

## പള്ളിപ്പുറം പള്ളി

തോമ്മാശ്ലീഹായിൽ നിന്നും മാമ്മോദീസാ സ്വീകരിച്ച ക്രൈസ്തവകുടുംബങ്ങൾ ഏതാണ്ട് അടുത്തടുത്തുതാമസിക്കുകയും കായൽത്തീരത്ത് ഒരു കുരിശുപുരകെട്ടി, കുരിശുനാട്ടി, ആരാധന നടത്തുകയും ചെയ്തു. ഈ പുരയിലാണ് കോക്കമംഗലത്തു നിന്ന് പിഴുതെറിഞ്ഞ പൂജ്യ സ്ലീവായും സൂക്ഷിക്കപ്പെട്ടത്. കുരിശുപുരതന്നെ പല പ്രാവശ്യം പൊളിച്ച് വലുതാക്കിയും പരിഷ്കരിച്ചും പണിതു. ക്രിസ്തീയകുടുംബക്കാരുടെ എണ്ണം വർദ്ധിക്കുകയും ക്രിസ്ത്യാനികൾ മറ്റു സ്ഥലങ്ങളിൽ നിന്ന് കുടിയേറുകയും ചെയ്തപ്പോൾ, വലിയ പള്ളിയുടെ ആവശ്യം നേരിട്ടു. 4–ാം നൂറ്റാണ്ടിൽ ഇന്ന് കാണുന്ന വലിയ പള്ളിയുടെ സ്ഥാനത്ത് അതിന്റെ ആദിരൂപം പണിതുയർത്തിക്കാണണം; ഈ പള്ളി ഓരോ മൂന്നാം നൂറ്റാണ്ടു കഴിയുമ്പോഴും പുതുക്കിയും പണിതിരുന്നു. 1977–ൽ ഭാഗികമായി പൊളിച്ചുകളഞ്ഞ പഴയപള്ളി 16–ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പണിതുയർത്തിയിരിക്കാനെ അതിന്റെ ശില്പകലാരൂപമനുസരിച്ച് നിർണ്ണയിക്കാനാവൂ. പക്ഷേ ചരിത്രസ്മാരകങ്ങളും, ഭാരതമണ്ണിന്റെ ആദ്യത്തെ വിശുദ്ധാത്മാവിനെ കരുപിടിപ്പിക്കുകയും വളർത്തിയെടുക്കുകയും ചെയ്ത നിരവധി ചരിത്രസ്മാരകങ്ങൾ നിലകൊള്ളുകയും ചെയ്തിരുന്ന ആ ദേവലായം ജീർണ്ണാവസ്ഥയിലെത്തിയിരുന്നു. ഏതായാലും ദിവംഗതനായ അഭിവന്ദ്യ കർദ്ദിനാൾ പാറേക്കാട്ടിൽ തിരുമേനി പള്ളിയുടെ ശില്പകലാസുന്ദരമായ അൾത്താരകളും മുഖവാരവും ഒരിക്കലും പൊളിച്ചുകളയരുതെന്ന് നിർദ്ദേശിച്ചതിനാൽ അതെങ്കിലും ഭാവിതലമുറക്കായി നീക്കിവയ്ക്കാൻ സാധിച്ചു. എറണാകുളം മുതൽ ആലപ്പുഴ വരെയും കറവിലാങ്ങാട്ടു മുതൽ കടൽത്തീരംവരേയും ഉള്ള ക്രൈസ്തവരുടെ ഏക പുണ്യദേവാലയമായിരുന്ന തെക്കൻ പള്ളിപ്പുറം ഫൊറോനാപള്ളി.

## പള്ളിപ്പുറം സെമിനാരി

18-ാം നൂററാണ്ടിന്റെ അന്ത്യഘട്ടത്തിൽ സഭയ്ക്കും സമുദായത്തിനും അതുല്യ സേവനമനുഷ്ഠിച്ച ചരിത്രപ്രസിദ്ധനായ തച്ചിൽ മാത്തുതരകന്റെ സഹോദരനായിരുന്ന അബ്രാഹം മൽപാൻ. ഇദ്ദേഹം വടക്കൻ കത്തിയതോട്ടിൽ ഒരു സെമിനാരി നടത്തിക്കൊണ്ടിരുന്നു. അന്നത്തെ സെമിനാരി – പണ്ടുകാലത്തെ ഗുരുകലവാസംപോലെ – മൽപാൻ ഭവനമായിരുന്നു. നന്നേ ചെറുപ്പത്തിലെ മൽപാൻ ഭവനത്തിൽ വന്നുചേർന്നു്, ഗുരുവിനോടുകൂടി താമസിച്ചു്, ഗുരുവിനെ സേവിച്ചു് ശുശ്രൂഷിച്ചു് ഗുരുമുഖത്തുനിന്നും നൽകുന്ന വിദ്യയഭ്യസിച്ചു്, ഗുരു നിശ്ചയിക്കുന്ന കാലത്തു് പട്ടമേററുപോരുക – ഇതായിരുന്നു അന്നത്തെ സെമിനാരി അല്ലെങ്കിൽ മൽപാൻ ഭവനത്തിലെ പഠനരീതി. കേരളത്തിലെ പേരെടുത്ത മൽപ്പാൻ ഭവനങ്ങളിൽ ഒന്നായിരുന്നു അബ്രഹാം മല്പാന്റെ കത്തിയതോട്ടിലെ സെമിനാരി. ഈ അബ്രാഹം മല്പാനു് മലങ്കര മല്പാനെന്നുള്ള സ്ഥാനവും സ്ഥാനചിഹ്നമായ മോതിരവും സിദ്ധിച്ചിട്ടുണ്ടായിരുന്നതു കൂടാതെ പോർട്ടുഗൽ രാജാവിന്റെ ശമ്പളവും ലഭിച്ചിരുന്നു. വരാപ്പുഴ വികാരി അപ്പസ്തോലിക്കയായ ളൂയീസ് മറിയം മെത്രാന്റെ സെക്രട്ടറിയായും ഇദ്ദേഹം ജോലി നോക്കിയിട്ടുണ്ടു്. എന്നാൽ 1790-ൽ ടിപ്പുവിന്റെ പടയോട്ടമുണ്ടാകുകയും പള്ളികളും സെമിനാരികളും ഇടിച്ചുനിരപ്പാക്കുകയും ബലപ്രയോഗത്താൽ ആളുകളെ മതംമാററുകയും ചെയ്തിരുന്നു. അബ്രഹാം മല്പാനും ശിഷ്യന്മാരും പ്രാണരക്ഷാർത്ഥം തെക്കോട്ടുപോരുകയും പ്രസിദ്ധമായ തെക്കൻ പള്ളിപ്പുറം പള്ളിയിൽ താമസമാക്കുകയും, സെമിനാരി അവിടെ തുടർന്നുകൊണ്ടുപോകുകയും ചെയ്തു. ഈ സെമിനാരിയിൽ പഠിച്ചു് 1807-ൽ പട്ടമേററ പ്രമുഖനായ ഒരു വൈദികനായിരുന്നു പള്ളിപ്പുറത്തെ ഇടവകക്കാരനായ പാലയ്ക്കൽ തോമ്മാ മല്പാനച്ചൻ. അദ്ദേഹം റയ്മണ്ടു് മെത്രാന്റെ സെക്രട്ടറിയായി വരാപ്പുഴ അരമനയിൽ താമസിച്ചു ജോലി നോക്കിവരവേ അബ്രഹാം മല്പനാച്ചൻ രോഗഗ്രസ്തനാവുകയും പാലയ്ക്കൽ തോമ്മാ മല്പാനച്ചൻ പള്ളിപ്പുറം പള്ളി സെമിനാരിയുടെ റെക്ടർസ്ഥാനം ഏറെറടുക്കുകയും ചെയ്തു. ഈ പാലയ്ക്കൽ മല്പാന്റെ സെമിനാരിയാണു് ഇൻഡ്യയുടെ മണ്ണിൽ പിറന്ന ആദ്യത്തെ വിശുദ്ധനായ ചാവറയച്ചനെ വളർത്തിയതും പരിശീലിപ്പിച്ചതും.

## വാഴ്ത്തപ്പെട്ട ചാവറയച്ചൻ പള്ളിപ്പുറത്തേക്ക്

പാലയ്ക്കൽ മല്പാനച്ചൻ തന്റെ ഇളയമ്മയെ കാണാൻ കൈനകിരിയിലെ കാളാശ്ശേരി ഭവനത്തിൽ പോകുകയും അവിടെവച്ച് അസാധാരണ മുഖശ്രീയുള്ള കൊച്ചു കര്യാക്കോസിനെ കണ്ടുമുട്ടുകയും മാതാപിതാക്കളുടെ എതിർപ്പുകളെ പറഞ്ഞുതീർത്ത് 10 വയസ്സുകാരനായ കൊച്ചുകര്യാക്കോസിനെ പള്ളിപ്പുറത്തു സെമിനാരിയിലേയ്ക്ക് കൊണ്ടുവരുകയും ചെയ്തു. 24-ാം വയസ്സിൽ പട്ടമേൽക്കുന്നതുവരെ നീണ്ട 14 കൊല്ലം ചാവറ കര്യാക്കോസച്ചനെ വളർത്തിയതും പരിശീലിപ്പിച്ചതും വിശുദ്ധിയിലേയ്ക്ക് നയിച്ചതും പള്ളിപ്പുറം സെമിനാരിയാണ്. 1976-ൽ പൊളിച്ചുകളഞ്ഞ പഴയ പള്ളിയുടെ വടക്കേ വരാന്തയുടെ മുകൾത്തട്ടായിരുന്നു സെമിനാരി. ഈ വരാന്തയുടെ കിഴക്കേ അററത്തെ മുറിയായിരുന്നു പാലയ്ക്കൽ മല്പാനച്ചന്റെ മുറി. പടിഞ്ഞാറേ അററത്തുള്ള മുറിയിൽ ശമ്മാശ്ശന്മാർ താമസിച്ചിരുന്നു. നടുക്കുള്ള നീണ്ട വരാന്തയുടെ നടുക്ക് ഒരു മേശയ്ക്ക് ഇരുവശവും രണ്ടു ബെഞ്ചുകളുമിട്ട് ശമ്മാശ്ശന്മാർ ഇരിക്കുകയും കിഴക്കുവശത്ത് ഒരു കസേരയിൽ മല്പാനച്ചനിരുന്നു ക്ലാസെടുക്കുകയും ആയിരുന്നു പതിവ്. ഈ വരാന്തയുടെ തെക്കേഭിത്തിയിൽ ഒരു ബോർഡും രണ്ടു ചമ്മട്ടികളും വരച്ചു വച്ച് അതിനു കീഴെ സെമിനാരിയുടെ സമയവിവരവും (Time Table) എഴുതിവച്ചിരുന്നതു് ഈ ലേഖകൻ പലപ്പോഴും കണ്ടിട്ടുണ്ട്. 12 വകുപ്പുള്ള സെമിനാരിക്രമം ഒരു പസ്സിയിൽ എഴുതി ഭിത്തിയിൽ തൂക്കിയിരുന്നു. സെമിനാരി ദിനചര്യയെക്കുറിച്ച് വാഴ്ത്തപ്പെട്ട ചാവറ അച്ചൻ തന്റെ നാളാഗമത്തിൽ എഴുതിയിരിക്കുന്നത് ശ്രദ്ധിക്കുക. "ഇങ്ങനെ ആവശ്യമുള്ള നേരം അതായതു് കഞ്ഞി, ചോറ് പ്രകൃതിയ്ക്കുള്ള ആവശ്യം, 5 മണിക്കു പുറത്തിറങ്ങി നടക്കുക എന്നുള്ള നേരമല്ലാതെ എപ്പോഴും അവിടെത്തന്നെ ഇരുന്നുപഠിക്കുകയും ഉച്ചക്കുതീൻ കഴിഞ്ഞാൽ കുറേനേരം ഉറങ്ങുവാൻ ഇദ്ദേഹം മുറിയിൽ പോകും. അപ്പോൾ എല്ലാവരും സുറിയാനി മലയാളം എഴുതണം. വീണ്ടും 6 മണിക്കു പള്ളിയിൽപോയി ലുത്തിനിയ, ധ്യാനം വായന, കൊന്തനമസ്കാരം ഇതിനും ഞങ്ങളുടെ കൂടെ വന്നുകൂടി, വീണ്ടും അവിടെ വന്നിരിക്കുകയും അത്താഴം കഴിഞ്ഞു് വീണ്ടും കുറെനേരം ജ്ഞാനവായന, കൂദാശ മുതലായ ജ്ഞാനവർത്തമാനം കഴിഞ്ഞു് മണികൊട്ടി ഉറങ്ങുവാൻപോകാൻ അനുവദിക്കുകയും ചെയ്യും. മണിയില്ലായ്കയാൽ ചിലപ്പോൾ 11 മണിവരെ രാവായി പോകുകയും ചെയ്യും."

ഇപ്രകാരം വളരെ കർക്കശമായ ദിനചര്യയും പ്രാർത്ഥനാജീവിതവും പഠനവുമായിരുന്നു അന്നത്തെ വൈദികവിദ്യാർത്ഥി

കാംക്ഷ നിർവ്വഹിക്കാനുണ്ടായിരുന്നത്. 10 വയസ്സു മുതൽ 24 വയസ്സുവരെ 14 കൊല്ലം, വാഴ്ത്തപ്പെട്ട ചാവറയച്ചനെ വളർത്തിയതു് പള്ളിപ്പുറം സെമിനാരിയാണ്. ഒരു വിശുദ്ധനെ വിശുദ്ധനാക്കുന്ന കൗമാര യൗവ്വന കാലങ്ങൾക്കു രൂപംകൊടുത്ത പള്ളിപ്പുറം എത്രയോ ഭാഗ്യപ്പെട്ടതു് ! പള്ളിപ്പുറത്തെ മണൽത്തരികളിൽ ആ പൂജ്യപാദങ്ങൾ എത്രയോ തവണ പുണ്യമുദ്ര പതിച്ചിരിക്കയില്ല ! 14 കൊല്ലം ശമ്മാശനായി ജീവിക്കുകയും പട്ടമേററുകഴിഞ്ഞു് മല്പാനച്ചനെ സഹായിക്കാനായി എട്ടു കൊല്ലത്തോളം പലപ്പോഴായി താമസിക്കുകയും 2 കൊല്ലം പള്ളിപ്പുറം പള്ളിയുടെ വികാരിയായിരിക്കുകയും ചെയ്ത പള്ളിപ്പുറമാണ് എന്റെ നോട്ടത്തിൽ വാഴ്ത്തപ്പെട്ട ചാവറയച്ചൻ ഏററവും കൂടുതൽ താമസിച്ചിട്ടുള്ള സ്ഥലം. 30 കൊല്ലത്തോളം മാന്നാനത്തു താമസിച്ചിട്ടുണ്ടെങ്കിലും അതൊരിക്കലും പള്ളിപ്പുറത്തെപ്പോലെ തുടർച്ചയായിട്ട് ആയിരിക്കയില്ല.

## വാഴ്ത്തപ്പെട്ട ചാവറയച്ചൻ പള്ളിപ്പുറം വികാരി

ഒരിടവകപ്പള്ളിക്ക് എത്രയോ അഭിമാനിക്കത്തക്കതാണ് തങ്ങളുടെ മുൻവികാരി വിശുദ്ധ പദവിയിലേയ്ക്കു് ഉയർത്തപ്പെട്ട എന്നകാര്യം. ഇക്കാര്യത്തെക്കുറിച്ച് വേണ്ട അറിവില്ലാത്തതു കൊണ്ടോ എന്തോ ചാവറയച്ചനെ അൾത്താരയുടെ വണക്കത്തിനായി പരിശുദ്ധ പിതാവ് പ്രതിഷ്ഠിച്ചപ്പോൾ, ഏററവും കൂടുതൽ ആഹ്ളാദിക്കേണ്ട, ആഘോഷിക്കേണ്ട, പ്രാർത്ഥിക്കേണ്ട പള്ളിപ്പുറം ഇന്നുവരെ മൗനം പൂണ്ടിരുന്നു. 1832 മുതൽ 1834 വരെ പള്ളിപ്പുറത്തെ കന്യകാമാതാവിന്റെ പള്ളിയുടെ വികാരിയായിരുന്നു ചാവറയച്ചൻ. തന്റെ പ്രിയപ്പെട്ട മാന്നാനത്തെ 'ദർശന വീടുപണി' ഇട്ടെറിഞ്ഞു് — മെത്രാനച്ചന്റെ കല്പനയ്ക്കു കീഴ്‌വഴങ്ങി തന്റെ ഇഷ്ടപ്പെട്ട സെമിനാരി പള്ളിയുടെ ചുമതല വഹിക്കാൻ ചാവറയച്ചൻ പള്ളിപ്പുറത്തു് വന്നുചേരുകയായിരുന്നു. അക്കാലത്തെ പള്ളിപ്പുറത്തെ ദുഃഖത്തിലും സുഖത്തിലും പങ്കുകൊണ്ടു്, ആടുകൾക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച നല്ലയിടയനായി നാലു കൊല്ലത്തോളം അദ്ദേഹം പള്ളിപ്പുറം ഇടവകയെ സേവിച്ചു. മൂന്നു നൊയമ്പിനു നേർച്ച വിളമ്പിയപ്പോൾ ചിതമല്ലാതെ പ്രവർത്തിച്ച കരിശുങ്കൽ ഇട്ടിയെ വടികൊണ്ടു് അടിച്ചു വക്കിയെന്ന കൊച്ചച്ചൻ വരുത്തിയ മനഃപ്രയാസവും 'മേലാൽ എന്റെ എഴുത്താലുള്ള അനുവാദം കൂടാതെ പള്ളിപ്പുറത്തുനിന്നും എട്ടു ദിവസം തികച്ച് യാതൊരു സ്ഥലത്തും പൊയ്ക്കൂടാ' — എന്നുള്ള മെത്രാനച്ചന്റെ കല്പന വാങ്ങേണ്ടിവന്ന മാനക്കേടും എല്ലാമെല്ലാം നല്ലൊരിടയനെ പള്ളിപ്പുറത്തിനു നേടാനുള്ള സ്വർഗ്ഗീയവഴികളായിരുന്നു.

'ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവൻ സമർപ്പിക്കും' എന്ന ദിവ്യരക്ഷകന്റെ വാക്യാനുസരണം ജീവിച്ച ഒരു പുണ്യപിതാവായിരുന്ന വികാരിയായ ചാവറയച്ചൻ. ചാവറയച്ചൻ വികാരിയായിരുന്ന കാലത്തു് പള്ളിപ്പുറം ഇടവകയിൽ ചില വീടുകളിൽ മസൂരിരോഗം പടർന്നുപിടിച്ചു. രോഗികളെ സന്ദർശിച്ചു് കുമ്പസാരിപ്പിക്കുകയും കുർബാന കൊടുക്കുകയും ആശ്വസിപ്പിക്കുകയും ചെയ്ക പുണ്യപിതാവിന്റെ ഒരു പതിവായിരുന്നു. ഒരു ദിവസം വൈകിട്ടു് കിടക്കുന്നതിനു മുമ്പു് ആരോ ഒരാൾ വന്നു് തന്റെ അപ്പനു് രോഗം കൂടുതലാണു്, വന്നു് 'രോഗീലേപനം' നല്കണമെന്നപേക്ഷിച്ചു. കഥാനായകൻ ഉടനെതന്നെ ഒപ്രുശുമയുള്ള തൈലവും തിരുവസ്ത്രങ്ങളുമെടുത്തു പുറപ്പെട്ടു. പക്ഷേ — പള്ളിച്ചന്ത റോഡിൽ ചെന്നപ്പോൾ നാട്ടുകാരായ കുറെ ചെറുപ്പക്കാർ അച്ചനെ തടഞ്ഞുനിർത്തി. പോകുന്ന വീട്ടിൽ എല്ലാവർക്കുംതന്നെ മസൂരിദീനം. രോഗീലേപനം സ്വീകരിക്കുന്നയാൾക്കും അപകടകാരിയായ മസൂരിരോഗമാണു്. സ്നേഹമുള്ള ഇടവകക്കാർ പറഞ്ഞു 'അച്ചനെ ഞങ്ങൾ വിടുകയില്ല'. മസൂരിക്കു് ഒപ്രുശുമ കൊടുത്തു് സ്വയം രോഗിയായിത്തീരാൻ അച്ചനെ ഞങ്ങൾ അനുവദിക്കയില്ല'. ശാന്തനായി കഥാനായകൻ അവരോടു ന്യായവാദം ചെയ്തു. 'ഞാൻ നിങ്ങളുടെ വികാരിയാണു്. എന്റെ അലസതകൊണ്ടു് ഒരാത്മാവു നശിക്കാനിടയായാൽ ദൈവതിരുമുമ്പാകെ കണക്കു കൊടുക്കേണ്ടതു് ഞാനാണു്. എന്റെ കർത്തവ്യം നിർവഹിക്കാൻ എന്നെ അനുവദിക്കുക, കർത്താവു്-എന്റെ കൂടെയുണ്ടു്-ഞാൻ ഒന്നും ഭയപ്പെടുന്നില്ല. എനിക്കൊന്നും വരികയില്ല.' ഇങ്ങനെ പറഞ്ഞു് അവരെ സമാധാനിപ്പിച്ചു് രോഗീലേപനം കൊടുത്തു് വീട്ടുകാരെ ആശ്വസിപ്പിച്ചു് അദ്ദേഹം മടങ്ങിവന്നു. ആടുകൾക്കുവേണ്ടി ജീവൻ കൊടുത്ത നല്ലിടയൻ!

മാന്നാനത്തു താമസിക്കുന്ന കാലത്തു മിക്കപ്പോഴും ആഗസ്റ്റ് 15-നുള്ള ഇവിടത്തെ മാതാവിന്റെ വലിയ പെരുന്നാൾ പ്രസംഗം ചാവറയച്ചൻ തന്നെയാണു നടത്തിയിരുന്നതു്. ചില കൊല്ലങ്ങളിൽ വള്ളത്തിൽ ശെമ്മാശന്മാരുമൊത്താണ് തിരുനാളിനു സഹായിക്കാൻ വന്നുകൊണ്ടിരുന്നതു്. തിരിച്ചുപോകുമ്പോൾ മാന്നാനത്തു കെടാവിളക്കിനു് വെളിച്ചെണ്ണയും വാങ്ങിക്കൊണ്ടുപോകുമായിരുന്നെന്നു തന്റെ നാളാഗമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. ഇങ്ങനെ തന്റെ പിതൃഭവനംപോലെയായിരുന്നു പള്ളിപ്പുറത്തു പള്ളിയോടുള്ള ചാവറയച്ചന്റെ മനോഭാവം.

തന്റെ പ്രിയപ്പെട്ട ആത്മീയഗുരുവും മല്പാനുമായ 'പള്ളിപ്പുറത്തച്ചൻ' (തോമ്മാമല്പാനച്ചൻ) രോഗഗ്രസ്തനായിത്തീർന്നപ്പോഠം സെമിനാരിയുടെ ചുമതല മുഴുവൻ ചാവറയച്ചൻ ഏറ്റെടുത്തു. മാന്നാനത്തു നിന്നും മിക്ക ദിവസങ്ങളിലും പള്ളിപ്പുറത്തു വന്നു താമസിച്ചു ശെമ്മാശന്മാരുടെ കര്യം അന്വേഷിച്ചിരുന്നു. ഇതു് ഏതാണ്ടു് 1841 ജനുവരി 16-നു പാലയ്ക്കൽ മല്പാനച്ചൻ മരിക്കുന്നതുവരെ തുടർന്നു. ഏതാണ്ടു് 25 കൊല്ലക്കാലത്തോളം പള്ളിപ്പുറം പള്ളിയോടും ദേശത്തോടും കഥാനായകനു് അഭേദ്യമായ ബന്ധമുണ്ടു്. റോക്കോസ് ശീശ്മയുടെ കാലത്തു് അതിനെ നേരിടുന്നതിനെക്കുറിച്ചുള്ള യുദ്ധതന്ത്രങ്ങഠം കരുപ്പിടിപ്പിക്കുന്നതും കേരള സുറിയാനി സഭയുടെ പ്രധാനപ്പെട്ട പല കാര്യങ്ങളും ആലോചിക്കുന്നതും പള്ളിപ്പുറം പള്ളിമേടയിൽ വച്ചായിരുന്നു.

ഇങ്ങനെ നോക്കുമ്പോഠം വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ചൈതന്യം തിങ്ങിനിറഞ്ഞു നിൽക്കുകയാണു പള്ളിപ്പുറം മുഴുവൻ. അദ്ദേഹത്തിന്റെ പാദം സ്പർശിക്കാത്ത ഒരു മണൽത്തരിയും പള്ളിപ്പുറം പള്ളിപ്പറമ്പിലുണ്ടാവില്ല. അദ്ദേഹം മാമ്മോദീസ നല്കിയ മാമ്മോദീസതൊട്ടിയും കർബ്ബാനയ്ക്കുപയോഗിച്ച തിരുവസ്ത്രങ്ങളും തിരുപ്പാത്രങ്ങളും എത്ര പൂജ്യമായവ! അദ്ദേഹത്തിന്റെ പ്രിയപ്പെട്ട നാടാണു പള്ളിപ്പുറംകര. പള്ളിപ്പുറം ഇടവക മുഴുവൻ അദ്ദേഹത്തിന്റെ ചൈതന്യം നിറഞ്ഞു നിൽക്കുന്ന ഈ അന്തരീക്ഷത്തെ നമ്മുടെ ആത്മാവിലേയ്ക്കു് ആവഹിച്ചുകൊണ്ടു നമുക്കു പ്രാർത്ഥിക്കാം. വാഴ്ത്തപ്പെട്ട ചാവറപ്പിതാവേ, ഞങ്ങളുടെ കഷ്ടതകളിലും ഞെരുക്കങ്ങളിലും ബുദ്ധിമുട്ടുകളിലും മനഃപ്രയാസങ്ങളിലും കുടുംബ പ്രശ്നങ്ങളിലും ഞങ്ങഠംക്കു കൂട്ടായിരിക്കണമേ എന്നു്, ഞങ്ങഠംക്കുവേണ്ടി പ്രാർത്ഥിക്കേണമേ എന്നു്.

RMEL
ALWAYE
THAIKKATTUKARA

# III

# ചാവറയച്ചനും സി. എം. ഐ. സഭയും

ഒരുപക്ഷെ ഒററനോട്ടത്തിൽ ഈ ലേഖനത്തിൻെറ തലക്കെട്ടിൽ വൈരുദ്ധ്യം തോന്നാം. കാരണം ചാവറയച്ചനില്ലാത്ത സി.എം.ഐ (കേരള കർമ്മലീത്ത സഭ) സഭയെക്കുറിച്ചു ചിന്തിക്കാനെ സാധിക്കയില്ല. ചാവറയുടെ ചരിത്രമാണു സി. എം. ഐ. സഭയുടെ ചരിത്രം. സി.എം.ഐ. സഭയുടെ ചരിത്രമാണു ചാവറയുടെ ചരിത്രം. ഇവിടെ ചിലർക്കെങ്കിലും ഉണ്ടാകാവുന്ന ഒരു തെററിദ്ധാരണ മാററാനാണു മുഖ്യമായും ഈ ലേഖനം കൊണ്ടു് ഉദ്ദേശിക്കുന്നതു്.

ഈ കഴിഞ്ഞ ദിവസം ഒരു പണ്ഡിതനായ വൈദികൻ പറയുകയുണ്ടായി, കർമ്മലീത്ത (സി.എം.ഐ.) സഭയുടെ സ്ഥാപനസമയത്തു് ചാവറയച്ചൻ പട്ടമേററിട്ടുപോലുമില്ലായിരുന്നു. അദ്ദേഹം ഒരു ശെമ്മാശൻ മാത്രമായിരുന്നു. അതുകൊണ്ടു് സ്ഥാപകരുടെ കൂട്ടത്തിൽ പ്രമുഖ സ്ഥാനം എങ്ങിനെയാണു കൊടുക്കുക എന്നു്.

ചരിത്രം എടുത്തു് തീയതി കണക്കാക്കി നോക്കിയാൽ മേൽപറഞ്ഞതു ശരിയായിരിക്കാം. എന്നാൽ ഒരു സഭയെന്നു പറഞ്ഞാൽ കേവലം അനുവാദം വാങ്ങിക്കലോ, ആദ്യകാല സംഭാവനകൾ വാങ്ങലോ ഒന്നുമല്ലല്ലോ. അതിനു് ചൈതന്യം കൊടുത്തു് അതിൻെറ സിദ്ധികൾക്കും പ്രവർത്തനങ്ങൾക്കും നിയത രൂപം കൊടുത്തു് അതിനെ ബാലാരിഷ്ടതകളിൽ നിന്നെങ്കിലും വളർത്തിയെടുക്കുന്നതല്ലേ. ഇങ്ങനെ വീക്ഷിക്കുമ്പോൾ സ്ഥാപകരിൽ മററു മൂന്നുപേരുടേയും ഭാഗഭാഗിത്വം അല്പ കാലത്തേക്കു മാത്രമായിരുന്നെന്നും അവരുടെ ജീവിത കാലത്തു് അവരുടേതായ രീതിയിൽ ഈ സഭയ്ക്കു സംഭാവന നല്കിയിട്ടുണ്ടെന്നുമാണല്ലോ.

പൊരുക്കരെയച്ചൻെറയും Br. കണിയാന്തറ യാക്കോബിൻെറയും 'വനവാസ തൃഷ്ണയും' പാലയ്ക്കൽ മല്പാനച്ചൻെറ 'ദൊമിനിക്കോസ്' സഭയുടെ അനുകരണവും ഒന്നും മാന്നാനത്തു സ്ഥാപിതമായ ദർശന വീടിനു് ഊട്ടും പാവും നൽകുന്നില്ല.'

'ദർശനവീടിന്റെ' ആശയം മൗറീലിയൂസ് മെത്രാന്റേതാണെങ്കിൽ കർമ്മലീത്താ അരൂപിയിലേക്കുള്ള പ്രയാണം അന്നത്തെ കർമ്മലീത്താ മൂപ്പച്ചന്മാരുടെതായിരുന്നു. മനുഷ്യരിലൂടെ പ്രവർത്തിക്കുന്ന ദൈവം സഭാപിതാക്കന്മാരെ പല വ്യക്തികളും പല സാഹചര്യങ്ങളും വഴി പ്രചോദിപ്പിക്കുകയാണ്. ഇപ്രകാരം സഭയുടെ ചൈതന്യവും സിദ്ധിയും ഉരുത്തിരിയുന്നതു് പലരിൽനിന്നും അതിന്റേതായ പല സാഹചര്യങ്ങളിൽനിന്നുമാണെന്നു തെളിയുന്നു. ഇത്തരത്തിൽ വീക്ഷിക്കുമ്പോൾ സി.എം.ഐ. സഭയുടെ സ്ഥാപകർ നാലു പേരുണ്ടെങ്കിലും അതിനെ പോററി വളർത്തിയതു് ചാവറയച്ചനാണെന്നും ചാവറയുടെ ചൈതന്യവും ദർശനവും വീക്ഷണവും പ്രവത്തനശൈലികളുമാണ് കാലത്തിന്റെ മാററിമറിക്കലിൽ പെട്ടു നട്ടം തിരിയാതെ ഇന്നും നില നിൽക്കുന്നതെന്നും കാണാം.

## സഭാ സ്ഥാപനം സാധിതമാകുവാൻ പ്രാർത്ഥിക്കുന്നു

പല ദിവസങ്ങളായി തങ്ങളുടെ മൽപാനച്ചൻ തിരക്കിട്ടു് ആലോചിക്കുകയും പോരൂക്കരെയച്ചനുമായി സംസാരിക്കയും ചെയ്യുന്ന പ്രധാനപ്പെട്ട കാര്യം എന്തായിരിക്കും എന്നു കണ്ടുപിടിക്കുവാൻ ക്രാന്തദർശിയായ ചാവറ ശെമ്മാശന് പ്രത്യേക വിഷമമൊന്നുമുണ്ടായിരുന്നില്ല. ഒരു സന്ന്യാസ സഭയുടെ സ്ഥാപനത്തെക്കുറിച്ചാണ് അവർ രാത്രിയും പകലും ചിന്തിച്ചുകൊണ്ടിരിക്കുന്നതു് എന്നു മനസ്സിലായി. യൂറോപ്പിൽ പ്രസിദ്ധമായ സെമിനാരികൾ നടത്തുകയും ലോകം മുഴുവൻ മിഷൻ പ്രവർത്തനം നടത്തുകയും ചെയ്യുന്നതു് സന്ന്യാസ സഭകളിലെ അംഗങ്ങളാണെന്നു ചാവറ ശെമ്മാശന് അറിയാമായിരുന്നു. കേരളത്തിന്റെയും ഭാരതത്തിന്റെയും ആദ്ധ്യാത്മികമായ മുന്നേററത്തിന് ഇതു വളരെ സഹായമായിരിക്കും. ഈ ആശയം ആ യുവമനസ്സിൽ ഉദിക്കാൻ തുടങ്ങിയിട്ട് നാളേറെയായി. മാതാവിനോട്ട് ശെമ്മാശൻ ഈ നിയോഗത്തിനായി പ്രാത്ഥിക്കാൻ തുടങ്ങി. അങ്ങനെ ഇരിക്കെയാണ് പുരോഹിതപട്ടത്തിന്റെയും നവ പൂജയുടെയും അവസരം സമാഗതമായതു്. 1824 നവംബർ മാസത്തിലായിരുന്നു അതു്.

അക്കാലങ്ങളിൽ മാത്രമല്ല ഇന്നും ഒരു ശക്തിയായ വിശ്വാസമുണ്ട്, ഒരു നവ വൈദികൻ തന്റെ ആദ്യത്തെ ബലിയിൽ പ്രാർത്ഥിക്കുന്നതെല്ലാം സാധിച്ചു കിട്ടുമെന്നു്. പിതാക്കന്മാരായ തോമ്മാച്ചന്മാർ ദർശന വീടിനു വേണ്ടി പണം സംഭരിക്കാൻ ഓടി നടക്കുന്ന കാലമായിരുന്നു അതു്. ചാവറ

ശമ്മാശൻ ആദ്യ കുർബ്ബാനയിൽ പ്രാർത്ഥിക്കുവാനുള്ള ഒരു പ്രധാന കാര്യമായി ഇതു് മനസ്സിൽ കുറിച്ചു വച്ചു. ചാവറയച്ചൻ പറയുന്നതു നോക്കുക "എന്നാൽ ഇതിനുള്ള പ്രധാനികളും വേലക്കാരും മനസുകാരും എല്ലാം ഈ അച്ചന്മാരുടെയും തന്നെ എന്നാൽ ഈ മൽപാനച്ചന്റെ മനസ്സിനു് മുഴുവൻ ചേർന്നു് നടക്കണമെന്നുള്ള അഭിപ്രായത്താൽ ചെറുപ്പം മുതൽ തുടങ്ങി നിശ്ചയിച്ചവനായ ചാവറ കുറിയാക്കോസെന്ന ഈ എഴുത്തുകാരനും ഈ അച്ചന്മാരുടെ ബുദ്ധിചൊല്ലാൽ അർത്തുങ്കൽ വച്ചു് കുർബ്ബാനപ്പട്ടം ഏറ്റപ്പോൾ മെത്രാനച്ചനോടുകൂടിയുള്ള ഒന്നാമത്തെ കുർബ്ബാനയിൽ ഈ സ്ഥലവും വേലയും നടന്നു. നിറവേറുവാനുള്ള ദൈവാനുകൂല്യം ഉണ്ടാകണം എന്നുള്ള നിരുപണയാൽ തന്നെ ആ ഒന്നാമത്തെ പൂജ അണച്ചു.

(നാളാഗമം 20 1 A P 65)

## മാന്നാനംകുന്നു് തേടി ചാവറയച്ചൻ

പട്ടം ഏറ്റു പുത്തൻകുർബാന ചൊല്ലി വീട്ടുകാരെയും നാട്ടുകാരെയും കണ്ടു പുളിങ്കുന്നിലും മറ്റും ചില പ്രസംഗങ്ങളും നിർവഹിച്ചു് ഒരു മാസത്തിനു ശേഷം പള്ളിപ്പുറത്തേക്കു മടങ്ങിവന്ന ചാവറയച്ചൻ കൂടുതൽ താമസിച്ചുപോയി എന്ന കാരണത്താൽ പാലയ്ക്കൽ മല്പാനച്ചൻ അല്പം നീരസം കാണിക്കുന്നുണ്ടു്. തന്റെ സഹായി ആയി പള്ളിപ്പുറത്തു താമസിച്ചു ശന്മാശന്മാരെ പഠിപ്പിക്കുന്ന ജോലി ഏൽപിക്കുവാൻ മല്പാനച്ചൻ നാളുകളായി ഒരുക്കി വരികയായിരുന്നു. അദ്ധ്യാപനജോലി ഏറ്റെടുത്ത ഉടനെ തന്നെ ദർശന വീടിന്റെ സ്ഥലം കാണുവാൻ പലയിടത്തും പോകേണ്ടതായി വന്നു. വളരെ കുറച്ചു് അവസരങ്ങളിൽ (ഒന്നോ രണ്ടോ) മാത്രമേ മല്പാനച്ചനു് പോകുവാൻ സാധിച്ചുള്ളൂ. ബാക്കി യാത്രകളെല്ലാം നിർവ്വഹിക്കുന്നതു ചാവറയച്ചനാണു്. വെട്ടിക്കാട്ടുമുക്കും, മുളക്കുളത്തുള്ള കടനാട്ടിപ്പാറയും — ചെമ്മഞ്ചിമലയും കീഴൂരടുത്തു് പോറോത്തു പോത്തൻ മാപ്പിള കാണിച്ചു കൊടുത്ത കുന്നുകളും എല്ലാം നടന്നു കാണുന്നു. ദർശന വീടു് വള്ളം അടുക്കുന്ന സ്ഥലവും വീതിവിസ്താരമുള്ള കുന്നും നല്ല കാറ്റും വെളിച്ചവും ഓരു കേറാത്ത ശുദ്ധജലം കിട്ടുന്ന സ്ഥലവുമായിരിക്കണമെന്നാണു ചാവറയച്ചന്റെ മനസ്സിൽ ഉണ്ടായിരുന്നതു്.

അതിരമ്പുഴക്കടുത്തുള്ള പള്ളിക്കുന്നും വേദഗിരിക്കുന്നും ഈ ന്യായത്താൽ ഉപേക്ഷിക്കപ്പെടുന്നു. കുമാരനെല്ലൂരിലെ പുല്ലരിക്കുന്നു കണ്ടു ഒരുമാതിരി തൃപ്തിയായി അവിടെ നിന്നും അതിരമ്പുഴ പോകാൻ മാന്നാനം വഴി വന്നപ്പോൾ 'ബേസ്റൗമ്മ എന്നു പിതാക്കന്മാർ പിന്നീടു പേരിട്ട' ഓലൻ കണ്ണാലെ

മുകൾ കുന്നും കുരിയററംകുന്നും കണ്ടു. കാടു ഇല്ലാതെ കിടക്കുന്ന
കരിയററംകുന്ന് കണിയാന്തറ യാക്കോക്ക് ഇഷ്ടമായി.
എന്നാൽ ചാവറയച്ചൻ ബേസ്റൗമ്മായാണു നല്ലതെന്നും
വള്ളുറു കൊണ്ടാണു കുററിക്കാട്ടുകൾ പിടിച്ചുകിടക്കുന്നതെന്നും
യാക്കോയെ പറഞ്ഞു ബോദ്ധ്യപ്പെടുത്തി ബേസ്റൗമ്മ പതി
പ്പിച്ചെടുക്കുവാനും പള്ളി വയ്ക്കുവാനുള്ള കച്ചീട്ടു വാങ്ങുവാനു
മുള്ള ബദ്ധപ്പാടായി അവസാനം എല്ലാം പ്രതിബന്ധങ്ങളും
നീങ്ങി – നാട്ടുകാരുടെ സഹായത്തോടെ ‘ഓലൻകുന്നാലെ
മുകൾ വെട്ടിത്തെളിക്കുകയും 1831 ഏപ്രിൽ മാസത്തിൽ
കരക്കാരുടെ സാന്നിദ്ധ്യത്തിൽ കുന്നിൻമുകളിൽ കുരിശു സ്ഥാ
പിക്കുകയും ചെയ്തു.

## മാതൃഭവനത്തിന്റെ ശിലാസ്ഥാപനം

മെയ്മാസം 11–ാം തീയതിതന്നെ കൊവേന്തയ്ക്കു
കല്ലിടണമെന്നു നിശ്ചയമായി, അതിനുവേണ്ടിയുള്ള നെട്ടോട്ട
മായിരുന്നു പിന്നീട് ചാവറയച്ചന്റെ ജോലി. കൂനിന്മേൽ
കുരു എന്നപോലെ പള്ളിപ്പുറം പ്രദേശത്തു വസൂരിദീനം പടർന്നു
പിടിക്കുകയും ചെയ്തു. എങ്കിലും ശെമ്മാശന്മാരെ അനാഥരായി
വിടാതിരിക്കുവാനും മല്പാനച്ചനെ സഹായിക്കുവാനുമായി
ചാവറയച്ചനും പള്ളിപ്പുറത്തേക്ക് ഓടിയെത്തി.

നിശ്ചയിച്ച ദിവസം തന്നെ സുഖമില്ലാതെ വന്ന സ്റ്റബി
ലീനി മെത്രാനച്ചന്റെ സാന്നിദ്ധ്യത്തിൽ പോരുക്കരയച്ചൻ
യൗസേപ്പിതാവിന്റെ നാമത്തിൽ മാതൃഭവനത്തിനു മാന്നാനം
കുന്നിൽ ശിലാസ്ഥാപനം നടത്തി. വലിയൊരു കാര്യം സാധി
ച്ചതിൽ ചാവറ കുര്യാക്കോസച്ചനു സന്തോഷമായി. കുന്നും
പുറത്തെ കാടുവെട്ടിത്തെളിക്കുവാനും ഒരു കുരിശുപുരയെങ്കിലും
അതിവേഗം അവിടെ പണിയുന്നതിനുമായി ചാവറയച്ചന്റെ
പിന്നത്തെ പരിശ്രമങ്ങൾ. നാട്ടുകാരായ സർവ്വമതസ്ഥരേയും
തന്റെ പുതിയ പ്രസ്ഥാനത്തിനു സഹായികളാക്കുവാൻ ചാവറ
യച്ചനു ബുദ്ധിമുട്ടില്ലായിരുന്നു. ഓജനാരുമേത്തരും ചിറേറഴ
ഈച്ചരൻ നായരും പെരുമാലിത്തരകനും തയ്യിൽക്കാരും
പുലയന്മാരുടെ സമൂഹവും എല്ലാം കാടുതെളിക്കുവാൻ ചാവറ
യച്ചനു കൂട്ടായികൂടി. അതിരമ്പുഴ പള്ളിയിൽ താമസിച്ച്
രാവിലെ കർബാന ചൊല്ലി അവിടെ നിന്നും നടന്നു വന്നാണ്
ഈ പണികൾ ചെയ്യിച്ചത്. പക്ഷെ പുതിയതായി വന്ന
ഫ്രാൻസീസ ശബരിയാർ മെത്രാൻ നമ്മുടെ അച്ചന്മാരെ തെററി
ദ്ധരിക്കുകയും അച്ചന്മാരിൽ ചാവറയച്ചനെ പള്ളിപ്പുറം പള്ളി

വികാരിയാക്കി അയക്കുകയും ചെയ്യുന്നു. രണ്ടു കൊല്ലത്തോളം പണി മുടങ്ങി എങ്കിലും തെററിദ്ധാരണ മാറി 1833–ൽ വീണ്ടും പണി ആരംഭിക്കുന്നു.

## സ്ഥാപനങ്ങൾ ഒന്നിനു പുറകേ

വ്യവസ്ഥാപിതമായ ഒരു സെമിനാരി ആശ്രമത്തോടനുബന്ധിച്ച് സ്ഥാപിക്കണമെന്നതു് പാലയ്ക്കലച്ചൻേറയും ചാവറ കുര്യാക്കോസ് അച്ചൻേറയും വലിയ ആഗ്രഹമായിരുന്നു. മാന്നാനത്തെ അച്ചന്മാരുടെ ഭക്തജീവിതത്തിൽ ആകൃഷ്ടരായി പല പള്ളികളിൽനിന്നും യുവാക്കന്മാർ സഭയിൽ ചേരുവാൻ വന്നുതുടങ്ങി. 1838 മുതൽ ചെറിയ തോതിൽ സെമിനാരിയും ആരംഭിച്ചു. പലരുടെ സഹായത്തോടെ പള്ളിയും സെമിനാരിയും ആശ്രമക്കെട്ടിടവും ചാവറയച്ചനും ആഹാ യാക്കോബുംകൂടി പണിതീർത്തു. 1841– ജനുവരി 16–നു് മല്പാനച്ചൻെറ മരണം ചാവറയച്ചനു വളരെ മനോവ്യഥയുവാക്കി. പോരൂക്കരയച്ചനു കലശലായ പ്രമേഹരോഗം പിടിപെട്ടിരുന്നു. അങ്ങനെ നേതാക്കളുടെ അഭാവം ചാവറയച്ചനെ കാര്യങ്ങൾ ഒററയ്ക്കു് നടത്തുവാൻ നിർബന്ധിതനാക്കി.

1844–ൽ തിരുവിതാംകൂറിലെ കത്തോലിക്ക സമുദായം വക ആദ്യത്തെ പ്രസ്സ് മാന്നാനത്തു സ്ഥാപിച്ചു. ജ്ഞാനപീയൂഷം മുതലായ പുസ്തകങ്ങൾ അവിടെനിന്നും അടിച്ചുതുടങ്ങി.

1846–ൽ മാന്നാനത്തു സംസ്കൃത സ്കൂൾ സ്ഥാപിച്ചു. ഇംഗ്ലീഷ് വിദ്യാഭ്യാസം അന്നു കത്തോലിക്കർക്കു മുടക്കപ്പെട്ടതായിരുന്നു. ഇൻഡ്യയിലുള്ള സാഹിത്യഗ്രന്ഥങ്ങൾ മിക്കവയും സംസ്കൃതത്തിലാണു രചിക്കപ്പെട്ടിരുന്നതു്.

ഏതാണ്ടിക്കാലത്തു തന്നെ ഹരിജനങ്ങൾക്കുവേണ്ടിയും സ്കൂളു സ്ഥാപിക്കുവാൻ ചാവറയച്ചൻ ധൈര്യം കാണിച്ചു.

1855–ൽ സഭ കാനോനികമായി അംഗീകരിക്കുകയും ചാവറയച്ചൻ അതിൻെറ ആദ്യ പ്രിയോരായി നിയമിക്കപ്പെടുകയും ചെയ്തു. കാനോനികമായി അംഗീകാരം കിട്ടിയ സഭയുടെ വളച്ച് വളരെ പെട്ടന്നായിരുന്നു. മാന്നാനത്തെ അച്ചന്മാരുടെ പുണ്യജീവിതവും അവർ ഇടവകകളിൽ ആരാധന, ധ്യാനം മുതലായവവഴി ചെയ്യുന്ന ആദ്ധ്യാത്മികമായ സഹായവും കണ്ടു് പല ഇടവകകളിൽനിന്നും യുവാക്കരും മാന്നാനത്തെ സമൂഹത്തിൽ അംഗങ്ങളാകുവാൻ ആഗ്രഹിച്ചുകൊണ്ടു് വന്നുതുടങ്ങി. പ്രശസ്തരായ പല ഇടവക വൈദികരും നൊവിഷ്യേററ് ആകുന്ന സന്ന്യാസ പരിശീലനം നടത്തി സഭയിൽ അംഗങ്ങളായി.

## ശാഖകൾ വിരിയുന്നു

മാന്നാനത്തെ സന്ന്യാസ സമൂഹം സുറിയാനിക്കാർക്കിടയിൽ ചെയ്യുന്ന ആദ്ധ്യാത്മിക സഹായം കണ്ട് വരാപ്പുഴ മെത്രാനായ ബർണ്ണാദീനോസ് മെത്രാൻ കൂനമ്മാവിൽ ദ്വമേന പുണ്യവതിയുടെ നാമത്തിലുള്ള മിഷൻ ഭവനം വലുതാക്കുകയും അവിടെ ലത്തീൻകാരായ മൂന്നു വൈദികരെ സന്ന്യാസ ജീവിതത്തിനായി സ്വീകരിക്കുകയും ചെയ്തു. ഏതാനും മാസത്തിനുള്ളിൽ ഈ വൈദികർ സന്ന്യാസജീവിതം ഉപേക്ഷിച്ചു പോകുകയും അങ്ങനെ കൂനമ്മാവു കൊവേന്ത അനാഥമായിത്തീരുകയും ചെയ്തു. ഈയവസരത്തിലാണ് സുറിയാനിക്കാർക്കെങ്കിലും ഉപകാരമാകട്ടെയെന്നു കരുതി ഈ ഭവനം ചാവറയച്ചനെ ഏല്പിക്കുകയും മാന്നാനത്തിന്റെ ഒരു ശാഖാഭവനമായി സ്വീകരിച്ചുകൊണ്ട് അവിടേക്കു പാപ്പാനായി മാന്നാനത്തു നിന്നും സന്ന്യാസികളെ അയക്കണമെന്ന് ബർണദീനോസ് മെത്രാപ്പോലീത്താ ആവശ്യപ്പെടുകയും ചെയ്തു. ഇതനുസരിച്ച് 1857 ആഗസ്റ്റുമാസത്തിൽ രണ്ട് അച്ചന്മാരും രണ്ടു ശെമ്മാശന്മാരും വന്നു താമസിക്കാൻ തുടങ്ങി. മൂഞ്ഞനാട്ടു മത്തായി അച്ചനെയാണ് കൂനമ്മാവിലെ സുപ്പീരിയറാക്കിയത്. അദ്ദേഹത്തിനുള്ള നിയമനപത്രം ചാവറയച്ചനാണു കൊടുക്കുന്നത്. സഭയ്ക്കുമുഴുവനും ഒരു പ്രിയോർ മാത്രമേയുള്ളൂ എന്നും മററുള്ള ഭവനങ്ങളുടെയെല്ലാം ശ്രേഷ്ഠൻ ഈ പ്രിയോരച്ചനാണെന്നും അദ്ദേഹത്തിനു സഹായി ആയി (വികാർ) ആ ഭവനത്തെ നയിക്കുന്നു എന്നുമായിരുന്നു ഇതിന്റെ അർത്ഥം. സഭാചരിത്രത്തിലെ ഒരു പ്രധാന നാഴികക്കല്ലായിരുന്നു ഈ സംഭവം.

1859–ൽതന്നെ സുറിയാനി കത്തോലിത്താസഭയുടെ ഏകനവസന്ന്യാസ ഭവനം ഇതായിരുന്നു. 1860–മുതൽതന്നെ പ്രസിദ്ധനായ ലെയൊപ്പോൾഡ് മിഷനറി ഇവിടെ നവസന്ന്യാസഗുരുവായി നിയമിതനായി. 1864 മുതൽ ചാവറയച്ചൻ തന്നെ ഇവിടെ പ്രിയോരായി താമസം തുടങ്ങി. അന്നുമുതൽ 1871–ൽ മരിക്കുന്നതുവരെ ഈ ലെയൊപ്പോൾഡ് മിഷനറിയായിരുന്നു, ചാവറയച്ചന്റെ ആത്മപിതാവ്. സുഖത്തിലും ദുഃഖത്തിലും ചാവറയച്ചന്റെ ഏററവും വലിയ ഒരു സ്നേഹിതൻകൂടിയായിരുന്നു ഈ മിഷനറി. 1889 വരെ ഈ നവസന്ന്യാസ ഭവനം ഇവിടെ നിലനിന്നു.

## വാഴക്കുളം കർമ്മലകൊവേന്ത

കൊവേന്തകളുടെ എണ്ണം കൂടാൻവേണ്ടി ഒരു കൊവേന്തയും ചാവറയച്ചൻ സ്ഥാപിക്കുമായിരുന്നില്ല. വാഴക്കുളത്തും പരിസരത്തുമുള്ള നിരവധി കുടുംബക്കാർക്ക് വർഷകാലമായാൽ പുഴ

കടന്നു് ആരക്കുഴ പള്ളിയിൽ പോകുവാൻ നിവർത്തിയില്ലാത്ത ഒരു സാഹചര്യം വലിയ പ്രിയോരച്ചൻ (ചാവറയച്ചൻ) മനസ്സിലാക്കി. ഇവിടെ ഒരാശ്രമം സ്ഥാപിക്കുന്നതു് ജനങ്ങൾക്കു വളരെ ഉപകാരപ്രദമായിരിക്കുമെന്നും തോന്നി. മാന്നാനം പള്ളിപണിക്കുവേണ്ടി 1837 മുതൽ ചാവറയച്ചൻ നല്ല തടിക്കുവേണ്ടി ഈ പ്രദേശത്തെ ഓരോ കുന്നും മലയും കയറിയിറങ്ങിയിട്ടുള്ളതായിരുന്നു. അതിനാൽ ഈ പ്രദേശത്തെക്കുറിച്ചു് നല്ല പരിചയവും പിതാവിനുണ്ടായിരുന്നു. 1859-ൽ നമ്പ്യാപറമ്പിൽ അച്ചൻ സ്വന്തം മാതാവിനോടുകൂടി പാർത്തിരുന്ന ചെറിയ ഭവനവും ചുററുമുള്ള സ്ഥലവും കൊവേന്തയ്ക്കായി എഴുതിക്കൊടുക്കുകയും 1889 പന്തക്കുസ്താദിനം മുതൽ അവിടെ കൊവേന്ത ക്രമം ആരംഭിക്കുകയും ചെയ്തു. കാനാട്ട യാക്കോബച്ചനെയാണു അവിടെ വികാരിയാക്കിയതു്. 1866 മുതൽ ഇവിടെ ഒരു സെമിനാരിയും ആരംഭിച്ചു.

## അരണാട്ടുകര (എൽത്തുരുത്തു്) കൊവേന്ത

മാന്നാനത്തെ സന്ന്യാസ ഭവനംകൊണ്ടു് ഉളവായിട്ടുള്ള ആദ്ധ്യാത്മിക പുരോഗതിയെക്കുറിച്ചു് വടക്കൻ ദിക്കിലുള്ളവർ കേട്ടറിയുകയും ഇതുപോലൊന്നു് തങ്ങളുടെ നാട്ടിലും ഉണ്ടാവണമെന്നു് ആഗ്രഹിക്കുകയും ചെയ്തു. വടക്കൻ ദിക്കിലുള്ള പള്ളിക്കാരും വൈദികരുമാണ് ഇതിനുവേണ്ടി മുന്നോട്ടിറങ്ങിയതു്. അവർ പണം പിരിച്ചു് ഒരു സ്ഥലം വാങ്ങിക്കുകയും (എലവതുരുത്തു്) അവിടെ ചെറിയ ഒരു ബംഗ്ലാവും കപ്പേളയും പണിയിക്കുകയും ചെയ്തു. 1858-ഫെബ്രുവരി 2-ാം തീയതി മാതാവിൻെറ ശുദ്ധീകരണത്തിരുന്നാളിൽ നാട്ടുകാരുടെയും വളരെയേറെ വൈദികരുടെയും സാന്നിദ്ധ്യത്തിൽ ചാവറയച്ചനാണു കൊവേന്തയ്ക്കു കല്ലിട്ടതു്. 1866 സെപ്റ്റംബർ 8-ാം തീയതി പള്ളിയും കൊവേന്തയും ആഘോഷമായി വെഞ്ചരിക്കുകയും ചെയ്തു. കൂനമ്മാവിൽനിന്നും വളരെ ആഘോഷമായിട്ടാണ് ചാവറയച്ചൻ ഇതിൽ സംബന്ധിക്കാൻ പുറപ്പെട്ടതു്. അചിരേണ നാട്ടുകാരുടെ ആഗ്രഹപ്രകാരം ഒരു സെമിനാരിയും ഇവിടെ ആരംഭിച്ചു.

## പ്ളാശനാൽ കൊവേന്ത

ഇന്നില്ലാത്തതും എന്നാൽ ചാവറയച്ചൻെറ കാലത്തു മെത്രാനച്ചൻെറ നിർബന്ധപ്രകാരം കെട്ടി ഏല്പിച്ചതുമായ ഒരാശ്രമമായിരുന്നു, പ്ലാശനാൽ. മാന്നാനം സെമിനാരിയിൽനിന്നും പിണങ്ങിപ്പോയ തൊണ്ടനാട്ട അന്തോനി ശമ്മാശൻ കട്ടക്കയത്തു യൗസേപ്പു മൽപ്പാനച്ചൻെറ അടുക്കൽ പഠിച്ചു പട്ടമേ

ററശേഷം അരുവിത്തുറയടുത്ത് പ്ലാശനാൽ ഒരു കൊവേന്ത സ്ഥാപിക്കുകയും സന്ന്യാസ ക്രമങ്ങൾ അനുഷ്ഠിക്കുകയും ചെയ്തുവന്നു. സുറിയാനി മെത്രാനുവേണ്ടി ബാബേലിൽപോയ അദ്ദേഹം 1858-ൽ അവിടെ വച്ചു മരിച്ചു. അനാഥമായിത്തീർന്ന കൊവേന്ത മാന്നാനത്തു പ്രിയോരച്ചനെ മെത്രാനച്ചൻ ഏല്പിച്ചു. കൊച്ചുപുരയ്ക്കൽ കുര്യാക്കോസ് കത്തനാരെയാണു അവിടെ ആദ്യം വികാരിയാക്കിയതു്. ചാവറയച്ചനു് ഈ കൊവേന്ത ഏറെറടുക്കാൻ ഒരാഗ്രഹവും ഇല്ലായിരുന്നു. 1860-ൽ, അവിടെ താമസിച്ചിരുന്ന കളപ്പുരയ്ക്കൽ മത്തായി അച്ചൻ മലമ്പനി പിടിച്ചു മരിച്ചു. മററുള്ളവർക്കും മലമ്പനി ബാധിച്ചു: അവരെല്ലാം മാന്നാനത്തേക്കു് മടങ്ങി. കൊവേന്തയും സ്ഥലവും അരുവിത്തുറ പള്ളിയെ ഏല്പിച്ചു. ആ കൊവേന്ത അങ്ങനെ നിന്നുപോയി.

## അമ്പഴക്കാട് ആശ്രമം

പണ്ടുകാലത്തു് അമ്പഴക്കാട്ടു് അടുത്തു് 'സമ്പാളൂർ' എന്ന പ്രസിദ്ധമായ ജെസ്യൂട്ട് ആശ്രമമുണ്ടായിരുന്നു. St. Paul ഊരു് എന്ന സ്ഥലമാണു് സമ്പാളൂർ ആയതു്. ഇവിടെ ഒരാശ്രമം വേണമെന്നു ബർണദീനോസ് മെത്രാപ്പൊലീത്തായ്ക്കു തോന്നി. പക്ഷേ, സ്ഥലദൗർലഭ്യത്താൽ നടന്നില്ല. അങ്ങനെയിരിക്കെ അമ്പഴക്കാട്ടു് 'കണിച്ചായി തൊമ്മ ഇട്ടൂപ്പു' എന്നയാൾ ചില അനുഗ്രഹങ്ങൾ കിട്ടിയതിനു ഉപകാരസ്മരണയായി ഒരു ആശ്രമം പണിയുന്നതിനു സ്ഥലം കൊടുക്കാൻ തയ്യാറായി കൂനമ്മാവിൽ വന്നു ചാവറയച്ചനെ അറിയിച്ചു. വേണ്ട അന്വേഷണങ്ങളും കൂട്ടി ചോദ്യങ്ങളും നടത്തിയശേഷം ഈ ഓഫർ ചാവറയച്ചൻ സ്വീകരിക്കുകയും ആശ്രമത്തിനു് 1868 ഒക്ടോബർ 20-ാം തീയതി 10 മണിക്കു കല്ലിടുകയും ചെയ്തു. ആശ്രമത്തിന്റെ പണി ആരംഭിച്ചു. ദേവസ്യാച്ചനും പിലിപ്പോസച്ചനുമാണു് പണികൾക്കു നേതൃത്വം കൊടുത്തതു്. പിറേറക്കൊല്ലം കപ്പേളയുടെ പണിയും നടത്തി. അങ്ങിനെ ത്രേസ്യാ പുണ്യവതിയുടെ നാമത്തിലുള്ള ഈ അഞ്ചാമത്തെ ആശ്രമവും അചിരേണ വെഞ്ചിരിച്ചു് മുറയ്ക്കുള്ള സന്ന്യാസ ആശ്രമമായിത്തീർന്നു.

കൂനമ്മാവിൽ വർദ്ധിച്ചുവന്ന സന്ന്യാസികളിൽ ഒരു ഭാഗക്കാരെ അമ്പഴക്കാട്ടു പാർപ്പിക്കുവാൻ 1874 സെപ്റ്റംബർ മാസത്തിൽ അയച്ചുവെങ്കിലും ഒരു കൊല്ലം കഴിഞ്ഞു് അവർ കൂനമ്മാവിലേക്കു പിന്തിരിയുകയാണു ചെയ്തതു്. എങ്കിലും 1889-ൽ സുറിയാനിക്കാർ കൂനമ്മാവു കൊവേന്ത ഉപേക്ഷിച്ചു പോരേണ്ടി വന്നപ്പോൾ അമ്പഴക്കാട്ടു് ആശ്രമം സഭയുടെ

പൊതു നൊവിഷ്യേററു ഭവനമായിത്തീർന്നു. കഴിഞ്ഞ ഫെബ്രുവരിമാസത്തിലാണ് അമ്പഴക്കാട്ട് നവ സന്ന്യാസ ഭവനത്തിൻെറ ശതാബ്ദി വിപുലമായ പരിപാടികളോടു കൂടി ആഘോഷിച്ചതു്.

## പുളിങ്കുന്നു് കൊവേന്ത

1861 മാന്നാനത്തുനിന്നും ചാവറയച്ചൻെറ ശിഷ്യന്മാർ വന്നു് പുളിങ്കുന്നു വലിയ പള്ളിയിൽ ജ്ഞാന ധ്യാനം നടത്തി. അതിനുശേഷം ഔദ്യോഗിക സന്ദർശനം നടത്തിയ മെത്രാപ്പോലീത്താച്ചൻെറ അടുക്കൽ തങ്ങൾക്കും ഒരു കൊവേന്ത വേണമെന്നും തങ്ങളുടെ ചെറിയ പള്ളി അതിനായി വിട്ടുകൊടുക്കാമെന്നും അറിയിച്ചു. പ്രസ്തുത അപേക്ഷ സ്വീകരിക്കുകയും നമ്മുടെ അച്ചന്മാരെ മാന്നാനത്തുനിന്നും വരുത്തി വേണ്ട ക്രമീകരണങ്ങൾ നടത്തി 1866–മുതൽ താമസം തുടങ്ങി. 1885–ൽ മാത്രമാണു നിയമപ്രകാരമുള്ള ഒരാശ്രമമായി തീർന്നതു്. 1872 മുതൽ ഒരു സെമ്മിനാരിയും പുളിങ്കുന്നു് ആശ്രമത്തോടുചേർന്നു് പ്രവർത്തിക്കുന്നുണ്ടായിരുന്നു.

## മുത്തോലി ആശ്രമം

1869 – മെയ് മാസത്തിൽ പാലാസ്സൂടത്ത് പള്ളിക്കാരും അച്ചന്മാരുംകൂടി ഒരു ആശ്രമം അവരുടെ നാട്ടിൽ സ്ഥാപിക്കണമെന്നു് അപേക്ഷിക്കയും അതിനുള്ള ചിലവു മുഴുവൻ അവർ പിരിവെടുത്തു നടത്താമെന്നും മെത്രാപ്പോലീത്താച്ചനോടു അപേക്ഷിച്ച മുറക്ക് അദ്ദേഹവുമായി ആലോചിക്കുകയും സ്ഥലം പോയി കാൺമാൻ ആവശ്യപ്പെടുകയും ചെയ്തു. നല്ല സുഖമില്ലായിരുന്നെങ്കിലും ആനക്കല്ലു് (ഭരണങ്ങാനം) ഇടവകയിൽ കുറെപ്പേർ വീണ്ടും ശീശ്മയിൽതന്നെ വാശിയുടെ പേരിൽ നിൽക്കുകയാണെന്നും വലിയ പ്രയോരച്ചൻ വന്നു പറഞ്ഞാൽ അവരു തിരിയെ വരുമെന്നും അറിയിച്ചതിനാൽ ജെരാർദ്ദ് മൂപ്പച്ചനുമൊരുമിച്ച് പ്രിയോരച്ചൻ പോകുകയും – വഴിക്കു മുത്തോലിക്കുന്നു കയറിക്കാണുകയും, ബോധ്യപ്പെട്ടു് മണ്ണൂക്കാരായ സ്ഥലത്തിൻെറ ഉടമസ്ഥരെ കണ്ടു എഴുതി വാങ്ങിപ്പിക്കുകയും ചെയ്തു. 1870–ൽ അടിസ്ഥാനമിട്ടു പണി ആരംഭിച്ചെങ്കിലും അതു പൂർത്തിയായിക്കാണാൻ ചാവറയച്ചനു് ഭാഗ്യമുണ്ടായില്ല.

ചാവറയച്ചൻെറ കാലത്തുണ്ടായ – സ്ഥാപിക്കപ്പെട്ട ഈ ആശ്രമങ്ങളെക്കുറിച്ചു് വളരെ ചുരുക്കമായി ഇവിടെ രേഖപ്പെടുത്തിയതു് എന്തിനെന്നു് ഒരുപക്ഷേ വായനക്കാർക്കു തോന്നിയേക്കാം. മിക്ക കൊവേന്തകളും സ്ഥാപിക്കപ്പെടുന്നതു നാട്ടു

കാരുടെ ആഗ്രഹവും അപേക്ഷയുംകൊണ്ടാണ്. അവരാണ സ്ഥലം ദാനംചെയ്യുന്നതും കൊവേന്തപ്പണിക്കു സമ്പത്തു സ്വരൂപിക്കുന്നതും. മാന്നാനത്തു് ആരംഭിച്ച – ചാവറയച്ചൻ നേതൃത്വംകൊടുത്ത സന്ന്യാസക്കൂട്ടത്തിൻെറ ഖ്യാതി കേരളം മുഴുവൻ വ്യാപിച്ചെന്നും ആദ്ധ്യാത്മികവും സാമൂഹികവും വിദ്യാഭ്യാസപരവുമായ നന്മയ്ക്കു് ഒരു ആശ്രമം ഉണ്ടാകുക അത്യാവശ്യമാണെന്നും ഉള്ള വാസ്തവമാണ് ഈ ജനപങ്കാളിത്വം വിളിച്ചുപറയുന്നതു്. ഒരാശ്രമവും സ്ഥാപിക്കാൻ പണവും സ്വരുക്കൂട്ടി ചാവറയച്ചൻ ഇറങ്ങുന്നില്ല. ജനങ്ങളുടെ ആവശ്യമാണ് അദ്ദേഹത്തിൻെറ മുഖ്യമായ ചൈതന്യധാര. മാന്നാനത്തു തുടങ്ങിയപോലെ ഓരോ ആശ്രമത്തോടനുബന്ധിച്ചു് സെമിനാരിയും സ്കൂളും മുദ്രാലയങ്ങളും പ്രസിദ്ധീകരണങ്ങളുമുണ്ടാകുവാനും ചാവറയച്ചൻെറ മുൻനോട്ടം സാഹചര്യം ഒരുക്കുന്നു. പള്ളികളിലെ ധ്യാന പ്രസംഗവും കുമ്പസാരവും ദൈവവചനപ്രഘോഷണവുമായിരുന്നു അച്ചന്മാരുടെ പ്രധാന അപ്പസ്തോലിക പ്രവർത്തനം. കൂട്ടത്തിൽ ഇടവകകളിൽ വികാരിക്കു പകരം സഹായിക്കുക മുതലായവയും. രണ്ടാമത്തെ പൊതുപ്രിയോരായിരുന്ന കരിയാക്കോസ് ഏലിശാച്ചൻ സഭയുടെ പ്രവർത്തനത്തെക്കുറിച്ചു ചാവറയച്ചൻെറ ജീവചരിത്രത്തിൽ എഴുതിയിരിക്കുന്നതു കാണുക :

''തിരുവചനത്താലെ ഇട്ട വലയിൽ അകപ്പെട്ട മത്സ്യത്തിൻെറ പെരുപ്പത്താൽ വലിപ്പാൻ പാടില്ലായ്കയാൽ കൂട്ടരെ സഹായത്തിനു വിളിച്ചതുപോലെ ഈ സഹോദരന്മാരു ആയിരവും രണ്ടായിരവും അയ്യായിരവും അതിലധികവും ജനങ്ങളുള്ള ഇടവകയിൽചെന്ന മേൽപ്പട്ടക്കാരൻെറ കല്പനയിൽ ചെയ്തുവരുന്ന ധ്യാനത്താലും പകന്ന വേദോപദേശങ്ങളാലും കുമ്പസാരത്താലും നരകപിശാചിൻെറ രാജ്യഭാരത്തെ മുഴുവനും നിർമ്മൂലമാക്കി നിത്യായുസ്സിനായി മനുഷ്യരെ വീശിഎടുത്തിരുന്നു. ഇതിനാലുണ്ടായ ദൈവസ്തുതിയും ആത്മരക്ഷയും മേല്പട്ടക്കാരും വികാരിമാരും ഇടവകക്കാരും കണ്ടുസന്തോഷിക്കുകയും ദൈവത്തിനു് ഉപകാരസ്മരണ ചെയ്യുകയും ഈ നന്മകളുടെ അധികവർദ്ധിപ്പിനുവേണ്ടി പല സ്ഥലങ്ങളിലും കൊവേന്തകളുണ്ടാകുന്നതിനു് അപേക്ഷിക്കുകയും ചെന്നുകാണുകയും ആലോചിക്കയും ആരംഭിക്കുകയും ചെയ്തിരുന്നു.''

റോക്കോസ് ശീശ്മക്കാലത്തു സുറിയാനിക്കാരുടെ വികാരിജനറാളായപ്പോൾ കേരളത്തെ 4 സോണുകളായി തിരിച്ചു് ഓരോ സോണിനും ഒരു ദെപ്പുത്താമാരെ (deputy) നിയമിച്ചു. കമ്മലീത്താ വൈദികരായിരുന്നു ഇവരെല്ലാം തന്നെ.

സഭയുടെ ഭാവിയെക്കുറിച്ചും സഭാംഗങ്ങൾ തമ്മിൽ ഉണ്ടാകേണ്ട ഐക്യത്തേയും സ്നേഹത്തേയും കുറിച്ചു ചാവറയച്ചന്റെ നാളാഗമത്തിൽ വളരെ ഭംഗിയായി എഴുതിയിട്ടുണ്ട്. അധികം പ്രസിദ്ധീകരണം കിട്ടിയിട്ടില്ലാത്ത പ്രസ്തുത ഭാഗങ്ങൾ ഇവിടെ അതുപോലെ പകർത്തുകയാണ്.

ബഹു. എന്റെ കൂടപ്പിറപ്പുകളായ കൊവേന്ത അച്ചന്മാരും സ്നേഹിക്കപ്പെട്ട മക്കളായ പുത്രസന്ന്യാസികൾ അൽമേനി ദർശനക്കാർ എല്ലവരോടും കൂടെ കർത്താവിൽ സ്വാതം ചൊല്ലി നിങ്ങളുടെ ശിശ്രൂഷിയായ ആഹാ. കര്യാക്കോസ് ഏലിയാ ഭ. ത്രി. ക. എന്ന ഞാൻ നിങ്ങളോടുള്ള എന്റെ കഴിവും പടാത്ഥ്യം ഒടുക്കത്തെ ഗുണദോഷവാക്കും ചാവരുളുമായി ഇതിനെ അറിയിക്കുന്നു.

പ്രിയമുള്ള കുഞ്ഞുങ്ങളെ, നാം സർവ്വേശ്വരന്റെ വിശേഷ കൃപയാൽ ദേവമാതാവിന് എത്രയും ഇഷ്ടപ്പെട്ടവരായ കർമ്മലീത്താസഭക്കാരായി വിളിക്കപ്പെട്ടു. എന്നാൽ ഇതു് ദൈവാലോചനയാൽ മാനുഷനടുത്ത വിചാരത്താലല്ലായെന്നു് ഇതു് കടലാസ്സു് എന്നു് കാണുംവിധം കണ്ടുറച്ചിരിക്കുന്നു. അതെങ്ങനെയെന്നാൽ ഇതിന്റെ അടിസ്ഥാനക്കാരനായ പെ. ബഹു. പാല പോരു എന്ന തോമാച്ചന്മാർ അപേക്ഷിച്ചതും ക്രമപ്പെടുത്തിവന്നതും ശ്രു. ദുമ്മനിക്കോസിന്റെ സഭക്കാരാകണമെന്നത്രെ. ഇതിനായിട്ടത്രെ അതുവരെ ഇവിടെ നടപ്പില്ലാത്ത വെള്ളളോവ ഉടുത്തു തുടങ്ങിയതും ശേഷവും. ഇതിനാൽ നമ്മുടെ ബലക്ഷയം കണ്ടിട്ട് ഈ ശ്രു. ശ്രു. അമ്മ തന്റെ വിശേഷസ്നേഹത്തിൽ ചേർത്തു. എന്നാൽ കുഞ്ഞുങ്ങളെ ഞാനും നിങ്ങളും ഇതുവരെ പട്ടാങ്ങായുള്ള സന്ന്യാസികൾ ആയില്ല. സന്ന്യാസിയുടെ ഏകമായ അടയാളം സ്വന്തം മനസ്സിനെ മുഴുവനും ഉപേക്ഷിച്ചു് കണ്ണും ചെവിയും ഇല്ലാത്ത ചെൽവിളിയത്രെ. ഇതുള്ളവൻ സന്ന്യാസി. എന്നാൽ ഇതു് പ്രയാസമില്ലാത്ത ഒരു കാര്യം എങ്കിലും മുഴുവനായി ആയില്ല. എന്നോർത്തു് ഉത്സാഹിക്കണം. ഇതിന്നു് പെ. ബ. വികാരി അപ്പസ്തോലിക്ക അച്ചന്റെയും നമുക്കു് ദലഗാത്തായി കല്പിച്ചു തരുന്ന പെ. ബ. മൂപ്പച്ചന്റെയും മനസ്സിനും ദൈവത്തിന്റെയും ഇവരുടെയും കല്പനകൾക്കും വിരോധമില്ലാത്ത സകല കാര്യത്തിലും ശേഷമുള്ള പെ. ബ. മിസ്യോ. മൂപ്പച്ചന്മാരുടെയും ചൊൽവിളിക്കും നിങ്ങളെത്തന്നെ കീഴ്‌വഴക്കി, മുഴുവനായ ചൊൽവിളിയിൽ അഭ്യസിക്കണം, എന്നാൽ വിഷാദിക്കേണ്ടാ. തുടക്കത്തിൽ വിഷമവും മനസ്സുകേടും ആയിട്ടു് തോന്നിയാലും കുറെ കഴിയുമ്പോൾ നന്നായിയെന്നും, ഇതത്രെ വേണ്ടിയതെ

ന്നും തോന്നുന്നതുമല്ലാതെ വളരെ ഹൃദയസമാധാനം രസിക്കുകയും ചെയ്യും. അപ്രകാരം കീഴ്ത്തലവന്മാരും ഒട്ടകം തമ്മിൽ തമ്മിലും. ഈ മൂന്നുപദവിയിലും ഒരുപോലെ ചൊൽവിളി കാക്കുന്നവർ ആരോ അവൻ മോക്ഷസമാധാനം ഈ ചെറിയ മേന്മയായ കൊവേന്തയിൽ വച്ചുതന്നെ രസിക്കും നിശ്ചയം.

പ്രിയമുള്ള കൂടപ്പിറപ്പുകളായ പെ. ബ. ഓരോരോ കൊവേന്തകളുടെ വികാരി അച്ചന്മാർ പട്ടാംഗ ആയിട്ടുള്ള ഉപവിയും കെട്ടുപാടും, എത്ര കൊവേന്തകൾ ഉണ്ടായാലും ഒരു വീട്, ഒരമ്മയുടെ ഉദരത്തിൽ നിന്ന് പിറന്ന് ആ തള്ളയുടെ പാൽ കുടിച്ച് വളർന്നവർ എന്നതിൻവണ്ണമുള്ള പട്ടാംഗയുള്ള സ്നേഹത്തിന് ഒരിക്കലും ഭേദം വരുത്താതെ മേൽക്കുമേൽ വർദ്ധിച്ചു വരികയും വേണം. ഇതു് എത്രയും വലിയ ഒരു ഗുണദോഷമെന്ന് ഓർത്തുകൊള്ളണം. ഈ സ്നേഹം എപ്പോഴെങ്കിലും കുറഞ്ഞുപോകാതിരിക്കുവാനായിട്ട് ഓരോരോ കൊവേന്തകളുടെ ആവശ്യങ്ങൾ അതാതു കൊവേന്തകൾ അന്വേഷിച്ചു നടത്തുന്നതിനെക്കാളിലും താല്പര്യമായിട്ട് മററ് കൊവേന്തയുടെ വികാരിമാരു് അപേക്ഷിക്കുന്ന കാര്യങ്ങളെ നടത്തിക്കൊടുപ്പാൻ ശ്രമിക്കുകയും കണക്കുകൾ തമ്മിൽ തമ്മിലുള്ള ആണ്ടാലോചനയിൽ കൂടുമ്പോൾ അതുവരെയും ഉള്ളതു തീർക്കുവാൻ ജാഗ്രത വെയ്ക്കുന്നതല്ലാതെയും ഈ ഉപവി ആറിപ്പോകയാൽ ആണ്ടിനകത്തു് പലപ്പോഴും തക്ക ആവശ്യമില്ലെങ്കിലും വികാരിമാർ തമ്മിൽ എഴുത്തുകളെ അയച്ച് അതാതു കൊവേന്തകളുടെ കൂടപ്പിറപ്പുകളുടെ സൗഖ്യവർത്തമാനങ്ങളെ അറിയുകയും അറിവിക്കയും ആവശ്യങ്ങൾ ഉണ്ടായിരുന്നാൽ നടത്തുകയും വേണം.

കൂടപ്പിറപ്പുകളായ ക്രിസ്ത്യാനികളുടെ ആത്മരക്ഷയ്ക്കായി സർവ്വേശ്വരൻ ഈ സഭയെ സ്ഥാപിക്കാൻ തിരുമനസ്സായിരിക്കയാൽ ആൾച്ചുരുക്കത്താൽ അവർക്കുണ്ടാകേണ്ടുന്ന ഈ സഹായം നിറവേറുന്നില്ല. എന്നതുകൊണ്ട് ഈ അപേക്ഷ നിങ്ങൾ നമ്മുടെ പെ. ബ. പിതാവായ മെത്രാപ്പോലീത്താച്ചനോട് അപേക്ഷിച്ചു നിറവേററണം. ഇതായതു് ഒരു നൊവിസ്യാത്തും ഒരു മൂപ്പച്ചനുംകൂടെ കല്പിച്ചുതരണമെന്നും ഇതു് എന്റെ ആഗ്രഹം. ഒന്നാം കൊവേന്തയായ മാന്നാനത്തു് നൊവിസ്യത്തായിട്ടും എല്ലാററിലും പെ. ബ. ജരാർദ്ദ് മൂപ്പച്ചനും, ഇങ്ങനെ ആയിരുന്നാൽ അഭിപ്രായഭേദം കൂടാതെയും ഏററം സുഖമായിട്ടും അവർക്കും, ഇതായതു് കുറെനാൾ ലെയോപ്പോൾദ് മൂപ്പച്ചൻ കൂനമ്മാവുങ്കലും, ചിലപ്പോൾ സുഖംപോലെ മാന്നാനത്തും, അങ്ങോട്ടും ഇങ്ങോട്ടും മാറി പാർപ്പാനും അന്വേ

ഷിക്കൊനം ഇടവരികയും അപ്പോൾ കൂനമ്മാവു മുതൽ വടക്കോട്ടുള്ള കൊവേന്തകളിൽ ഒരാളും, തെക്കോട്ടുള്ളതു് ഒരാളും തെക്കു് കൊവേന്തകളുടെ നൊവിസ്യാത്തു് മാന്നാനത്തും വടക്കുള്ളതുകളുടെ കൂനമ്മാവും ദൈവം തിരുമനസ്സാകുന്നെങ്കിൽ രണ്ടു് എറ്ററിയെ ഒരു പ്രൊവിൻസും ആകുവാൻ ഇടവരും. എന്നാൽ തെക്കോട്ടു് ഇനിയും കൊവേന്തകളുണ്ടാകുവാൻ ആവശ്യവും എറ്റം എളുപ്പവുമായതിനാൽ മാന്നാനത്തിൽ നിന്നു് തെക്കോട്ടു് കിഴക്കും പടിഞ്ഞാറുമായി ഈ രണ്ടു ഗൊവേന്തകളും ചില മഠങ്ങളും എദക്കന്താത്തുകളും ആവശ്യമാകയാൽ ആയതു നിറവേററുവാൻ ഇവരിൽ ഒരാൾ മാന്നാനത്തു് നൊവിസ്യാത്താക്കിയാൽ എത്രയും ക്ഷണത്തിൽ ഈ കൊവേന്തകളും മഠങ്ങളും നടക്കകയും ചെയ്യും. ഇതു് തത്തംപള്ളിൽ 1. മാവേലിക്കര 1. അതിനു് തെക്കായി കിഴക്കും പടിഞ്ഞാറും ഓരോന്നു് ഉണ്ടായാൽ ഈ രണ്ടു് വരാപ്പുഴ, കൊല്ലം എന്ന വികാരി അപ്പസ്തോലിക്കായിലുള്ള വിശ്വാസികളുടെ ആത്മനടപ്പിനു എത്രയും നല്ലതും ആവശ്യവും, മുത്തോലി എന്ന സ്ഥലത്തും മാന്നാനത്തും രണ്ടു മഠങ്ങളും എദ്രക്കന്താത്തുകളും ഇതും ആവശ്യം തന്നെ. ഇതിനൊക്കെയ്യും നിങ്ങളുടെ അല്പമായ ബുദ്ധിമുട്ടും ഉത്സാഹവും മതിയായിരിക്കയും ചെയ്യും.

എന്നാൽ ഒന്നു് ഓൎത്തുകൊള്ളുവിൻ, നമ്മുടെ കാരണവന്മാർ നെസ്തോറീസിന്റെ ഇടത്തൂട്ടിൽ ആകാതിരിപ്പാൻ മെനേസിസ് മെത്രാപ്പോലീത്താച്ചനും, പോർത്തുഗീസ് രാജധാനിയിൽനിന്നും ആകമാനമായി എശുവീത്തക്കാരും നമ്മെ പ്രതി ചെയ്ത ഉപകാരം നാം ഓൎക്കാൻ കടം എങ്കിലും അവരു പെരുത്തു് ഉപവിക്കടുത്ത ഒന്നിപ്പു് ചെയ്തില്ല. ഇതു് അവരുടെയോ നമ്മുടെയോ മനസ്സുകേടു് അറിഞ്ഞില്ല. എന്നാൽ ഇനി അങ്ങനെയല്ല. ഇതായതു് എശുവീത്തരു് അവരുടെ സഭയിൽ നമ്മെ ചേർക്കകയും എവുറോപ്യപേച്ചായ ലത്തീൻ മുതലായതിനെ പഠിപ്പിക്കുകയും ചെയ്തിരുന്നെങ്കിൽ ബാബിലോനിയാക്കാരോടുള്ള കെട്ടുപാടുനീക്കി ശുദ്ധമാന പള്ളിയോടുള്ള ഒന്നിപ്പിൽ ചേർമ്മയുണ്ടായേനെ. ഇതില്ലായ്ക കാരണത്താൽ "ആഹൈൻദ്മൻ ഹദ്ഹനൻ" എന്നു പറഞ്ഞുകൊണ്ടു് വരുന്നതിനെ കേട്ടു് എത്രയും എളുപ്പത്തിൽ അങ്ങോട്ടു വീഴകയും അല്പമായ അവകാശമുണ്ടാകുമ്പോൾ ബാബേലിനോടുകയും ഒരാൾ ഉണ്ടാകുമ്പോൾ കൂട്ടോടെ മറികയും ആണു് ചെയ്തുവരുന്നതു്. എന്നാൽ പെ. ബ. ബൎണ്ണർദീനോസ് മെത്രാപ്പോലീത്താച്ചൻ, പീലിപ്പോസ്, മർസ്സീനോസ്, ലെയോപ്പോൾദ് എന്ന ഈ നാലു് ആളുകളും വഴിയായി ഈ ശുദ്ധമാകപ്പെട്ട സഭയിൽ നമ്മെ ചേൎക്കകയും

പൈതങ്ങളെ ഈ പഠിനങ്ങൾ പഠിപ്പിക്കയും അഭ്യസിപ്പിക്കയും ചെയ്തതിനാൽ ഇനി ദൈവസഹായത്താൽ മുൻപോലെ മറിയാൻ ഇടവരികയില്ലാത്തതു് ഈ ഒടുക്കത്തെ റൊക്കോസിനാൽ കണ്ടു ബോധിച്ചുവല്ലോ. ഇതിനെക്കൊണ്ടു് ഈ നാലു പേരേയും പ്രത്യേകം നമ്മുടെ ജപങ്ങൾ നന്ദിയാൽ ഓർപ്പാൻ കടമായിരിക്കുന്നതല്ലാതെയും, ഇത്താലിയ ആക്കയിൻ എന്ന ഇടത്തിലുള്ള പേത്രുബെക്കാരൊ എന്ന തറവാട്ടിനെ പ്രത്യേകം നമ്മോടുകൂടെ ഒന്നു് എന്നപോലെ ഈശോമിശിഹായിൽ നമ്മോടുകൂടെ ചേർന്നും ചേർപ്പിച്ചും എന്നു തന്നെയല്ല ഈ ദിക്കിലും നസ്രാണി. 700, 500, 300, 34 ഇതെല്ലാം ഇപ്പോഴും മിശിഹായിൽ ഒന്നു് എന്നപോലെ ചേർക്കാൻ തക്ക വിവേകവും കാണിച്ചതുമല്ലാതെ ഇനിയും നിങ്ങളുടെ കണ്ണുകൾ കാണ്മാനിരിക്കുന്ന ഗുണങ്ങളും പലതായിരിക്കും. എന്നാൽ ഒക്കയിലും മേലെഴുതിയ പെ. ബ. വികാരി അപ്പസ്തോലിക്കാ അച്ചൻ അത്രെ എന്നോർത്തു് എന്നും അനന്തര സുഖത്തിനുള്ള വേലക്കാരായി നിങ്ങളെ തന്നെ കയ്യാളിപ്പിൻ.

൩ാം എടുക്കുന്നതാത്തു്, ഇതിൽ പ്രത്യേകം നിയമിക്കപ്പെട്ടവരല്ലാതെ യാതൊന്നിനും ഉൾപ്പെടാതിരിപ്പാൻ സൂക്ഷിക്കണം. എനിക്കു് പെരുമാറുവാൻ പെ. ബ. ജറാർദു് മൂപ്പച്ചൻ തന്ന റെലിക്കാ നിങ്ങൾക്കു് മനസ്സുണ്ടെങ്കിൽ കൈനകരിയിൽ തുടങ്ങിയിരിക്കുന്ന നൽമരണ സഭയുടെ ഉപവിശാലയ്ക്കായി കൊടുത്താൽ പാവപ്പെട്ട പുതുക്രിസ്തവരു മുതലായവർക്കു് വലിയ കാവലും രക്ഷയുമായിരിക്കുമെന്നു് തോന്നുന്നു.

മാന്നാനത്തു കൊവേന്തക്കാർക്കു് മുട്ടുചിറ ഇടവകയിൽ മാഞ്ഞൂരു് കളപ്പുരയ്ക്കൽ മാത്തൻ എന്ന ആളിന്റെ തറവാട്ടിന്നു് കഴിയുന്ന ഉപകാരസഹായം ചെയ്യണം. ഇതിനാൽ കർത്താവിന്റെ ശിഷ്യർക്കടുത്ത ഒന്നാമത്തെ മാതൃകയാകും.

രണ്ടാമത്തേതു് തൈയിൽ, പെരുമാലിൽ, ഈ രണ്ടു വീട്ടുകാരു് ഇതിനു് ഇരിപ്പിടം തന്നവരാകയാൽ ഇവരേയും കർത്താവിങ്കൽ എന്നും അരൂപിക്കടുത്ത ഉപവിയാൽ തന്നെ കടപ്പെട്ടിരിക്കുന്നു. അപ്രകാരംതന്നെ കർമ്മലക്കാരു് പാറായിയേയും, എൽത്തുരുത്തുകാരു് തരകനേയും കല്ലൂക്കാരനേയും അമ്പഴക്കാട്ടുകാരു് അമ്മയ്ക്കായിതന്ന ഇട്ടൂപ്പിന്റെയും ഓർമ്മക്കാരാകണം.

ഒടുക്കമായി എ.പെ.ബ.വാകാരി അപ്പസ്തോലിക്കാ അച്ചനോടും പെ.ബ. ദെലഗാദച്ചനോടും, പെ.ബ. മിസ്യനാരി

അപ്പസ്തോലിക്കാ അച്ചന്മാരോടും എല്ലാ കൊവേന്തക്കാരോടും ഞാൻ പൊറുതി അപേക്ഷിക്കുന്നു. എന്റെ കടത്തിനു തക്കവണ്ണം ഓരോരുത്തരു ചെയ്യേണ്ടുന്ന ശുശ്രൂഷകളിലും ശേഷം സകലത്തിലും ഞാൻ കാട്ടിയിരിക്കുന്ന കുറവുകൾ എന്നോടു പൊറുക്കണമെന്നു ദൈവതിരുമുൻപിൽ ഞാൻ പൊറുതി അപേക്ഷിക്കുന്നു. ഇവിടെ ഈ സഭയിൽ ഒന്നാമതവനായി ഞാൻ പറഞ്ഞൊപ്പു ചെയ്തു. ഒന്നാം പ്രിയോരും ഞാനായി. എന്നാൽ നമ്മുടെ ശു. റേഗുള ന്യായപ്രമാണം, ഇതിനെ കാപ്പാനും കാപ്പിക്കാനുമുള്ള എന്റെമേൽ ഞാൻ ഏററിയ കടം മുഴുവനായിട്ടു ഞാൻ തികച്ചില്ല. നല്ല കണ്ടുപിടിത്തം ഞാൻ തന്നില്ല, എന്നതിനാൽ നിങ്ങൾക്കു ഞാൻ കാട്ടീട്ടുള്ള ഉതപ്പുകൾ പൊറുക്കണമെന്നും ഇതിൽ മാതൃക നോക്കാതെ നിങ്ങൾ എന്റെ കുറച്ചിലിനെ തീർത്ത് ഇതിൽ പ്രത്യേകം എരിവുകാരാകണമെന്നും അപേക്ഷിക്കുന്നു.''

## അവസാനിക്കാത്ത സ്വപ്നം

സി.എം.ഐ. സഭയെക്കുറിച്ച്, അതിന്റെ പുരോഗതിയെക്കുറിച്ച്, അതു മൂലം ദൈവജനത്തിനുണ്ടാകേണ്ട ആത്മീയ നന്മകളെക്കുറിച്ച്, നന്ദി കാണിക്കേണ്ടവരെക്കുറിച്ചും എല്ലാം കളിൽ പറഞ്ഞ മരണശാസനത്തിൽ വ്യക്തമായി പറയുന്നുണ്ട്. സഭയുടെ പുരോഗതിയിൽ അദ്ദേഹത്തിനുള്ള സ്വപ്നവും പ്രതീക്ഷയുമെല്ലാം അദ്ദേഹം എത്ര നിഷ്കളങ്കമായി പ്രകടിപ്പിക്കുന്നു. രണ്ടു നൊവേഷ്യററും, രണ്ടു പ്രോവിൻസും, മാവേലിക്കരെയും അതിനു തെക്കും ഓരോ കൊവേന്തകൾ ഇതൊക്കെയും നടത്തണമെന്നായിരുന്നു അദ്ദേഹത്തിന്റെ ഹൃദയാഭിലാഷം. സ്വർഗ്ഗത്തിൽ ഇരുന്നു താൻ സ്ഥാപിച്ച സഭയെ അദ്ദേഹം എത്രമാത്രം അനുഗ്രഹിച്ചു എന്നു കാണുക. ഇന്നു കന്യകുമാരിയുടെ ത്രിവേണി സംഗമം മുതൽ ഹിമാലയത്തിന്റെ ഉച്ചിവരെ കൊവേന്തയുണ്ട് ചാവറയച്ചൻ സ്ഥാപിച്ച സഭയുടെ ശുശ്രൂഷികൾ ദൈവജനത്തെ നയിക്കുന്നുണ്ട്, സമൃദ്ധിയുടെ നാടായ യു.എസി.ലും, കാനഡായിലും, പശ്ചിമ ജർമ്മനിയിലും മററു യൂറോപ്യൻ രാജ്യങ്ങളിലും, മാത്രമല്ലാ ഇരുണ്ട ഭൂഖണ്ഡത്തിന്റെ എല്ലാ അവശതകളും പ്രയാസങ്ങളും നിറഞ്ഞ ഘാനായിലും – മഡഗാസ്കറിലും – ബ്രസീലിലും എല്ലാം എല്ലാം ഈ സഭയുടെ പുത്രർ ഇന്നു മിഷൻ പ്രവർത്തനം നടത്തുന്നുണ്ട്. രണ്ടു പ്രോവിൻസല്ല – 9 പ്രോവിൻസ് ഇന്നു സഭയ്ക്കുണ്ട്. മൂന്നു മിഷൻ റീജനുകൾ താമസിയാതെ വൈസ്പ്രോവിൻസുകളാകും എന്നു പ്രതീക്ഷിയ്ക്കാം. അങ്ങിനെ രണ്ടിന്റെ സ്ഥാനത്തു 12–പ്രോവിൻസായി 2000–ത്തോളം

അംഗങ്ങളോടുകൂടി ഭാരതത്തിലെ ഒന്നാമത്തെ ഈ സന്ന്യാസസഭ വികാസം പ്രാപിച്ചിരിക്കുന്നു. സെമിനാരി നടത്തിപ്പിനു വേണ്ടി പ്രത്യേകം സ്ഥാപിച്ച ഈ സഭ ഇന്ന് ഒന്നാംകിടയിലുള്ള മേജർ സെമിനാരി നടത്തുന്നുണ്ട്. ധർമ്മാരാം വിദ്യാക്ഷേത്രം അവിടെ ഫിലോസഫിയിലും തീയോളജിയിലും ഡോക്ടറേററിനു പഠിക്കുവാൻ വരെ സൗകര്യമുണ്ട്. നിരവധി സന്ന്യാസസഭകളിലായും രൂപതകളിലായും-ശമ്മാശന്മാരും വൈദികരും ഇവിടെ ദൈവവിജ്ഞാനീയം അഭ്യസിക്കുന്നു. സന്ന്യാസിനികൾക്കുവേണ്ടിയും സെമിനാരിയുടെ കവാടങ്ങൾ തുറന്നിട്ടിരിക്കുന്നു. ഇൻഡ്യയിലെ ആദ്യത്തെ മേജർ സെമിനാരിയും ഇതുതന്നെ.

# IV

# ചാവറയച്ചനും വിദ്യാദാന പ്രവർത്തനങ്ങളും

കൊണ്ടുപോകില്ല ചോരന്മാർ
കൊടുക്കുംതോറും ഏറിടും
മേന്മ നൽകും മരിച്ചാലും
വിദ്യ തന്നെ മഹാധനം
അമ്മയൊപ്പം വളർത്തീടും
അച്ഛനൊപ്പം ധനം തരും
വേളികൊപ്പം സുഖിപ്പിക്കും
വിദ്യ മഹാധനം

എന്ന് ഒരു പദ്യശകലം സ്കൂളിൽ പഠിച്ചതായി ഓർക്കുന്നു. അധഃപതനത്തിന്റെ പടുകുഴിയിൽ ആണ്ടുകിടക്കുന്ന തന്റെ സമുദായത്തെ കൈപിടിച്ചുയർത്തുവാൻ സമാരംബ്ധമായ സന്യാസസഭ ഏതു വേദിയിൽ ആദ്യം കൈവെയ്ക്കണമെന്ന് ചിന്തിച്ചപ്പോൾ വിദ്യയുടെ വേദിയാണു സമൂഹത്തിനു തുടർന്നും കൊടുക്കേണ്ടതെന്ന് ക്രാന്തദർശിയായ ചാവറയ്ക്കു തോന്നി. താൻ കുട്ടിയായിരുന്നപ്പോൾ അക്ഷരമാല അഭ്യസിക്കുന്നതിനുവേണ്ടി തന്റെ മാതാപിതാക്കൾ സഹിച്ച ബുദ്ധിമുട്ടും കഷ്ടപ്പാടും ചാവറയച്ചന്റെ ഓർമ്മയിൽ ഉണ്ടായിരുന്നു. വലിയ വലിയ റെക്കമെൻറേഷനു ശേഷമാണ് സവർണ്ണ ഹിന്ദുക്കളെ മാത്രം പഠിപ്പിക്കുന്ന കളരിയിൽപോലും ചേരാൻ ചാവറയ്ക്കു ഭാഗ്യമുണ്ടായത്. ഈ ഗതികേടു തന്റെ ഭാവിതലമുറയ്ക്കുണ്ടാകരുതെന്നു കുര്യാക്കോസച്ചനു നിർബന്ധമുണ്ടായിരുന്നു. യാക്കോബായ സമുദായാംഗങ്ങൾപോലും ഇംഗ്ലീഷ് വിദ്യാഭ്യാസം വഴിയായി ഔന്നത്യം പ്രാപിച്ചു വരുമ്പോൾ തെററിദ്ധാരണയുടെ പേരിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രോട്ടസ്റ്റണ്ടു മതപഠനമാണെന്നു പറയുകയും കത്തോലിക്കർക്ക് അതു മുടക്കുകയും ചെയ്ത വരാപ്പുഴയിലെ സഭാധികാരികളെക്കുറിച്ച് ചാവറയ്ക്കു വിഷമം തോന്നിയിരുന്നു.

പ്രൈമറി സ്കൂളുകൾ കഴിഞ്ഞാൽ ഏതു വിഭാഗത്തിനു് ഊന്നൽ കൊടുക്കണമെന്നു ചാവറയച്ചൻ ദീർഘമായി ചിന്തിച്ചു. അക്കാലങ്ങളിലെ ഏററം വലിയ ആവശ്യം നേതാക്കന്മാരെ വളർത്തിയെടുക്കുക എന്നതായിരുന്നു. രാഷ്ട്രീയ പാർട്ടികളും അൽമായ സംഘടനകളും ഇല്ലാതിരുന്ന അക്കാലത്തു് ഇടവകയിലെ വികാരിയായിരുന്നു നേതാവും സാമൂഹ്യ പ്രവർത്തകനും ആലോചകനും മാർഗ്ഗദർശിയും വിധിയാളനും വക്കീലുമെല്ലാം ശരിയായ അറിവുള്ള വൈദികരെ (നേതാക്കന്മാരെ)യാണു കേരള സഭയുടെ ഏററം വലിയ ആവശ്യം എന്നു ചാവറയച്ചൻ മനസ്സിലാക്കി. യുവാക്കളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന ദൈവവിളിയും ഇതിനു് ഒരു പ്രചോദക ഹേതുവായിരുന്നു. താൻ പഠിച്ചു പരിശീലിച്ചു വന്ന മല്പാൻ സെമ്മിനാരികൾ' ഇനി അപ്രസക്തമാണെന്നും വ്യവസ്ഥാപിതമായ സെമ്മിനാരികൾ ഇന്നിന്റെ വലിയ ആവശ്യമാണെന്നും ചാവറയച്ചനു തോന്നി.

## വൈദിക വിദ്യാ മന്ദിരങ്ങൾ

മലബാർ സഭക്കു വന്നു ഭവിച്ചിരിക്കുന്ന കെടുതികൾക്കെല്ലാം കാരണം വൈദികരുടെ കുറവും അവർക്കു ശരിയായ ശിക്ഷണം കിട്ടാത്തതും ദൈവവിജ്ഞാനീയത്തിലും വിശുദ്ധ ഗ്രന്ഥ പരിജ്ഞാനത്തിലുമുള്ള പോരായ്മയുമാണെന്നു ചാവറയച്ചനു നല്ല ബോധ്യമുണ്ടായിരുന്നു. യൂറോപ്പിൽ നല്ല നിലയിൽ സന്ന്യാസസഭകൾ വൈദിക വിദ്യാ മന്ദിരങ്ങൾ നടത്തുന്നതും അതുവഴി ധാരാളം വൈദികരും മിഷനറിമാരും സഭക്കുണ്ടാകുന്നതും ചാവറസ്സറിയാമായിരുന്നു. പുതുതായി സ്ഥാപിച്ച തങ്ങളുടെ സഭയും ഈ വഴിക്കു മുന്നേറണമെന്നു കലശലായ ആഗ്രഹം ജനിച്ചു. പോരാത്തതിൽ പാലയ്ക്കൽ മല്പാനച്ചന്റെ വലിയ ആഗ്രഹവും ഇതുതന്നെയായിരുന്നു. ആശ്രമത്തോടനുബന്ധിച്ചു് സെമിനാരി നടത്തുക അതായിരുന്നു അദ്ദേഹത്തിന്റെ വലിയ സ്വപ്നം!! ഇതിനിടയിൽ അച്ചനോടു കൂടി പഠിക്കുന്നതിനിടയിൽ അതിരമ്പുഴക്കാരൻ ആലഞ്ചേരി എന്നും വല്യപറമ്പിൽ എന്നും രണ്ടു ശമ്മാശന്മാരു് എളപ്പം കൊണ്ടും അച്ചൻ (പാലയ്ക്കൽ മല്പാനച്ചൻ) കൂടെ കൂടെ വന്നു താമസിക്കയിലും അവിടെ പാർത്തു വന്നു. ഇവിടെ അച്ചന്മാരുടെ അഭിപ്രായം രണ്ടായി മല്പാനച്ചനു പഠിത്വവും ശമ്മാശന്മാരും കൂടെ വേണം. അല്ലാഞ്ഞാൽ തുടക്കത്തിൽ ജനങ്ങളുടെ മനസ്സു വീഴവാറും പള്ളിസ്സുടുത്ത ശുശ്രൂഷ ആഘോഷമായി

ചെയ്യുവാനും പാട്ടണ്ടാകയില്ല എന്നതിനാൽ സെമിനാരിയും പഠിത്വവും ഒരു ഭാഗത്തും കൊവേന്ത മറുവശത്തും സെമ്മിനാരിയിൽനിന്നു തന്നെ കൊവേന്തയിൽ പാർപ്പാൻ മനസ്സുള്ളവരുണ്ടാകും. അങ്ങിനെ ആകയത്രെ വേണ്ടിയതു ഈ ദിക്കിലെ മുറസ്സും അല്ലാഞ്ഞാൽ നടക്കുന്നതിനു പ്രയാസമെന്നും— പോരുക്കരെയച്ചൻെറ അഭിപ്രായമായതു സെമിനാരിയിട്ടു പഠിപ്പിച്ചുവന്ന സ്ഥലങ്ങൾ മിക്കതും കാലനീളിപ്പിൽ നശിച്ചു വീണത്രെ കണ്ടുവരുന്നതു്. ഈ വകക്കാരെ ചൊവ്വെ ഒരുക്കി കൊൾവാൻ ഇതുവരെ കണ്ടു വരുന്നതിനാൽ പ്രയാസം. ആസ്ഥ വച്ചു കൊവേന്ത എന്ന ലാക്കു വച്ചതിനാൽ ദൈവശരണമല്ലാതെ മാനുഷശരണവും നഷ്ടവും നോക്കുന്നതു ഇതിനുനേരെ വിഘ്നം തന്നെ എന്നും ഇങ്ങനെ രണ്ടഭിപ്രായം ഭോഷനായ എനിക്കു് രണ്ടും സന്തോഷം ഒരുപോലെ തോന്നിയിരുന്നു. പൊരുക്കരെ അച്ചൻെറ അഭിപ്രായത്തിനു് ഉള്ളിൽ സന്തോഷം അച്ചൻെറ അഭിപ്രായത്തിനു് ഉള്ളിൽ സന്തോഷക്കേടുമില്ല. പുറമെ സന്തോഷംതന്നെയായിരുന്നു. എങ്കിലും അച്ചൻെറ അഭിപ്രായത്തിനും മനസ്സിനും ചേർന്നു നടക്കണമെന്നുവച്ചു പൊരുക്കരെയച്ചൻ അദ്ദേഹത്തിൻെറ മല്പാനച്ചനെക്കായിൽ ഇദ്ദേഹത്തെ സ്നേഹിച്ചു ചേർത്തിരിക്കയാൽ അച്ചൻെറ മനസ്സുപോലെയെന്നും കീഴ്പ്പെടിഞ്ഞു. അയതിനാൽ ഈ ശമ്മാശന്മാരും മാന്നാനത്തുതന്നെ പാർത്തു വരികയും ചെയ്തു. പിന്നീട്ടു വടക്കോട്ടുള്ള മുറിയും മുഖവാരം മുതൽ ഹൈക്കലൊകടെ ചുമരു രണ്ടുകൂടെ പണിതു. ഒരു പ്രകാരം താഴത്തെ മുറിയിൽ പാർപ്പാറായി! (നാളാഗമം)

പാലയ്ക്കൽ മല്പാനച്ചനു്, മല്പാൻ സെമിനാരിയുടെ ആശയമാണുണ്ടായിരുന്നതു്. ഈ ആശയത്തെയാണു പൊരുക്കരെയച്ചൻ വേണ്ടന്നു പറയുന്നതു്. അക്കാലങ്ങളിൽ പല മല്പാൻ സെമിനാരികളും നാമാവശേഷമായിക്കൊണ്ടിരിക്കുകയായിരുന്നു. 'മല്പാൻ സെമിനാരിതന്നെ നടത്തിക്കൊണ്ടു പോകാൻ സുഖമില്ലാത്ത പാലയ്ക്കലച്ചൻ ബുദ്ധിമുട്ടുന്നതു അവർക്കു അറിയാമായിരുന്നു. പക്ഷെ വളരെ വിശാലമായ വ്യവസ്ഥാപിത സെമിനാരി വേണമെന്നായിരുന്നു ചാവറയച്ചൻെറ ആഗ്രഹം ഇതു പിതാക്കന്മാരുടെ മുമ്പിൽ അവതരിപ്പിച്ചു എതിർപ്പു് വാങ്ങേണ്ട എന്നും ചാവറ മനസ്സിൽ കണ്ടിരുന്നു.

അങ്ങിനെ രണ്ടു ശമ്മാശ്ശന്മാരോടുകൂടി തുടങ്ങിയ മാന്നാനം സെമിനാരിയാണ് ചാവറയച്ചൻെറ അത്യദ്ധ്വാനത്താൽ സുറിയാനിക്കാരുടെ കേരളത്തിലെ ഒന്നാം കിട സെമിനാരിയായി ത്തീർന്നതു്. 1833-ൽ തന്നെ സെമിനാരി കെട്ടിടത്തിൻെറ പണിതുടങ്ങി. പലകാലം കൊണ്ടു് വളരെയേറെ പരിശ്രമിക്കു

കയും സംഭാവന സ്വീകരിക്കുകയും ചെയ്തു്–200–അടി നീള ത്തിൽ മൂന്നു നിലയായിട്ടാണു് സെമിനാരി തീർത്തതു്. ആദ്യ കാലവിദ്യാർത്ഥികൾ–കൈപ്പുഴക്കാർ, മലമേൽ, പഴക്കാപ്പൂതം എന്നിവരും–ചേന്നങ്കരിക്കാരായ പടവുപുര, വല്യാറ, കല്ലു ക്കാട്ടു്, കല്ലൂത്ര എന്നിവരുമായിരുന്നു.

ശമ്മാശന്മാരുടെ എണ്ണം കൂടിയപ്പോൾ സന്ന്യാസജീവിത ത്തിനു താല്പര്യപ്പെടുന്നവർക്കു് പ്രത്യേക ദിനചര്യവേണം എന്നു മനസ്സിലാക്കി സന്ന്യാസാർത്ഥികളെ മുകളിലത്തെ നില യിലും മറ്റുള്ളവരെ താഴത്തെ നിലയിലും, ഒരു ജ്ഞാനധ്യാ നത്തിനു ശേഷം പോരുക്കരെയച്ചൻ താമസിപ്പിക്കുന്നുണ്ടു്. താ ഴത്തു പാർത്തിരുന്ന കുടക്കച്ചിറ അന്തോനി ശമ്മാശനു് ഇതൊ രപമാനമായി തോന്നി, പാലയ്ക്കൽ മല്പാനച്ചനെ സങ്കടം ബോധിപ്പിക്കുകയും അതു തീർത്തു കൊടുക്കുവാൻ ചാവറയ ച്ചനെ ചുമതലപ്പെടുത്തുകയും ചെയ്യുന്നുണ്ടു്. ശമ്മാശന്മാരുടെ ഇടയിൽ കുത്തിതിരിവുണ്ടാക്കി വിമർശന ബുദ്ധിയായി നടന്ന കുടക്കച്ചിറ ശമ്മാശൻ മാന്നാനത്തു നിന്നും സ്വയം പിരിഞ്ഞു പോയതോടെ ഈ പ്രശ്നം അവിടെ അവസാ നിക്കുകയും ചെയ്തു.

1841–ൽ പാലയ്ക്കലച്ചൻ മരിക്കുകയും 1844–ൽ ചാവറ യച്ചനെ മല്പാനായി നിയമിക്കുകയും ചെയ്തതോടുകൂടി സെമി നാരിയുടെ ഒരു പുതിയ വസന്തം ആരംഭിക്കുകയായിരുന്നു. ചാവറയച്ചനെ മല്പാനായി നിയമിക്കുന്ന ഫ്രാൻസീസ് സേ വ്യർ മെത്രാന്റെ നിയമന ഉത്തരവു് ഇവിടെ പകർത്തുന്നതു് സമുചിതമായിരിക്കുമല്ലോ. 1831–ൽ തൈറിദ്ധരിച്ചു്, കൊ വേന്തപ്പണി മതിയാക്കി തെക്കൻ പള്ളിപ്പുറം വികാരിയാക്കി അയച്ച ഫ്രാൻസീസ് സേവ്യർ മെത്രാൻ ആ നിലയിൽ നിന്നും എന്തുമാത്രം മാറിയെന്നും സത്യം ഗ്രഹിച്ചു കഴിഞ്ഞ പ്പോൾ ചാവറയച്ചനെ എങ്ങിനെ ബഹുമാനിച്ചു എന്നും ഈ കത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണു്.

''ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അനുഗ്ര ഹത്താലും സാർഡിയായുടെ മെത്രാപ്പോലീത്തായും മലബാ റിന്റെ വികാരി അപ്പസ്തോലിക്ക നിഷ്പാദുക കർമ്മലീത്താ സഭാംഗവുമായ വി. അന്നായുടെ ഫ്രാൻസീസ് സേവ്യർ, ചേന്നങ്കരി ഇടവകക്കാരനായ ചാവറ കുരിയാക്കോസ് കത്ത നാർക്കു് സ്വസ്ഥിയും സമാധാനവും.

താങ്കളെ നമ്മുടെ സുറിയാനി വികാരിയാത്തിലുള്ള സുറി യാനിക്കാരായ സകലവൈദികരുടെയും പരീക്ഷകനായും സർവ്വ

വൈദികശാസ്ത്രങ്ങളുടെയും മല്പാനായും നിയമിച്ചാക്കുന്നതിന്ന് നിങ്ങളുടെ സദ്ഗുണങ്ങളും കർമ്മകുശലതയും നമ്മെ പ്രേരിപ്പിക്കുന്നു. മുറപ്രകാരം പട്ടം സ്വീകരിക്കുന്നതിന്ന് അർത്ഥികളെ അനുവദിക്കുന്നതിനു മാത്രമല്ല, കുമ്പസാരവും പ്രസംഗവും നടത്തുന്നതിന്ന് പട്ടക്കാർക്ക് അനുമതി നല്കുന്നതിനും ഈ അധികാരപത്രത്താൽ നിങ്ങളെ നാം ചുമതലപ്പെടുത്തുന്നു. ആകയാൽ ഈ കല്പനയുടെ പരിധിയിൽപെടുന്ന എല്ലാവരും മേല്പറഞ്ഞ മല്പാൻേറയും പരീക്ഷകൻേറയും സ്ഥാനത്തിലും ഉദ്യോഗത്തിലും നിങ്ങളെ സ്വീകരിച്ച് അനുസരിക്കണമെന്നു ഞാൻ ആജ്ഞാപിക്കുന്നു.

1844–ാം കാലം ഫെബ്രുവരി മാസം 16–ാം തീയതി നമ്മുടെ ഔദ്യോഗിക ഒപ്പും മുദ്രയുംവച്ച് വരാപ്പുഴനിന്നും കൊടുത്തത്.

ഫാദർ ഫ്രാൻസീസ് സേവ്യർ മെത്രാപ്പോലീത്താ

ഫാദർ മിഗുയേൽ കൊറെയ – സെക്രട്ടറി.

പള്ളിപ്പുറത്തു പാലയ്ക്കൽ മല്പാനച്ചൻ ചരമം പ്രാപിക്കുകയും 1845–ഓടുകൂടി പോരൂക്കര മല്പാനച്ചൻ അവശനാകുകയും ചെയ്തപ്പോഠം ചാവറമല്പാൻ തൻെറ മനസ്സിലെ എല്ലാ സ്വപ്നങ്ങളും സെമിനാരിയുടെ കാര്യത്തിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചു. ആദ്യമായി ഇതിനാവശ്യം വിശാലമായ കെട്ടിടം തന്നെയായിരുന്നു. ക്ലാസുമുറികളും – ലൈബ്രറിയും ശയനമുറികളും വിശ്രമമുറികളും ഊണുമുറികളുമെല്ലാം ഒരു സെമിനാരിക്ക് അത്യന്താപേക്ഷിതമാണല്ലോ. ഇതിനുവേണ്ടി വലിയ കെട്ടിടംപണി അദ്ദേഹത്തിനൊരു ഭാരം തന്നെയായിരുന്നു. കേരളത്തിൻെറ വിവിധ ഭാഗങ്ങളിലേക്ക് ഈ കാര്യത്തിനായി ചാവറയുടെ സഹപ്രവർത്തകർ യാത്രയായി. ധ്യാനങ്ങളും പ്രസംഗങ്ങളുംവഴി മാന്നാനത്തെ വൈദികരെക്കുറിച്ച് ജനങ്ങഠംക്കിടയിൽ നല്ല മതിപ്പായിരുന്നു. മൂന്നുനിലയിൽ തീർത്ത 200 അടിയിൽപരം നീളം വരുന്ന കെട്ടിടം. അന്നു തിരുവിതാംകൂറിലെതന്നെ വലിയ കെട്ടിടങ്ങളിൽ ഒന്നായിരുന്നു. ഒരുകാലത്ത് 200–ൽ കൂടുതൽ വൈദികവിദ്യാർത്ഥികഠം ഇതിൽ താമസിച്ച് പഠിച്ചിരുന്നു. യൂറോപ്പിലുള്ള പ്രശസ്തമായ സെമിനാരികളെ അനുകരിച്ച് കിട്ടാവുന്ന പുസ്തകങ്ങളും കയ്യെഴുത്തുഗ്രന്ഥങ്ങളും ശേഖരിച്ചു; വിശാലമായ ലൈബ്രറിയും ഓരോ വിഷയത്തിനും പ്രത്യേകം പ്രത്യേകം പ്രൊഫസർമാരും നിയതവും നിഷ്കർഷവുമായ സമയക്രമവും എല്ലാം എല്ലാം ചാവറയച്ചൻെറ സെമിനാരിയെക്കുറിച്ചുള്ള സ്വപ്ന

സാക്ഷാത്ക്കാരമായിരുന്നു. പല വിഷയങ്ങളും പഠിപ്പിക്കാൻ മൂപ്പച്ചന്മാരും സഹായിച്ചിരുന്നു.

സുറിയാനിക്കാർക്കു വേറെങ്ങും സെമിനാരിയില്ലാതിരുന്നതുകൊണ്ടും, വദ്ധിച്ചുവരുന്ന ദൈവവിളിയെ പ്രോത്സാഹിപ്പിക്കുവാനുമായും വാഴക്കുളം ആശ്രമത്തോടുചേർന്ന് 1866ലും, 1868–ൽ എൽത്തുരുത്തിലും, 1872–ൽ പുളിങ്കുന്നിലും (ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ചാവറയച്ചന്റെ ജീവിതകാലത്തുതന്നെ തുടങ്ങിയതാണ്) ഓരോ സെമിനാരികൾകൂടി ആരംഭിക്കുകയുണ്ടായി. എല്ലാററിന്റേയും പൊതുമല്ലാൻ (Rector) ചാവറയച്ചൻ തന്നെയായിരുന്നു. 1866–ൽ പുത്തൻപള്ളി സെമിനാരി ആരംഭിച്ചെങ്കിലും 1894 വരെ സുറിയാനിക്കാരുടെ പ്രിയപ്പെട്ട സെമിനാരി മാന്നാനം തന്നെയായിരുന്നു.

സെമിനാരി പ്രസ്ഥാനത്തിലേക്കു വാ. ചാവറയച്ചൻ കൈവച്ചുന്നതു് വലിയ ഒരുദ്ദേശത്തോടുകൂടിയായിരുന്നല്ലോ. സാധാരണ ജനങ്ങളെ നയിക്കാൻ നല്ല അറിവും വിവേകവും വിശുദ്ധിയുമുള്ള വൈദികൻ ഉണ്ടാവണമെന്നതായിരുന്നു ഒന്നാമത്തെ ലക്ഷ്യം. പ്രസംഗകലയിലോ – നേതൃത്വനിരയിലോ മാത്രം അവർ മിടുക്കരായാൽ പോരാ, യഥാർത്ഥ ജീവിതത്തിൽ ദൈവചൈതന്യം പരത്തിക്കൊണ്ട് ദൈവജനത്തിനു മാതൃകയാകണമെന്നായിരുന്നു ചാവറയുടെ ആഗ്രഹം. ഇതിനു പററിയ പരിശീലനമാണ് ചാവറയച്ചൻ തന്റെ സെമിനാരികളിൽ നല്കിയിരുന്നതു്.

സെമിനാരിയെക്കുറിച്ചുള്ള ഈ ലേഖനഭാഗം അവസാനിപ്പിക്കുന്നതിനു മുൻപായി ചാവറയുടെ പിൻഗാമികൾ ഇന്ന് എന്തുചെയ്യുന്നു എന്നുകൂടി ചിന്തിക്കുന്നതു നല്ലതാണല്ലോ. സുറിയാനിക്കാർക്കു മാത്രമായി – പുത്തൻപള്ളി സെമിനാരി ആരംഭിക്കുകയും കേരളത്തിൽ സ്വജാതി മെത്രാന്മാരുടെതായി പല രൂപതകൾ ഉടലെടുക്കുകയും ചെയ്യപ്പോൾ സ്വാഭാവികമായി രൂപതാധികാരികൾ അവരുടെ വൈദിക വിദ്യാർത്ഥികളെ പുത്തൻപള്ളി സെമിനാരിയിൽതന്നെ അയക്കാൻ നിർബന്ധം കാണിച്ചു. ക്രമേണ മാന്നാനം സെമിനാരി കർമ്മലീത്താവൈദിക വിദ്യാർത്ഥികളുടെമാത്രം സെമിനാരിയായിത്തീർന്നു. മാന്നാനത്തു സെമിനാരിക്കുള്ള സൗകര്യങ്ങൾ കുറവാണെന്നു തോന്നിയപ്പോൾ മാന്നാനം സെമിനാരി ചങ്ങനാശ്ശേരിയിലെ ചെത്തിപ്പുഴക്കു മാററി. ഇതേക്കുറിച്ച് ചരിത്രകാരനായ ബർണാദച്ചൻ എഴുതിയിരിക്കുന്നതു് ഇവിടെ പകർത്തട്ടെ.

1888 ഡിസംബർ മാസത്തോടെ സെമിനാരി സംബന്ധിച്ച് വലുതായ ചില മാററങ്ങൾ പുതിയ മെത്രാന്മാർ ചെയ്തു. അന്നുവരെ സെമിനാരിയിൽ ശമ്മാശ്ശന്മാരും പൈതങ്ങളും ഒന്നായിട്ടാണ് വളർത്തപ്പെട്ടിരുന്നത്. എന്നാൽ ഇവർ പൈതങ്ങളെ ശമ്മാശ്ശന്മാരിൽനിന്നും വേർപെടുത്തുകയും പൈതങ്ങൾക്കുണ്ടായിരുന്ന നീലയങ്കി എന്ന വസ്ത്രംമാററി മുണ്ടും കോട്ടും മാത്രം മതിയെന്ന് ഏർപ്പാടു ചെയ്യുകയും ചെയ്തു. ഇതിനുംപുറമേ ഡിസംബർ മാസത്തിൽ എല്ലാവരെയും ആശ്വാസത്തിനായി വീടുകളിലേക്കു വിടുകയും ചെയ്തു. ഈ ഏർപ്പാടു നിമിത്തം അരണാട്ടുകര സെമിനാരി ഒരു സ്കൂളായി മാററപ്പെട്ടു. ശമ്മാശ്ശന്മാർ എല്ലാവരും തൃശ്ശിവപേരൂർ പുതുതായി ഏർപ്പെടുത്തിയിരുന്ന **St. Thomas High School**-ൽ ചെന്നു ചേരാൻ മെഡ്‌ലിക്കോട്ട് മെത്രാനച്ചൻ കല്പന കൊടുക്കുകയും ചെയ്തു. വീടുകളിലേക്കു സെമിനാരിക്കാരെ അയക്കുന്ന പതിവ് ഇതിനുമുൻപ് ഉണ്ടായിരുന്നില്ല. അന്നുമുതൽ ആണ്ടുതോറും മധ്യവേനലവധിക്കാലത്ത് ആശ്വാസത്തിനായി പോകുന്ന നടപ്പുണ്ടായി. മാന്നാനത്തു സെമിനാരി ഉടനെ നിർത്തലാക്കിയില്ല. ശമ്മാശ്ശന്മാർ സെമിനാരിയുടെ രണ്ടാം നിലയിലും പൈതങ്ങൾ മൂന്നാംനിലയിലും താമസിക്കാൻ ഏർപ്പാടുചെയ്തു. മാന്നാനം സെമിനാരി 1894-ൽ നിറുത്തുകയും ശമ്മാശന്മാർ എല്ലാവരും കല്പനപ്രകാരം ചങ്ങനാശ്ശേരിയിൽ (ചെത്തിപ്പുഴ) ചേർന്നു താമസിക്കുകയും ഉണ്ടായി.

വാഴക്കുളത്തു സെമിനാരിയിൽ നിന്ന് 1888-ൽ ലവീഞ്ഞു മെത്രാനച്ചൻ ഏതാനും ശമ്മാശന്മാരെ മാന്നാനത്തേയ്ക്കു വിളിപ്പിക്കുകയും ശീശ്മയിൽ നിന്നു തിരിഞ്ഞുവന്നവരെ അതിനു പകരം വാഴക്കുളത്തേയ്ക്ക് അയയ്ക്കുകയും ചെയ്തു. ലവീഞ്ഞു മെത്രാനച്ചൻ വരുന്നതിനു മുൻപ് പ്രായംചെന്ന ശമ്മാശന്മാർ പുത്തൻപള്ളി സെമിനാരിയിലേയ്ക്കു പോയിരുന്നു. ഇങ്ങനെ വാഴക്കുളത്ത് ശമ്മാശന്മാർ ചുരുങ്ങിവന്ന കാലത്താണ് മാന്നാനത്തേയ്ക്കു ചിലരെ ലവീഞ്ഞു മെത്രാനച്ചൻ വിളിപ്പിച്ചത്. കടശി 1890 ജനവരി മാസത്തിൽ വാഴക്കുളത്തുള്ള സെമിനാരി നിറുത്തലാക്കുകയും ശമ്മാശന്മാരെ മുത്തോലിയിലെ ബംഗ്ലാവിലേയ്ക്കു മാററുകയും 1891-ൽ മുത്തോലിയിൽ നിന്ന് ടി ശമ്മാശന്മാരെ മാന്നാനത്തേയ്ക്കു വിളിക്കുകയും ചെയ്തു. (സഭാചരിത്രം P. 348-349)

പുത്തൻപള്ളി സെമിനാരി 1932-ൽ നിറുത്തലാക്കുകയും സുറിയാനിക്കാർക്കായി മംഗലപ്പുഴ കുന്നിൽ പുതിയ സെമിനാരി ആരംഭിക്കുകയും ചെയ്തു. മംഗലപ്പുഴയിൽ ശമ്മാശ

ന്മാരുടെ എണ്ണം കൂടിയപ്പോൾ ഫിലോസഫിക്കാർക്കായി കർമ്മലഗിരിയിൽ പുതിയ സെമിനാരി 1955-ൽ ആരംഭിച്ചു.

1962 തന്നെ വടവാതൂരിൽ സുറിയാനിക്കാർക്കായി ഒരു പുതിയ സെമിനാരി ആരംഭിച്ചിരുന്നു.

ചെത്തിപ്പുഴയിൽ തുടങ്ങിയ സി. എം. ഐ. ക്കാരുടെ സെമിനാരി 1956 വരെ തുടരുകയും പിന്നീടതു് ബാംഗ്ലൂർ ധർമ്മാരാമിലേയ്ക്കു മാററുകയും ചെയ്തു. ഈ ധർമ്മാരാം കോളേജാണ് ഇന്നു ധർമ്മാരാം വിദ്യാക്ഷേത്രമായി ഉയർത്തിയിരിക്കുന്നതു്. ഇന്ന് ഇൻഡ്യയിലെ തന്നെ ഉന്നത നിലവാരമുള്ള ഒരു സെമിനാരിയായി ഇതു വളർന്നുകഴിഞ്ഞു. സി. എം. ഐ. സന്ന്യാസസഭയിലെ ശെമ്മാശന്മാരെ മാത്രമല്ല മററു സന്ന്യാസസഭകളിൽ നിന്നും രൂപതകളിൽ നിന്നും വൈദിക വിദ്യാർത്ഥികളും വൈദികരും ഇവിടെ ദൈവശാസ്ത്രവും തത്വശാസ്ത്രവും പഠിക്കുന്നു. ഫിലോസഫിയിലും തിയോളജിയിലും ഇന്ന് Doctorate (Phd.) യ്ക്കു പഠിക്കാനുള്ള സൗകര്യവും ഈ സെമിനാരിയിലുണ്ട്. അനേകം സന്ന്യാസസഭകളിൽ നിന്നു സന്ന്യാസിനിമാരും ഇവിടെ പഠിക്കുന്നുണ്ട്. ഇൻഡ്യയിലെ തന്നെ സെമിനാരികളിൽ ശെമ്മാശന്മാരോടൊപ്പം പഠിക്കുവാൻ സന്ന്യാസിനിമാരെ അനുവദിച്ച ആദ്യസെമിനാരിയും ധർമ്മാരാം-വിദ്യാക്ഷേത്രം തന്നെയാണ്. മിഷനുവേണ്ടി ഓഫ്ററു ചെയ്ത ശെമ്മാശന്മാരെ പ്രത്യേകം പരിശീലിപ്പിക്കുവാൻ മധ്യപ്രദേശിൽ വാദ്ധാ എന്ന സ്ഥലത്തു് ഒരു ഫിലോസോഫിക്കൽ കോളേജും സി. എം. ഐ. സഭ നടത്തുന്നുണ്ട്. ഇതും ഭാവിയിൽ ദൈവവിജ്ഞാനീയ പഠന സൗകര്യങ്ങളോടുകൂടിയ ഒന്നാംകിട സെമിനാരിയാകുമെന്നു് നമുക്കു പ്രതീക്ഷിക്കാം.

അങ്ങനെ ചാവറയച്ചൻെറ സെമിനാരി സ്വപ്നം അദ്ദേഹത്തിൻെറ പിൻതലമുറക്കാർ കാലത്തിൻെറ ഗതിയും ആവശ്യവും മനസ്സിലാക്കി സാക്ഷാത്ക്കരിച്ചുകൊണ്ടിരിക്കുകയാണ്.

## സ്ക്കൂളുകളും കോളേജുകളും

സെമിനാരിയുടെ പണിയും അതിൻെറ നടത്തിപ്പും ഏതാണ്ടൊക്കെ ഒന്നു സുഗമമായപ്പോൾ ചാവറയച്ചൻെറ മനസ്സിലെ രണ്ടാമത്തെ സ്വപ്നത്തിൻെറ സാക്ഷാത്ക്കാരത്തിനായി അദ്ദേഹം പരിശ്രമിക്കുവാൻ തുടങ്ങി. ജനങ്ങൾക്ക് അക്ഷരാഭ്യാസവും ഉന്നതവിദ്യാഭ്യാസവും കൊടുക്കുക, മാന്നാനം പോലുള്ള ആശ്രമം-കേവലം പ്രൈമറി തലത്തിലുള്ള വിദ്യാഭ്യാസ സൗകര്യം കൊടുത്താൽ പോരാ: ജനങ്ങൾക്ക് ഉദ്യോഗതല

ത്തിൽ മുന്നേറുവാൻ തക്ക ഉന്നതവിദ്യാഭ്യാസം നൽകണമെന്നതന്നെയായിരുന്നു ചാവറയച്ചൻെറ ആഗ്രഹം. ഇതിനു് ഇംഗ്ലീഷ് സ്കൂളുകളും കോളേജുകളും അത്യന്താപേക്ഷിതമായിരുന്നു. പ്രോട്ടസ്റ്റൻറു മിഷനറിമാർ അവിടെ ഇവിടെയായി ഇംഗ്ലീഷ് സ്കൂളുകാം ആരംഭിച്ചിരുന്നു. പക്ഷേ, അന്നത്തെ വലിയ തെററിദ്ധാരണ ഈവക ഇംഗ്ലീഷ് സ്ക്കൂളുകാം പ്രൊട്ടസ്റ്റൻറു മതം പ്രചരിപ്പിക്കുന്നവയാണെന്നും അതിൽ ചേന്നാൽ നമ്മുടെ കത്തോലിക്കാകുട്ടികളുടെ വിശ്വാസം തെററിപ്പോകുമെന്നുമായിരുന്നു. അതുകൊണ്ടു് കർശനമായ കല്പനയാൽ ഇപ്രകാരമുള്ള സ്കൂളുകളിൽ ചേരാൻ പാടില്ലെന്നു മുടക്കിയിരുന്നു.

ഈ ഊരാക്കുടുക്കിൽ നിന്നും എങ്ങിനെ മോചനം നേടാം എന്നു ചിന്തിക്കാൻ തുടങ്ങി ചാവറയച്ചൻ. ഇംഗ്ലീഷ് വിദ്യാഭ്യാസം മാററിനിർത്തിയാൽ പിന്നെ അന്നത്തെ ഉന്നത വിദ്യാഭ്യാസം സംസ്കൃതമായിരുന്നു. ഇൻഡ്യയിലെ ക്ലാസിക്കു് ഗ്രന്ഥങ്ങളെല്ലാം വിരചിതമായിട്ടുള്ളതു സംസ്കൃതത്തിലായിരുന്നു. അതൊക്കെ വായിച്ചു മനസിലാക്കണമെങ്കിൽ തന്നെ സംസ്കൃതവിദ്യാഭ്യാസം അത്യന്താപേക്ഷിതമായിരുന്നു.

## മാന്നാനത്തെ സംസ്കൃതസ്ക്കൂൾ

മുകളിൽ കണ്ടതുപോലെ ആശ്രമപ്പണിയും സെമിനാരി പണിയും നടന്നുകൊണ്ടിരിക്കവേതന്നെ സംസ്കൃത സ്കൂളിൻെറ പണിയും ചാവറയച്ചൻ നടത്തിത്തുടങ്ങി. 1846-ൽ സ്കൂം പണി ഏതാണ്ടൊക്കെ പൂർത്തിയായി. ഇനി സ്കൂളിൽ പഠിപ്പിക്കുവാൻ സമർത്ഥരായ അദ്ധ്യാപകർ വേണം. ചാവറയച്ചൻെറ വീക്ഷണത്തിൽ ഇതിനായി തിരുവിതാംകൂർ പ്രദേശത്തു നിന്നു് ആരേയും കിട്ടുക വളരെ പ്രയാസമായിരുന്നു. അന്നത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങാം (സക്കാരിൻേറതുപ്പടെ) നടത്തിക്കൊണ്ടുപോകുന്നതു് സവർണ്ണ ഹിന്ദുക്കളും. പഠിതാക്കാം മുഴുവനുംതന്നെ ഈ സമുദായത്തിൽ പെട്ടവരുമായിരുന്നു, അങ്ങിനെയിരിക്കെ ബ്രാഹ്മണക്കുമാത്രം പറഞ്ഞിരിക്കുന്ന സംസ്കൃത ഭാഷാഭ്യസനം ഒരു നസ്രാണി നടത്തുന്നതും അവരുടെ മേൽനോട്ടത്തിലുള്ള സ്കൂളിൽ പഠിപ്പിക്കുന്നതും മ്ലേഛമായി അവർ കരുതിയതിൽ തെററില്ലല്ലോ.

ഒരു കാര്യം തുടങ്ങണമെന്നു വിചാരിച്ചാൽ പ്രയാസങ്ങാം കണ്ടു് ഇട്ടെറിഞ്ഞുപോകുന്നതോ പിൻതിരിയുന്നതോ ചാവറയുടെ സ്വഭാവത്തിലില്ലായിരുന്നു. സംസ്കൃതസ്കൂളിൽ പഠിപ്പിക്കുവാൻ അദ്ധ്യാപകരെ കണ്ടെത്താൻ കൊച്ചി പ്രദേ

ശത്തേക്കാണ് ചാവറയച്ചൻ നോട്ടമിട്ടത്. പാറപ്പുറത്തു വർക്കിയച്ചന്റെ ഡയറിയിൽ ഇതേക്കുറിച്ച് എഴുതിയിരിക്കുന്നതു കാണുക 'ഈ സമയം ഒപ്പിച്ച് മാന്നാനം ആശ്രമത്തോടു ചേർന്ന് ഒരു സംസ്കൃതസ്കൂളും' സ്ഥാപിച്ചിട്ടുണ്ടായിരുന്നു. അതിൽ ഈ ആശ്രമത്തിൽ ചേർന്ന വൈദികരും സമീപെയുള്ള സ്ഥലങ്ങളിൽ നിന്ന് കുട്ടികളും ചേർന്നു പഠിച്ചിരുന്നു. ഇതിന്റെ നടത്തിപ്പിനായി തൃശൂർ നിന്ന് വാര്യരു ജാതിയിൽ ചേർന്ന ഒരു വാദ്ധ്യാരെ വരുത്തിയിരുന്നു. ഇയാാം മലയാള ഭാഷയിലും സംസ്കൃത ഭാഷയിലും വളരെ സമർത്ഥനായിരുന്നു!!

ഒരു ജാതിക്കാരനേയും സ്കൂളിൽ നിന്നും മാററിനിറുത്തിയിരുന്നില്ല. താഴ്ന്ന ജാതിക്കാരും അധഃകൃതരും ഒരു പക്ഷെ ഈ സ്കൂളിൽ പഠിച്ചിരിക്കാം ; അദ്ധ്യാപകനായ വാര്യർ തീണ്ടലിന്റെ പേരിൽ പ്രതിഷേധം കാണിച്ചില്ലങ്കിൽ. എത്ര നാാം ഈ സംസ്കൃത സ്ക്കൂാം നിലനിന്നു എന്ന് തീച്ചയില്ല. 1887–ലാണ് മാന്നാനത്തു ഇംഗ്ലീഷ് ഹൈസ്ക്കൂാം വരുന്നതു്. അതുവരേയും ഇതു നിലനിന്നിരുന്നു എന്നു വിചാരിക്കണം.

## അംശം മുടക്കിയും സ്ക്കൂൾ പണിയിപ്പിക്കുന്നു

1860നു ശേഷം നിഷ്ണായകമായ റോക്കോസ് ശീശ്മയുടെ സമയത്തു് സുറിയാനിക്കാരെ പിടിച്ചുനിറുത്തുവാൻ മററു പോംവഴിയൊന്നുമില്ലാതെ വന്നപ്പോാം ചാവറയച്ചനെ സുറിയാനിക്കാരുടെ വികാരിജനറാാം ആക്കി ബര്ണ്ണദിനോസ് മെത്രാപ്പോലീത്താ നിയമിക്കുന്നുണ്ട്. നല്ല നല്ല കാര്യങ്ങാം ചെയ്യാൻ സുറിയാനിപ്പള്ളിക്കാരെ പ്രേരിപ്പിക്കാൻ തികച്ചും ഈ അവസരം ചാവറയച്ചൻ വിനിയോഗിച്ചു. അക്ഷരമാല അഭ്യസിപ്പിക്കുന്നതിനുള്ള കുടിപ്പള്ളിക്കൂടങ്ങാം പോലുമില്ലാത്ത പള്ളികാം നിരവധിയുണ്ടായിരുന്നു. കുട്ടികാം അക്ഷരം അഭ്യസിക്കാത്തതു് ഒരു വലിയ പോരായ്കയായി ചില വികാരിമാർ കണക്കാക്കിയിരുന്നില്ല. ഒരു ചെറിയ പേടിപ്പെടുത്തലോടുകൂടി ഒരു സക്കുലർ വികാരി ജനറൽ എന്ന നിലയിൽ സുറിയാനിപ്പള്ളികാംക്ക് അയച്ചു. വികാരിമാർ പള്ളിയോടനുബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ഒരു സ്ക്കൂാം സ്ഥാപിക്കുന്നില്ലെങ്കിൽ അങ്ങനെയുള്ള

വൈദികരെല്ലാം അംശമുടക്കിൽ (വൈദിക ശുശ്രൂഷ ചെയ്യുന്നതിൽ നിന്നുള്ള വിലക്ക്) പെടുമെന്നായിരുന്നു ധീരമായ ആ കല്പന. ഈ സർക്കുലർ അതിന്റെ ഗൗരവത്തിൽ തന്നെ വൈദികർ കൈക്കൊണ്ടു, ഓരോ പള്ളിയോടും അനുബന്ധിച്ച് ഓരോ സ്കൂളും താമസിയാതെ ഉയർന്നുവന്നു. അതിൽ ജാതി മത വർഗ്ഗ ചിന്തയൊന്നുമില്ലായിരുന്നു. 'പള്ളിക്കൂടം' എന്ന വാക്കുതന്നെ ഇങ്ങനെ ഉണ്ടായതല്ലേ എന്നു സംശയിക്കണം. ഏതായാലും തിരുവിതാംകൂറിലും കൊച്ചിയിലും പുരാതനമായ പള്ളികളോടെല്ലാം അനുബന്ധിച്ച് സ്കൂളുകൾ ഉണ്ട് എന്നുള്ളതു് ഒരു പച്ചപരമാർത്ഥമാണ്.

ഇങ്ങനെ ചാവറ കൊളുത്തിക്കൊടുത്ത ആ വിദ്യാദാന വിളക്കിൽനിന്നു കൊളുത്തി കൊളുത്തി കൊടുക്കുക തങ്ങളുടെ ഒരു കടമയായി സഭാംഗങ്ങൾ കണക്കാക്കുന്നു. ഇന്നു കത്തോലിക്കാ സമുദായം – പ്രത്യേകിച്ചും സുറിയാനി സമുദായം വിദ്യാദാന മേഖലയിൽ മുന്നിട്ടു നിൽക്കുന്നുണ്ടെങ്കിൽ, സമുദായാംഗങ്ങൾ ശൂന്യതയിൽനിന്ന് ഉയർന്ന് വിദ്യാഭ്യാസത്തിൽ ഒന്നര നൂററാണ്ടുകൊണ്ട് ഉന്നതി പ്രാപിച്ചിട്ടുണ്ടെങ്കിൽ അതിന്റെ സകല ക്രെഡിററും ക്രാന്ത ദർശിയായ ചാവറയച്ചനു നാം കൊടുക്കേണ്ടിവരും. നിരക്ഷരത മാററാൻ രാഷ്ട്രീയ രീതിയിൽ പരിശ്രമിക്കുകയും വളരെയേറെ പണം ചിലവഴിക്കുകയും ചെയ്യുന്ന ഗവൺമെൻറ് ഇന്നു കത്തോലിക്കാ വിദ്യാഭ്യാസ ഏജൻസികളെ ശ്വാസം മുട്ടിച്ചു കൊല്ലാൻ പരിശ്രമിക്കുകയും അവരുടെ എല്ലാ പരിശ്രമങ്ങളിലും 'വഴിമുടക്ക്' നടത്തുകയും ചെയ്യാതിരുന്നെങ്കിൽ എത്രയോ സ്കൂളുകളും കോളേജുകളും നമ്മുടെ നാട്ടിൽ ഉയർന്നു വരുമായിരുന്നു. ഇതിനുവേണ്ടി പണം പിരിക്കാനും തങ്ങളുടെ വിയർപ്പിന്റെ അപ്പത്തിൽനിന്നു കൊടുക്കുവാനും ഇന്നും സമുദായാംഗങ്ങൾ സന്നദ്ധരാണ്.

ചാവറയച്ചന്റെ സഭാംഗങ്ങൾ തങ്ങളുടെ ഒരു മുഖ്യ പ്രേഷിതവൃത്തിയായിതന്നെ ഈ വിദ്യാദാന പ്രവർത്തിയെ കണക്കാക്കുന്നു. സഭാംഗങ്ങളിൽ കൂടുതൽ ആളുകളും ഈ ശുശ്രൂഷയിലാണ് ഇന്നും വ്യാപരിക്കുന്നതു്. സഭയുടെ സമ്പത്തു് ഒട്ടുമുക്കാലും ഈ രംഗത്താണു ചിലവഴിച്ചുകൊണ്ടിരിക്കുന്നതു്. രൂപതാധികാരികളും മററു സമുദായ നേതാക്കന്മാരും ഒരു മാത്സര്യ വിചാരത്തോടെ ഈ രംഗത്തു വന്നുകൊണ്ടിരിക്കുന്നതുകൊണ്ടാണ് ഈ അടുത്ത കാലത്തു ഈ പ്രേഷിത രംഗത്തു് അല്പ

മെങ്കിലും തളർച്ച സഭാംഗങ്ങൾ പ്രകടിപ്പിക്കുന്നത്. എന്നിരുന്നാലും ഹിമാലയൻ ചരുവുകളിലും മദ്ധ്യ പ്രദേശിന്റെ അവികസിത പ്രദേശമായ ബസ്താർ ജില്ലയിലും മറ്റും മറ്റും ചാവറയുടെ മക്കൾ വിദ്യാപീഠങ്ങൾ പടുത്തുയർത്തികൊണ്ടിരിക്കുന്നു. ഇന്ന സി. എം. ഐ. സഭയ്ക്ക് 10 കോളേജുകളും 42 ഹൈസ്കൂളുകളും 17 അപ്പർപ്രൈമറി സ്കൂളുകളും 35 പ്രൈമറി സ്കൂളുകളും 27 നഴ്സറി സ്കൂളുകളും 8 ടെക്നിക്കൽ സ്കൂളുകളും ഒരു പോളിടെക്നിക്കും 7 പാരലൽ കോളേജുകളും ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലായുണ്ട്.

അധഃകൃതരുടെ ഉന്നമനത്തിനായുള്ള ചാവറയച്ചന്റെ ബഹുമുഖങ്ങളായ പ്രവർത്തനത്തെക്കുറിച്ച് പ്രത്യേകിച്ച് ഒരു ലേഖനം തന്നെയുള്ളതിനാൽ അധഃകൃതർക്ക് വേണ്ടിയുള്ള സ്കൂളുകളെക്കുറിച്ച് ഇവിടെ പ്രതിപാദിക്കുന്നില്ല.

ചാവറയുടെ വിദ്യാദാന ശുശ്രൂഷയെക്കുറിച്ച് എഴുതുമ്പോൾ എത്ര സ്കൂൾ—എത്ര കോളേജ് അദ്ദേഹം നടത്തികൊണ്ടുപോന്നിരുന്നു എന്ന നിലയിൽ ആരും ചിന്തിക്കുമെന്ന തോന്നുന്നില്ല. വിദ്യാഭ്യാസം സമൂഹത്തിനൊരാവശ്യമാണെന്നും അതുകൊണ്ടുമാത്രമെ മേൽഗതിയുണ്ടാകുകയുള്ളു എന്നും ഉള്ള ഒരു ചിന്താഗതി സമുദായാംഗങ്ങളിൽ കത്തി വെക്കുവാനും, സമൂഹത്തിനു വിദ്യാഭ്യാസം നൽകുന്നതിനുള്ള സൗകര്യങ്ങൾ പള്ളികളും സ്ഥാപനങ്ങളും എന്തു ത്യാഗം സഹിച്ചും സംലബ്ധമാക്കിക്കൊടുക്കണമെന്നുമുള്ള ഒരു അവബോധം സൃഷ്ടിക്കുകയും ചെയ്തു എന്നതാണ് ചാവറയുടെ മഹത്വം. മറ്റുള്ള ഏജൻസികളോ കത്തോലിക്കാ സമുദായമോ ഈ നിലയിൽ അന്നു ചിന്തിക്കുകയുണ്ടായില്ല.

സംസ്കൃത പാഠശാല സ്ഥാപിച്ചപ്പോൾ ഉന്നതമായ ഒരു കലാശാല, ഉപരിപഠനത്തിനായി കേരളീയർക്കു നൽകണമെന്നായിരുന്നു ചാവറയച്ചന്റെ സ്വപ്നം. കാലത്തിന്റെ തിരിമറിയലിൽ റോക്കോസ് ശീശ്മ മുതലായി നിലനില്പിന്റെ പല പ്രശ്നങ്ങളിൽപെട്ട് ഈ ആഗ്രഹം പൂത്തു വിടരുവാൻ ഇടയായില്ല എന്നേയുള്ളു.

ചാവറയച്ചന്റെ സ്റ്റാമ്പ് പ്രകാശനം ചെയ്തുകൊണ്ട് ഇൻഡ്യയുടെ പ്രഥമ പൗരൻ ശ്രീ. വെങ്കിട്ട രാമൻ പ്രസ്താവിച്ചതു രേഖപ്പെടുത്തികൊണ്ട് ഈ ലേഖനം ഉപസംഹരിക്ക

യാണു്. "വിദ്യാഭ്യാസ പ്രവർത്തനം അദ്ദേഹത്തിനു് ഏററം പ്രിയപ്പെട്ട ഒന്നായിരുന്നു. മത വിദ്യാഭ്യാസവും പൊതു വിദ്യാഭ്യാസവും അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒരേ നാണയത്തിൻെറ രണ്ടു വശങ്ങൾ മാത്രമായിരുന്നു. അധഃകൃതരെ ഉദ്ധരിക്കുന്നതിനു് ഒന്നാംതരമൊരു മാർഗ്ഗമായിരുന്നു, ചാവറയച്ചനെ സംബന്ധിച്ചിടത്തോളം വിദ്യാദാനപ്രവർത്തനം. പാലയ്ക്കലിൽനിന്നും പൊരുക്കരയച്ചനിൽനിന്നും ഉത്തേജനം സ്വീകരിച്ചുകൊണ്ടു്–എല്ലാ ഇടവക ദേവാലയങ്ങളോടും അനുബന്ധിച്ചു് സ്കൂളുകൾ സ്ഥാപിക്കപ്പെടണമെന്നു് അദ്ദേഹം നിഷ്കർഷിച്ചു. ഒരു പടികൂടി കടന്നു് അപ്രകാരം തൻെറ നിർദ്ദേശം അനുസരിച്ചു് സ്കൂളുകൾ തുടങ്ങാത്ത ഇടവകകളെല്ലാം അടച്ചു പൂട്ടുമെന്നു് അദ്ദേഹം താക്കീതു ചെയ്തു. വിദ്യാദാനത്തിനുവേണ്ടി അപേക്ഷിക്കുന്ന ഏതു മതക്കാരനും ഹരിജനങ്ങൾ ഉൾപ്പെടെ ചാവറയച്ചൻ സമാരംഭിച്ച സ്കൂളുകളിൽ പ്രവേശനം ലഭിച്ചിരുന്നു. അന്നത്തെ സാഹചര്യത്തിൽ വിപ്ലവകരമായ ഒരു നീക്കംതന്നെയായിരുന്നു ഇതു്.

V

# അധഃകൃതരുടെ അജപാലകൻ

കുട്ടിയായിരുന്ന കൊച്ചുചാവറയെ വളരെയേറെ ചിന്തിപ്പിച്ചിട്ടുള്ള ഒരു കാര്യമായിരുന്നു മനുഷ്യരുടെ ഇടയിലെ ചേരിതിരിവും വർഗ്ഗവർണ്ണ വ്യത്യാസവും. സവർണ്ണ ഹിന്ദുക്കളുടെ ഭരണവും മേൽക്കോയ്മയും കൊടികുത്തിവാണിരുന്ന അക്കാലത്ത് തീണ്ടലിന്റെയും തൊടീലിന്റെയും അധമവികാരങ്ങൾ കുത്തിയിളക്കി മനുഷ്യൻ മനുഷ്യനെ വെറുക്കുന്ന, പുഛിക്കുന്ന സാഹചര്യം സൃഷ്ടിച്ചിരുന്നു. ഏതോ ഒരു കവി പാടിയതായി ഓർക്കുന്നു:

നരനു നരനശുദ്ധ വസ്തുവാണുപോലും;
ധരയിൽ നടപ്പതു തീണ്ടലാണുപോലും.
നരകമിവിടെയാണഹന്ത കഷ്ടം;
ഹര ഹരയിങ്ങനെ വല്ല നാട്ടുമുണ്ടോ.

സ്വർഗ്ഗപിതാവിന്റെ മക്കളാണു മനുഷ്യരെല്ലാമെന്നും നിങ്ങൾ എല്ലാം സഹോദരന്മാരാണെന്നും തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരും മനുഷ്യരുടെ ഇടയിലില്ലെന്നും പഠിപ്പിച്ചുകൊണ്ട് – സമരിയാക്കാരിയോട് വെള്ളം വാങ്ങിക്കുടിക്കുവാനും ചുങ്കക്കാരനായ സക്കേയൂടെ വീട്ടിൽ നിന്നും ഭക്ഷണം കഴിക്കുവാനും പാർക്കുവാനും മത്തായിയെന്ന ചുങ്കക്കാരനെ ശിഷ്യഗണത്തിൽ കൂട്ടുവാനും മുതിർന്ന ലോകാധിനാഥൻ യേശുക്രിസ്തുവിന്റെ അടുത്ത അനുയായികൾ തന്നെ യൂറോപ്പിലും അമേരിക്കയിലും അടിമക്കച്ചവടം നടപ്പിലാക്കുകയും തൊലി കറുത്തവരെ മനുഷ്യരായി പരിഗണിക്കാതിരിക്കുകയും, ഇന്നും തെക്കേ ആഫ്രിക്ക മുതലായ സ്ഥലങ്ങളിൽ ഈ പ്രവണത ആവർത്തിക്കുകയും ചെയ്യുമ്പോൾ ഇൻഡ്യയിലെ ആഢ്യന്മാരും സവർണ്ണരും ഇതു നടപ്പാക്കി പോന്നതിൽ അതിശയിക്കേണ്ടതില്ല. ചാതുർവർണ്ണ്യവും – ചണ്ഡാളനുമൊക്കെ വേദഗ്രന്ഥങ്ങളുടെപോലും സൃഷ്ടിയായിരുന്നു ഭാരതത്തിൽ.

കൈനകരിയിലെ കനകം വിളയുന്ന നെൽപാടങ്ങളിൽ ജനിച്ചുവളർന്ന ചാവറചെറുക്കനെ പറമ്പിന്റെ ഒരു കോണിൽ തൊപ്പിപ്പാളയിലും ഇലകുഴിച്ചുവച്ചും കഞ്ഞികുടിക്കുന്ന കരുമാടി

കട്ടന്മാരായ പുലയത്തൊഴിലാളികളുടെ നേരെ കാണിക്കുന്ന മനുഷ്യത്വഹീനമായ പെരുമാററങ്ങൾ വല്ലാതെ സ്പർശിച്ചിട്ടുണ്ടായിരുന്നു. സവർണ്ണർ നടക്കുന്ന വഴിയിൽ നടക്കാൻ പാടില്ല; വീടിൻെറ അഞ്ചു അയൽ പക്കത്തുപോലും അടുക്കാൻ പാടില്ല ഇങ്ങനെയുള്ള വ്യവസ്ഥിതികൾ മാറേറണ്ടതു തന്നെയാണെന്നബോധം ബാലനായ ചാവറയുടെ മനസ്സിൽ തീരുമാനങ്ങളുടെ വേലിയേററം സൃഷ്ടിച്ചിരുന്നു. "തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ, ദൃഷ്ടിയിൽപെട്ടാലും ദോഷമുള്ളോർ" ആയി അവരെ കണക്കാക്കുന്നതു ക്രിസ്തീയ ഉപവിക്കും ചൈതന്യത്തിനും കടകവിരുദ്ധമാണെന്നു ബാലനായ കര്യാക്കോസിനു നല്ല ബോധമുണ്ടായിരുന്നു.

മാന്നാനത്തു ദർശന വീടിൻെറ സ്ഥാപകനായും നിയന്താവായും ചെന്നു ചേർന്നപ്പോൾ തന്നെ സഹായിക്കാൻ വന്നുകൂടിയ നിഷ്കളങ്കരായ പുലയത്തൊഴിലാളികളെ സഹോദരന്മാരും സ്നേഹിതന്മാരുമായി മാത്രമേ ചാവറയച്ചനു കാണുവാൻ സാധിച്ചിരുന്നുള്ളൂ. വൈദികനെന്ന ആഢ്യത്വം കൈവെടിഞ്ഞു് പുലയന്മാരുമൊത്തിരുന്നു് ഭക്ഷണം കഴിക്കുവാനും –ജോലി കഴിഞ്ഞു് അവരുമൊത്തു തമാശ പറയുവാനും പാട്ടുപാടുവാനും ചിരിക്കുവാനും ഇദ്ദേഹത്തിനു യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല.

കാടുവെട്ടിത്തെളിച്ച് ദർശനവീടിനു വേഗം സ്ഥലം ഒരുക്കണമെന്ന് പിതാക്കന്മാരെക്കാൾ കൂടുതലായി നിഷ്കളങ്കരായ ഇവർ ആഗ്രഹിച്ചെങ്കിൽ അതിൻെറ കാരണം ചാവറയുടെ പെരുമാററ വൈശിഷ്ട്യമാണ്. ചില ദിവസം ജോലി കഴിയുമ്പോൾ കൂലി കൊടുക്കാൻ ഇല്ലാതെ വരുമ്പോൾ "വേലക്കാർക്കു കൂലി വച്ചുതാമസിപ്പിക്കരുതു്" എന്നു നിർദ്ദേശിച്ച ചാവറയച്ചൻ വല്ലാതെ വിഷമിച്ചു പോകാറുണ്ടായിരുന്നു. എങ്കിലും പിരിവിനുപോയ പോരൂക്കരയച്ചൻ വരും വരെ അവരോടു് ദൈവകാര്യങ്ങൾ പറയുവാനും വെട്ടിയിട്ട കാടിൻെറ പുറത്തു് കുത്തിയിരിക്കുവാനും ചാവറയ്ക്കു യാതൊരു മടിയും ഇല്ലായിരുന്നു.

വിദ്യ പോയിട്ട വിദ്യാലയത്തിൻെറ ഒരു കി. മീ. അടുത്തുപോലും പോയിട്ടില്ലാത്ത ഈ ദൈവജനത്തിനുവേണ്ടി എന്തെങ്കിലും ചെയ്യണമെന്ന അമിതമായ ആഗ്രഹം ചാവറയിൽ രൂഢമൂലമായി. സാമൂഹ്യമായ ഉന്നമനത്തെക്കാൾ ഏററവും അത്യാവശ്യം അക്ഷര വിദ്യ അവർക്കു കൊടുക്കുകയാണു വേണ്ടതെന്ന ബോദ്ധ്യം, ചിന്തിക്കുന്തോറും ഏറി ഏറി വന്നു. ..ളെവരിൽനിന്നും ഈ പ്രസ്ഥാനത്തിനുണ്ടാകാവുന്ന എതിർ

പ്പിനെയും ചാവറയച്ചൻ മുൻകൂട്ടി കാണാതിരുന്നില്ല. പൊതുവായ വിദ്യാലയത്തിൽ ഇവർക്കു പ്രവേശനം അനുവദിച്ചാലും മേലാളന്മാരുടെ മക്കളോടുകൂടെ കുട്ടികളെ അയക്കുവാൻ അവക്കു തീർത്തും ഭയമായിരുന്നു. ഇതിനുവേണ്ടി ചാവറ കണ്ടുപിടിച്ച പ്രായോഗിക മാർഗ്ഗം—തൽക്കാലം പുലയർക്കും അധഃകൃതർക്കുംവേണ്ടി തനിച്ചു സ്കൂൾ ഉണ്ടാക്കുക എന്നതായിരുന്നു. തന്റെ സഹ പ്രവർത്തകരേയും മറ്റ് അച്ചന്മാരേയും ഈ കാര്യം ബോധ്യപ്പെടുത്തുകതന്നെ അദ്ദേഹത്തിന് ഏറെ ബുദ്ധിമുട്ടായ ഒരു കാര്യമായിരുന്നു.

## സ്കൂൾ അധഃകൃതർക്കു വേണ്ടിയും

ചാവറയച്ചന്റെ ഒരു വലിയ സ്വപ്ന സാക്ഷാത്കാരം, അത് അത്രപ്പെട്ടെന്നു സാധിച്ചെടുക്കാൻ സാധിക്കുന്ന കാര്യമായിരുന്നില്ല. ആദ്യമായി സ്കൂളിന് സ്ഥലം സമ്പാദിക്കണം. രണ്ടാമതായി കെട്ടിടം നിർമ്മിക്കണം. ഇവരെ പഠിപ്പിക്കുവാൻ നല്ല മനസ്സു കാണിക്കുന്ന വാദ്ധ്യാന്മാരെ കണ്ടെത്തണം. അധഃകൃതരുടെ വിദ്യാഭ്യാസത്തെക്കുറിച്ച് നല്ല അഭിപ്രായമില്ലാത്ത സഹപ്രവർത്തകരെ ശാന്തരാക്കണം—ഇങ്ങനെ നൂറുനൂറു പ്രതിബന്ധങ്ങളും കീറാമുട്ടികളും ചാവറയുടെ മുമ്പിൽ ഉയർന്നുയർന്നു വന്നു. പക്ഷേ, പ്രതിബന്ധങ്ങൾ കണ്ടാൽ പുറകോട്ടു പോകുന്ന സ്വഭാവമല്ലായിരുന്നു ചാവറയുടേത്. പല നല്ല മനുഷ്യരേയുംകണ്ട്—മാന്നാനം ആശ്രമത്തിനടുത്തും ആർപ്പൂക്കര ഇരുത്തിമാലിയുടെ കുന്നിലും ഇതിനായി ആവശ്യത്തിനുള്ള സ്ഥലം സമ്പാദിച്ചു. വലിയ കെട്ടിടങ്ങൾ, ഉടനെ വേണ്ടെന്നും താല്ക്കാലിക കെട്ടിടം മതിയെന്നും തീരുമാനിക്കപ്പെട്ടു. പനമ്പു മറച്ച് ഓലകെട്ടിയ കെട്ടിടങ്ങൾ ഈ ഹരിജനങ്ങളുടെ സഹായത്തോടുകൂടി രണ്ടു സ്ഥലത്തും വേഗം ഉയർന്നു വന്നു. അദ്ധ്യാപകരേയും കണ്ടെത്തി. നല്ല സമയം നോക്കി രണ്ടു സ്കൂളുകളിലും ക്ലാസ്സുകൾ മുറയ്ക്കു തുടങ്ങി. നെൽപ്പാടങ്ങളിലുംമറ്റും ജോലിക്കു പോകാൻമാത്രം പ്രായമാകാത്ത കുട്ടികളെയെങ്കിലും സ്കൂളിൽ അയക്കുവാൻ അവരുടെ മാതാപിതാക്കളെ ചാവറയച്ചൻ സ്നേഹപൂർവ്വം നിർബന്ധിച്ചു. കുട്ടികളെ ഇതിലേക്കു ആകർഷിക്കാൻവേണ്ടി ഉച്ചഭക്ഷണം കൊടുക്കുന്ന ഏർപ്പാടും നടപ്പിലാക്കി.

## ഹരിജൻ സ്കൂളിനുവേണ്ടി ഫണ്ട് ശേഖരണം

അദ്ധ്യാപകനു ശമ്പളവും, ഉച്ചയ്ക്കു നൂറുകണക്കിനു കുട്ടികൾക്കു ഉച്ചഭക്ഷണവും നൽകുക, അത് അത്ര എളുപ്പമുള്ള കാര്യമായിരുന്നില്ല. പലരും സംഭാവന ചെയ്ത അരി ദിവസം

കഴിയുന്നതിനുമുമ്പ് തീർന്നു തുടങ്ങി. ഈ സ്കൂള് നടത്തിക്കൊണ്ടുപോകുവാൻ ശാശ്വതമായ ഒരു ഫണ്ട് ശേഖരിക്കണമെന്നു ചാവറയച്ചനു തോന്നി. നല്ല മനുഷ്യരുടെ ഉദാരമനസ്സ് ഇതിനും ചാവറയച്ചനു തുണയേകി. പലരിൽ നിന്നും പിരിച്ച് ഈ സ്കൂളിന്റെ നടത്തിപ്പിലേക്കു 17 പറയ്ക്കു പുഞ്ചനിലം വാങ്ങി. ഇതിന്റെ ആദായംകൊണ്ട് ഉച്ചഭക്ഷണവും വാദ്ധ്യാൻമാരുടെ ശമ്പളവും നടക്കുമെന്നായിരുന്നു ചാവറയുടെ സ്വപ്നം. പോരാത്തതിനു പുതിയ ഒരു ഏർപ്പാടും, മാന്നാനം-കുട്ടനാടൻ പ്രദേശങ്ങളിൽ ചാവറയച്ചൻ നടപ്പാക്കി. എല്ലാ ക്രിസ്തീയ ഭവനങ്ങളിലും ഓരോ പാത്രം കൊടുത്തയച്ചിരുന്നു. ചോറിനോ-കഞ്ഞിക്കോ വേണ്ടി അരി എടുക്കുമ്പോൾ 'ഒരു പിടി അരി' ഉണ്ണീശോയുടെ നിശ്ചിതമായ ഒരു പ്രാർത്ഥനചൊല്ലിക്കൊണ്ട് ഈ പാത്രത്തിൽ നിക്ഷേപിക്കണം. ഇതു മാസത്തിൽ രണ്ടുമൂന്നു പ്രാവശ്യം സന്നദ്ധരായ ആളുകളെ അയച്ചു ശേഖരിക്കുമായിരുന്നു. ഇങ്ങനെ ഹരിജന വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണത്തിനുള്ള അരി ശേഖരിക്കാൻ ചാവറയച്ചനു കഴിഞ്ഞു. ശരീരത്തിനുള്ള ഭക്ഷണവും തലച്ചോറിനുള്ള ഭക്ഷണവും കിട്ടിത്തുടങ്ങിയപ്പോൾ ഹരിജനങ്ങൾ തങ്ങളുടെ കുഞ്ഞുങ്ങളെ കൂട്ടമായി സ്കൂളിലേക്ക് അയക്കാൻ തുടങ്ങി. ദൂരദേശമായ കുട്ടനാട്ടിൽ നിന്നു പോലും മാന്നാനത്തെ ഈ സ്കൂളിലേക്കു കുട്ടികൾ പ്രവഹിക്കാൻ തുടങ്ങി. ഓരോ ആശ്രമത്തിനോടും അനുബന്ധിച്ച് അധഃകൃതർക്കു മാത്രമായി ഇപ്രകാരമുള്ള സ്കൂളുകൾ ഉണ്ടാവണമെന്നായിരുന്നു ചാവറയച്ചന്റെ ആഗ്രഹം. അതിനുള്ള സംവിധാനങ്ങൾ പല ആശ്രമങ്ങളോടും അനുബന്ധിച്ചു ചെയ്തു തുടങ്ങി. പിൽക്കാലത്ത് ഗവൺമെൻറിൽ നിന്നും അധഃകൃതരുടെ കുട്ടികളെ സവർണ്ണ ഹിന്ദുക്കളുടെ കുട്ടികളുടെകൂടെ പഠിപ്പിക്കുന്നതിനുള്ള ഭ്രഷ്ട് നീക്കുകയും ഗവൺമെൻറിൽ നിന്നും പ്രൈവററ് ഏജൻസികൾക്ക് സ്കൂളുകൾ അനുവദിച്ചു തുടങ്ങുകയും ചെയ്തപ്പോൾ ഇപ്രകാരം ഹരിജന വിദ്യാർത്ഥികൾക്ക് മാത്രമായി ആരംഭിച്ചിരുന്ന സ്കൂളുകൾ കാലക്രമേണ ഇല്ലാതാകുകയും ഹരിജന വിദ്യാർത്ഥികളും മററു കുട്ടികളോടൊപ്പം പൊതു സ്കൂളുകളിൽ പഠിക്കുവാൻ ആരംഭിക്കുകയും ചെയ്തു.

## ഉപവിശാല

ചാവറയച്ചനിലെ ഉപവിയുടെ മഹോന്നതമായ ഒരു സാക്ഷാത്കാരമായിരുന്നു കൈനകരിയിൽ അദ്ദേഹത്തിന്റെ ജന്മനാട്ടിൽ അദ്ദേഹം ആരംഭിച്ച ഉപവിശാല. ഇരുപതാം നൂററാണ്ടിന്റെ വളരെ വൈകിയ ഉത്തരാർദ്ധത്തിൽ ക്രിസ്തു

വിൻെറ പരസ്നേഹത്തിന് ജീവൻ കൊടുക്കുവാൻ കച്ചകെട്ടി ഇറങ്ങിയ മദർ തെരേസയെപ്പോലെ ചാവറയച്ചൻെറ വീക്ഷണത്തിൽ സമുദായത്തിലെ വേറൊരു കൂട്ടം അധഃകൃതരായിരുന്നു ആരുപോലുമില്ലാത്ത മരണാസന്നരായ അനാഥരായ ആളുകൾ. ഇവർക്കു വേണ്ടിക്കൂടിയും എന്തെങ്കിലും ചെയ്യണമെന്നു ചാവറയച്ചനു നിർബ്ബന്ധമായിരുന്നു. ഇരുപതാം നൂററാണ്ടിലെ അവസാന ദശകങ്ങളിൽ ദൈവസ്നേഹത്തിൻെറ അവതാരമായി അവതരിച്ച കൽക്കട്ടയിലെ മദർ തെരേസയെപ്പോലെ 19-ാം നൂററാണ്ടിൻെറ മദ്ധ്യദശകങ്ങളിൽ സമൂഹത്തിലെ ഉപേക്ഷിക്കപ്പെട്ടവർക്കു വേണ്ടി ഉപവിശാലയുമായി ഒരു മഹാനായ മനുഷ്യൻ മുമ്പോട്ടു വരുന്നു. അന്നുവരെ ആരും സ്വപ്നം കാണാത്ത അനുകമ്പയുടേയും ആർദ്രതയുടേയും ഒരു ധീരകൃത്യം. മദർ തെരെസ്സക്ക് ഈ സ്നേഹത്തിൻെറ ആശയം കിട്ടുന്നതിന് ഒരു നൂററാണ്ടും അതിലധികവും വർഷങ്ങൾക്കുമുമ്പ് വഴിയോരങ്ങളിൽ അനാഥരായി മരണത്തിൻെറ കാലൊച്ചയുംകേട്ടു പക്ഷികളും മൃഗങ്ങളും മാത്രം കൂട്ടമായിക്കഴിയുന്ന അനേകർ ചാവറയച്ചൻെറ ദൃഷ്ടിയിൽപെട്ടു. ഇവരിൽ ധാരാളം അധഃകൃതരും ഹരിജനങ്ങളുമുണ്ടായിരുന്നു. ഇവരുടെ ചികിത്സയും മരണാനന്തര ശേഷക്രിയകളും നിർവ്വഹിക്കുവാൻ ഉദ്ദേശിച്ച സ്ഥാപിച്ചതായിരുന്നു ഉപവിശാല. സന്ന്യാസ സഹോദരികളുടെ സ്ഥാപനങ്ങളും കന്യകാ മഠങ്ങളും ഒന്നും എത്തിനോക്കിയിട്ടില്ലാതിരുന്ന ആ കാലഘട്ടത്തിൽ ഈ ഉപവി ശാല നടത്തിക്കൊണ്ടു പോകുന്നതിനെക്കുറിച്ച വളരെ ദീർഘമായി കഥാനായകൻ ചിന്തിച്ചിരിക്കണം. വൈദികവൃത്തി, ധ്യാനപ്രസംഗം, സെമിനാരി നടത്തൽ മുതലായ പ്രേഷിത പ്രവർത്തനങ്ങളുമായി ഓടി നടക്കുന്ന തൻെറ സഹപ്രവർത്തകർക്ക് ഇതിൻെറ പ്രവർത്തനത്തിൽ പ്രത്യക്ഷമായി സഹകരിക്കുക സാധ്യമല്ലായെന്ന് ചാവറയച്ചനു തോന്നിയിരിക്കണം. കൈനകരിയിൽ ഇതിനായി ഒരു സംഘടനതന്നെ അദ്ദേഹം സ്ഥാപിക്കുന്നു. "നന്മരണസഖ്യം" എന്നായിരുന്നു ഈ സംഘടനയുടെ പേര്. ഇതിലെ അംഗങ്ങളായിരുന്നു ഉപവിശാല നടത്തിയിരുന്നതും അതിനായി നല്ലമനുഷ്യരുടെ സംഭാവനകൾ സ്വീകരിച്ചിരുന്നതും.

തൻെറ കാലശേഷം ഏററവും അത്യാവശ്യമായ ഈ സ്ഥാപനം അന്ന്യംനിന്നു പോകരുതെന്ന് ചാവറയച്ചനു അതിയായ താത്പര്യമുണ്ടായിരുന്നു. അധ:കൃതക്കായി സ്ഥാപിച്ച സ്കൂൾപോലെ ഇതിനും ശാശ്വതമായ ഒരു ഫണ്ടു സ്വരൂപിച്ചെങ്കിലേ ഭാവിയിൽ നടന്നുപോകയുള്ളു എന്നു കഥാനായകനു നന്നായി അറിയാമായിരുന്നു. ഇതിനുവേണ്ടിയുള്ള

പരിശ്രമമായി പിന്നീട്, ഉദാരമതികൾ ഇവിടെയും അദ്ദേഹത്തിന്റെ സഹായത്തിനെത്തി. പനമ്പും മുളയും ഓലയും കൊണ്ടു കെട്ടിയുണ്ടാക്കിയ കെട്ടിടത്തിന്റെ സ്ഥാനത്ത് ഉറപ്പായ തരത്തിൽ ഭിത്തികെട്ടിയ ഒരു കെട്ടിടം ഇതിനായി താമസിയാതെ തീർത്തു. 5000 – ൽപരം രൂപ ഇതിന്റെ പേരിൽ പലിശയ്ക്കിടുവാനും സാധിച്ചു. നന്മരണസഖ്യത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ ഇതിന്റെ ഭരണകർത്താവായിരിക്കും. ഇന്നും കൈനകരിപ്പള്ളിയുടെ മേൽനോട്ടത്തിൽ നടന്നു വരുന്ന ഈ സ്ഥാപനത്തിൽ കർമ്മലീത്ത സഹോദരിമാരാണ് സേവനം അനുഷ്ഠിക്കുന്നത്. കേരളത്തിലെ മാത്രമല്ല, ഭാരതത്തിന്റെ തന്നേയും ഇപ്രകാരമുള്ള സ്ഥാപനങ്ങളുടെ മാതാവായ ഈ സ്ഥാപനത്തിനുവേണ്ട വളർച്ച കാലോചിതമായി കൊടുക്കേണ്ടതാണെന്ന് ഈ ലേഖകനു തോന്നിപ്പോയിട്ടുണ്ട്. ചാവറയച്ചന്റെ മക്കളായ കൈനകരിയിലെ – സി. എം. സി. – സഹോദരികളും, കൈനകരി സി. എം. ഐ. – ഭവനവും ഇതിനായി മുന്നോട്ടുവരുമെന്നു നമുക്കു പ്രത്യാശിക്കാം. ചാവറയച്ചന്റെ ജന്മഗൃഹംപോലെ – ഇതും ഒരു പൂജ്യസ്ഥാപനമായി സൂക്ഷിക്കേണ്ടതാണ്. Chavara Bhavan തന്നെ ഇതു് ഏറ്റെടുത്തു നടത്തിയാൽ ഏററവും നന്നായിരിക്കും.

## ചാവറയുടെ പൂജ്യ പാതയിൽ

അധഃകൃതർക്കുവേണ്ടിയും സമുദായത്തിലെ അവഗണിക്കപ്പെട്ടവർക്കുവേണ്ടിയും സഭാംഗങ്ങൾ പ്രവർത്തിക്കണമെന്ന് അനുശാസിക്കുകയും, ഉപവിശാലയും– ഹരിജന സ്കൂളുകളുംവഴി അതിനു് മാതൃക കാട്ടുകയും ചെയ്ത ചാവറയെപ്പോലെ, ഇന്നിന്റെ ചൈതന്യവും ആവശ്യവും കണക്കിലെടുത്ത് ചാവറയുടെ കാലടികളെ പിന്തുടരുവാൻ അദ്ദേഹം സ്ഥാപിച്ച സഭയിലെ (സി.എം.ഐ. സഭ) അംഗങ്ങൾ ഇന്നു പ്രതിജ്ഞാബദ്ധരാണ്. മദർ തെരേസയെപ്പോലെ, അവഗണിക്കപ്പെട്ടവരുടെ പ്രവർത്തനങ്ങളിൽമാത്രം ഒതുങ്ങിനിൽക്കുവാൻ സഭയ്ക്കു സാധിക്കയില്ലെങ്കിലും ഈ രീതിയിൽ കാലത്തിന്റെ മാററത്തിനനുസരിച്ചു നീങ്ങുവാൻ സഭയ്ക്കു വളരെയേറെ സാധിച്ചിട്ടുണ്ട്.

### I. വികലാംഗങ്ങൾക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ

സമുദായത്തിനു വേണ്ടാത്തവരും കുടുംബാംഗങ്ങൾക്കു ഭാരവുമായിത്തീർന്നിരിക്കുന്ന വികലാംഗരെ അധിവസിപ്പിക്കുവാൻ സി.എം.ഐ. സഭ ഒരു ദശകമായി മുമ്പോട്ടു വന്നിരിക്കുന്നു.

തിരുഹൃദയ പ്രവിശ്യയുടെ കീഴിൽ ഇതിനായി 'കൃപ' KRIPA എന്ന ഒരു പ്രസ്ഥാനം തന്നെ രൂപീകൃതമായിട്ടുണ്ട്. ആലുവ സെൻറ് ആൻറണീസ് ആശ്രമം സംഭാവനചെയ്ത അഞ്ചു ഏക്കർ സ്ഥലവും രണ്ടു നിലയിലുള്ള മനോഹരമായ ഒരു കെട്ടിടവും ഇതിൻെറ ആദ്യസ്ഥാപനത്തിനായി നീക്കിവയ്ക്കപ്പെട്ടു. ചുണങ്ങംവേലിയിൽ G. T. N. ഫാക്ടറിക്കടുത്ത് 'കൃപ' (Providence Home) എന്ന പേരിൽ അറിയപ്പെടുന്ന ഇതിൻെറ ആദ്യയൂണിററ് 1979-ൽ സ്ഥാപിതമായി. കാലു സ്വാധീനമില്ലാത്ത യുവാക്കളെ ഉദ്ദേശിച്ചാണ് ഇത് ആരംഭിച്ചിരിക്കുന്നത്. ഇവരെ സംരക്ഷിക്കുന്നതോടൊപ്പം സമുദായത്തിൽ തങ്ങൾ വേണ്ടപ്പെട്ടവരാണെന്നു ബോദ്ധ്യപ്പെടുത്താൻ വേണ്ടി ഇവർക്കു തൊഴിൽ പരിശീലനവും കൊടുത്തുവരുന്നു. Keltron-കമ്പനിയുടെ T. V., റേഡിയോ – അസംബ്ളിംഗിൽ ഒരുഭാഗം നിർവ്വഹിക്കുന്നത്, കാലില്ലാത്ത ഇവിടുത്തെ അന്തേവാസികളാണെന്ന പരമാർത്ഥം ഇന്ന് എത്ര പേർക്ക് അറിയാമോ എന്തോ ! ഇവിടെ അസംബ്ൾ ചെയ്യുന്ന 'കൃപ' എന്ന പേരിലുള്ള കടകൾക്കും ഇന്നു നല്ല ഡിമാൻറാണ്. ഒരു റേഡിയോയും ഇവർക്കുവേണ്ടി പരസ്യങ്ങൾ നല്കേണ്ടി വരുന്നില്ല. റേഡിയോനന്നാക്കൽ, പ്രിൻറിംഗ് പ്രസ്സ്, Jewellary Box നിർമ്മാണം മുതലായവയും ഇവിടെ കാര്യക്ഷമമായി നടത്തിപ്പോരുന്നു. ഇവരിൽ ഒന്നാംതരം പാട്ടുകാരും, മ്യൂസിക്ക് ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നവരും ധാരാളമുണ്ട്. നല്ല ഗാനമേള നടത്താൻ ഇവർക്കു പരിശീലനം സിദ്ധിച്ചിട്ടുണ്ട്. തൊഴിൽ അഭ്യസിച്ച സ്വന്തം തൊഴിൽ ചെയ്തു ഉപജീവനം നിർവ്വഹിക്കുവാൻ തയ്യാറാകുന്നവരെ എല്ലാവിധ പ്രോത്സാഹനങ്ങളോടുംകൂടി കുടുംബ ജീവിതത്തിലേക്കാനയിക്കാനും കൃപ സന്നദ്ധമാകുന്നു.

ഹൈസ്കൂൾ ക്ലാസിൽ പഠിക്കുന്ന വികലാംഗരായ കുട്ടികളെ ഉദ്ദേശിച്ച് തൊടുപുഴ വഴിത്തലയ്ക്കടുത്ത്, പുറപ്പുഴയിൽ കൃപയുടെ രണ്ടാമത്തെ യൂണിററും സ്ഥാപിതമായിട്ട്, ഒരു കൊല്ലം കഴിഞ്ഞു. പഠനത്തോടൊപ്പം അതിനു വിഘാതമാകാതെ ചെറിയ കൈത്തൊഴിലുകളും ഇവിടെ അഭ്യസിപ്പിക്കുന്നു. വഴിത്തല സെൻറ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിൽ പോയി മററു കുട്ടികളോടൊപ്പം ഇവരും പഠിക്കുന്നു. ക്ലാസ്സിൽ ഒന്നാമന്മാരാകുന്ന മിടുക്കന്മാരും ഇവരുടെ കൂട്ടത്തിലുണ്ട്.

കൃപയുടെതന്നെ മൂന്നാമത്തെ യൂണിററ് തലയോലപറമ്പിനടുത്ത് പൊതിയിൽ അണിഞ്ഞൊരുങ്ങി വരുന്നു. ഒരു വർഷത്തിനകം ഇവിടെയും പ്രവർത്തനം ആരംഭിക്കും. വൃദ്ധരും അവ

ശരും മരണാസന്നരുമായ വികലാംഗരെയാണ്‌ ഇവിടെ സംരക്ഷിക്കുക. പൊതി മേഴ്‌സി ഹോസ്‌പിററലിലെ സിസ്റ്റേഴ്‌സ് ഇതിന്‌ ഏതു വിധ രോഗീപരിചരണവും നല്ലാമെന്നു സമ്മതിച്ചു കഴിഞ്ഞു. കൃപസ്സ്‌ ഇപ്രകാരം അനവധി യൂണിററുകളും വികലാംഗർക്കുവേണ്ടി ഒന്നാം കിടയിലുള്ള ഒരു ആസ്പത്രിയും കൃത്രിമ അവയവങ്ങൾ നിർമ്മിക്കുന്ന ഒരു ഫാക്ടറിയും എല്ലാമെല്ലാം ഭാവിയിലെ പരിപാടിയിൽ പെടുന്നതാണ്‌. ഇതിൻെറ എല്ലാ യൂണിററുകളും പ്രവർത്തന സജ്ജമാകുമ്പോൾ ഭാരതത്തിലെ തന്നെ ഒന്നാംകിടയിലുള്ള, വികലാംഗർക്കുവേണ്ടിയുള്ള പ്രവർത്തനവേദിയായിരിക്കും ഇതു്.

## മന്ദ ബുദ്ധികൾ മാനിക്കപ്പെടുന്നു

പത്തുകൊല്ലം മുൻപുവരെ മന്ദബുദ്ധികളുടെ സ്ഥാപനങ്ങൾ കേരളക്കരയിൽ എവിടെയെങ്കിലും ഉണ്ടായിരുന്നോ എന്നു ബലമായി സംശയിക്കണം. ഇന്നു സ്ഥിതി അതല്ലല്ലോ. മന്ദബുദ്ധികളെ പുനരധിവസിപ്പിക്കുവാൻ വേണ്ടിയുള്ള 'ആശാകേന്ദ്രങ്ങൾ' ഇന്നു് കേരളത്തിൻെറ പ്രധാന പട്ടണങ്ങളിലെല്ലാമുണ്ട്‌. ആരാണ്‌ ഇതിൻെറ പിന്നിലെ സൂത്രധാരകൻ അധികം അന്വേഷിക്കാതെ ഇതു പെട്ടന്നു കണ്ടു പിടിക്കാം. പൊക്കം കുറഞ്ഞിട്ടു തല മുഴുവൻ കഷണ്ടിയായ ഒരു വൈദികൻ ഇതിൻെറ എല്ലാമെല്ലാമായി പ്രവർത്തിക്കുന്നു. CMI സഭയുടെ പുളിപ്പള്ളി സെൻെറ് ജോസഫ് പ്രവിശ്യാംഗമായ ഫാ. ഫെലിക്‌സ് CMI ആണ്‌ ഈ വൈദികൻ. ഒരു വിധത്തിൽ പറഞ്ഞാൽ സ്വജീവിതം മുഴുവൻ ഇതിനായി അദ്ദേഹം നീക്കിവച്ചിരിക്കയാണ്‌. ഈ രീതിയിൽ പ്രവർത്തിക്കുന്ന, യൂറോപ്പിലും അമേരിക്കയിലുമുള്ള പ്രശസ്ത സ്ഥാപനങ്ങൾ ഇദ്ദേഹം പല പ്രാവശ്യം സന്ദർശിച്ചിട്ടുണ്ട്‌. ഇതിനായുള്ള കോഴ്‌സുകളും സെമിനാറുകളും ഒന്നും അദ്ദേഹം ഉപേക്ഷിക്കാറില്ല. പല കൊല്ലങ്ങളുടെ പരിശീലനംതന്നെ ഈ രംഗത്തു് അദ്ദേഹം നേടിയിട്ടുണ്ട്‌. ഇന്നു മന്ദബുദ്ധികളുടെ ഏതെങ്കിലുമൊരു സമ്മേളനം യൂറോപ്പിലോ അമേരിക്കയിലോ ഉണ്ടെങ്കിൽ അതിലെല്ലാം ഫെലിക്‌സച്ചൻ പ്രാസംഗികനോ അനുഭവങ്ങൾ പങ്കുവയ്ക്കുന്നവനോ ആയിരിക്കും. കേരളത്തിലെ ഗവൺമെൻെറും സന്നദ്ധ സംഘടനകളുമെല്ലാം ഇദ്ദേഹത്തിൻെറ പ്രവർത്തനങ്ങൾക്ക്‌ എല്ലാവിധ സഹായങ്ങളും നൽകുന്നുണ്ടെന്നും അദ്ദേഹം നടത്തുന്ന മന്ദബുദ്ധികളുടെ സ്ഥാപനങ്ങൾ പൊതുജന സ്വഭാവമുള്ളതാണെന്നും ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

## റെയ്തം പൂരിലെ കൺകുരുടർ

സി.എം.ഐ. സഭയുടെ ഒരു മിഷൻ രൂപതയായ രാജകോട്ടിൽ അതിപ്രശസ്തമായ തരത്തിൽ നടത്തിപ്പോരുന്ന ഒരു Blind Institute റെയ്തംപൂർ (ബുജ് ഡിസ്ട്രിക്ട്, ഗുജറാത്ത്) എന്ന സ്ഥലത്തു സ്ഥാപിതമായിരിക്കുന്നു. ജോർജ്ജ് കുന്നത്തു സി.എം.ഐ. യാണ് ഇതിന്റെ പിന്നിലെ സൂത്രധാരകൻ. രാജക്കോട്ടിലെ പ്രഥമ ബിഷപ്പായ അഭിവന്ദ്യ ജോനാസ് പിതാവിന്റെ ഒരു സ്വപ്നമായിരുന്നു, ഇവിടെ കൺകുരുടർക്കു വേണ്ടി ഒരു സ്ഥാപനം തുടങ്ങണമെന്നുള്ളതു്. അദ്ദേഹം മരിക്കുന്നതിനു മുമ്പുതന്നെ ഇതിനുള്ള സ്ഥലമൊക്കെ വാങ്ങിക്കുകയും പ്രാരംഭ പ്രവർത്തനങ്ങൾ ചെയ്യുകയും ചെയ്തിരുന്നു. 100-ൽ പരം കൺകുരുടരായ – നിരാലംബരായ – കുട്ടികളെ ഇവിടെ പാർപ്പിച്ച് എല്ലാവിധ സംരക്ഷണവും നൽകി വരുന്നു. അവർക്കുവേണ്ടി ഒരു Blind School തന്നെ സ്ഥാപിച്ചു കഴിഞ്ഞു. ഒന്നാംകിടയിലുള്ള ഒരാസ്പത്രി അവിടെ ഉടനെ സ്ഥാപിതമാകും. കണ്ണുമാററ ശസ്ത്രക്രിയ ഉൾപ്പടെ ചെയ്യുവാൻ സാധിക്കുന്ന ഒരു ഒന്നാം തരം Surgical ആശുപത്രിയായിരിക്കുമിതു്. എന്തോ കാലാവസ്ഥയുടെ പ്രത്യേകതകൊണ്ടു് കൂടുതൽ ആളുകൾ ഇവിടെ കുരുടരായി ജനിക്കുന്നു. റെയ്തംപൂരിനു ചുററുമുള്ള നൂറോളം വില്ലേജുകളിൽ മൊബയിൽ മെഡിക്കൽ ടീം അന്ധതയ്ക്കെതിരായ പ്രതിരോധനടപടികളും ചികിത്സയും നടത്തുന്നുണ്ടു്.

സമൂഹത്തിലെ വേണ്ടാത്തവർക്കുവേണ്ടി ഇപ്രകാരം ചാവറയച്ചൻ ചെയ്തുവച്ച ജോലി ആധുനിക ലോകത്തിന്റെ ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ടു് ചാവറയുടെ മക്കൾ തുടന്നു കൊണ്ടുപോകുന്നുണ്ടു് എന്നു പറയാൻ വേണ്ടിയാണു് ഈ വിവരങ്ങൾ എഴുതിയതു്. ഒന്നേകാൽ നൂററാണ്ടു മുമ്പു ജീവിച്ചു പ്രവർത്തിച്ചിരുന്ന ചാവറയച്ചൻ മരണാസന്നരായ അനാഥർക്കു വേണ്ടി 'ഉപവിശാല' നിർമ്മിക്കാൻ ധൈര്യം കാട്ടിയെങ്കിൽ എല്ലാ ആധുനിക സംവിധാനങ്ങളും ഒത്തിണങ്ങിയ അദ്ദേഹത്തിന്റെ സഭ–രണ്ടായിരം അംഗങ്ങളോടുകൂടി ഇതിനെല്ലാം എത്രയോ അധികമായി ഈ രംഗത്തു പ്രവർത്തിക്കേണ്ടതാണെന്നുള്ളതിനു് രണ്ടു പക്ഷമില്ല. സഭാംഗങ്ങൾ ഇന്നിന്റെ ഈ ആവശ്യം മനസ്സിലാക്കുമെന്നുതന്നെ കരുതുന്നു. മദർ തെരീസയെ അനുകരിച്ചു് പല സന്ന്യാസിനീ സഭകളും ഈ രംഗത്തു്

പ്രവത്തിക്കുവാൻ മുന്നോട്ടു വരുന്നുണ്ടെങ്കിലും വദ്ധിച്ചു വരുന്ന അവശക്കും–നിരാലംബക്കും–അനാഥക്കും ഇനിയും ആതുരസങ്കേതങ്ങളും ആശ്വാസ സങ്കേതങ്ങളും പുനരധിവാസ സൗകര്യങ്ങളും ചെയ്യേണ്ടതായിട്ടാണ് ഇരിക്കുന്നത്. ഇൻഡ്യൻ പ്രസിഡൻറായ ശ്രീ വെങ്കിട്ടരാമൻ ചാവറയച്ചൻെറ സ്റ്റാമ്പ് പ്രകാശനം ചെയ്തുകൊണ്ട് ചെയ്ത പ്രസംഗത്തിൽനിന്നും ഒരു ഭാഗം ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനം ഉപസംഹരിക്കയാണ്. "ക്രിസ്തീയ ശുശ്രൂഷയുടെ പ്രായോഗിക പദ്ധതിയുമായി ക്രിസ്തീയ മിഷനറിമാർ അദിവാസികളുടെയും അധഃകൃതരുടേയും ഹരിജനങ്ങളുടേയും ഇടയിൽ ഫലപ്രദമായി പ്രവർത്തിച്ചു. ചാവറയച്ചനെപ്പോലെ അധികമാരും ഭാരത ക്രിസ്തീയ സഭയുടെ ഈ ശുശ്രൂഷാ ചൈതന്യത്തെ ഫലപ്രഥമായി പ്രായോഗികമാക്കിയിട്ടുണ്ടെന്നു തോന്നുന്നില്ല. ഭാരതത്തിലെ ക്രിസ്തീയ സഭ എണ്ണത്തിൽ ചെറുതാണെങ്കിലും ഭാരതത്തിൻെറ ദേശീയ പ്രവത്തനങ്ങളിൽ എന്നും മുന്നണിയിൽ നിന്നിട്ടുണ്ട്. ഈ സമൂഹത്തിലെ പല മഹോന്നത വ്യക്തികളും നിരവധി പൊതു പ്രവർത്തനങ്ങളിലും സ്വകാര്യ സ്ഥാപനങ്ങളിലും പ്രമുഖ സ്ഥാനങ്ങൾ അലങ്കരിച്ചിട്ടുണ്ട്. ഇവരെല്ലാം എന്നും സാമൂഹ്യ സമത്വത്തിനും സമുദായോദ്ധാരണത്തിനുള്ള പ്രവത്തനങ്ങളിലും മുൻപന്തിയിൽതന്നെയായിരുന്നു."

VI

# മുദ്രാലയ പ്രസിദ്ധീകരണം

## ഒരു തപസ്യ

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുകയും അതു് ഏതാണ്ടൊക്കെ നടപ്പിൽ വരുത്തുകയും ചെയ്തപ്പോൾ വാഴ്ത്തപ്പെട്ട ചാവറയച്ചനു് വളരെ പ്രധാനപ്പെട്ട മററൊരു ചിന്ത തോന്നി. അതായതു് അക്ഷരാഭ്യാസം കൊടുത്താൽ മാത്രംപോരാ. വായിക്കുവാനുള്ള പുസ്തകവും അവർക്കു കൊടുക്കണം. അന്നു് ഗവൺമെൻറു പ്രസ്സിൽ നിന്നു് അടിച്ചിറക്കിയ ഹിന്ദുമത കഥകളെ ആസ്പദമാക്കിയുള്ള കുറെ പുസ്തകങ്ങൾ മാത്രമേ കിട്ടുമായിരുന്നുള്ളു. ക്രിസ്ത്യൻ പ്രാർത്ഥനകൾ പോലും കൂടുതൽ തമിഴിലുള്ള പുസ്തകങ്ങളായിരുന്നു. ഈ ദുർഗതിയ്ക്കു് ഒരറുതി വരുത്തണമെന്നു് ചാവറ തീരുമാനിച്ചു. മററു പലയിടത്തും നാം കാണുന്നതുപോലെ ഒരു കാര്യം തീരുമാനിച്ചാൽ അതു് നടപ്പിൽ വരുത്തുക ചാവറയച്ചൻെറ ഒരു നിഷ്ഠയായിരുന്നു. എന്തെല്ലാം പ്രതിബന്ധങ്ങൾ വഴിക്കുവന്നാലും അതിൽ നിന്നും പിന്തിരിയുന്ന പ്രശ്നമില്ലായിരുന്നു. ഒരു മുദ്രാലയം സ്ഥാപിക്കണമെന്നു തോന്നിയപ്പോൾ അതിനായി ഇറങ്ങിത്തിരിച്ചപ്പോൾ ഉണ്ടായ പ്രതിബന്ധങ്ങൾ നമുക്കു് വഴിയെ കാണാം.

### പ്രസ്സു കാണാൻ ഒരു തീർത്ഥ യാത്ര

മുദ്രാലയമെന്നും പ്രസ്സെന്നും കേട്ടിട്ടുള്ളതല്ലാതെ അതിൻെറ പ്രവർത്തന രീതിയെക്കുറിച്ചോ പ്രസ്സിൻെറ യന്ത്രസജ്ജീകരണത്തെക്കുറിച്ചോ ഒരു പിടിപാടും ചാവറയച്ചനില്ലായിരുന്നു. ചാവറയച്ചൻെറ അറിവിൽ അന്നു് രണ്ടു പ്രസ്സു മാത്രമേ തിരുവിതാംകൂർ ഭാഗത്തു് ഉണ്ടായിരുന്നുള്ളു. ഒന്നു്–കോട്ടയത്തു് C. M. S. മിഷൻകാർ നടത്തുന്ന പ്രസ്സു് – രണ്ടു് തിരുവനന്തപുരത്തെ ഗവൺമെൻറു് പ്രസ്സു്. മാന്നാനത്തു നിന്നു് 10 കിലോമീററർ നടന്നാൽ കോട്ടയമായി. കോട്ടയം പ്രസ്സു കാണാൻ രണ്ടു പ്രാവശ്യം ചാവറയച്ചൻ കോട്ടയത്തു പോയി. എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല രണ്ടുപ്രാവശ്യവും പ്രസ്സു കെട്ടിടത്തിനുള്ളിൽക്കയറി പ്രസ്സിൻെറ പ്രവർത്തനം കാണു

വാൻ പ്രസ്സിൻെറ ഭാരവാഹികൾ സമ്മതിച്ചില്ല. സി.എം.സ്. കാരും കത്തോലിക്കരും തമ്മിലുള്ള അന്നത്തെ പിണക്കമോ അല്ലെങ്കിൽ പ്രസ്സു കാണിച്ചാൽ അതുപോലൊന്ന് ഉണ്ടാക്കി കത്തോലിക്കർ തങ്ങളുടെ പുസ്തകങ്ങൾ അടിച്ചിറക്കി കൂടുതൽ ബോധവാന്മാരാകുമെന്ന് പേടിച്ചോ ആയിരിക്കാം, സാധാരണ ഗതിയിൽ ചിന്തിച്ചാൽ മനുഷ്യത്വ ഹീനമായ ഈ പ്രവർത്തിക്ക് അവർ തയ്യാറായത്. പക്ഷേ ഈ പ്രതിബന്ധവും അവഹേളനവുമൊന്നും ചാവറയെ കുലുക്കിയില്ല. തിരുവനന്തപുരത്തുള്ള ഗവൺമെൻറു പ്രസ്സിനെക്കുറിച്ചായി പിന്നത്തെ വിചാരം. 160–ൽ പരം കിലോമീററർ മാന്നാനത്തു നിന്ന് നടന്നാലെ തിരുവനന്തപുരത്ത് എത്തുകയുള്ളു. ഇന്നത്തെ എം.സി. റോഡിൻെറ സ്ഥാനത്ത് കാളവണ്ടി പോകുന്ന കൂർത്ത കല്ലു നിറഞ്ഞ ചെറുവഴിക്കു സമാനമായ ഒരു വഴിമാത്രമേ 150 കൊല്ലം മുമ്പ് നമ്മൾ പ്രതീക്ഷിക്കേണ്ടതുള്ളു. മൂന്നു വിധത്തിലേ തിരുവനന്തപുരത്തു പോകാൻ സാദ്ധ്യതയുള്ളൂ. 1 നടന്ന് 2 കാളവണ്ടിക്ക് 3. വഞ്ചിയ്ക്ക് മൂന്നിൽ ഏതെങ്കിലും സ്വീകരിച്ചാലും എത്രയോ പ്രയാസമേറിയതായിരിക്കുമെന്ന് നമുക്ക് ഊഹിക്കാവുന്നതാണല്ലോ. ഏതായാലും കഥാനായകൻ തിരുവനന്തപുരത്തെത്തി പ്രസ്സ് നോക്കി കാണുക എന്ന ഉദ്ദേശം മാത്രം. തിരുവനന്തപുരത്തുചെന്ന് താമസിച്ചുകൊണ്ട് ക്രിസ്ത്യാനികളായ ഏതെങ്കിലും പരിചയക്കാർ പ്രസ്സിലെ തൊഴിലാളികളുടെ കൂട്ടത്തിൽ ഉണ്ടോ എന്ന് കൂലങ്കഷമായി അന്വേഷിച്ചു. കോട്ടയത്തെ അനുഭവം ആവർത്തിക്കരുതല്ലോ. അവസാനം ഒരാളെ കണ്ടെത്തി. അയാളുടെ ശുപാർശയിൽ പ്രസ്സ് നടന്നു കണ്ടു. അതിൻെറ പ്രവർത്തനവും മററും വിശദമായി മനസ്സിലാക്കി. തിരിച്ചു മാന്നാനത്തേക്കു മടങ്ങി. പോരുന്ന വഴിക്കു മുഴുവൻ ചിന്ത പ്രസ്സിൻെറ പ്രവർത്തനത്തെക്കുറിച്ചും അതിൻെറ പൽ ചക്രങ്ങളെക്കുറിച്ചും ആയിരുന്നു.

## മരപ്രസ്

മാന്നാനത്ത് എത്തിയ അന്നുതന്നെ വാഴപ്പിണ്ടി സംഘടിപ്പിച്ചു. ഒരു പേനാക്കത്തികൊണ്ട് തിരുവനന്തപുരത്തു കണ്ട Hand Press - ൻെറ മാതൃക വാഴപ്പിണ്ടിയിൽ കൊത്തിയുണ്ടാക്കി. പിറേറ ദിവസം ആശാരിയെ വിളിച്ച് ഈ മാതൃക അനുസരിച്ച് മരത്തിൽ കൊത്തിയുണ്ടാക്കുവാൻ നിർദ്ദേശം കൊടുത്തു. ഇന്നും മാന്നാനത്ത് ഒരു തിരുശേഷിപ്പുപോലെ സൂക്ഷിക്കുന്ന മരപ്രസ്സ് നമുക്ക് കാണാവുന്നതാണ്. ഈ മരപ്രസ്സാണ് തിരുവിതാംകൂറിലെ ക്രിസ്ത്യാനികളുടെ ആദ്യത്തെ പ്രസ്സ്.

പ്രസ്സ് ഉണ്ടാക്കിയതുകൊണ്ടായില്ലല്ലോ. ഇനി അച്ചു വേണം. കംപോസിംഗ് അറിയാവുന്ന ജോലിക്കാർ വേണം. കടലാസു വേണം മഷിവേണം. ഇതെല്ലാം പൈസ കൊടുത്തു വാങ്ങേണ്ട കാര്യങ്ങളാണ്. പിന്നോക്കം നോക്കാൻ ചാവറയ്ക്കു ആകുമായിരുന്നില്ല. മുന്നോട്ടുതന്നെ, നോക്കി പ്രയാസങ്ങളെ തരണം ചെയ്യാൻ തന്നെ തീരുമാനിച്ചു. ഇത്തവണ യൗസേപ്പിതാവിനോടാണ് പ്രത്യേകം പ്രാർത്ഥിച്ചതു്. പണിക്കാരുടെ മദ്ധ്യസ്ഥൻ വി. യൗസേപ്പ് ആണല്ലോ. വാഴ്ത്തപ്പെട്ട ചാവറയച്ചൻ തന്റെ നാളാഗമത്തിൽ ഇതേക്കുറിച്ചു് എഴുതിയിരിക്കുന്നതു നോക്കുക.

“1844-ാം കാലം ചിങ്ങം (സെപ്റ്റംബർ) മുതൽ പുസ്തകം അടിപ്പാനുള്ള വേലയ്ക്കു് പ്രത്യേകം മനസ്സുവച്ചുതുടങ്ങി. രണ്ടു കുറി ഞാൻ ഏറിയ ആഗ്രഹത്താലെ കോട്ടയത്തു ചെന്നാറെ അവരു കാട്ടിയതുമില്ല. പിന്നെ കേൾവിയാലും കണ്ടവരു പലരോടും ചോദിച്ചും വേലകൾ ഓരോന്നു നടത്തി.”

കോട്ടയം സി. എം. എസ്സ്. പ്രസ്സിൽ അക്ഷരം വാർത്തുകൊടുത്തുകൊണ്ടിരുന്ന ഒരു പാണ്ടിത്തട്ടാനെ പലരുടെ ശുപാർശ പ്രകാരം സൂത്രത്തിൽ വരുത്തി. അക്ഷരം ചതുര വടിവിൽ വാർക്കുന്നതിനു് ഇയാൾ സമർത്ഥനായിരുന്നു. അത്യാവശ്യത്തിനുള്ള ടൈപ്പുകൾ അങ്ങനെ സമ്പാദിച്ചു. തിരുവനന്തപുരത്തു പോയപ്പോൾ പരിചയപ്പെട്ട കുര്യൻ എന്നയാളെ ആളുവിട്ടു വിളിപ്പിച്ചു. അയാൾ അച്ചടിയിൽ വിദഗ്ദനായിരുന്നു. ബുക്കു ബൈൻഡു ചെയ്യാൻ എവിടെനിന്നു് ആളെ കിട്ടുമെന്നായി? അങ്ങനെ തിരക്കി നടക്കുമ്പോൾ കൊച്ചിയിൽ ഒരു യൂദൻ ഈ വിദ്യ ബോംബയിൽ പോയി പഠിച്ചു വന്നിട്ടുണ്ടെന്നു മനസ്സിലാക്കി. അയാളെ തിരക്കി പിറേറ ദിവസം തന്നെ പുറപ്പെട്ടു. അയാളും മാന്നാനത്തു വന്നു സഹായിക്കാമെന്നേററു. ഈ യൂദൻ ബൈൻറു ചെയ്യുന്ന കലയിൽ പ്രത്യേകിച്ചു ബുക്ക് ബൈൻറിംഗിൽ അസാമാന്യ സാമർത്ഥ്യം ഉള്ള ഒരാളായിരുന്നു. ചാവറയച്ചൻ ശരിക്കും ഇയാളെക്കൊണ്ടു മുതലെടുത്തു. പഴയ കീറിപ്പോകാറായ പുസ്തകങ്ങൾ ഒന്നാംതരമായി ബൈൻറു ചെയ്യിക്കുക മാത്രമല്ല, മാന്നാനത്തും അതിരംപുഴയിലുമുള്ള പലരേയും ഈ വിദ്യ അഭ്യസിക്കുന്നതിനു് വിളിക്കുകയും അങ്ങനെ ബൈൻറിംഗ് വളരെയേറെയാളുകൾ പഠിക്കുകയും ചെയ്തു. ഇന്നു് എത്രത്തോളം പിൻഗാമികൾ അവശേഷിച്ചിട്ടുണ്ടെന്നു് അറിയാൻ പാടില്ലെങ്കിലും ഒരൻപതു കൊല്ലം മുമ്പു വരെയും മാന്നാനത്തും പരിസരത്തും ബൈൻറിംഗിൽ വിദഗ്ധരായ ഒട്ടു വളരെപ്പേരുണ്ടായിരുന്നു. ഭംഗി

യായി ചിത്രകലകളോടുകൂടി തുകൽ ബൈൻറു ചെയ്യുന്നതിനു മാന്നാനത്തെ യൗസേപ്പിതാവിൻെറ അച്ചുകൂടം ഇന്നും കേരളത്തിൽ പ്രസിദ്ധമാണല്ലോ.

പിന്നീടു കടലാസും മഷിയും കിട്ടുന്നതിനുള്ള പരിശ്രമമായി. "പുതിച്ചേരി, മദ്രാസ് ഇങ്ങനെയുള്ളയിടങ്ങളിൽ പ്രസ്സിനും മഷിക്കും എഴുതിയാറെ മഷി അവിടെ കിട്ടുകയില്ലെന്നും പ്രസ്സിനു യൂറോപ്പു വില 500 രൂപായെന്നും, പിന്നെയുള്ള കേവു മുതലായ ചിലവും കൊടുക്കണമെന്നും എന്നാൽ ഒരു പ്രസ്സു വരുത്തിച്ചു തരാമെന്നും മറുപടി വരികയാൽ ദ്രവ്യ ചുരുക്കത്താൽ മടുത്തു ക്ലേശിച്ചു. ആലപ്പുഴ എലഞ്ഞിക്കൽ പെറിയാൻ കുഞ്ഞു വൈക്കത്തുകാരൻ കൊച്ചു പൗലോസ്‌യി വരെക്കൊണ്ടു കമീശാ എന്ന ഒരു കൊച്ചിക്കാരനുമായിട്ടു 100 രൂപായുടെ കടലാസു മഷി ഈയം ഈ വക വരുത്തി തരുവാൻ പറഞ്ഞു ബോധിപ്പിച്ചു 10 രൂപയും കൊടുത്തു. കന്നി മാസത്തിൽ ചരക്കു വന്നു എന്നു കേട്ടുചെന്നപ്പോൾ 10 കെട്ടു കടലാസ്, ഒരു വീപ്പ മഷി ഇങ്ങനെ 400 രൂപായിലധികം ലാഭം ഉൾപ്പെടെ വിലയുള്ള ചരക്കു വന്നു എന്നും വിലയുടെ തിട്ടം ഇവർ പറഞ്ഞില്ലായെന്നും ചരക്കു പറഞ്ഞതിൽ അര വീപ്പക്കു പറഞ്ഞാറെ മുഴവനല്ലാതെ കിട്ടുകയില്ലെന്നും വേർവിട്ടുഴിവില്ലായെന്നും നിങ്ങൾ തന്നെ വാങ്ങിക്കണമെന്നും കച്ചവടക്കാരൻ പറയുകയാൽ ഏറ്റം മനവിഷാദമായി. അപ്പോൾ ചെന്നക്കാട്ടു തൊമ്മൻ എന്നയാൾ ഞങ്ങളുടെ മേലും ഈ കാര്യങ്ങളുടെ മേലും ഏറ്റം വേണ്ടി ആയിരിക്കകയാൽ ഇയാളുടെ ഉത്സാഹത്താലും വേലയാലും അര വീപ്പ മഷിയും കടലാസും വാങ്ങിച്ചാൽ മതിയെന്നും അവരെ സമ്മതപ്പെടുത്തി. 6000 ചക്രത്തിനുള്ള ചരക്ക് ഇതിന്നു കൊടുപ്പാനുള്ളതിനു ഇയാളുടെ ഉത്സാഹത്താൽ തന്നെ പലിശയും കൂടി യൗസേപ്പുണ്യവാളനു ഒരു ചിട്ടിയുണ്ടാക്കി ആയതു 3000 ചക്രമുണ്ടാക്കി. ആയ്തു കൊടുത്തു 3000 ചക്രത്തിനു ഇയാൾ തന്നെ കച്ചവടക്കാരനു കച്ചീട്ടും എഴുതി ചരക്കും വാങ്ങിച്ചു തന്നയച്ചു. ഞാനും ബ. കാഞ്ഞിരപ്പള്ളിയച്ചനും കൂടി വാങ്ങിച്ചു കൊണ്ടു പോരികയും ചെയ്തു."

(നാളാഗമം p. 95-96)

ഒരു പ്രസ്ഥാനത്തിനുവേണ്ടി ഇറങ്ങിത്തിരിച്ച ചാവറയച്ചൻ പണത്തിൻെറ പോരായ്കയുടെ പേരിൽ ഭഗ്നാശനായില്ല. നോക്കുക, എങ്ങനെയാണു പരിപാലന അദ്ദേഹത്തെ നയിക്കുന്നതെന്ന്. അറിയാത്തവരും കാണാത്തവരും

അദ്ദേഹത്തിന്റെ തുണയ്ക്കെത്തുന്നു. കിട്ടാൻ പ്രയാസമുള്ള കടലാസും മഷിയും വിചാരിച്ചതിന്റെ പല ഇരട്ടി ചാവറയെ തേടി എത്തുന്നു. പണമില്ലാത്ത നിസ്സഹായാവസ്ഥയിൽ പ്രതീക്ഷിക്കാത്ത പലരും സഹായികളായി മാറുന്നു.

ഇപ്രകാരം അച്ചടിയെന്ന മഹനീയ കാര്യം മാന്നാനത്ത് ആരംഭിക്കുകയാണ്. യൗസേപ്പിതാവിനോടു പ്രാർത്ഥിക്കുകയും പിതാവിന്റെ വിശേഷ സഹായത്താൽ പ്രസ്സിനു വേണ്ട പലതും നേടിയെടുക്കാൻ സാധിക്കുകയും ചെയ്തതിനാൽ വി. യൗസേപ്പിതാവിന്റെ നാമത്തിലാണ് മാന്നാനത്തെ അച്ചുകൂടം ആരംഭിക്കുന്നത് (St. Joseph's Press). പണിക്കാരുടെ മദ്ധ്യസ്ഥന്റെ കരങ്ങളിൽ തന്റെ പുതിയ സംരംഭം സുരക്ഷിതമായിരിക്കുമെന്നു ചാവറയച്ചന് ഉറപ്പായിരുന്നു. ഈ അച്ചുകൂടം തിരുവിതാംകൂറിലെ മൂന്നാമത്തെ അച്ചുകൂടമാണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ.

## പ്രസിദ്ധീകരണങ്ങളിലേക്ക്

ഈ അച്ചുകൂടം സ്ഥാപിക്കുന്നതിനു മുൻപ് മലയാളത്തിൽ അച്ചടിച്ച യാതൊരു പ്രാർത്ഥനാ പുസ്തകവും ഇല്ലായിരുന്നു. തമിഴ് അറിയാവുന്ന ചിലർ തമിഴിൽ നിന്നുള്ള പ്രാർത്ഥനാ പുസ്തകങ്ങൾ ഉപയോഗിച്ചിരുന്നു. ചാവറയച്ചന്റെ ഉദ്ദേശം ജനങ്ങൾക്കു പ്രാർത്ഥിക്കുവാൻ പുസ്തകം മലയാളത്തിൽ അടിച്ചു കൊടുക്കണമെന്നതായിരുന്നു. അല്ലാതെ പ്രസ്സ് ഒരു ലാഭമുണ്ടാക്കുന്ന വ്യവസായമാക്കാനുള്ളതല്ലായിരുന്നു. വിദ്യാഭ്യാസവും സാധാരണ ജനങ്ങൾക്ക് സംലബ്ധമായിത്തുടങ്ങിയ കാലഘട്ടമായിരുന്നു. ഇവർക്കു പ്രാർത്ഥിക്കുവാൻ മലയാളത്തിൽ പുസ്തകം ഉണ്ടായിരിക്കുക എന്നത് കാലത്തിന്റെ ഒരാവശ്യം മാത്രമായിരുന്നു. അന്നത്തെ നിയമമനുസരിച്ച് പ്രസ്സ് തുടങ്ങുന്നതിന് രാജകൊട്ടാരത്തിൽ നിന്നു പ്രത്യേക അനുമതി ആവശ്യമായിരുന്നു. ലുദവിക്കോസ് മെത്രാൻവഴി ഇതു പ്രയാസം കൂടാതെ സാധിച്ചെടുത്തു. അതുപോലെതന്നെ പ്രാർത്ഥനാ പുസ്തകങ്ങൾ അടിക്കുന്ന അച്ചുകൂടമാകയാൽ റോമിന്റേയും അനുവാദം വേണമായിരുന്നു. അതും വളരെ വൈകാതെ ലഭിച്ചു. അങ്ങനെ ചാവറയച്ചൻ പുസ്തക പ്രസിദ്ധീകരണമെന്ന തന്റെ സുന്ദര സ്വപ്നവുമായി മുമ്പോട്ടു പോയി.

## മരപ്രസ്സ് മുതൽ ഫോട്ടോ പ്രിന്റിംഗ് വരെ

'ജ്ഞാനപീയൂഷം' എന്ന ഒരു പ്രാർത്ഥനാ പുസ്തകമാണ് ആദ്യമായി പുറത്തിറങ്ങിയ പുസ്തകം. മരപ്രസ്സിൽ തന്നെ

യാണോ ഇത് അച്ചടിച്ചത് എന്നു സംശയിക്കേണ്ടിയിരിക്കുന്നു. പിന്നെ പിന്നെ എത്ര എത്ര പുസ്തകങ്ങൾ മാന്നാനം യൗസേപ്പിതാവിന്റെ അച്ചുകൂടം പുറത്തിറക്കിയിരിക്കുന്നു. ജ്ഞാനപീയൂഷംപോലെ ജനസമ്മതി നേടിയ മറ്റൊരു പുസ്തകമാണ് ദിവ്യമാതൃക. ഇവ രണ്ടും വലിയ പ്രിയോരച്ചൻ തന്നെ എഴുതിയതാവാനാണുവഴി. 'ജ്ഞാനപ്രജാഗരം', ഗൃഹസ്ഥധർമ്മോദ്യാനം, വൃത്താന്തനവരത്നം തുടങ്ങിയവയും പിന്നീടു പ്രസിദ്ധീകരിച്ചു. മററു പ്രസ്സുകൾ വരുന്നതുവരേയും പ്രാർത്ഥനാ സംബന്ധമായ, വേദപാഠ സംബന്ധമായ എല്ലാ പുസ്തകങ്ങളും മാന്നാനത്താണ് അടിച്ചിരുന്നത്. കാനോന നമസ്കാരവും കുർബ്ബാന തക്സായും എല്ലാംതന്നെ മാന്നാനത്തു നിന്നാണ് അടിപ്പിക്കുക. കേരള സുറിയാനി സഭയുടെ ഔദ്യോഗിക പ്രസ്സായി അതു ദീർഘനാൾ നിലനിന്നു. ഇന്നും നമ്മുടെ ഇടയിൽ പച്ചപിടിച്ചു നില്ക്കുന്നതും–കേരള സഭയുടെ ഭക്ത ജീവിതത്തിന് ആക്കം കൊടുക്കുന്നതുമായ 'മാസവണക്കങ്ങൾ' മാന്നാനം പ്രസിദ്ധീകരണത്തിന്റെ ഒരു പ്രത്യേകതയായിരുന്നു. മാതാവിന്റെ മാസവണക്കത്തിന് എത്ര പതിപ്പുകൾ ഉണ്ടായിരുന്നു ? പ്രസ്സുകാർക്കുപോലും നിശ്ചയമുണ്ടോ എന്ന് അറിഞ്ഞുകൂടാ. ലക്ഷക്കണക്കിനു വിറ്റഴിയുന്ന ഈ സുകൃത പുസ്തകങ്ങളെ ഇന്നു ചില പ്രസിദ്ധീകരണക്കാർ കച്ചവടക്കണ്ണുമായി സമീപിക്കുകയും ചെയ്യുന്നുണ്ടെന്നുള്ളതും നാം മറക്കാതിരിക്കുക. 'നിത്യാരാധന' എന്ന മനോഹരമായ ഒരു പ്രാർത്ഥന പുസ്തകം കുറെ നാൾ മുമ്പുവരെ നമ്മുടെ പുതുമണവാട്ടികൾക്കു സ്വന്തം വീട്ടുകാർ വാങ്ങിക്കൊടുക്കുന്ന ഒരമൂല്യ സമ്മാനമായിരുന്നു. അതുപോലെ കൃപാനിധി എന്ന പുസ്തകവും–മണവാട്ടിമാരും–അമ്മമാരും കുടുംബങ്ങളും ഇന്ന് ആരാധനയിൽ–പ്രാർത്ഥനയിൽ മാന്ദ്യം കാണിച്ചു തുടങ്ങിയപ്പോൾ പ്രസിദ്ധമായ ഈ രണ്ടു കൃതികളുടെയും പ്രസിദ്ധീകരണംതന്നെ നിന്നുപോയോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. 'നിത്യാരാധന' എന്ന പുസ്തകം വല്യമ്മമാർ ഇന്നും അമൂല്യമായി സൂക്ഷിക്കുന്നുണ്ടാവണം. ഇതിനു 32 പതിപ്പുകളായി 133000 പ്രതികളടിച്ചിട്ടുണ്ട്.

## കുസുമവും ദീപികയും

പ്രാർത്ഥനാപുസ്തകങ്ങളും വേദ പാഠപുസ്തകങ്ങളും അടിച്ചിറക്കിക്കൊണ്ട് മാന്നാനംകാർ (വി. യൗസേപ്പിതാവിന്റെ അച്ചുകൂടം) വളരെനാൾ മുമ്പോട്ടുപോയി. കാലം പുരോഗമിച്ചപ്പോൾ പ്രസിദ്ധീകരണ രംഗത്തു–സമ്പർക്ക മാധ്യമങ്ങളായ പത്രമാസികയുടെ ആവശ്യം ചവറയുടെ മക്കൾക്കു ബോധ്യമായിത്തുടങ്ങി.

ചാവറ പിതാവുണ്ടായിരുന്നെങ്കിൽ പണ്ടേതന്നെ ജനങ്ങൾക്ക വായിക്കുവാനും അവരെ ബോധവൽക്കരിക്കാനും പത്രമാസികകൾ അടിച്ചിറക്കിയേനെ എന്ന ബോധം ചാവറ മക്കളെ ചിന്തിപ്പിക്കുവാൻ തുടങ്ങി. 1887-ന്റെ ആരംഭത്തിൽതന്നെ മാന്നാനത്തുനിന്നും 'നസ്രാണി ദീപിക' എന്ന പത്രം ഇറങ്ങിത്തുടങ്ങി. ദിനപത്രമായിട്ടല്ല ആദ്യം തുടങ്ങിയതു്. മാന്നാനത്തെ അച്ചുകൂടമാണു് ഈ പത്രത്തിനു നേതൃത്വം കൊടുക്കുകയും പ്രചരിപ്പിക്കുകയും ചെയ്തിരുന്നതു്. കാലാന്തരത്തിൽ കോട്ടയം പട്ടണം തെളിയുകയും യാത്രാസൗകര്യങ്ങൾ വർദ്ധിക്കുകയും ചെയ്തപ്പോൾ 1939-നാണു് ഇതു കോട്ടയത്തേക്കു മാററിയതു്.

സമ്പർക്കമാധ്യമങ്ങളുടെ കാര്യത്തിൽ പിന്നീടു കാര്യമായ സംഭാവന ചാവറമക്കളിൽ നിന്നുണ്ടായതു് – കർമ്മല കുസുമം മാസികയുടെ ആരംഭത്തോടെയായിരുന്നു. കത്തോലിക്കാസഭയിലെ എഴുത്തുകാരെ സൃഷ്ടിക്കുകയും അവർക്കു് വേദി ഒരുക്കുകയും ചെയ്തതു് കർമ്മല കുസുമമായിരുന്നു. ഇന്നു 80 കൊല്ലം പിന്നിട്ട ഈ മാസികാ മുത്തശ്ശി പൈങ്കിളിമാസികകളുടെ അതിപ്രസര സമ്മർദ്ദമേററു ശ്വാസം മുട്ടുന്നു എങ്കിലും തുടങ്ങിവച്ച ജോലി തുടർന്നുകൊണ്ടും പൂർത്തിയാക്കിക്കൊണ്ടും മുന്നോട്ടു പോകുന്നു. വിശ്വാസ കാര്യത്തിൽ അപ്പപ്പോൾ ഉണ്ടാകുന്ന വിടവുകളെ ചൂണ്ടിക്കാണിച്ചുകൊണ്ടും മത സംബന്ധമായ നല്ല നല്ല ലേഖനങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ടും കർമ്മല കുസുമം ഇന്നും സ്ഥാപകരുടെ സ്വപ്നം നിറവേററുന്നു.

## പ്രസിദ്ധീകരണ രംഗത്തു ചാവറമക്കൾ

150-ൽ പരം കൊല്ലങ്ങൾക്കുമുമ്പ തങ്ങളുടെ പുണ്യപിതാവു തുടങ്ങി വച്ച ജോലി തുടർന്നു പോകേണ്ടതും അതു കാലത്തിനൊത്തു് വളർത്തേണ്ടതും തങ്ങളുടെ കടമയാണെന്നും തങ്ങളുടെ സ്ഥാപകന്റെ സ്വപ്ന സാക്ഷാത്കാരമാണെന്നും ചാവറ മക്കൾക്കെല്ലാം നല്ല ബോധ്യമുണ്ടു്.

പത്ര വ്യവസായം മത്സരത്തിലേക്കു നീങ്ങിയ ഈ കാലഘട്ടത്തിൽ 102 വയസ്സായ ദീപികക്കു കേരളത്തിലെ ഒന്നാംകിട പത്രത്തിലേക്കുയരുവാൻ എണ്ണത്തിന്റെ കാര്യത്തിൽ സാധിച്ചിട്ടില്ല എങ്കിലും ഇന്നും ദീപിക കത്തോലിക്കരുടെ, അതും സുറിയാനി കത്തോലിക്കരുടെ, പ്രിയപ്പെട്ട പത്രം തന്നെയാണു്. കേരളകത്തോലിക്കാ സഭയെ ഞെക്കിപ്പിഴിഞ്ഞ വിദ്യാഭ്യാസ സമരങ്ങളിലും കമ്മ്യൂണിസ്റ്റു് കാട്ടാളത്തം പിടിച്ചു നിറുത്തിയവിമോചന സമരത്തിലും സമുദായ

ത്തിന് അന്തസ്സായ നേതൃത്വം കൊടുക്കുവാൻ ദീപികയ്ക്കു കഴിഞ്ഞിട്ടുണ്ട്. അതുപോലെ കുടിയിറക്കപ്പെട്ട മലയോര കർഷകർക്കുവേണ്ടിയും അവികസിതമായ ഗിരിപ്രദേശങ്ങൾക്കു വേണ്ടിയും ഇന്നും വാദിച്ചുകൊണ്ടിരിക്കുന്നതും ദീപികയാണ്. സമുദായം പല രാഷ്ട്രീയ പാർട്ടികളിൽ പോയി കുത്തഴിഞ്ഞു പോകാതിരിക്കാനും ദീപിക തന്നാലായതു ചെയ്യുന്നുണ്ട്. ഇതുപോലെയുള്ള നല്ല കാര്യങ്ങൾ ചെയ്യു ദീപികയ്ക്കു് സമുദായം ഒന്നിച്ചു നിന്നുള്ള ഒരു സപ്പോർട്ട് കാലത്തിന്റെ ആവശ്യമായിരിക്കുന്നു. Photo Prints മുതലായ ആധുനിക സജ്ജീകരണങ്ങളോടു കൂടി മണിക്കൂറിൽ അരലക്ഷത്തിലധികം പത്രങ്ങൾ പലകളറിൽ അച്ചടിച്ചിറക്കാൻ കഴിയുന്ന ദീപികയെ ഏററവും വലിയ ഉന്നതിയിലെത്തിക്കാൻ ഹൈറാർക്കിയുടേയും സമുദായ നേതാക്കളുടേയും കൈ അയച്ചുള്ള സഹായം ആവശ്യമായിരിക്കുന്നു. ദീപികയിൽ നിന്നും ഇറങ്ങുന്ന കുട്ടികളുടെ ദീപികയും ദീപിക ആഴ്ചപ്പതിപ്പും ഇനിയും അഭിവൃദ്ധിപ്പെടേണ്ടിയിരിക്കുന്നു.

## പ്രസിദ്ധീകരണങ്ങൾ വേറെയും

മുദ്രാലയ പ്രസിദ്ധീകരണ പ്രേഷിതത്വത്തിനു എറണാകുളം പ്രദേശത്തുനിന്നുള്ള എളിയ തുടക്കമായിരുന്നു, തേവര L F. പ്രസ്സും കുടുംബദീപവും ഇവ രണ്ടിനും തുടക്കക്കാരൻ പുണ്യശ്ലോകനായ ബ. ജോൺബക്ക്മാൻസച്ചൻ ആയിരുന്നു. കുടുംബദീപത്തിനും മത സാംസ്കാരിക മാസികകൾക്കു പൊതുവായും സംഭവിച്ചിരിക്കുന്ന നിലനില്പിന്റെ പ്രശ്നം കുറെയൊക്കെ ബാധിച്ചിട്ടുണ്ടെങ്കിലും ആനുകാലിക സഭാകാര്യങ്ങളെക്കുറിച്ചും സഭയ്ക്കു പൊതുവായി സംഭവിക്കുന്ന വിപരീത സാഹചര്യങ്ങളെക്കുറിച്ചും ഈടുററ ലേഖനങ്ങൾ വഴി മഹത്തായ സേവനം ചെയ്തുകൊണ്ടാണിരിക്കുന്നതു്. ഒരു കാലത്തു മുടിചൂടാമന്നനായിരുന്ന C.P. രാമസ്വാമി അയ്യർ എന്ന തിരുവിതാംകൂർ ദിവാൻ തിരുവിതാംകൂറിൽ ഈ മാസികയുടെ പ്രചരണം നിയമംമൂലം തടഞ്ഞിരുന്നു എന്നു പറയുമ്പോൾ ഈ കൊച്ചു മാസികയ്ക്കു് ജനങ്ങളിൽ ചെലുത്തുവാൻ കഴിയുന്ന സ്വാധീനത്തെക്കുറിച്ച് നമുക്ക് ഏകദേശം മനസ്സിലാക്കുവാൻ സാധിക്കുമല്ലോ. C. P. യുടെ കാലത്തെ വിദ്യാഭ്യാസ സമര സമയത്താണു കുടുംബദീപം – തിരുവിതാംകൂറിൽ മുടക്കപ്പെട്ടതു്.

അടുത്ത കാലത്തു തേവര പ്രസ്സു ചെയ്ത ഒരു കാൽവയ്പാണ് 'ജനതാബുക്സ്' എന്ന പേരിലുള്ള പ്രസിദ്ധീകരണ പ്രസ്ഥാനം. പത്തോളം ബ്രാഞ്ചുകളോടുകൂടി കേരളമെങ്ങും വ്യാപിച്ചിരിക്കുന്ന ഈ പ്രസ്ഥാനം വിജയത്തിന്റെ കല്പടവു

കൾ ഇനിയും അനവധി ചവുട്ടേണ്ടിയിരിക്കുന്നു. ഏതായാലും കാലത്തിന്റെ ഒരാവശ്യമാണിതു് എന്നു് മനസ്സിലാക്കുകയും ഇങ്ങനെയൊന്നു് ആരംഭിക്കുകയും വളർത്തിയെടുക്കുകയും ചെയ്തവരിൽ പ്രധാനികളായ പുഴക്കരയച്ചനേയും, T. A. ആൻറണി അച്ചനേയും ഇവിടെ ഓർക്കാതിരിക്കാൻവയ്യ.

ദീപികയുടെ ഒരു ഉപവിഭാഗമായി പ്രവർത്തിക്കുന്ന ദീപിക ബുക്ക്ഹൗസും ധാരാളം നല്ല പുസ്തകങ്ങൾ മലയാളത്തിനു് പ്രദാനം ചെയ്യുന്നു. തൃശ്ശൂർഭാഗത്തു് നല്ല നിലയിൽ പ്രസിദ്ധീകരണ പ്രേഷിതവൃത്തി നടത്തുന്ന ജ്യോതിബുക്ക്സും ബാംഗ്ലൂരിൽ നടത്തുന്ന ധർമ്മാരാം പബ്ലിക്കേഷൻസും – മാന്നാനം പ്രസ്സിന്റെതന്നെ വേറൊരു ശാഖയായ – സാൻജോസ് ബുക്ക്സും ചാവറയുടെ സ്വപ്നസാക്ഷാത്ക്കാരം കൈരളിക്കു പ്രദാനം ചെയ്യുന്ന നല്ല നല്ല പ്രസ്ഥാനങ്ങളാണ് 30–ൽപരം പുസ്തക വില്പനശാലകൾ ഇന്നു CMI. സഭ നടത്തുന്നു.

സന്ന്യാസ സമർപ്പിതർക്കുവേണ്ടി നല്ല നല്ല ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്ന സമർപ്പിതയും ദൈവശാസ്ത്രത്തിലെ നൂതനങ്ങളായ ആശയങ്ങൾ പ്രകടിപ്പിക്കുന്ന 'ധർമ്മ'യും ബ. കോൺസ്റ്റന്റയിൻ അച്ചൻ നേതൃത്വം എടുത്തു പുറത്തിറക്കുന്ന ജീവധാരയും ചാവറയച്ചന് വിഭാവനം ചെയ്ത മുദ്രാലയ പ്രേഷിതത്വത്തിന്റെ നൂതന ഭാവങ്ങളാണ്. ഇന്നു് C.M.I. സഭയുടെ വകയായി 9 പ്രസ്സുകളു 6 പുസ്തകപ്രകാശന സങ്കേതങ്ങളും 2 വാരികകളും 8 മാസികകളും 6 ത്രൈമാസികങ്ങളും യൗസേപ്പിതാവിന്റെ അച്ചുകൂടത്തിന്റെയും പുസ്തക പ്രസിദ്ധീകരണ പ്രസ്ഥാനത്തിന്റെയും വളർച്ചയായി നിലവിലുണ്ട്. മുൻപു സൂചിപ്പിച്ചതുപോലെ എണ്ണത്തിൽ കേരളത്തിലെ ഒന്നാം നമ്പർ പത്രമാകാൻ സാധിച്ചിട്ടില്ല എങ്കിലും ആശയാവിഷ്ക്കരണത്തിനും, ജനാധിപത്യ പ്രസ്ഥാനത്തിനും ചെറുകിട കർഷകർക്കും ക്രൈസ്തവ വിദ്യാഭ്യാസ മൂല്യങ്ങൾക്കും ധർമ്മനിഷ്ഠമായ രാഷ്ട്രീയ വേദിക്കും വേണ്ടി എന്നെന്നും വാദിക്കുന്ന ദിനപ്പത്രമാണ് ദീപിക. കോട്ടയത്തു എഡിഷനു പുറമെ തൃശ്ശൂരിലും ഇതിനു് എഡിഷനുണ്ട്. കോഴിക്കോട്ടുകൂടി ഒരു എഡിഷൻ തുടങ്ങി കുടിയേററക്കാരായ ചെറുകിട കർഷകരുടെ ഇടയിലും ദീപിക എത്തിക്കുവാൻ പരിശ്രമിക്കുകയും കേരള ക്രൈസ്തവ ജനത തങ്ങളുടെ കർത്തവ്യം മനസ്സിലാക്കി ഉണർന്നു പ്രവർത്തിക്കുകയും ചെയ്താൽ രണ്ടു ലക്ഷത്തിനു താഴെ മാത്രം കോപ്പികളുള്ള ദീപിക അഞ്ചു ലക്ഷത്തിനു മുകളിൽ കയറുവാൻ ഒരു വർഷത്തിനുള്ളിൽ നിഷ്പ്രയാസം സാധിക്കും. വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ സ്വപ്നസാക്ഷാത്ക്കാരത്തിനു കേരള ക്രൈസ്തവരുടെ ഈ സഹകരണം

എന്നത്തേക്കാളുമിന്ന് ആവശ്യമായി വന്നിരിക്കയാണ്. കേരള ഹൈരാർക്കിയും ഈ പ്രാധാന്യം മനസ്സിലാക്കി തക്കസമയത്തു നല്ല നേതൃത്വം കൊടുക്കുവാൻ മുമ്പോട്ടു വരുമെന്നു നമുക്കു പ്രത്യാശിക്കാം.

നേരം വെളുക്കുന്നതിനുമുമ്പ് ചൂടുമാറാത്ത പത്രം പോർട്ടിക്കോവിലോ മുററത്തോ വീട്ടിനുള്ളിലോ കിട്ടുകയും ഏതു തരത്തിലുള്ള പുസ്തകങ്ങളും സുലഭമായി നമ്മുടെ ബുക്ക്സ്റ്റാളുകളിൽ നിന്നും വാങ്ങാൻ കിട്ടുകയും ചെയ്യുന്ന ഇക്കാലത്ത് 150 കൊല്ലം മുൻപ് ചാവറയച്ചൻ ചെയ്ത മുദ്രാലയ പ്രവർത്തന സാക്ഷാത്കാരത്തെക്കുറിച്ച് ഒന്നും ചിന്തിക്കാൻ സാധിക്കയില്ല. അന്നു ചാവറയച്ചൻ കൊളുത്തിവച്ച ഈ മുദ്രാലയ പ്രസിദ്ധീകരണദീപം കെടാതെ സൂക്ഷിക്കുന്നു എന്നു നമുക്കു അഭിമാനിക്കാം. എന്നാൽ കാലത്തിനൊത്ത് അത് അഭിവൃദ്ധിപ്പെടുത്തുവാനും ആധുനിക സാങ്കേതിക വശങ്ങൾ അതിൽ സന്നിവേശിപ്പിക്കുവാനും ആധുനിക തലമുറയ്ക്കു സാധിച്ചിട്ടില്ല എന്നു നമ്മൾ തലകുലുക്കി സമ്മതിക്കേണ്ടിയിരിക്കുന്നു. പ്രസിദ്ധീകരണ പ്രക്രിയയെ ഇന്നു കാര്യമായി ഉപയോഗിക്കുന്നവർ മററുള്ളവരാണ്. ഈ നിലയിൽ ഒന്നാം കിടക്കാർ എന്നു പറയുവാനും നമുക്കു സാധിക്കയില്ല.

പ്രസിദ്ധീകരണ മാധ്യമത്തിലേക്കുള്ള ചാവറയച്ചന്റെ ദീർഘദൃഷ്ടി വളരെ പ്രശംസനീയമായിരിക്കുന്നു. അതിനുവേണ്ടി അദ്ദേഹം നടത്തിയ തീർത്ഥയാത്രകളും ഒരു കടലാസുകഷണം അച്ചടിച്ചുകാണാൻ അദ്ദേഹം പെട്ട പെടാപ്പാടുകളും മുകളിൽ വിവരിച്ചല്ലോ. പിതാവിന്റെ മക്കളായ CMI ക്കാരും CMC ക്കാരും ഈ കാര്യത്തിൽ ഇനിയും വളരെ ചെയ്യാനുണ്ടെന്നും ഇല്ലായെങ്കിൽ വരും തലമുറയോട് നാം സമാധാനം പറയേണ്ടിവരുമെന്നും ഓർമ്മിക്കുക. അല്ലെങ്കിൽ നമ്മൾ വിദ്യ അഭ്യസിപ്പിച്ചിട്ട് വായിക്കാൻ കൊടുക്കുന്നതു മററു വല്ലവരുമായിരിക്കും. പുസ്തകങ്ങൾ വഴി ഏത് ആശയവും പ്രചരിപ്പിക്കാം. ഈ ആശയ പ്രചരണമാണ് ഇന്നു നമ്മുടെ സമുദായത്തിൽ വന്നു ഭവിച്ചിരിക്കുന്ന വിള്ളലുകൾക്കും വിശ്വാസരാഹിത്യത്തിനും നിരീശ്വരത്വത്തിനും നിമിത്തങ്ങൾക്കും കാരണമെന്നു വലിയ ഗവേഷണം കൂടാതെ ഏവർക്കും ബോദ്ധ്യമാകുന്നതാണ്.

CARMEL JYOTH
ALWAYE
THAIKKATTUWARA

# VII

# രമ്യതയുടെ ശുശ്രൂഷകൻ

കേരള സഭയ്ക്ക് ചാവറയച്ചൻ നൽകിയ നിരവധി സംഭാവനകളിൽ ഏററവും പ്രധാനപ്പെട്ടത് കേരള സുറിയാനി സഭയെ ഭിന്നിപ്പിക്കാതെ ഒന്നിച്ചു നിർത്തുന്നതിൽ ധീരനേതൃത്വം നൽകി എന്നുള്ളതാണ്. 1653-ലെ കൂനൻ കുരിശു സത്യം നടന്ന കാലത്തെപ്പോലെ സഭാംഗങ്ങൾ വീണ്ടും അസംതൃപ്തരും ആവേശക്കാരുമായി തീർന്നിരുന്ന ഒരു കാലഘട്ടമായിരുന്നു, 1850 മുതലുള്ള കാലഘട്ടം. സ്വന്തം റീത്തിലെ മെത്രാനെ കിട്ടണമെന്ന ആഗ്രഹം എന്നത്തേക്കാൾ ഏറെ ഈ കാലത്തു ശക്തി പ്രാപിച്ചു. റോമിലേക്കു വ്യക്തികളും സമൂഹങ്ങളും അയക്കുന്ന നിവേദനങ്ങൾ ഒന്നുകിൽ അവിടെ എത്തിച്ചേരാതിരിക്കയോ—അല്ലെങ്കിൽ അതു ഗുണമായ മറുപടി അയക്കുന്നതിൽ നിന്നും റോമൻ സിംഹാസനത്തെ പ്രതിനിവർത്തിക്കുകയോ ചെയ്തിരുന്ന പ്രബല ശക്തി റോമിൽ തന്നെ പ്രവർത്തിച്ചിരുന്നു.

റോമാ സിംഹാസനവുമായി ഒന്നിപ്പിൽ കഴിയണം എന്ന് അതിയായി ആഗ്രഹിച്ചിരുന്ന കേരള സുറിയാനി സഭ ഈ 'അനങ്ങാപ്പാറ' നയത്തെ എന്തു് വിലകൊടുത്തും എതിർക്കണമെന്ന ആവേശകരമായ ചിന്താഗതിയുള്ളവരായിരുന്നു. പക്ഷേ സൂക്ഷ്മദൃക്കും സഭാ സ്നേഹിയുമായ ചാവറയച്ചൻ ഈ വൈകാരിക പ്രശ്നത്തിന്റെ നാനാവശങ്ങൾ വിലയിരുത്തുകയും സഭാംഗങ്ങളേയും വൈദിക സുഹൃത്തുക്കളെയും സമുദായ നേതാക്കന്മാരെയും എല്ലാം പല പ്രാവശ്യം കണ്ടു വിഭാഗീയ മനഃസ്ഥിതിയിൽ നിന്നും പിന്തിരിയണമെന്ന് ഉപദേിക്കുകയും വികാരങ്ങൾക്ക് അടിപ്പെട്ട് ഒന്നും പ്രവർത്തിക്കരുതെന്ന് ഉപദേശിക്കുകയും ചെയ്തുകൊണ്ടിരുന്നു.

കത്തോലിക്കാ സഭയാണ് സത്യ സഭയെന്നും അവിടെയാണ് ക്രിസ്തുവിന്റെ സാന്നിദ്ധ്യവും പിൻതുടർച്ചയും കൈവയ്പ്പും പഠനവുമെന്നും, ദൃഢമായി വിശ്വസിച്ചിരുന്ന ഒരാളായിരുന്നു ചാവറയച്ചൻ. സ്വജാതി മെത്രാനു വേണ്ടിയോ റീത്തു മെത്രാനുവേണ്ടിയോ കലാപക്കൊടി ഉയർത്തി സുറിയാനി

സഭയിൽ വീണ്ടും വിള്ളലുണ്ടാകുവാൻ ചാവറയച്ചൻ ആരെയും അനുവദിക്കുമായിരുന്നില്ല. കാലത്തിന്റെ പൂർണ്ണതയിൽ മെത്രാനും റീത്തുമൊക്കെ പുനഃസ്ഥാപിക്കപ്പെടുമെന്നും അതിനായി ശീശ്മയുടെ പാത പിന്തുടരുന്നതു് ബുദ്ധിമോശമാണെന്നും ചാവറയച്ചൻ പല നേതാക്കന്മാരോടും പറഞ്ഞു മനസ്സിലാക്കി. തന്റെ തന്നെ സഭയിലെ പ്രബലരായ പല അംഗങ്ങളേയും ഇക്കാര്യത്തിനു വേണ്ടി അദ്ദേഹത്തിന് താക്കീതു ചെയ്യേണ്ടി വന്നിട്ടുണ്ട്.

കൂനൻ കുരിശു സത്യത്തെ തുടർന്നുണ്ടായ യാക്കോബായ സമൂഹത്തെ പല അനുനയങ്ങൾകൊണ്ടും മാതൃ സഭയിലേയ്ക്ക് തിരിച്ചുകൊണ്ടുവരുവാൻ അദ്ദേഹം അതിയായി ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്തു വന്നിരുന്ന കാലഘട്ടവുമായിരുന്നു.

## തോമ്മാ റോക്കോസ് എന്ന മെത്രാൻ

മെത്രാനുവേണ്ടിയുള്ള അപേക്ഷ റോമിലേക്ക് പ്രവഹിച്ചിരുന്നതുപോലെ പലരും രഹസ്യമായി ബാബേലിലെ കത്തോലിക്കാ പാത്രിയാർക്കീസിന് മെത്രാനെ അയക്കണമെന്ന് കാണിച്ച് അപേക്ഷ അയച്ചിരുന്നു. ഈയവസരത്തിൽ അതായതു് 1853-ൽ 'ദെനഹാബർയോന' എന്നൊരു കൽദായ വൈദികൻ 'പദ്രുവാദോ' അധികാരത്തിൽ പെട്ട പല പള്ളിക്കാരുടെയും അപേക്ഷ പ്രകാരം മലബാറിൽ വരികയും കുറവിലാങ്ങാട്ടു വന്ന് താമസമാക്കുകയും ചെയ്തു. ഈ ബർയോന മലബാറിലുള്ള കൽദായ സുറിയാനിക്കാരുടെ മനഃസ്ഥിതിയും ആഗ്രഹവും മനസ്സിലാക്കുകയും ഒരപേക്ഷ എഴുതിക്കൊടുത്താൽ തന്റെ പാത്രിയാർക്കീസിന് ഇതു് നൽകാമെന്നും അങ്ങനെ ബാബേലിൽ നിന്നും മെത്രാനെ കൊണ്ടുവരാമെന്നും വാഗ്ദാനം ചെയ്യുകയും ചെയ്തു.

ഈയവസരത്തിൽ മാന്നാനം ആശ്രമത്തിൽനിന്നും പിണങ്ങി പിരിഞ്ഞു് പ്ലാശനാൽ കൊവേന്ത സ്ഥാപിച്ചു കഴിഞ്ഞുവന്ന കടക്കച്ചിറ അന്തോനിയച്ചൻ ഈബർയോനോ വൈദികന്റെ ഉററ മിത്രമായി. തൊണ്ടനാട്ടു അന്തോനിയച്ചനും ഇവരുടെകൂടെ കൂടി. ഇവർ പള്ളികൾതോറും ചുററിനടന്ന് രഹസ്യമായി മെമ്മോറാണ്ടങ്ങളിൽ ഒപ്പു വയ്പിക്കുകയും ബാബേലിൽ പോയി പാത്രിയാർക്കീസിനെ കണ്ട് നേരിട്ട് അപേക്ഷ സമർപ്പിച്ച് മെത്രാനെ കൊണ്ടുവരാമെന്നു വാഗ്ദാനം ചെയ്യുകയും ചെയ്തു. ചാവറയച്ചനും കൂട്ടരും അറിയാതെ രഹസ്യമായി ചെയ്ത പരിശ്രമമായിരുന്നു ഇതു്. ഇതിനുവേണ്ടിയുള്ള യാത്രയുടെ ഒരുക്കമായപ്പോഴാണ് ചാവറയച്ചൻ

കാര്യങ്ങൾ ഗ്രഹിക്കുന്നത്. തന്റെ നാളാഗമത്തിൽ ചാവറയച്ചൻ ഇതേക്കുറിച്ചു പറയുന്നതു നമുക്കു വായിക്കാം. 'ഈ കാര്യത്തിൽ ഉണ്ടായ വേദകലാപം എഴുതുവാൻ എത്രയും ആവശ്യംതന്നെ എന്നതുകൊണ്ട് അല്പം ഓർപ്പിക്കുന്നു. ഇതാസ്സ നന്മകൾക്കു ശത്രുവായ പിശാശിന്റെ മായപ്പെട്ട ഉപദേശത്താൽ ഇതിനൊക്കെയും നശിപ്പിച്ച്, തിന്മയുടെ വാതിൽ തുറപ്പാൻ തക്കവണ്ണം ഒരു കലാപം ഉണ്ടായി. ഇതാസ്സ് മുൻ നമ്മുടെ കൊവേന്തസ്സ് എതിരായി ഒരു കൊവേന്ത ഉണ്ടാക്കണമെന്നും ഭാവിച്ച് പാലാ പള്ളി ഇടവകക്കാരൻ കുടക്കച്ചിറ അന്തോനി കത്തനാരച്ചൻ തലപ്പലത്ത് 'പ്ലാശനാൽ' എന്ന സ്ഥലത്ത് ഒരു ചെറിയ പള്ളിയും ചില സ്വത്രമുറികളും ഉണ്ടാക്കി ഒന്നു രണ്ടു പട്ടക്കാരേയുംകൂട്ടി പത്തു പന്ത്രണ്ട് വാലിഭക്കാരേയും ചേർത്ത് അവർക്ക് പട്ടം കൊടുക്കണമെന്ന് മുൻ വികാരി അപ്പസ്തോലിക്ക ആയിരുന്ന പ്രെ. ളുദവിക്കോസ് പെ. ബ. മെത്രാപ്പോലീത്തായോട് അപേക്ഷിച്ചാറെ ഇതിന് ഒരുറപ്പുകാണാതെയും പത്രമേനി കൂടാതെയും ഈ വാലിപക്കാക്ക് പട്ടം കൊടുത്തുകൂടായെന്ന് കല്പിച്ചതിനാൽ വംശിയോടുകൂടെ വരാപ്പുഴെനിന്ന് പുറപ്പെട്ടപ്പോൾ ബാഗ്ദാദിൽനിന്നും ദെനഹാ എന്നൊരു പട്ടക്കാരൻ പാത്രിയാർക്കീസിനോട് മറുതലിച്ച് ഈ ദിക്കുകളിൽ വന്നിരുന്നു. ഇയാളും കുറവിലങ്ങാട് പനങ്കുഴ എന്ന ശീശ്മ പട്ടക്കാരനോടുകൂടി സുറിയാനി മെത്രാനെ വരുത്തുവാൻ പള്ളിക്കാരുടെ എഴുത്തുണ്ടാക്കുവാൻ ഭാവിച്ച് തുടങ്ങിയിരിക്കയിൽ തന്റെ സിദ്ധാന്തം സാധിപ്പാനും മെത്രാപ്പോലീത്താച്ചനോട് എതിർപ്പാനും ഇത് നല്ല വഴിയെന്ന് കണ്ടു പനങ്കുഴയും ദനഹായുംകൂടെ ചമച്ച മാല ഈ കുടക്കച്ചിറ അന്തോനിക്കത്തനാരച്ചൻ വാങ്ങിച്ച് കഴുത്തിൽ ഇട്ടുകൊണ്ട് ഉപായത്താൽ പള്ളിക്കാരെക്കൊണ്ട് ഒരപേക്ഷ എഴുതിയുണ്ടാക്കി, ഇതായതു സുറിയാനി മെത്രാനെ തരണമെന്ന്. ഇതു തുടങ്ങിയപ്പോൾ മററു കാരണത്താൽ പെ. ബ. അച്ചൻ ഇയാളെ അംശംമുടക്കി ആ കല്പന പുറപ്പെട്ടപ്പോൾ ഇവിടെനിന്നും മദ്രാസിലേക്കുപോയി. അവിടെനിന്നും ബോംബെയിൽചെന്ന് പാർത്തുകൊണ്ട് ആനക്കല്ലുങ്കൽ ഇടവകക്കാരൻ തൊണ്ടനാട്ട് അന്തോണിക്കത്തനാരച്ചനേയും വരുത്തി. ഇവരിരുവരും ചില പൈതങ്ങളുംകൂടെ ബാഗ്ദാദിൽചെന്ന് യൗസേപ്പ് പാത്രിയാർക്കീസിനെ കണ്ട് അദ്ദേഹത്തെക്കൊണ്ടും റോമാസ്സ് എഴുതിച്ച്‌വച്ച് വീണ്ടും ഈ കുടക്കച്ചിറ ഇവിടെ വന്ന് രണ്ടാമതും പള്ളിക്കാരെക്കൊണ്ട് മെത്രാനച്ചനെ കൊണ്ടുവന്നാൽ ഓരോ ആണ്ടത്തെ പള്ളിവരവ് കൊടുത്തുകൊള്ളാമെന്നും മററും ചില എഴുത്തുകൾ വാങ്ങിപ്പാൻ നടക്കുകയും അപ്പോൾ പെ. ബ. അച്ചൻ ഇയാൾക്ക് മഹറോൻ ചൊല്ലി. ഇതും സമ

തിക്കാതെ മുടക്കു് പള്ളറുംകൊണ്ടു് കുറെ താമസിച്ചു് കടനാട്ടി
ക്കാരൻ ഇല്ലിക്കൽ കത്തനാരച്ചനെയും, കുഴിഞ്ഞാലി, പാണ്ടി
യമ്മാവൻ ഇങ്ങനെ രണ്ടു ശമ്മാശന്മാരെയും, പത്തുപന്ത്രണ്ടു്
കിടാങ്ങളേയുംകൊണ്ടു് രണ്ടാമതും ബാഗ്ദാദിനുപോയി.
അവിടെ ചെന്നെത്തിയ ഉടൻ കുടക്കച്ചിറ മരിക്കയും, പിന്നീടു്
ഇല്ലിക്കനും ചില പൈതങ്ങളും മരിക്കയും പാണ്ടിയമ്മാവൻ
എന്ന ശമ്മാശൻ കേറി ഇറങ്ങി മലയാളത്തിൽ വരികയും
ചെയ്തു. എങ്കിലും മുന്നെഴുതിയ തൊ. അന്തോണി കത്തനാര
ച്ചനും കുഴിഞ്ഞാലി ശമ്മാശും ശേഷിച്ച വാലിഭക്കാരും
അവിടെത്തന്നെ പാർത്തുവന്നു. ഇതിനാലെ കുഴപ്പമൊക്കെയും
തീർന്നുപോയി എന്നു് നിരൂപിച്ചിരുന്നു. എങ്കിലും കൈപ്പക
ളുടെ വേരു് മുള പുറപ്പെടുത്തും. അതിനാൽ പലരും നശിക്കും
എന്നു് . എഴുതിയിരിക്കുംവണ്ണം ഇവരെ അവിടെ കിടന്നു
ചെയ്ത വേലയാൽ മൂസലിൽ ഉള്ള ജനങ്ങളും വാശികിളപ്പിച്ച
അതിനോടുകൂടെ ആ ദേശത്തിലുള്ള ചില മെത്രാന്മാരുംകൂടി
പാത്രിയാർക്കീസിനെ മുട്ടിച്ചാറെയും ശു. മാർപ്പാപ്പയുടെ കല്പന
കൂടാതെ ചെയ്കയില്ലെന്നു പറഞ്ഞു് നിന്നുവെങ്കിലും തീർച്ച
യിൽ മെത്രാന്മാരും ജനങ്ങളുംകൂടെ ശു. മാർപ്പാപ്പയുടെ ഡെല
ഗാദപ്പസ്തോലിക്കായോടും മിസ്യൊനറിമാരോടും ഉള്ള നിരപ്പു
കേടാൽ ഇതാസ്സു് ചൊവ്വെ നടപ്പാനുള്ള മനസ്സില്ലായ്കയാൽ
അവരോടു് മുറിവാൻ ഇതു് ഒരു സംഗതിയും സമയവും എന്നു
റച്ചു് പാത്രിയാക്കീസു് ബാവയെയും പറഞ്ഞു് തട്ടിച്ചു് കാലാ
ട്ടുദേശത്തുള്ള മാർതോമ്മാ എന്നയാളിനെ മെത്രാനായിട്ടു്
വാഴിച്ചു. ഈ വിവരം അവിടെ നടന്ന ഉടൻ മെസപ്പൊത്തോ
മിയായുടെ ഡെലഗാദപ്പസ്തോലിക്കാ ആയ മെത്രാപ്പോലീത്താ
പെ. ബ. നമ്മുടെ മെത്രാപ്പോലീത്താച്ചനു് എഴുതി അറിയി
ക്കുകയും, മെത്രാപ്പോലീത്താച്ചൻ ആയതു് മലയാള ഭാഷയിൽ
പകർത്തി അച്ചടിപ്പിച്ചു് പള്ളികളിൽ പരസ്യം ചെയ്തു. ഇതാ
യതു് ബാഗ്ദാദിൽ ഇരിക്കുന്ന കത്തോലിക്കവൈരനായ കൽ
ദായ പാത്രിയാക്കീസും അയാളുടെ കീഴുള്ള അഞ്ചു മെത്രാന്മാരും
കൂടി ശുദ്ധസിംഹാസനത്തിലെ തീർച്ചയായിട്ടുള്ള കല്പനയോടു്
മറുത്തു് രണ്ടു് പട്ടക്കാർക്കു് വാഴ്ചകൊടുത്തു് മലയാളത്തിനു്
അയയ്ക്കുന്നതിനു് ഭാവിച്ചിരിക്കുന്നു. ഇതു സംഭവിച്ചാൽ ഈ
നിർഭാഗ്യപ്പെട്ട തക്കത്തിന്റെ അവസാനം പാർത്തിരിക്കുന്ന
വരായ ഇവിടെ വന്നിരിക്കുന്ന വാലിഭക്കാരും ഈ രണ്ടാളോടു
കൂടെ അങ്ങോട്ടുവരും. ഞാൻ ഈ പട്ടണത്തിൽ വന്നിട്ടു്
മൂന്നു മാസമായി, പാത്രിയാക്കീസും മെത്രാന്മാരും എന്നോടു്
വഴക്കടിച്ചു നില്ക്കുന്നു. എത്ര ആചാരക്കേടോടുകൂടെ എന്നെ
അവരു കൈക്കൊണ്ടു എന്നും അവരുടെ ആലോചനയിൽ
എന്തെല്ലാം നിശ്ചയിച്ചിരിക്കുന്നുവെന്നും തമ്പുരാൻമാത്രം അറി

യുന്നു. അപ്പൊഴൊ ഇതിൽനിന്നു് ഏറിയ ആത്മനാശങ്ങൾ വരുമെന്നു് എനിക്കു് തോന്നുന്നു. ഇതുകൊണ്ടു് ഈ കാര്യം തങ്ങളെ അറിയിക്കുന്നതു് എന്റെ കടത്തിനടുത്തതാകുന്നു. ഈ കാര്യം നല്ലതിൻവണ്ണം വിചാരിച്ചുനോക്കിയാൽ ഇതു് ശുദ്ധ പള്ളിയോടു് മറുത്തുള്ള ഒരു മത്സരം തന്നെയാകുന്നു. ഇതല്ലാതെയും പ്രൊട്ടസ്റ്റന്റുമതക്കാരും ഇതിനു സഹായം ചെയ്തു വരുന്നു. ഈ പാത്രിയാക്കീസിന്റെ ബുദ്ധി മയങ്ങിപ്പോയി. അയാളുടെ നടപ്പിന്റെ വേഗം എവിടെ ചെന്നു നിൽക്കുമോ അറിവാൻ വഹിയാ. ആ നിർഭാഗ്യപ്പെട്ടവർ മലയാളത്തിലെത്തിയാൽ ശു. പള്ളിയോടു് മത്സരിച്ചു നിൽക്കുന്നവരെ ശു. പള്ളിയുടെ കല്പനയ്ക്കു് വിരോധമായിട്ടു് അവരെ വാഴ്ച കൈക്കൊണ്ടിരിക്കുന്നു എന്നും തങ്ങളറിഞ്ഞിരിക്കണം. എന്ത്യ ; ഈ പട്ടക്കാൎക്കു വാഴ്ചകൊടുപ്പാൻ പോകുന്നുവെന്നു് അവരോടു് ചോദിച്ചാൽ മലയാളത്തിൽ ഭരിക്കുന്നതിനല്ല പിന്നെയോ അവിടെ ചെന്നു് കാര്യങ്ങൾ ഏതു പ്രകാരം എന്നു് അന്വേഷണംചെയ്തു പട്ടാങ്ങ അറിയുന്നതിനായിട്ടു മാത്രം മലയാളത്തിൽ അയപ്പാൻ അവൎക്കു് വാഴ്ച കൊടുക്കുന്നുവെന്നു് നാവുകൊണ്ടു് പറഞ്ഞുവരുന്നു. എന്നാൽ അവരുടെ ലാക്കു് അപ്രകാരമല്ല. അവരു പറയുന്നതുപോലെ ആയിരുന്നാലും ആയതു് അവൎക്കു വിലക്കിയിരിക്കുന്ന കാര്യമായിരിക്കുന്നു. അതെന്ത്യ കറഞ്ഞൊരു ദിവസത്തിൽ മുൻകൽദായ പാത്രിയാക്കീസിനു് പ്രൊപ്പഗാംദയുടെ പ്രീഫെക്ടായ കർദ്ദിനാൾ കൊടുത്തയച്ച ഒരു എഴുത്തിൽ പാത്രിയാക്കീസിനോടു് ശു. മാർപ്പാപ്പയുടെ കല്പനയാൽ കല്പിച്ചതാകുന്നു. മലയാളത്തിനടുത്ത തൎക്കത്തിൽനിന്നു് താൻ മാറിക്കൊള്ളണം എന്നു് നാം കല്പിച്ചിരിക്കുന്നു എന്നു്. എന്നാൽ ഈ കാര്യം താൻ അറിയിച്ചതിന്റെ ശേഷം അവരു വന്നാൽ എങ്ങനെ ചെയ്യേണ്ടതെന്നു് തങ്ങൾക്കറിയാമല്ലൊ. ഇതു് മെത്രാപ്പോലീത്തായും മെസപ്പൊത്തോമിയാ എന്ന രാജ്യത്തിന്റെ അപ്പസ്തോലിക ഡെലഗാത്തും ആയ പെ. ബ. എൻറിക്കു മറിയം.

ഇങ്ങനെ കേരളത്തിലെ സുറിയാനി സഭാകാര്യങ്ങളിൽ ഇടപെടരുതെന്ന കർശനമായ നിർദ്ദേശം മാർപ്പാപ്പയിൽനിന്നും കിട്ടിയിരുന്നതിനാൽ മലബാറിലേക്കു മെത്രാനെ വിടുന്ന കാര്യത്തിൽ ബാബേൽ പാത്രിയാക്കീസ് ആദ്യം വിസമ്മതിച്ചു എങ്കിലും മററു മെത്രാന്മാർ ഇതുതന്നെ ഏററവും പററിയ അവസരം എന്നു പാത്രിയാക്കീസിനെ പറഞ്ഞു ധരിപ്പിച്ചു് തോമ്മാ റോക്കോസ് എന്നപേരായി ഒരു മെത്രാനെ മലബാറിലെ സഭാകാര്യങ്ങളെക്കുറിച്ചു് പഠിച്ചു് റിപ്പോർട്ടു സമർപ്പിക്കുവാൻ 1860 സെപ്റ്റംബർ 30-ാം തീയതി കേരളത്തിലേക്കയച്ചു.

ഇദ്ദേഹം വരുന്ന വിവരം മോസ്സൂലിനെ വത്തിക്കാൻ പ്രതിനിധി വരാപ്പുഴ മെത്രാന് അറിവു കൊടുത്തിരുന്നല്ലോ. ഇതു കൂടാതെ പ്രൊപ്പഗാന്ത തിരുസംഘത്തിൻെറ തലവനായ കർദ്ദിനാൾ ബർണ്ണബോയും വരാപ്പുഴ മെത്രാപ്പോലീത്തായെ എഴുത്താലെ വിവരം ധരിപ്പിക്കുന്നുണ്ടു്. ചാവറയച്ചൻെറ നാളാഗമത്തിൽനിന്നും അതു് ഇവിടെ പകർത്തുന്നു. "മെസപ്പെത്തോമ്മ്യായിലെ കൽദായക്കാരുടെ പാത്രിയാർക്കീസിനടുത്ത അന്വേഷണക്കാർ എന്ന നാമധേയത്തോടുകൂടെ മലയാളത്തിലേക്കു യാത്രയാകുവാൻവേണ്ടി രണ്ടു പുതുമെത്രാന്മാരെ വാഴിച്ചിരിക്കുന്ന പ്രകാരം മെസപ്പത്തോമ്യ എന്ന രാജ്യത്തിലെ ശ്ലീഹായ്ക്കടുത്ത മനിസ്സും (പ്രധിനിധി) കഴിഞ്ഞൊരുനാം മുതൽ നമുക്കു എഴുതി കൊടുത്തയച്ച എഴുത്താൽ അറിയിച്ചിരിക്കുന്നു. എന്നാൽ നാം താമസമെന്നിയെ മേൽചൊല്ലിയ മനിഷ്പം വഴിയായിട്ടു പാത്രിയാക്കീസു ചെയ്തിരിക്കുന്ന പ്രവൃത്തിയേയും പ്രത്യേകമായിട്ടു നിയോഗിച്ചിരിക്കുന്ന നിയോഗത്തെയും ശാസിച്ചു് എഴുതി അറിയിച്ചതു കൂടാതെയും അയാളുടെ അധികാരത്തിൻ കീഴല്ലാത്ത ആ ദേശങ്ങളിലേയ്ക്കു മേൽ ചൊല്ലിയ മെത്രാന്മാരെ അയച്ചുകൂടാ എന്നും പ്രമാണമായിട്ടും നാം വിലക്കുകയും ചെയ്തു. ആയതുകൊണ്ടു് അയക്കുകയില്ലെന്നും നാം ശരണപ്പെട്ടിരിക്കുന്നു. എങ്കിലും എങ്ങനെ ആയാലും തങ്ങളുടെ അറിവിനും ധരിപ്പിനും ഈസംഗതി മൻകൂട്ടി അറിയിച്ചാൽ കൊള്ളാമെന്നു വിചാരിച്ചിരിക്കുന്നതിനെക്കൊണ്ടു അറിയിക്കുന്നു. പ്രപ്പഗാംദ പീഢെ എന്ന സഭയിൽ നിന്നും 1860 വൃശ്ചികം 16-ാംതീയതി.

കർദ്ദിനാൾ അലെക്സാണ്ടർ ബർണബോ ✠

മേൽ കാണിച്ചിരിക്കുന്ന എഴുത്തുകൾ വരാപ്പുഴ അരമനയിൽ നിന്നും സുറിയാനിക്കാരുടെ അറിവിലേക്കായി പരസ്യം ചെയ്തു എങ്കിലും റോക്കോസിൻെറ യാത്രച്ചിലവിനുവേണ്ടി രണ്ടായിരം രൂപ പള്ളികളിൽ നിന്നും പിരിച്ചു് അയച്ചുകൊടുക്കണമെന്നു് ബാബേലിൽ നിന്നും തൊണ്ടനാട്ട അന്തോനിക്കത്തനാർ-മഹറോൻ ഏററു നിൽക്കുന്ന കന്നേൽകത്തനാരച്ചൻ മുതലായവർക്കു എഴുതുകയും അതിൻ പ്രകാരം രഹസ്യമായി പള്ളികളിൽ നിന്നും പണം പിരിച്ചു് അയച്ചുകൊടുക്കുകയും ചെയ്തു. വരാപ്പുഴ നിന്നും പ്രസിദ്ധപ്പെടുത്തിയ എഴുത്തുകൾക്കു് ജനങ്ങളിൽ കാര്യമായ ചലനമൊന്നും സൃഷ്ടിക്കാൻ സാധിച്ചില്ല. അവർ ബാബേലിൽ നിന്നുള്ള സുറിയാനിമെത്രാനെ സ്വീകരിക്കുവാനായി തയ്യാറെടുക്കുകയായിരുന്നു.

**റോക്കോസിനു സ്വീകരണം**

സുറിയാനി മെത്രാനെ വേണ്ടിയുള്ള ജനങ്ങളുടെ ആവേശം ഇത്ര വലുതാണെന്ന് ചാവറയച്ചനറിവില്ലായിരുന്നു. 1861 മെയ് 6-ാംതീയതി റോക്കോസ് മെത്രാൻ കൊച്ചിയിൽ വന്നിറങ്ങിയപ്പോൾ മാത്രമാണ് ചാവറയച്ചൻ കാര്യങ്ങളുടെ നിജ സ്ഥിതി മനസ്സിലാക്കുന്നത്. സുറിയാനിപ്പരിഷകളിൽ നല്ലൊരു സംഖ്യ കൊച്ചി തുറമുഖത്തു കൽദായ മെത്രാനെ സ്വീകരിക്കുവാൻ വന്നുചേർന്നിരുന്നു. വാദ്യഘോഷത്തോടും ആർപ്പുവിളിയോടും വെടി പടഹ ധ്വനിയോടും കൂടി അവർ റോക്കോസിനെ എതിരേററു. അൽമായരുടെ അന്നത്തെ അനിഷേധ്യ നേതാവായ തൈയ്ക്കാട്ടശ്ശേരി പാറായിൽ അവിരാ തരകന്റേയും മുട്ടുചിറ മുരിക്കന്റേയും നേതൃത്വത്തിലാണ് അവർ സംഘടിച്ചിരുന്നത്. ഭൂരിഭാഗം വൈദികരും സന്നിഹിതരായിരുന്നില്ലെങ്കിലും അവരുടെ മനസ്സും റോക്കോസിന്റെ പക്ഷത്താണെന്ന് ചാവറയച്ചനറിയാമായിരുന്നു. തൊണ്ടനാട്ട് അന്തോനിയച്ചനായിരുന്നു അവരുടെ നേതാവ്.

കൊച്ചിയിൽ നിന്നും റോക്കോസിനെ എതിരേററ് വഴി നീളെ സ്വീകരണങ്ങളോടെ പാറായിൽ അവിരാ തരകന്റെ പള്ളിയായ തൈക്കാട്ടുശ്ശേരിയിലേക്ക് ആനയിച്ചു. റോക്കോസ് അവിടെ പള്ളിമേടയിൽ താമസിച്ചു വിശ്രമിക്കുകയും അനന്തര നടപടികൾക്ക് പ്ലാനിടുകയും ചെയ്തുകൊണ്ടിരുന്നു. പള്ളിവികാരിമാർ ഇടവക പ്രധാനികളോടുകൂടി വന്ന് റോക്കോസിന് ആദരവു പ്രകടിപ്പിക്കുകയും തങ്ങളുടെ പള്ളികളിലേക്കു ക്ഷണിക്കുകയും ചെയ്തു. നാലു ദിവസമായിട്ടും സുറിയാനി വൈദികരുടെ സമുന്നത നേതാവായ ചാവറയച്ചനോ കമ്മലീത്താ അച്ചന്മാരിൽ ആരെങ്കിലുമോ തൈയ്ക്കാട്ടുശ്ശേരിയിൽ വന്നു കാണാത്തതിൽ തൊണ്ടനാട്ട അന്തോനിയച്ചന് മനഃപ്രയാസമായി. ചാവറയച്ചനും സഭാംഗങ്ങളും റോക്കോസിന്റെ വരവിൽ സന്തുഷ്ടരല്ലെന്നും സഭയെ ഭിന്നിപ്പിക്കാൻ മാത്രമാണ് ഈ വരവ് എന്നാണ് അവരുടെ ചിന്താഗതി എന്ന് അന്തോനിയച്ചന് മററുള്ളവർ പറഞ്ഞു മനസ്സിലാക്കാൻ ഇടയായി. ചാവറയച്ചന്റെ പിൻതുണയില്ലെങ്കിൽ കാര്യങ്ങൾ ഭംഗിയാകുകയില്ലെന്നു മനസ്സിലാക്കിയ അന്തോനി കത്തനാർ ചാവറയച്ചന് കീഴെ കാണുന്ന വിധത്തിൽ ഒരു കത്തു കൊടുത്തു വിട്ടു. "നമ്മുടെ ആഗ്രഹത്തിൻ പ്രകാരം ഇപ്പോൾ വാണിരിക്കുന്ന പീയൂസ് 9-ാമത്തു ശു: മാർപാപ്പായിൽ നിന്നും പെ. ബ. നമ്മുടെ ബാവാ പാത്രിയാർക്കീസിനു കിട്ടിയിരിക്കുന്ന അനുവാദ പ്രകാരം വാഴിച്ചയച്ചിരിക്കുന്ന മാർ തോമ്മാ മെത്രാപ്പോലീത്തായോടുകൂടി ഞാനും ശേഷിച്ചവരും

വന്നിറങ്ങിയിരിക്കുന്നു. തങ്ങളെ കാണ്മാനുള്ള ആഗ്രഹത്താൽ പാർത്തിരിക്കുന്നു. എന്നാൽ നമുക്കു വേണ്ടി വന്നയാളിനെ നാം തന്നെ നിന്ദിക്കുന്നു എന്ന് ഇതാ കൊവേന്ത പട്ടക്കാരിൽ നിന്നും എന്നിവിടെയും കേൾക്കുന്നു. ഇതാ എന്ത്യേ ഇങ്ങിനെ ചെയ്യുന്നു എന്നും ഇതിന്റെ വിവരം ഇവർ എന്തറിഞ്ഞു കൊണ്ടു പറയുന്നു എന്നും ഓർക്കുമ്പോൾ ക്ലേശമാകുന്നു. എന്നാൽ പരമാർത്ഥം ഒക്കെയും മേൽ എഴുതിയതിൻ വണ്ണം അത്രെ. ഈ വിവരം കൂടെ തങ്ങൾ അറിവിച്ചു എല്ലാവരേയും നില നിർത്തി പട്ടാംഗസ്സ് അന്തരം വരാതെ നടത്തിച്ചുകൊള്ളണം എന്ന് ആഗ്രഹിക്കുന്നു.”

(ചാവറയച്ചന്റെ നാളാഗമം. p. 94)

ചാവറയച്ചനും കൂട്ടുകാരും എണ്ണയിട്ട യന്ത്രം പോലെ ചലിക്കുവാൻ തുടങ്ങി. പ്രിയോരച്ചൻ പേരു വച്ച് മാന്നാനം പ്രസ്സിൽ നിന്നും ഒരു സർക്കുലർ അടിച്ചിറക്കി. മാർപാപ്പയിൽ നിന്നുള്ള അറിവോ അനുവാദമോ കൂടാതെ റോക്കോസ് മെത്രാൻ വന്നതാണെങ്കിൽ അതു കടുത്ത പിശാചിന്റെ തട്ടിപ്പും പിൻവാതിലിൽക്കൂടിയുള്ള കള്ളയിടയന്മാരുടെ പ്രവേശനവുമാണെന്നായിരുന്നു സർക്കുലറിലെ സാരം. അതല്ല മാർപാപ്പായുടെ സമ്മതത്തോടെ ആണെങ്കിൽ എന്തു കൊണ്ട് വരാപ്പുഴ മെത്രാപ്പോലീത്തായെ ഈ വിവരം അറിയിക്കുന്നില്ല എന്നും മാർപാപ്പായുടെ ബൂള എന്തു കൊണ്ടു പ്രസിദ്ധപ്പെടുത്തുന്നില്ലയെന്നും സർക്കുലറിൽ ചോദിച്ചിരുന്നു.

തൊണ്ടനാട്ട് അന്തോനിയച്ചൻ സുറിയാനി സമുദായത്തിലെ മല്പാന്മാരും പ്രമാണിമാരുമായ എല്ലാവർക്കും തന്നെ കത്തു് അയച്ചിരുന്നു. കാരക്കുന്നത്തു മല്പാനും മുപ്പറയിൽ അച്ചനേയും മററും ഇതിൻ പ്രകാരം പ്രലോഭിപ്പിക്കുവാൻ അന്തോനി കത്തനാർക്കു സാധിച്ചു. കാര്യങ്ങളുടെ നിജസ്ഥിതി അറിയുവാൻ തെയ്യൂട്ടശ്ശേരിക്കു പോകുവാൻ തന്നെ പ്രിയോരച്ചൻ തീരുമാനിച്ചു. അതിനു മുമ്പായി വരാപ്പുഴ ചെന്നു മെത്രാപ്പോലീത്തായോട് ആലോചന ചോദിച്ചിട്ടാകാം എന്നുകരുതി വരാപ്പുഴക്കു ചെന്നു. പോകുന്ന വഴിക്കു രണ്ടു ശമ്മാശ്ശന്മാർ വശം റോക്കോസ് ചാവറയച്ചന് എഴുതിയ ഒരെഴുത്തു കൊടുത്തയിച്ചിരുന്നതും കിട്ടി. എഴുത്തുമായിട്ടാണ് വരാപ്പുഴ ബർണദീനോസ് മെത്രാപ്പോലീത്തായെ കണ്ടന്നതു്.

റോക്കോസിന് എതിരായ യുദ്ധതന്ത്രങ്ങളെക്കുറിച്ചായിരുന്നു അവരുടെ ചർച്ചാ വിഷയം. സുറിയാനി സമുദായം മുഴുവൻ തെറ്റിദ്ധരിച്ചിരിക്കുന്നു. ഒന്നിനു പിറകെ ഒന്നായി പള്ളികളെല്ലാം റോക്കോസിന്റെ പിറകെ പോകുന്നു. സത്യാവ

സ്ഥയെക്കുറിച്ച് ആരും ചിന്തിക്കുന്നില്ല ഇതിന്റെ നിജ
സ്ഥിതി വെളിച്ചത്തു വരുത്തുവാൻ എന്തു മാർഗ്ഗമെന്ന് ചാവ
റയച്ചൻ ചിന്തിക്കുകയായിരുന്നു. ഏതായാലും മെത്രാനച്ചന്റെ
അനുവാദത്തോടെ തൈയ്യാട്ടുശേരിയിൽ ചെന്നു റോക്കോസി
നെ കാണുവാൻ തന്നെ ചാവറയച്ചൻ തീരുമാനിച്ചു. അതിനു
മ്പായി പള്ളിപ്പുറത്തു പള്ളിയിൽ കുറെ പള്ളിക്കാരുടെ യോഗം
കൂടണമെന്നു ചാവറയച്ചൻ തീരുമാനിച്ചു. അതിനായി റോക്കോ
സിന്റെ പക്ഷം ഇതുവരെയും ചേരാതിരിക്കുന്ന പള്ളികളിലെ
വികാരിമാർക്ക് "ഒരെഴുത്തു പ്രിയോരച്ചൻ പേരുവച്ചു എഴുതി
അറിയിച്ചു. രണ്ടു ദിവസത്തിനുള്ളിൽ തന്നെ പള്ളിപ്പുറം പള്ളി
മേടയിൽ എല്ലാവരും കൂടുകയും റോക്കോസിനെ കാണുമ്പോൾ
ചോദിക്കേണ്ട കാര്യങ്ങളൊക്കെ ആലോചിച്ചു തീരുമാനിക്കു
കയും ചെയ്തു. പ്രിയോരച്ചൻ ഇടവക വൈദികരും. പള്ളി പ്ര
തി പുരുഷന്മാരും ഒക്കെയായി നല്ല ഒരു കൂട്ടം ആൾക്കാരു
മായിട്ടാണ് റോക്കോസിനെ കാണാൻ തൈയ്യാട്ടുശേരിക്കു
പുറപ്പെട്ടതു്. റോക്കോസിന്റെ കൂടെയുണ്ടായിരുന്നവരും പാ
റായി തരകനും. ഇവരുടെ വരവിൽ സംശയിക്കുകയും സമാ
ധാനം ഉണ്ടാക്കുവാൻ പോലീസുകാരെ വരുത്തുകയും ചെയ്തു.

ചാവറയച്ചന്റെ വലിയ ഒരു സ്നേഹിതനായിരുന്നു പാ
റായി തരകൻ. വാഴക്കുളം ആശ്രമദേവാലയം സ്വന്തം ചില
വിൽ പണിയിച്ചു കൊടുക്കാമെന്നു പ്രിയോച്ചനു വാക്കുകൊടുക്കു
കയും ജനൽപൊക്കം വരെ പണികൾ തീർക്കുകയും ചെയ്തിരുന്ന
താണ്. ഏതോ തെററിദ്ധാരണ നിമിത്തമാണ് തരകൻ
റോക്കോസിന്റെ പക്ഷം ചേർന്നിരിക്കുന്നതെന്ന് ചാവറയച്ചനു്
അറിയാമായിരുന്നു. റോക്കോസിനെ കാണുന്നതിനു മുൻപു
തരകനെ കാണാൻ തന്നെ ചാവറയച്ചൻ തീരുമാനിച്ചു.
കൊച്ചുവിരാ തരകനെ കണ്ടു കാര്യങ്ങൾ വിശദമായിപ്പറകയും
മാർപ്പാപ്പയുടെ ബൂളയും ആറു മെത്രാന്മാരുടെ സാക്ഷ്യവും
പാത്രിയാർക്കിസിന്റെ കത്തും മററ് ഉണ്ടെന്നു അന്തോനികു
ത്തനാർ പറയുന്നതും ജനങ്ങൾ പറയുന്നതുമല്ലാതെ നേരി
കണ്ടിട്ടില്ല എന്നു സമ്മതിപ്പിക്കുകയും ചെയ്തു. ചാവറയച്ചനാ
കട്ടെ മാർപാപ്പ. പാത്രിയാർക്കീസിനു് അയച്ച കത്തിന്റെ
പകർപ്പും-പ്രൊപ്പഗാന്തയുടെ എഴുത്തും മററു പ്രധാനപ്പെ
പല രേഖകളും കോപ്പികളും അവിടെ തരകനെ കാണിച്ചു
തെററു മനസ്സിലാക്കുകയും ചെയ്തു. മാർപാപ്പായ്ക്കു നേരി
തന്നെ എഴുതി കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കാമെന്ന്
അവിരാ തരകനോടു വാക്ക് കൊടുത്തിട്ട് റോക്കോസിനെ
കാണുവാനും രേഖകൾ കാണുവാനുമായി പള്ളി മേടയിലേക്കു
ചെന്നു. തൊണ്ടനാട്ട് അന്തോനി കത്തനാർ വഴി ചാവറയ

ച്ചന്റെ വരവിന്റെ ഉദ്ദേശം മനസ്സിലാക്കിയ റോക്കോസ് മെത്രാൻ ചാവറയച്ചനെ കാണുവാനോ സ്വീകരിക്കുവാനോ മനസ്സായില്ല.

## ചാവറയച്ചൻ വികാരി ജനറാൾ

വരാപ്പുഴയിൽ നിന്നും പല സർക്കുലർ ദിവസേന എന്ന പോലെ സുറിയാനിപ്പള്ളികളിലേക്ക് ഒഴുകി. എങ്കിലും പള്ളി കൾക്കുരി ഭാഗവും റോക്കോസിന്റെ ചേരിയിൽ ആകുകയുംസുറിയാനിപ്പള്ളികൾസന്ദർശിക്കുവാനും റോക്കോസ്, പട്ടം കൊടുക്കുവാനും തീരുമാനിച്ചിരിക്കുന്നവിവരം മനസ്സിലാക്കുകയും ചെയ്തു സുറിയാനിക്കാരെ അവരുടെ സ്വന്തം ജാതിയിലുള്ള ഒരു മെത്രാനെക്കൊണ്ടു ഭരിപ്പിച്ചാലേ ഇതിനൊരു പോംവഴിയുള്ളു എന്നു വരാപ്പുഴ ആലോചനാ സംഘവും മെത്രാപ്പോലീത്തയും തീരുമാനിച്ചുറച്ചു. ഇതിന്റെ ആദ്യ പടിയായി ചാവറയച്ചനെ സുറിയാനിക്കാരുടെ 'വികാരി ജനറാൾ' ആയി ഉടനെ നിയമിക്കണമെന്നും തീരുമാനിച്ചു. ചാവറയച്ചനെ വിളിച്ചു വരുത്തി നിർബന്ധിച്ചു വികാരി ജനറാൾ സ്ഥാനം ഏൽപിച്ചു കൊടുത്തു.

ചാവറയച്ചൻ മനസ്സില്ലാമനസ്സോടെയാണ് ഈ സ്ഥാനം ഏറ്റെടുത്തതെങ്കിലും മലങ്കര സഭയിലെ ഈ കഴിഞ്ഞ സാഹചര്യത്തിൽ ദൈവത്തിൽ നിന്നുള്ള ഒരു വിളിയാണിതെന്നും താൻ ഉണർന്നു പ്രവർത്തിക്കണമെന്നും തീരുമാനിക്കുകയും ചെയ്തു. ഇതിനിടയിൽ റോക്കോസ് പള്ളികൾ സന്ദർശിക്കാനും അംശം മുടക്കുള്ളവരുടെ മുടക്കു മാറ്റുവാനും പട്ടം കൊടുക്കുവാനും ആരംഭിച്ചു.

കേരളം മുഴുവൻ ഓടി നടന്ന് ഒരു പ്രസംഗ പര്യടനം തന്നെ ചാവറയച്ചൻ നടത്തി. ജീവൻ പണയം വെച്ചുകൊണ്ടുള്ള ഒരു പ്രവർത്തിയാണിതെന്ന് ചാവറസ്സ് അറിയാമായിരുന്നു. പലരും വഴിക്ക് തടസ്സപ്പെടുത്തുകയും ഉപദ്രവിക്കുകയും ചെയ്തു. ജീവൻ രക്ഷിക്കാൻ വേണ്ടി സ്നേഹിതരുടെ വീട്ടിൽ ഒളിച്ചു താമസിക്കേണ്ടിപ്പോലും വന്നിട്ടുണ്ട്. ചാവറയച്ചനും സഭാംഗങ്ങളും ഒരു യന്ത്രം പോലെ പ്രവർത്തിച്ചു. ആയിരക്കണക്കിന് ലഘു ലേഖകൾ റോക്കോസിനെതിരായി മാന്നാനത്തു നിന്നും അച്ചടിച്ച് പ്രസിദ്ധപ്പെടുത്തി. പക്ഷേ വൻ ഭൂരിപക്ഷം വരുന്ന റോക്കോസ് പക്ഷപാതികൾക്ക് ഇതൊന്നും ഒരു പ്രശ്നമായിരുന്നില്ല. അവർ തെക്കാട്ടുശ്ശേരി പള്ളിയിൽ പ്രതിനിധി സംഘംകൂടി പള്ളികളിൽ നിന്ന് ചിലവ് കൂടാതെ ഒരാണ്ടത്തെ വരവ് എടുത്തു

4 അവധിയായിട്ട് പാറായിയുടെ പററിൽ ഏല്പിക്കാതെക്കവണ്ണവും തെക്കു വടക്കുള്ള കൊവേന്തകളുടെ പേരു് വച്ചു കൊള്ളത്തക്കവണ്ണം 6 മാസം രണ്ടു കൊവേന്തകളിലുമായിട്ട് പാർക്കത്തക്കവണ്ണം നിശ്ചയിച്ച് പടിയോലയും എഴുതി പിരിഞ്ഞു. കന്നിമാസം 7-ാം തീയതി തൈക്കാട്ടുശ്ശേരിയിൽ നിന്നും വടയാറേക്കു് വിസീത്തയ്ക്കു പുറപ്പെട്ടു. 4 ദിവസം അവിടെ പാർത്തു. വ്യാഴാഴ്ച കടുത്തുരുത്തി വല്യ പള്ളിയിൽ ചെന്നു. കന്നി 10-ാം തീയതി വ്യാഴാഴ്ച ചെറിയ പട്ടങ്ങളും 20-ാം തീയതി വെള്ളി അഞ്ചും 21-ാം തീയതി ശനി ആറും 22-ാം തീയതി ഞായർ കർബ്ബാന പട്ടവും കൊടുത്തു.

(നാളാഗമം. p. 97)

184 സുറിയാനി പള്ളികളിൽ 89 പള്ളികൾ പൂർണ്ണമായും 30 പള്ളികൾ ഭാഗികമായും റോക്കോസിന്റെ പക്ഷത്തേക്കു ചേർന്നു. 38 പള്ളികളെ ചാവറയച്ചൻ പിടിച്ചു നിറുത്തി. അങ്ങനെ വളരെ വിഷമിച്ചും പ്രാർത്ഥിച്ചും കഴിഞ്ഞിരുന്ന അവസരത്തിലാണ് ഒൻപതാം പീയൂസ് മാർപാപ്പായിൽ നിന്നും ചാവറയച്ചന് നേരിട്ട് മറുപടി കിട്ടിയതു്. ആ എഴുത്തു് ഇപ്രകാരമായിരുന്നു. "നമ്മുടെ സ്നേഹ മക്കളും മലയാള സുറിയാനിക്കാരുമായ പ്രിയോർ കുരിയാക്കോസ് ഏലിയാ, അലക്സാണ്ടർ യൗസേപ്പ്, കുരിയാക്കോസ് ഏലീശാ മുതലായ പട്ടക്കാർക്കു് സ്വസ്തിയും ശ്ലീഹായ്ക്കടുത്ത ആശീർവ്വാദവും.

സ്നേഹ മക്കളെ ! കൽദായക്കാരുടെ ബാബേലിലെ മാർ യൗസേപ്പ് പാത്രിയാർക്കീസായ ബ. ന. സഹോദരന്റെ ഒരെഴുത്തോടുകൂടി അടുത്തു കഴിഞ്ഞ മെയ് 9-ാം തീയതി നിങ്ങളുടെ പക്കൽ വരികയും മലയാളത്തിലുള്ള പള്ളികളെ ഭരിക്കുവാൻ നമ്മുടെ ആജ്ഞയനുസരിച്ച് യൗസേപ്പ് പാത്രിയാർക്കീസിനാൽ അയക്കപ്പെട്ടിരിക്കുന്നു എന്നു പറയുകയും ചെയ്യുന്ന റോക്കോസ് മെത്രാനോട് ഏതു പ്രകാരം വർത്തിക്കണമെന്നു് അറിവാൻ അപേക്ഷിക്കുന്നതായി ഈയാണ്ടു ജൂൺ 19-ാം തീയതി നമ്മുടെ പക്കലേക്കു നിങ്ങളയച്ച എഴുത്തു് ഇവിടെ വന്നു ചേർന്നു എന്നു് നിങ്ങളോടു് നാം അറിയിക്കുന്നു.

ഈ മഹാകാര്യത്തിൽ ഭിന്നതയൊക്കെയും നിങ്ങളിൽ നിന്നു് അകലുവാൻ ശ്ലീഹായ്ക്കടുത്ത ഈ സിംഹാസനത്തോടും മററു സകല പള്ളികളുടെയും മാതാവും ഗുരുനാഥയുമായ വലിയ റോമാ എന്ന ഈ പള്ളിയോടും നിങ്ങൾ ആലോചന ചോദിച്ചതിനാൽ നാം വളരെ സന്തുഷ്ടനായിത്തീർന്നിരിക്കുന്നു.

എന്നാൽ സ്നേഹ മക്കളെ മലയാളത്തിലുള്ള പള്ളികളുടെ കാര്യത്തിൽ യാതൊരു പ്രകാരവും പ്രവേശിച്ചുകൂടായെന്ന് 1860 നവമ്പർ 26 തിയതി തന്നെ ഈ പാത്രിയാർക്കിസിനോട്ട് നാം എഴുത്തുമൂലം ആജ്ഞാപിച്ചിരുന്നതിനാൽ ഈ പാത്രീയാർക്കിസിന്റെ സ്വമനസ്സാലും ആജ്ഞയാലും മാത്രമാണ് റോക്കോസ് അവിടെ വന്നിരിക്കുന്നതെന്ന് നിങ്ങൾ അറിയണം. ആകയാൽ സ്നേഹ മക്കളെ, റോക്കോസ് മെത്രാൻ പള്ളിക്കടുത്ത അധികാരമില്ലാത്തവനും ക്രമവിരോധമായി നിയമിക്കപ്പെട്ടവനും പള്ളിക്കടുത്ത പല മഹറോനിൽ വീണിരിക്കുന്നവനുമായിരിക്കുന്നു എന്നു നിങ്ങൾ ധരിച്ചു കൊള്ളുവിൻ.

ആകയാൽ പരിശുദ്ധവും ശ്ലീഹാശ്ലൂടത്തുമായ ഈ സിംഹാസനത്തിന്റെ പ്രതി പുരുഷനായി അവിടെ നാം നിയമിച്ചിരിക്കുന്ന പാർസാലിയായുടെ മെത്രാപ്പോലീത്തയായ ബ. നമ്മുടെ സഹോദരൻ ബർണ്ണദീനോസ് മാത്രം മലയാളത്തിലുള്ള പള്ളികളുടെ മേല്പട്ടക്കാരനാകയാൽ അദ്ദേഹത്തിന്ന് നിങ്ങൾ കീഴ്പ്പെട്ടിരിക്കേണ്ടതു ന്യായമാകുന്നു.

തന്നിമിത്തം റോക്കോസ് മെത്രാനെ ക്ഷണേന താമസം കൂടാതെ അവിടെ നിന്നും വിളിച്ചു കൊള്ളുവാൻ യൗസേപ്പ് പാത്രിയാർക്കിസിനോട്ട നാം കല്പിച്ചിരിക്കുന്നു എന്നുള്ള വസ്തുത നിങ്ങളെ നാം അറിയിക്കുന്നു.

സ്വർഗ്ഗീയമായ സകല അനുഗ്രഹങ്ങളുടെയും നിങ്ങളുടെ മേൽ നമുക്കുള്ള പൈതൃകമായ സ്നേഹത്തിന്റെയും അച്ചാരമായി നമ്മുടെ ഹൃദയ സ്നേഹമൊക്കെയോടുംകൂടി ശ്ലീഹാക്കടുത്ത ആശിസ്സിനെ സ്നേഹ മക്കളായ നിങ്ങൾക്കു നാം നൽകുന്നു.

നമ്മുടെ വാഴ്ച്ചയുടെ 16-ാം വത്സരം 1861 സെപ്റ്റംബർ 5-ാംതീയതി റോമ്മായിൽ ശെമഓൻ കേപ്പായുടെ പള്ളിയിൽ നിന്ന്.

ഇപ്രകാരം ഒരെഴുത്ത് ചാവറയച്ചനു മാർപ്പാപ്പയിൽ നിന്നു കിട്ടിയ വിവരത്തിനു നല്ല പ്രചാരം കിട്ടുകയും എഴുത്തു ശരിപകപ്പ് മാന്നാനത്തുനിന്നും അച്ചടിച്ച് കൊടുക്കുകയും ചെയ്തു. തിരുസിംഹാസനം അറിയാതെയും വ്യക്തമായ കല്പനയ്ക്കു വിരോധം ആണ് റോക്കോസ് കേരളത്തിൽ വന്നിരിക്കുന്നതു് എന്നു കുറെ പള്ളിക്കാരെങ്കിലും മനസ്സിലാക്കുവാനും തുടങ്ങി. അനുവാദമില്ലാതെ കേരളസഭയെ ഭരിക്കുവാനും പട്ടം കൊടുക്കുവാനും തുടങ്ങിയതിന്റെ പേരിൽ റോക്കോസിനെ വരാപ്പുഴ മെത്രാപ്പോലീത്താ മഹറോൻ ചൊല്ലി.

മാന്നാനം, എൽതുരുത്ത് മുതലായ ആശ്രമങ്ങളും ആ
ക്കാരെ കൂട്ടി ബലമായി കയ്യടക്കുമെന്ന് ശ്രുതി പരന്നത
നാലും പല പള്ളികളിലും റോക്കോസ് അനുഭാവികള
പ്രതികൂലികളും തമ്മിൽ അടിപിടിയും തർക്കവും ഉണ്ടായ
കൊണ്ടും തിരുവിതാംകൂർ ഭാഗത്തേക്ക് റോക്കോസ് കടക്ക
തെന്ന് പേഷ്കാർ മുടക്ക കല്പിച്ചു. ഇതുപോലെതന്നെ
വടക്കോട്ടു യാത്ര തിരിക്കരുതെന്ന് കൊച്ചി ദിവാനും ഒ
കല്പന ഇറക്കി. റോക്കോസും കൂട്ടരും ഞാറയ്ക്കലാക്കി തങ്ങളു
പ്രവർത്തന കേന്ദ്രം.

ചാവറയച്ചന്റെ വിശ്വസ്ത അനുയായി കാപ്പിൽ മത്തായ
അച്ചനെയാണു — വരാപ്പുഴ മെത്രാപ്പോലീത്തായുടെ മഹറോ
കല്പന കൊണ്ടുപോയി കൊടുക്കുവാനായി ചാവറയച്ച
ചുമതലപ്പെടുത്തിയത്. ജീവൻ പോലും പണയപ്പെടുത്തേണ
ഒരു സാഹസ പ്രവർത്തിയായിരുന്നു ഇത്. എങ്കിലും കാപ്പ
ലച്ചൻ ധൈര്യപൂർവ്വം മഹറോൻ കല്പനയുമായി ഞാറയ്ക്കലേക്ക
പുറപ്പെട്ടു. നൂറുകണക്കിനു അനുയായികളുടെ മദ്ധ്യേ — ഞാറയ്ക്കൽ
പള്ളിമേടയിൽ വിശ്രമിച്ചിരുന്ന സമയമായിരുന്നു. സെക്ര
ത്താരിയായി തൊണ്ടനാട്ട് അന്തോനി കത്തനാർ അടുക്കൽ
തന്നെയുണ്ടായിരുന്നു. റോക്കോസ് മെത്രാനെ നേരിട്ടു കാണ
ണമെന്ന കാപ്പിലച്ചൻ ആവശ്യപ്പെട്ടെങ്കിലും നേരമില്ലെന്ന
പറഞ്ഞ് അന്തോനിക്കത്തനാർ മുടക്കി. കാപ്പിലച്ചൻ റോക്കോ
സ് മെത്രാനു കൊടുക്കണമെന്നു പറഞ്ഞ മഹറോൻ കല്പന
ഏൽപിക്കുകയും ഉടനെ തന്നെ അവിടെ നിന്നു പുറപ്പെടുകയു
ചെയ്തു. എഴുത്തു പൊട്ടിച്ചു വായിച്ചപ്പോൾ മഹറോൻ കല്പന
യാണെന്നു മനസ്സിലാക്കി. ഉടനെ രോഷാകുലരായ റോക്കോസ്
പക്ഷക്കാർ കാപ്പിലച്ചനെ വകവരുത്താനായി കല്ലും വടിയു
മായി പുറകേ ഓടി എത്തുകയും — കാപ്പിലച്ചൻ ഒരു വീട്ടിൽ
കയറി ഒളിക്കുകയും നാട്ടുകാരായ ഹിന്ദുക്കളും വാടയിൽ
കരിശുപള്ളി ഭാഗത്തുനിന്നു ലത്തീൻകാരും ഓടിക്കൂടി കാപ്പി
ലച്ചനെ രക്ഷിക്കുകയും ചെയ്തു.

ഞാറയ്ക്കൽ നിന്നും ചേന്ദമംഗലത്തും പറൂരും ആലങ്ങാട്ടും
പിന്നെ കാഞ്ഞൂരും എല്ലാം അനുയായികളോടുകൂടി റോക്കോസ്
മെത്രാൻ പോകുന്നുണ്ട്. എങ്കിലും സർക്കാരിൽ നിന്നുള്ള മുടക്ക
കല്പന പേടിച്ചും പോലീസധികാരികൾ അറസ്റ്റു ചെയ്യുമെന്നു
പേടിച്ചും അവിടെയൊന്നും താമസിക്കുന്നില്ല. അവസാനം
മലയാറ്റൂർ ചെന്നെത്തി. ഇവിടെ വച്ച് പാത്രിയർക്കീസി
ന്റെ കല്പന കിട്ടുകയും ഉടനെ ബാബേലിലേക്ക് ചെല്ലണ
മെന്ന കല്പന വായിച്ചു മനസ്സിലാക്കുകയും ചെയ്തു.

ഇതെല്ലാമായപ്പോഴം റോക്കോസ് മെത്രാൻ ആകപ്പാടെ ധർമ്മ സങ്കടത്തിലായി. പാത്രിയാക്കീസിന്റെ കല്പന, വരാപ്പുഴ മെത്രാപ്പോലീത്തായുടെ മഹറോൻ, ഗവണ്മെന്റ് അധികാരികളുടെ മുടക്കു കല്പന, ഇതുവരേയും തന്നെ സഹായിക്കുകയും പിൻതാങ്ങുകയും ചെയ്തവർ ഇവിടെ തന്നെ നില്ക്കണമെന്ന സ്നേഹപരമായ നിർബന്ധം, ഇങ്ങനെയുള്ള കുരുക്കുകളിൽ പെട്ട് ഒരു തീരുമാനവും എടുക്കാനാകാതെ റോക്കോസ് വിഷമിക്കുവാൻ തുടങ്ങി. അവസാനം സത്യസഭ സ്ഥാപിച്ച തോമ്മാശ്ലീഹാ തന്നെ റോക്കോസിനു വെളിവു കൊടുത്തു. മലയാളം വിട്ടു പോയിക്കളയാമെന്നു തന്നെ റോക്കോസ് അവസാനം തീരുമാനിച്ചു. എങ്കിലും തന്റെ അനുയായികളേയും സഹായികളേയും റോക്കോസിനു പേടിയായിരുന്നു. അവരോട് ഇക്കാര്യം തുറന്നു പറയുവാൻ റോക്കോസിനു ധൈര്യമുണ്ടായില്ല.

**റോക്കോസ് മടങ്ങുന്നു**

തനിക്ക് അത്യന്ത രോഗമാണെന്നും കൊച്ചീക്കോട്ടയിലുള്ള ആശുപത്രിയിൽ പോയി ചികിൽസിക്കണമെന്നും റോക്കോസ് ആവശ്യപ്പെട്ടു. കൊച്ചീ കോട്ടയിൽ തന്നെ പോകുവാൻ നിർബന്ധം കാണിക്കുന്നതു കൊണ്ട് തൊണ്ടനാട്ട് അന്തോനിയച്ചനു സംശയമായി. ഇതു കപ്പലു വരുമ്പോഴം തിരിച്ചു പോകാനുള്ള അടവല്ലേ എന്ന സംശയം. അതിനാൽ മലയാറ്റൂർ നിന്നും പുറപ്പെട്ട വഞ്ചിയാത്ര കൊച്ചീ കോട്ടയ്ക്കു പോകാതെ തുഴക്കാരെ സ്വാധീനിച്ച് തൈക്കാട്ടുശ്ശേരിക്കു വിടുന്നു. തൈക്കാട്ടുശ്ശേരി പള്ളിക്കടവിൽ വഞ്ചി അടുത്തപ്പോഴം പള്ളിമേടയിൽ കയറാൻ റോക്കോസു മടി കാണിച്ചു. വടിയും മുടിയും പള്ളിമേടയിൽ നേരത്തെ തന്നെ കൊണ്ടു പോയി തൊണ്ടനാട്ട് അച്ചൻ വയ്പിച്ചു. എങ്കിലും റോക്കോസ് വഞ്ചിയിൽ തന്നെ ഇരുന്നു. അവസാനം പാറായി തരകൻ ഇടപെട്ട് വഞ്ചി കൊച്ചീ കോട്ടയ്ക്കു തന്നെ അയക്കുകയും റോക്കോസ് മെത്രാൻ അവിടെ ആശുപത്രിയിൽ ചികിത്സയിൽ ആകുകയും ചെയ്തു. റോക്കോസു മെത്രാൻ ഏതു സമയവും തങ്ങളെ വിട്ടു കപ്പൽ കേറുമെന്നു അന്തോനി കത്തനാക്കും മറ്റും സംശയമായതിനാൽ നല്ല ഒരു സംഖ്യ അനുചരന്മാരോടു കൂടെ റോക്കോസിനു കാവൽ നില്ക്കുകയായിരുന്നു. പോകാനുള്ള തീരുമാനത്തിൽ റോക്കോസ് ഒരു പടി കൂടി കടന്നു. വളരെ രഹസ്യമായി ഒരു എഴുത്ത് വരാപ്പുഴ മെത്രാനച്ചനു കൊടുത്തയച്ചു. താമസിയാതെ ബൊബേലിലേക്കു താൻ പൊയ്ക്കൊള്ളാമെന്നും തനിക്കു മടക്കയാത്രക്കുള്ള ചിലവു കൊടുക്കണമെന്നും, മഹറോൻ നീക്കി കൊടുക്കണ

മെന്നും സഹകാരികളിൽ നിന്നും സുരക്ഷിതമായി യാത്ര പുറപ്പെടാൻ സഹായിക്കണമെന്നുമായിരുന്നു എഴുത്തിലെ താത്പര്യം.

എഴുത്തു കിട്ടിയ ഉടനെ വരാപ്പുഴ മെത്രാപ്പോലീത്താ ചാവറയച്ചനെ വിളിപ്പിച്ചു. റോക്കോസിന്റെ എഴുത്തു കാണിച്ചു. താൻ വളരെ നാളായി ഊണും ഉറക്കവുമില്ലാതെ പ്രവർത്തിച്ചുകൊണ്ടിരുന്നതും ആഗ്രഹിച്ചുകൊണ്ടിരുന്നതുമായ കാര്യം സാധിക്കുവാൻ വേണ്ട അനുകൂല സാഹചര്യം സംജാതമായതിൽ ചാവറയ്ക്കു അതിയായ സന്തോഷം ഉണ്ടായി. റോക്കോസിന്റെ സുരക്ഷിതമായ തിരിച്ചു പോക്കിനു വേണ്ടി എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കാമെന്ന് ചാവറയച്ചൻ ഏറ്റു. അനുയായികളോടുകൂടെ കൊച്ചിക്കോട്ടയിൽ ചെന്നു റോക്കോസിനെ കണ്ടു സംസാരിക്കയിൽ എഴുത്തിലെ ആഗ്രഹം വീണ്ടും റോക്കോസ് ആവർത്തിച്ചു. ഏറ്റവും അടുത്തു കൊച്ചിയിലടുക്കുന്ന കപ്പലിൽ തന്നെ റോക്കോസിനു ചാവറയച്ചൻ ടിക്കറ്റു ബുക്കു ചെയ്തു. റോക്കോസ് മടക്കയാത്രയ്ക്കുള്ള ഒരുക്കങ്ങൾ രഹസ്യമായി ചെയ്തു. ചാവറയച്ചനും കൂട്ടരും റോക്കോസ് പക്ഷപാതികൾ അറിയാതെ കൊച്ചീകോട്ടയിൽ തന്നെ താമസിച്ചു വേണ്ട ക്രമീകരണങ്ങൾ ചെയ്തിരുന്നു.

മഹറോൻ മാറ്റുന്നതിനും തന്റെ തെറ്റുകൾ ഏറ്റു പറഞ്ഞ് പൊറുക്കണമെന്നും രേഖാ മൂലമുള്ള ഒരു കത്ത് റോക്കോസിനെക്കൊണ്ട് ചാവറയച്ചൻ വരാപ്പുഴ മെത്രാപ്പോലീത്തായ്ക്ക് എഴുതിച്ചു. തന്റെ ഏക വലിയ ശത്രുവെന്ന് ധരിച്ചിരുന്ന ചാവറയച്ചൻ തന്റെ ഉറ്റ മിത്രമായി മാറുകയും തന്നെ കാര്യമായി സഹായിക്കുകയും ചെയ്യുന്ന കാഴ്ച റോക്കോസിനെ വാസ്തവത്തിൽ അത്ഭുതപ്പെടുത്തി. ആയിടക്കു ബോംബേയിൽ നിന്നും ഒരു കപ്പൽ കൊച്ചിയിൽ വന്നു. അനുയായികൾ കാണാതെ സംശയം കൊടുക്കാതെ, തന്നെ റോക്കോസിന്റെ പെട്ടി കിടക്ക സാധനങ്ങൾ ചാവറയച്ചൻ കപ്പലിൽ റോക്കോസിനുവേണ്ടി ബുക്കു ചെയ്ത മുറിയിലാക്കി. കപ്പലിൽ തന്റെ ഒരു സ്നേഹിതനുണ്ടെന്നും അയാളെ കണ്ടു ചില കാര്യങ്ങൾ പറഞ്ഞ് ഏല്പിക്കണമെന്നും പറഞ്ഞ് റോക്കോസ് അനുയായികളുടെ കണ്ണു വെട്ടിച്ച് കപ്പലിൽ കയറി. ഉടനെതന്നെ കപ്പലിന്റെ യാത്ര ബെൽ അടിക്കുകയും കരയിൽ നിന്നുള്ള ഗോവണി വലിച്ചു കളയുകയും ചെയ്തു. കാര്യം മനസ്സിലാക്കി റോക്കോസു കൂട്ടാളികൾ ഓടിയെത്തിയപ്പോൾ കപ്പൽ തീരം വിട്ടുകഴിഞ്ഞു. അങ്ങനെ ചാവറയച്ചന്റെ മനസ്സിനെ മഥിച്ചിരുന്ന ഒരു മാരണം ഒഴിഞ്ഞു മാറിയതിൽ ദൈവത്തിനു ചാവറയച്ചൻ നന്ദി പറഞ്ഞു. മാന്നാനത്തു ചെന്നു സഭാംഗങ്ങളെ കൂട്ടി കൃതജ്ഞതാ ബലി അർപ്പിക്കുക

യും സ്തോത്ര ഗീതം പാടുകയും ചെയ്തു. ആറേഴ മാസമായി ഊണും ഉറക്കവുമില്ലാതെ ഈ ഒററ കാര്യത്തിനായി ചാവറയച്ചൻ ബുദ്ധിമുട്ടുകയായിരുന്നു.

ചാവറയച്ചൻ ഒന്നു കണ്ണടച്ചിരുന്നെങ്കിൽ തീർച്ചയായും ആ കാലങ്ങളിൽ എല്ലാ പള്ളികളും റോക്കോസ് ശീശ്മയിൽ ചേരുമായിരുന്നു എന്നുള്ളതിനു യാതൊരു സംശയവുമില്ല. അത്രയ്ക്ക് അതിരറ്റ ആവേശമായിരുന്നു അന്നു സമുദായത്തിന് സ്വന്തം റീത്തുമെത്രാനെ കിട്ടാൻ. പക്ഷേ റീത്തുമെത്രാനു വേണ്ടി പോരാടേണ്ട സമയം ആയിട്ടില്ലെന്നും കത്തോലിക്കാസഭയുടെ ഐക്യത്തിൽ നിന്നും ചെറുത്തു നിന്നു കൊണ്ടുള്ള ഒരു സ്വജാതി മെത്രാനും നമുക്ക് ആവശ്യമില്ലെന്നുമായിരുന്നു ചാവറയുടെ അഭിപ്രായം. സ്വന്തം സന്ന്യാസ സഭയിലെ പ്രമുഖരായ പല അംഗങ്ങളും റീത്തു മെത്രാനു വേണ്ടി വാദിക്കേണ്ടതാവശ്യമാണെന്ന് അഭിപ്രായപ്പെട്ടപ്പോഴും അവരെയെല്ലാം അനുനയിപ്പിച്ചു ഒന്നിപ്പിനുവേണ്ടി പരിശ്രമിച്ച വലിയ പ്രവാചകനായിരുന്നു ചാവറയച്ചൻ. ഇന്നു കത്തോലിക്കാസഭയിലെ തിളക്കമുള്ള ജീവസ്സററ കിഴക്കൻ സഭയായി കേരള സുറിയാനി സഭ വിരാജിക്കുന്നുണ്ടെങ്കിൽ, അതിനു പ്രധാന കാരണം ചാവറയച്ചന്റേയും കൂട്ടരുടേയും ഒന്നു ചേർന്നുള്ള പ്രവർത്തനമായിരുന്നു. റോക്കോസ് മെത്രാനും കൂട്ടരും മെത്രാപ്പോലീത്താ സ്ഥാനം ചാവറയ്ക്കു വച്ചു നീട്ടിയപ്പോഴും "മെത്രാനാകണ്ട പാത്രിയാർക്കായുമാകണ്ട രക്ഷപെട്ടാൽ മതി" എന്നു തമാശയായി പറഞ്ഞ് ആ കുത്ത വലിച്ചു കീറി കാററിൽ പറത്തിയ ധീര നായകനായിരുന്നു ചാവറയച്ചൻ. വത്തിക്കാനില്ലാത്ത ഒരു സഭയെക്കുറിച്ച് ചാവറയ്ക്കു ചിന്തിക്കാനേ സാധിക്കുമായിരുന്നില്ല. കാലത്തിന്റെ പൂർണ്ണതയിൽ സ്വജാതി മെത്രാനും ഹൈറാർക്കിയുമെല്ലാം കിട്ടുമെന്നു തന്നെയായിരുന്നു ചാവറയുടെ ദൃഢമായ വിശ്വാസം. അതിൻപ്രകാരം തന്നെ സംഭവിക്കുകയും ചെയ്തു. അതിനാൽ ഇന്ന് റോമ്മാ മാർപാപ്പായുമായി ഐക്യമുള്ള ഒരു സുറിയാനി സഭ കേരളത്തിലുണ്ടെങ്കിൽ അതിന്റെ മുഴുവൻ ക്രെഡിററും ചാവറയ്ക്കും കൂട്ടർക്കും കൊടുക്കണം. യാതൊരു സംശയവുമില്ല. ചാവറയ്ക്കുശേഷം കൊവേന്തകളുടെ പൊതു

പ്രിയോരാകുകയും ചാവറയച്ചന്റെ വലംകൈയായി നിന്ന് റോക്കോസ് ശീശ്മയ്ക്കെതിരായി ധീരമായി പോരാടുകയും ചെയ്ത ബ. കുരിയാക്കോസ് ഏലീശാച്ചന്റെ വാക്കുകൾ രേഖപ്പെടുത്തി ഈ ലേഖനം ഉപസംഹരിക്കട്ടെ. "ജലപ്രളയത്തിൽ നോഹിന്റെ പെട്ടകം ഇല്ലായിരുന്നു. എന്നുവരുകിൽ യാതൊരു മനുഷ്യനും രക്ഷപെടാതിരുന്നേനെ. പ്രിയോരച്ചനും ഈ സഭയും ഇല്ലായിരുന്നു എങ്കിൽ എല്ലാ സുറിയാനിപള്ളികളും ശീശ്മയിൽ ഉൾപ്പെട്ടുപോകുമായിരുന്നേനെ എന്നു ന്യായത്തോടെ വിചാരിക്കാവുന്നതായിരിക്കുന്നു.

(ജീവചരിത്രം. p. 37.)

# VIII

# വി. കുർബാനയുടെ ആരാധകൻ

വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ പലവിധത്തിലുമുള്ള ഗുണങ്ങളേയും സുകൃതങ്ങളേയുംകുറിച്ച് ചിന്തിക്കുമ്പോൾ അദ്ദേഹത്തിൽ ഏറ്റവും ആഴമായി വേരൂന്നിയിരുന്ന ഭക്തി, വി. കുർബാനയോടുള്ള അഗാധമായ ഭക്തിയാണെന്നു കാണാം. ഇന്നത്തെപ്പോലെ ലിറ്റർജിയെകുറിച്ചുള്ള അവബോധം ജനങ്ങളിൽ ഇല്ലാതിരുന്ന ആ കാലത്ത് ക്രിസ്തീയഭക്തി ജീവിതത്തിന്റെയെല്ലാം ഉറവിടമായി. വി. കുർബാനയോടുള്ള ഭക്തിയെ ഉയർത്തിയെടുക്കുവാനും ആ അവബോധം ജനങ്ങളിൽ കുത്തിവയ്ക്കുവാനും ചാവറയച്ചൻ വളരെയേറെ പണിപ്പെട്ടിട്ടുണ്ടെന്നു നിഷ്പ്രയാസം നമുക്കു മനസ്സിലാകുന്നതാണ്.

ചാവറയച്ചനെ തന്റെ ഭക്തജീവിതത്തിനും ധ്യാനജീവിതത്തിനും വി. കുർബായിലെ ഈശോയോടുള്ള വ്യക്തിപരമായ അടുപ്പം വളരെ സഹായിച്ചിട്ടുണ്ടായിരിക്കണം. ഒരുപക്ഷേ മറ്റു പല വിശുദ്ധരിലും ഉണ്ടായിരുന്ന ഈ ഗുണം ചാവറയച്ചൻ സ്വജീവിതത്തിൽ പകർത്തിയതുമാവാം. വി. കുർബാന ഭക്തിയോടുകൂടി അർപ്പിക്കുക. വി. കുർബാനയുടെ സന്നിധിയിൽ നിരവധി പ്രാവശ്യം വിസീത്ത കഴിക്കുക ഇവ ചാവറയച്ചന്റെ അനുദിനജീവിതത്തിലെ പ്രധാന പരിപാടികളായിരുന്നു. ദൈവമാതൃഭക്തിപോലെ തന്നെ കുഞ്ഞുന്നാളുമുതൽ നാമ്പെടുത്തുവന്നിരുന്ന ഒരു ഗുണമായിരുന്നു വി. കുർബാനയോടുള്ളഭക്തി.

## അനുദിനം ദിവ്യബലിയിൽ

കൈനകരിയിലെ തന്റെ ഭവനത്തിൽ നിന്നും എത്ര കുറുക്കുവഴി നടന്നാലും രണ്ടു മൂന്നു നാലു കിലോമീറ്റർ ചവുട്ടിയാലേ ചേന്ദംകരി പള്ളിയിൽ എത്തുകയുള്ളൂ. ആറേഴവയസ്സുമുതൽ ചാവറയച്ചൻ അനുദിനം പള്ളിയിൽ പോയിരുന്നു. ദിവസവും വരുന്ന മുഖശ്രീയുള്ള പയ്യനെ വികാരിയച്ചനും താല്പര്യമായി. അദ്ദേഹം അവനെ വിളിച്ചു സുറിയാനി കുർബാനയ്ക്കു കൂടുവാനും സുറിയാനി വാക്കുകൾ ഉച്ചരിക്കുവാനും പഠിപ്പിച്ചു. എടുത്താൽ പൊങ്ങാത്ത മുൻകാലത്തെ തടിച്ച സുറിയാനി തക്സ സ്റ്റാൻറോടുകൂടി അൾത്താരയുടെ ഒരു വശ

ത്തുനിന്നും വിമ്മിട്ടപ്പെട്ട പൊക്കിയെടുത്തു നട്ടകഃ മുട്ടകത്തി യതിനുശേഷം അറംത്താരയുടെ മറുവശത്തു കൊണ്ടുപോയി വയ്ക്കുന്ന കാഴ്ച കൗതുകത്തോടെ അന്നു ചെന്ദക്കിരിപള്ളിയിൽ വരുന്നവർ നോക്കിക്കാണുമായിരുന്നു. ഒരുപക്ഷെ കർബാന യോടുള്ള ഈ അടുപ്പമായിരിക്കണം ചാവറയച്ചനിൽ ഒരു വൈദികനാകണമെന്ന തോന്നൽ ഉൽഭൂതമാകുവാൻ കാരണ മായതു്. കുടുംബത്തിൽ ആരും തന്നെ വൈദികരായിട്ടില്ലാ യിരുന്നിട്ടും മാതാപിതാക്കൾ എതിരായിരുന്നിട്ടും കർബാന യോടുള്ള ചാവറയച്ചൻെറ ഭക്തി വൈദികജീവിതത്തിലേക്കു തന്നെ അദ്ദേഹത്തെ അകർഷിക്കുകയാണുണ്ടായതു്.

പള്ളിപ്പുറത്തു് സെമിനാരിയിൽ വന്നപ്പോഴും ചാവറയച്ചൻ കർബാനയുടെ ഒരു നല്ല പ്രേഷിതനായിരുന്നു. ഭക്തിയോടു കൂടി കർബാന അപ്പിക്കുന്ന, തിരുസന്നിധിയിൽ ആരാധന നടത്തുന്ന പാലയ്ക്കൽ മല്പാനച്ചൻെറ നല്ല മാതൃക കര്യാക്കോ സു ശെമ്മാശ്ശനു് കർബാനയുടെ നേർക്കുള്ള ഭക്തിക്കു് നല്ല മാതൃക കൊടുക്കുന്നതായിരുന്നു. കൂട്ടകാരായ ശെമ്മാശന്മാരെ കൂട്ടി വി. സ്തുതിപാട്ടുകൾ പാടുന്നതിനും ദിവ്യബലിയുടെ സുറിയാനി പ്രാത്ഥനകൾ ഭക്തിപൂർവ്വം ചൊല്ലുന്നതിനും കര്യാ ക്കോസ് നേതൃത്വം കൊടുത്തു.

കർബാനയുടെ അനുഷ്ഠാന വിധികൾ ഒരുപോലെയല്ല ന്നും പല വൈദികരും പല തരത്തിലാണു് ബലിയർപ്പിക്കു ന്നതെന്നും ഇതു സാക്ഷാത്തായ ഒരു പോരായ്കയാണെന്നും ശമ്മാശൻ ആയിരിക്കുമ്പോൾ തന്നെ കര്യാക്കോസ് ഗ്രഹി ച്ചിരുന്നു. ഇതിനൊരു പോംവഴിയുണ്ടാകണമെന്നു് ഉള്ളിൽ ആഗ്രഹിക്കുകയും പാലയ്ക്കൽ മല്പാനച്ചൻ കർബാനയർപ്പിക്കു ന്ന ഭക്തിതീക്ഷ്ണത നിറഞ്ഞ കമ്മവിധികൾ മനസ്സിൽ സംഗ്ര ഹിച്ചുവയ്ക്കുകയും ചെയ്തു. കാലാന്തരത്തിൽ നൂറിൽപരം നി ർദ്ദേശങ്ങളോടു കൂടി ഇദ്ദേഹം അടിച്ചിറക്കിയ തുക്കാസാ – (ബ ലിയർപ്പണവിധികൾ) വെളിച്ചം കാണുവാൻ ഇടയായതു് ഇങ്ങനെയാണു്.

കർബാനപട്ടം ഏൽക്കുന്ന ദിവസത്തെയും സമയത്തെയും അത്യധികം ആഗ്രഹത്തോടും പ്രതീക്ഷയോടും കൂടി കാത്തിരി ക്കുകയായിരുന്നു. ആ ദിവ്യബലിയർപ്പണത്തിൽ പ്രത്യേകം മനസ്സിൽ വച്ചു പ്രാത്ഥിക്കുവാനുള്ള കാര്യങ്ങളെ കുറിച്ചിടുകയും ചെയ്തു. ദർശനവീടിൻെറ പണി നടന്നുകാണുവാൻ ആദ്യത്തെ ബലിയിൽ പ്രാത്ഥിച്ചതായി ചാവറയച്ചൻ തന്നെ രേഖപ്പെ ടുത്തിയിട്ടുണ്ടല്ലോ.

ചാവറയച്ചൻ തൻെറ മനസ്സിൽ പതഞ്ഞു പൊങ്ങിയ തിയുടെ ഓളം വെട്ടലാൽ മുഴകി ദിവ്യബലി അപ്പിച്ചു പാന്നിരുന്നു എന്നു് അനുഭവസ്ഥർ പറയുന്നു. ദിവ്യബലി മയത്തു് ഒരു മനുഷ്യനല്ല – മാലാഖയെന്നാണു് കാണുന്ന ർ പറയുന്നതു്. ഇപ്രകാരം ഭക്തിപൂർവ്വമുള്ള ബലിയപ്പണം ായത്തിൽ അധികരിക്കുന്നതുപോലെ അധികരിച്ചുവന്നിരു . "കർബ്ബാന ചൊല്ലുന്ന നേരത്തിൽ മഹാ സൂക്ഷവും ഭക്തി അടക്കവുമായി എത്രയും ഉയരപ്പെട്ട ഈ കൂദാശയുടെ നേ എത്രയോ വണക്കവും വിശ്വാസവും ആയിരുന്നെന്നു് കാ ന്നവർക്കൊക്കെയും ബോധ്യമായ കാര്യമായിരുന്നു. ക്രമം ാലെയുള്ള വിസിത്തയല്ലാതെ ദിവസവും ഏറിയ നേരം ി.കർബ്ബാനയുടെ തിരു മുമ്പാകെ മുട്ടുകുത്തി എത്രയും എരി ാടുകൂടി നമസ്കരിച്ചു വന്നിരുന്നു.

ാവറയച്ചൻെറ ജീവിതചരിത്രം- By ഫാ.കര്യാക്കോസ് ഏലീശാ 38.)

ചാവറയച്ചൻെറ ആത്മ പിതാവു് ലെയോപ്പോൾഡ് മൂപ്പ ൻ എഴുതിയിരിക്കുന്നതു് നോക്കുക. "കർബ്ബാന ചൊല്ലുന്ന രത്തിൽ മഹാ സൂക്ഷവും ഭക്തിയും അടക്കവുമായി എത്ര ാ വണക്കവും വിശ്വാസവുമായിരുന്നെന്നു് കാണുന്നവർ ൊക്കെയും ബോധിപ്പാൻ ഇടയുള്ളതായിരുന്നു.

യോപ്പോൾഡച്ചൻ - ആത്മാനുതാപം - പേ.12.)

"ദിവ്യകാരുണ്യ സന്നിധിയിൽ ധ്യാനപരവശനായി ില്ലുന്ന കാഴ്ച അക്കാലത്തു് പലക്കും സുപരിചിതമായിരുന്നു. ി. കർബ്ബാനയുടെ മുമ്പിൽ ഇദ്ദേഹത്തിൻെറ നില എത്രയും നോഹരമായ ഒരു കാഴ്ചയായിരുന്നു." (ഫാ. ലൂയീസ്) ഈ വസരത്തിൽ മനുഷ്യൻ എന്നതിനേക്കാറം മാലാഖ എന്നു ാന്നിപ്പോകുമെന്നു് ഇദ്ദേഹത്തിൻെറ ശിഷ്യന്മാർ പറഞ്ഞി ു.

ചാവറയച്ചൻ കർബ്ബാന ചൊല്ലുന്ന നേരംകൂടാതെ ദീർഘ യം കർബ്ബാനയുടെ മുമ്പാകെ ധ്യാനിച്ചിരുന്നു. കർബ്ബാ യെ നോക്കി ധ്യാനിക്കുക; ഈശോയുടെ സ്നേഹത്തെക്കുറിച്ചു ്യാനിക്കുക – ഇതു് ഏററവും ഭക്തിപ്രകർഷമായ ഒരു കാര്യമാ ി ചാവറയച്ചനു് അനുഭവപ്പെട്ടിരുന്നു. സാധാരണ മനുഷ്യർ ം കൂടി ഈ ധ്യാനരീതി പരിചയമാക്കിക്കൊടുക്കണം എ ു് ചാവറയച്ചനു തോന്നി. ഇതിനായി അദ്ദേഹം കണ്ടുപി ിച്ച മഹത്തായ മാർഗ്ഗമായിരുന്നു വിവിധതരം ആരാധനാരീ ികം.

## ആരാധനയുടെ പ്രേഷിതൻ

കുർബാനയുടെ സന്നിധിയിൽ ആരാധന അന്ന കേര
ത്തിൽ നടപ്പില്ലായിരുന്നു. സുറിയാനിക്കാരുടെ പള്ളികളി
ങ്ങനെയൊന്ന് ഒരിക്കലും ഉണ്ടായിരുന്നില്ല. കുർബാനക
ഞ്ഞുപോയാൽപിന്നെ പിറ്റെ ദിവസമേ കുർബാനയ്ക്കുവേണ്ടി
പള്ളിയിൽ കയറിയിരുന്നൊള്ളൂ. പ്രാർത്ഥിക്കാൻവേണ്ടി
മ്മാശന്മാർ മാത്രം പള്ളിയിൽ കയറിയിരുന്നു. ഇതുമാററി വി
സക്രാരിയിൽ ഇരിക്കുന്ന ഈശോയെ സന്ദർശിക്കുന്നതു ന
താണെന്നും പള്ളിയുടെ അടുത്തുകൂടി പോകുമ്പോൾ പള്ളിയി
കയറി വി. കുർബാനയ്ക്കു സ്തോത്രം ചെയ്യണമെന്നുമുള്ള ന
പതിവുകൾ ചാവറയച്ചൻ വികാരിജനറാൾ ആയിരുന്നപ്പോ
നടപ്പിലാക്കിയതും പ്രചരിപ്പിച്ചതുമായിരുന്നു.

## ആദ്യവെള്ളിഭക്തിയും തിരുമണിക്കൂറും

പാരലിമോണിയായിലെ വി. മർഗ്ഗരീത്താമറിയം അ
ക്കൊന്നുണ്ടായ ദർശനങ്ങളുടെ വെളിച്ചത്തിൽ യൂറോപ്പിൽ പ
യിടത്തും ആദ്യ വെള്ളിയാഴ്ച ഭക്തി പ്രചരിക്കുകയും അതുവ
യായി വി. കുർബാനയോടുള്ള അതിരററ ഭക്തിപ്രകർഷ
ജനങ്ങളുടെ ഇടയിൽ പ്രചരിക്കുകയും ചെയ്തിരുന്നു. ഇപ്രകാ
മൊന്ന് കേരളക്കരയിലും നടപ്പാക്കണമെന്ന് ചാവറയച്ച
കരുതുകയും—എല്ലാ മാസത്തിന്റെയും ആദ്യവെള്ളിയാഴ്ചകളി
വി. കുർബാനയുടെ സന്നിധിയിൽ തിരുമണിക്കൂർ ആരാധ
നടത്തണമെന്നും ഒരുക്കത്തോടുകൂടി വി. കുർബാന എല്ലാവരു
സ്വീകരിക്കണമെന്നുമുള്ള നിർദ്ദേശം പള്ളികൾക്കെല്ലാം ചാവ
റയച്ചൻ അയച്ചു. വി. കുർബാനയോടുള്ള ആരാധനവ
ജനങ്ങളിൽ ശരിയായ വിശ്വാസവും ഭക്തിയും പുനർജ്ജീവി
പ്പിക്കുവാൻ സാധിക്കുമെന്ന ചാവറയച്ചന നല്ല ബോധ്യ
ണ്ടായിരുന്നു.

## വി. കുർബാനയുടെ വാഴ്‌വ്

എല്ലാ ഞായറാഴ്ചകളിലും വി. കുർബാനയ്ക്കു ശേഷ
അൾത്താരയിലെ തിരിയെല്ലാം കത്തിച്ച് വി. കുർബാന
യുടെ വാഴ്‌വ് നടത്തണമെന്ന നിബന്ധനയും ചാവറയച്ച
നടപ്പിലാക്കിയതാണ്. ഇതിനുള്ള പ്രാർത്ഥനയും പാട്ടും സുറിയാ
നിയിൽ ക്രമീകരിച്ചതും ചാവറയച്ചൻ തന്നെയായിരുന്നു
ഇന്നും നമ്മുടെ പല ദ്രൂപതകളിലും എല്ലാ ഞായറാഴ്ചയും ഇ
ആശീർവാദം ജനങ്ങൾക്കു നല്കുന്ന പതിവുണ്ട്. ചില രൂപ
കളിൽ റീത്തു ശാസ്ത്രജ്ഞൻമാർ ഇതിനെ പുച്ഛിച്ചു പുറംതള്ളിയി
രിക്കുന്നതായും അറിയുന്നു. കുർബാനയിൽ ക്രിസ്തുവിന്റെ സ

ന്നിദ്ധ്യത്തെതന്നെ സംശയിക്കുന്ന രീതി വിദഗ്ദ്ധർ ഭക്തിയിലൂടെ വിശ്വാസത്തിലേക്കു നയിച്ചിരുന്ന ന. സാധാരണ ദൈവജനത്തെ കർബാനയുടെ വെറും ശുശ്രൂഷകരാക്കി തീർത്തുകൊണ്ട് വിശ്വാസത്തിനും ഭക്തിക്കും കലക്കവും തെററിദ്ധാരണയും വരുത്തുന്നത് കാലഘട്ടത്തിലെ ഒരു പ്രത്യേക വിപത്തായി നമുക്കു കണക്കാക്കാം. ദൈവദാസനായ കര്യാളശ്ശേരി മെത്രാനെപ്പോലുള്ള വി. കർബാനയുടെ ഭക്തർ ഇതിന് അവർക്കു മാപ്പു കൊടുക്കട്ടെ.

## 13 മണി ആരാധനയും 40 മണി ആരാധനയും.

വി. കർബാനയുടെ നേർക്കുള്ള 3 ദിവസത്തെ ദിവ്യമായ ആരാധനയായിരുന്നു 40 മണി ആരാധന. ഇന്നും നമ്മുടെ കേരളത്തിലെ പ്രധാനപ്പെട്ട പള്ളികളിലും ആശ്രമങ്ങളിലും ദിവ്യകാരുണ്യത്തിന്റെ ഈ മഹോത്സവം നടത്തുന്നുണ്ട്. അനേകം ആയിരം പേർ ഈ ദിവസങ്ങളിൽ കമ്പസാരിക്കുകയും വി. കർബാന സ്വീകരിക്കുകയും ചെയ്തു വരുന്നു. കേരളക്കരയിൽ ഇതു് ആദ്യമായി നടപ്പാക്കിയതു് കൂനമ്മാവു് ആശ്രമദേവാലയത്തിൽ വാ. ചാവറയച്ചനായിരുന്നു. 1866–ലെ വിഭൂതി തിരുന്നാൾ കഴിഞ്ഞുള്ള വ്യാഴം, വെള്ളി, ശനി, ഈ ദിവസങ്ങളിലായിരുന്നു കേരളത്തിലെ ആദ്യത്തെ 40 മണി ആരാധനാ ദിനങ്ങൾ. വി. നോമ്പിനുള്ള വലിയ ഒരുക്കവും വിശ്വാസത്തിന്റെയും ഭക്തിയുടേയും പ്രകടനവുമായിരുന്നു ഈ മഹാസംഭവം. ഇതു വളരെ ആഘോഷമായും ഭക്തിയായും നടത്തുന്നതിന് എന്തെല്ലാം ചെയ്യണമെന്നും ചാവറയച്ചൻ നിർദ്ദേശം കൊടുത്തിരുന്നു. കുറെ നിർദ്ദേശങ്ങൾ കാണുക.''

''ഈ ദിവസങ്ങളിൽ വെടി, വാദ്യം ആദിയായ ബാഹ്യഘോഷങ്ങൾ ഉണ്ടായിരിക്കരുത്. ശുദ്ധ. പള്ളിയുടെ സംഗീതമല്ലാതെ മറെറാന്നും പാടുകയുമരുതു്. അലങ്കാരങ്ങൾ വിശേഷമായിരിക്കണം. ഇതിൽ ലൗകീകമൊന്നും ഉണ്ടായിരിക്കരുതു്. പീഠത്തിന്മേൽ കടലാസ്, തുണി, പട്ടു് മുതലായവ കൊണ്ടുള്ള പൂക്കൾ വയ്ക്കാതെ നല്ല സൗരഭ്യമുള്ള പച്ച പൂക്കൾ ചാർത്തണം. വെളുത്ത മെഴുകുകൊണ്ടുള്ള നല്ല തിരികളും പീഠത്തിന്മേൽ ഉണ്ടായിരിക്കണം. പള്ളിയുടെ ജനല്വകൾക്കു് മഞ്ഞ അല്ലെങ്കിൽ ചുമപ്പ് തിരശ്ശീല ഇടുന്നതു കൂടാതെ പുറമേയുള്ളവർ പള്ളിക്കകത്തുള്ളതു് കാണാതിരിക്കതക്കവണ്ണം പള്ളിയുടെ പ്രധാന വാതുക്കൽ ഒരു പച്ച ചകലാസുകൊണ്ടുള്ള തിരശ്ശീലയും ഉണ്ടായിരിക്കണം. ശുദ്ധ. കർബാനയുടെ പാലിക പിടിക്കുന്നതിനു് നാലു അല്ലെങ്കിൽ എട്ടു പട്ടക്കാരോ, പട്ടക്കാർ ഇല്ലാത്ത പക്ഷം സൂർപ്ലേസ് ധരിച്ച ശമ്മാശ്ശന്മാരോ ഉണ്ടായിരിക്കണം....

പള്ളിക്കകത്തും പരിസരങ്ങളിലും പൂജ്യമായ മൗനം അനു ക്കണമെന്ന് അവരെ ഉപദേശിക്കുക, മേൽനോട്ടക്കാരായി വി വേകവും ഭക്തിയുമുള്ള രണ്ടു ദർശനക്കാരേയോ മറ്റോ നിശ്ച ക്കുകയും വേണം.''

## വി. കുർബാനയുടെ തിരുനാളും അതു കഴിഞ്ഞുള്ള 9 ദിവസങ്ങളും.

വാ. ചാവറയച്ചന്റെ കാലത്തു ആശ്രമ ദേവാലയങ്ങളി നടപ്പിലാക്കിയ ഒരു പ്രത്യേക ഭക്തിയായിരുന്നു വി. കുർബാ എഴുന്നള്ളിച്ചു വച്ച് തിരുസന്നിധിൽ നടത്തുന്ന വി. കുർബ നയുടെ തിരുന്നാൾ നമസ്കാരം. തിരു സഭയിലെ മല്പാൻമാരു പഠനങ്ങളേയും വി. കുർബാനയെക്കുറിച്ചുള്ള സ്തോത്രങ്ങളേയു തിരഞ്ഞെടുത്തു സുറിയാനിയിൽ ചാവറയച്ചൻ തന്നെ എഴുതി യുണ്ടാക്കിയതായിരുന്നു. ഒൻപതു ദിവസത്തേക്കുള്ള ഈ ന സ്കാരം വി. കുർബാനയുടെ തിരുനാൾ മുതൽ–തിരുഹൃദയത്തി രുനാളിന്റെ തലേദിവസം വരെയുള്ള ദിവസങ്ങളിൽ'റംശ നമസ്കാരമായിട്ടാണ് ഇതു നടത്തി പോന്നിരുന്നതു്. കുർബാന അരുളിക്കയിൽ എഴുന്നള്ളിച്ച് സിംഹാസനത്തിലോ സക്രാ രിയുടെ മുകളിലോ സ്ഥാപിക്കുന്നു. സന്യാസ വൈദിക കാപ്പ (സന്യാസ വസ്ത്രം)ധരിച്ചു രണ്ടു ഭാഗമായി തിരു സന്നി ധിയിൽ ഈ പ്രാർത്ഥന നടത്തുന്നു. പലയിടങ്ങളിലും ധാരാളം ദൈവജനങ്ങളും ഇതിൽ സംബന്ധിച്ചിരുന്നു. C.M.I.–ആശ്രമ ങ്ങളിൽ ഏതാണ്ട്.1970 വരെയും ഇതു നിലനിന്നിരുന്നു. സുറി യാനി നമസ്കാരങ്ങൾ മലയാളത്തിലാകുകയുംവൈദീക വി ദ്ധ്യാർത്ഥികൾക്ക് സുറിയാനി വായിക്കാൻ അറിവില്ലാതാ കയും ചെയ്ത കാലത്താണ് ഇതു ഇല്ലാതെ പോയതു്. ഭക്തി ദ്യോതകങ്ങളും ചിന്താ സമ്പത്തും നിറഞ്ഞ വി. കുർബാന യുടെ പ്രത്യേക തിരുന്നാൾ നമസ്കാര പ്രാർത്ഥന അടങ്ങിയ പുസ്തകം മിക്ക കൊവേന്തകളുടേയും ലൈബ്രറികളിലെ തുറ ക്കാത്ത അലമാരകളിൽ ഇന്നും വിശ്രമിക്കുന്നുണ്ടാകും. ഈ ദി വസങ്ങളിൽ ഏതാണ്ടു മുഴുവൻ ധ്യാന ദിവസത്തെപ്പോലെ ആശ്രമാംഗങ്ങൾ എല്ലാവരും തന്നെ സന്നിഹിതരായിരിക്കും. വളരെ അത്യാവശ്യ കാര്യങ്ങൾക്കല്ലാതെ ആരും പുറത്തു പോകുമായിരുന്നില്ല.

ചാവറയച്ചൻ ഈ ദിവസങ്ങളിൽ മഠത്തിലെ സഹോദ രിമാർ എന്തു ചെയ്യണമെന്നു ഒരെഴുത്തിൽ പറയുന്നതു നോ ക്കുക''ആ എന്റെ കുഞ്ഞുങ്ങളേ ഈ ദിവസങ്ങളിൽ ഈശോ മിശിഹായുടെ സ്നേഹം നിങ്ങൾ നല്ലവണ്ണം ധ്യാനിക്കണം. ഈ 9 ദിവസം മുടങ്ങാതെ മാറി മാറി ഒരാൾ എങ്കിലും തി

വസം ശ്രു കർബാന കൈക്കൊണ്ട് ഈ കർത്താവിൻെറ സ്നേഹത്തെ ഓക്ക. (അന്ന അനുദിനം കർബാന കൈക്കൊള്ളുന്ന പതിവില്ലായിരുന്നു.)

(നാളാഗമം-കന്യാസ്ത്രീകൾക്കുള്ള കത്തു്-6. p. 113)

അനുദിനം കർബാന കൈക്കൊള്ളാനുള്ള അനുവാദം കിട്ടിക്കഴിഞ്ഞപ്പോൾ അതു് എത്ര ആഗ്രഹത്തോടും താല്പര്യത്തോടും കൂടി നിറവേററി വന്നിരുന്നു എന്നു് വേറൊരെഴുത്തിൽ നിന്നും നമുക്കു ഗ്രഹിക്കാവുന്നതാണു്.'' ആശ്രേഷ്ടത്തിയമ്മെ! നിങ്ങളും ഞാനും നാളെ ഭ്രഷ്ടിയായിരിപ്പാൻ ദൈവം തിരുമനസ്സായിരിക്കുന്നു. അതായതു് നാളെ വല്യ പാട്ടുകർബാന ഒന്നല്ലാതെ ഓറ കർബാന ചൊല്ലിക്കൂടാ എന്നും ആ പാട്ടു കർബാനയ്ക്കു കർബാന കൈക്കൊള്ളുന്നതിനു ശ്രുദ്ധ പള്ളി വിലക്കിയിരിക്കുന്നു എന്നും ആയതിനാൽ പുത്തൻപള്ളി സെമിനാരിയിലും കർബാനയില്ലന്നും മററും പെ.ബ. പ്രൊ. വികാരി അപ്പസ്തോലിക്കാച്ചൻ കല്പിച്ചതുമല്ലാതെ എൻെറ അപേക്ഷയിൽ ശ്രു. പള്ളിയുടെ ചൊൽ വിളിയാൽ നാളെ ശ്രു. കർബാന കൈക്കൊള്ളാതിപ്പാരിൻ ശ്രു. ത്രേസ്യായുടെ മക്കൾക്കു സങ്കട മുണ്ടാകുമോ എന്നു എതിരില്ലാ എന്നും ഞാൻ നിങ്ങളുടെ പേക്കു ഉത്തരിച്ചു അപ്പോഴോ അരുപിയാലെ നിങ്ങളുടെ ഹൃദയത്തിൽ തന്നെ വിരുന്നു വിളിപ്പിൻ''– (നാളാഗമം- കന്യാസ്ത്രീകൾക്കുള്ള കത്തുകൾ--4 – p 111) അക്കാലത്തു പെസഹവ്യാഴാഴ്ച വൈകിട്ടു് ഒരു കർബാന മാത്രമേയുണ്ടായിരുന്നുള്ളൂ. അതിൽ കന്യാസ്ത്രീകൾക്കു വന്നു സംബന്ധിക്കാൻ പററുമായിരുന്നില്ല.)

മുകളിൽ സൂചിപ്പിച്ചവയൊക്കെയും കാണിക്കുന്നതു് – ചാവറയച്ചനു വി. കർബാനയുടെ നേക്കുള്ള അഗാധമായ ഭക്തിയാണു്. ഒരു മഗ്ഗരീത്താമറിയം അലക്കോക്കു് എന്ന പുണ്യവതി വി. കർബാനയുടെ സന്നിധിയിൽ ധ്യാനനിമഗ്നയായിരുന്നപ്പോഴാണു് ഈശോയുടെ ദർശനമുണ്ടായതു്. ഈശോയുടെ തിരുഹൃദയ ഭക്തി ഈ ദർശനങ്ങളിൽ അടിസ്ഥാനപ്പെടുത്തിയാണിരിക്കുന്നതു്. ഇതുപോലെ ചാവറയച്ചനു് ഏററവും വലിയ ഇഷ്ടമുള്ള ഒരു കാര്യമായിരുന്നു വി. കർബാനയുടെ സന്നിധിയിൽ പ്രാർത്ഥിക്കുകയെന്നതു്. ഈ പ്രാർത്ഥനയായിരുന്നു അദ്ദേഹത്തിൻെറ ആരാധന. വി. കർബാനയെ നോക്കി ചിന്തിച്ചുകൊണ്ടു്, ആരാധിച്ചുകൊണ്ടു് സ്വയം മറന്നുപോകത്തക്ക രീതിയിൽ അതിൽ ലയിക്കുവാൻ ചാവറയച്ചനു സാധിക്കുമായിരുന്നു. ഇവിടെയാണു സാക്ഷാത്തായ ക്രിസ്തീയ ഭക്തിയും ദൈവോപാസനയും എന്നു് അദ്ദേഹം

മനസ്സിലാക്കിയിരുന്നു. ഇതു സാധാരണക്കാരിലേക്കും സന്നിവേശിപ്പിക്കണം എന്ന തീവ്ര ആഗ്രഹമായിരുന്നു. 13 മണി-40 മണി ആരാധനകളുടെ സ്ഥാപനത്തിലും നടത്തിപ്പിലും ചാവറയച്ചനുണ്ടായിരുന്ന പരിപാവനമായ ലക്ഷ്യം.

കൈനകരി കുടുംബക്കാർക്കുള്ള തൻെറ മരണ ശാസനത്തിൽ (കുടുംബക്രമം) അദ്ദേഹം പറയുന്നതു നോക്കുക. "കഴിയുന്നതായാൽ ദിവസം തോറും കർബാന കാൺക. എന്നാൽ ഇതു പ്രയാസമെങ്കിൽ തിങ്കളാഴ്ച മരിച്ച ആത്മാക്കൾക്കു വേണ്ടിയും വെള്ളിയാഴ്ച പങ്കപ്പാടിൻെറ ഭക്തിയായിട്ടും ശനിയാഴ്ച ദേവമാതാവിൻെറ വ്യാകുലത്തിൻെറ ഭക്തിയായിട്ടും കർബാന കാൺക. എന്നാൽ ഒരു വീട്ടിൽ നിന്നു് എല്ലാവരും പോയി കർബാന കാണാൻ പാടില്ലാത്ത പക്ഷം ഓരോ ദിവസം ഒന്നോ രണ്ടോ ആളുകളെങ്കിലും മാറി മാറിപ്പോയി കർബാന കാണേണ്ടതാകുന്നു. മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും പാപസങ്കീർത്തനം ചെയ്തു വി. കർബാന ഉൾക്കൊൾക.

നിസ്സാര കാര്യങ്ങൾക്കു വേണ്ടി കർബാന മുടക്കുന്നതു ചാവറയച്ചനെ വേദനിപ്പിക്കുന്ന ഒരു കാര്യമായിരുന്നു. മുൻപു സൂചിപ്പിച്ച കൈനകരിക്കാർക്കുള്ള കുടുംബക്രമത്തിൽ പറയുന്നതു നോക്കുക: "ഞായറാഴ്ച മുതലായ കടമുള്ള ദിവസങ്ങളിൽ അടിയന്തിരങ്ങൾ മുതലായവ കഴിക്കുന്നതു വളരെ ദോഷങ്ങൾക്കും ആത്മനാശങ്ങൾക്കും കാരണമായ ഒരു സംഗതിയാകുന്നു. ഇതു കർത്താവിൻെറ ദിവസമാകുന്നു. ഇതു പിശാചിൻെറ ദിവസമാകുന്നതിനു കണ്ടെത്തിയ ഒരു സൂത്രമാകുന്നു. ഇതു കൂടാതെ വീട്ടിൽ വല്ലവരും മരിച്ചാൽ (ആവശ്യമുള്ളവരൊഴികെ) ശേഷമുള്ളവർ സ്വന്ത ആത്മകാര്യങ്ങളെ ഉപേക്ഷിച്ചു കടമുള്ള ദിവസങ്ങളിൽ പള്ളിയിൽ പോകാതിരിക്കുന്നതു് ദൈവത്താലും ശുദ്ധ പള്ളിയാലും ശപിക്കപ്പെട്ട ദുർമ്മര്യാദയാകുന്നു."

ചാവറയച്ചൻ കർബാന ചൊല്ലാൻ വശമില്ലാതിരുന്ന അവസരത്തിൽ മററു വൈദികർ അതുചൊല്ലുന്നതിൽ സംബന്ധിക്കുവാൻ കർബാന കാണാവുന്ന സ്ഥലത്തുതന്നെ കൊണ്ടുപോയി ഇരുത്തുവാൻ രോഗീശുശ്രൂഷിയോടു പറയുമായിരുന്നു. കർബാന എന്നും സ്വീകരിച്ചിരുന്നു.

മററു യാത്രകളൊന്നും ചെയ്യുവാൻ പാടില്ലാതെ കണ്ണിൽ സുഖമില്ലാതെ രോഗിയായി കിടന്ന അവസരത്തിൽ വി. കർബാനയെക്കുറിച്ചു് അദ്ദേഹം ധാരാളമായി ധ്യാനിക്കുമായി

രുന്നു. ഭാവിതലമുറയ്ക്കുവേണ്ടി അതു് എഴുതി സൂക്ഷിക്കുമായിരുന്നു. അപ്രകാരം എഴുതപ്പെട്ട മനോഹരമായ ഒരു കൃതിയാണു 'ധ്യാനസല്ലാപങ്ങൾ' എന്ന പേരിൽ ഇപ്പോൾ പ്രകാശിതമായിട്ടുള്ള അദ്ദേഹത്തിന്റെ ധ്യാനക്കുറിപ്പുകൾ. ഇതിൽ വി. കുർബാനയെക്കുറിച്ച് അദ്ദേഹത്തിന്റെ ധ്യാനരീതി എങ്ങിനെയെന്നു നമുക്കു വളരെ ഭംഗിയായി മനസ്സിലാക്കാവുന്നതാണു്. ഈ ധ്യാനത്തിന്റെ ആത്മീയചൈതന്യം മനസ്സിലാക്കിയാണു് അദ്ദേഹത്തെ കുർബാനയുടെ പ്രേഷിതൻ എന്നു വിളിക്കുന്നതു്. നാം മുൻപു കണ്ടതുപോലെ സ്വന്തം ഭക്തി മററുള്ളവരിലേക്കു സംക്രമിപ്പിക്കുന്നതിനു കണ്ടുപിടിച്ച ഭക്തമുറകൾ മാത്രമായിരുന്നു തിരുമണിക്കൂറും, 13 മണിയാരാധനയും, 40 മണിയാരാധനയും മററും.

ഇദ്ദേഹത്തിന്റെ ധ്യാനകൃതിയായ ''ആത്മാനുതാപം'' എന്ന കാവ്യകൃതിയുടെ ആമുഖമായി – ചാവറയച്ചന്റെ കമ്പസാരക്കാരനായ ലെയോപ്പോൾഡ് മൂപ്പച്ചൻ പറയുന്നതു നോക്കുക: കുർബാന ചൊല്ലുന്ന നേരത്തിൽ മഹാസൂക്ഷവും ഭക്തിയും അടക്കവുമായി ഈ എത്രയും ഉയരപ്പെട്ട കൂദാശമേൽ എത്രയോ വണക്കവും വിശ്വാസവുമായിരുന്നെന്നു് കാണുന്നവർക്കൊക്കെയും ബോധിപ്പാൻ ഇടയുള്ളതായിരുന്നു. ക്രമംപോലെയുള്ള വിസീത്തയല്ലാതെ ദിവസവും ഏറിയനേരം വി. കുർബാനയുടെ തിരുമുമ്പാകെ മുട്ടുകുത്തി എത്രയും എരിവോടുകൂടി നമസ്കരിച്ചുവന്നിരുന്നു.

(ആത്മാനുതാപം p. 12)

ധ്യാനസല്ലാപത്തിലെ മനോഹരമായ രണ്ടുമൂന്നു ധ്യാനങ്ങൾ എടുത്തുപറഞ്ഞുകൊണ്ടു് ഈ ലേഖനം അവസാനിപ്പിക്കുകയാണു്. ലെയോപ്പോൾഡ് മൂപ്പച്ചന്റെയും മററും സാക്ഷ്യം എത്രയോ സത്യമായിരുന്നെന്നു് ഈ വാക്കുകൾ നമുക്കു് തെളിവു നല്കും.

അക്കാലത്തിൽ കല്പലകയിരുന്ന പെട്ടകത്തിന്റെ മൂടുചീല നീക്കി ചാട്ടിൽ വച്ചിരുന്ന നേരം ഈ പെട്ടകം ചായുന്നതിനെകണ്ടു് ഉറ നീക്കിയിരിക്കുന്ന നേരം മേൽപട്ടക്കാരനല്ലാതെ കീഴ്പട്ടക്കാർക്കു് തൊട്ടുകൂടാ എന്നുള്ളതിനെ വിചാരിക്കാതെ ഓസാ എന്നയാൾ കൈ നീട്ടി പിടിച്ചതിനാൽ അപ്പഴെ തന്നെ മരിച്ചു വീണുവല്ലൊ. ഈ നിൻഭയിൽ കാലമായ ഈ അരുൾവേദത്തിൻ പ്രമാണപലകയല്ലൊ. – പിന്നെയോ പ്രമാണം കല്പിച്ചുകൊടുത്ത നീ തന്നെ യാതൊരു ഉറയും മറവും കൂടാതെ നിന്റെ ദൈവത്വത്തോടും മാനുഷികത്വത്തോടുംകൂടെ

ങ്ങളുടെ മദ്ബഹായിൽ താൻ എഴുന്നുള്ളിയിരിക്കുന്നു. ആരെ
ല്ലാരും ചെല്ലുന്നോ, എല്ലാവരെയും കൈക്കൊള്ളുന്നു. ആരു
വിളിക്കുന്നോ അവനിൽ ചെല്ലുന്നു എവിടെ കൊണ്ടുപോക
ണമോ അവിടെ താൻ പോരുന്നു. ഏതു നാവിൽ വസ്സണമോ
അവിടെ ഇരിക്കുന്നു. അയ്യയ്യോ! ഏതു ഹൃദയത്തിൽ കുടിയി
രുത്തുമൊ ആ ഹൃദയത്തിൽ പൂകുന്നു. അയ്യോ മേൽപട്ടക്കാരനു
തന്നെയല്ല പിന്നെയോ, പട്ടസ്ഥം എന്ന ഈ മുദ്രയാൽ പതി
ക്കപ്പെട്ടവനായിരിക്കുന്ന ഏതു നാവുകൊണ്ടും ഈ തിരുവചന
ങ്ങളെ ഉച്ചരിക്കുന്ന എന്ന അക്ഷണത്തിൽതന്നെ ആകാശ
ത്തിൽനിന്നിറങ്ങി അയാളുടെ കൈയ്യിൽ എഴുന്നെള്ളുന്നു.
അയ്യയ്യോ ! കർത്താവേ ! ഈ മഹാപാപിയായ അടിയൻെറ
അശുദ്ധ കൈകളിലും നാവിലും ഹൃദയത്തിലും കൂടെയും എത്ര
യോ ഊഴം നീ എഴുന്നെള്ളി. എൻെറ മനോഗുണമുള്ള സർ
വ്വേശ്വരാ ഇനി യാതൊരുത്തനെ താൻ കൈകൊൾകയില്ലെ
ന്നും സംശയിപ്പാൻ ഇടയില്ലാതെ ആയല്ലോ. ആ മനോഗുണ
മോ, മുണ്ടനെടയിരുന്നതിനാൽ കൂട്ടത്തിൻെറ തിക്കലിൽ നി
ന്നെ കാണാൻ പാടില്ലഞ്ഞാറെ ഇനി ആ വഴിയെക്കൂടി താൻ
എഴുന്നുള്ളുവാനായ് ഇടവരുതല്ലോ എന്നതിനാൽ ദൂരത്തിൽനി
ന്നെങ്കിലും തൻെറ തിരുമുഖം കാണാമെന്നാഗ്രഹിച്ച എന്ന
ചുങ്കക്കാരുടെ തലവനായ സക്കെ എന്നവൻെറ നൽമനസ്
സിനെ താൻ കണ്ടാറെ അവനോട് സംസാരിക്കുന്നതു് എ
ൻെറ ബഹുമാനത്തിന് മതിയായില്ല എന്നു ശേഷം പേരു
നിരുപിച്ചിരുന്നതായെയും തൻെറ കരുണയെ കാണിപ്പാൻ
തിരുമനസ്സായികൊണ്ടു ആ കൂട്ടത്തിൽവച്ച് ആ മരത്തിൻ
ചുവട്ടിൽ ചെന്നുകൊണ്ട് സക്കെ നീ ഇറങ്ങി വരിക. ഇന്ന്
നിൻെറ വീട്ടിൽ നാം എഴുന്നുള്ളുവാൻ മനസ്സായിരിക്കു
ന്നു. എന്നും താൻ അരുളിചെയ്ത അവനോടുകൂടെ താൻ
പോകയും ചെയ്തു. ആ ഈ വണ്ണമുള്ള കരുണക്കടലായിരിക്കുന്ന
ദൈവം ആ സക്കെയെക്കായിലും അധികം ഹീനനും പാപി
യും ആയിരിക്കുന്ന അടിയൻെറ ഹൃദയമായ വീട്ടിലും അതിൽ
നിറഞ്ഞിരിക്കുന്ന പാപാശുദ്ധങ്ങളെയും ദുർഗ്ഗുണങ്ങളെയും വി
ചാരിക്കാതെ മനുഷ്യവർഗ്ഗത്തിന്മേൽ താൻ വച്ചിരിക്കുന്ന
എന്ന കരുണാധിക്യവും തൻെറ ദയയുടെ പെരുപ്പവും കാണി
ച്ചുകൊണ്ട് ഇനി മനുഷ്യവർഗ്ഗത്തിൽ യാതൊരുത്തനും ഭയ
ത്താലും ശരണക്കേടാലും തൻെറ പക്കൽ അണയുന്നതിന്
സമ്മതി തോന്നായ്‌വാനുള്ള ദൃഷ്ടാന്തം ലോകത്തിൽ കാണി
പ്പാൻ തന്നെ ഈ കഷ്ട പുഴുവായ അടിയനിൽ എഴുന്നുള്ളുവാൻ
തന്നെ അല്ല പിന്നെയോ ദിവസംപ്രതി ഈ അശുദ്ധ നാവുകളാൽ
തന്നെ വിളിച്ച് ആകാശങ്ങളിൽനിന്നിറക്കുവാനും പാവപ്പെട്ട
അടിയൻെറ കരങ്ങൾകൊണ്ട് തന്നെ തൊടുവാനും ദൈവമാ

താവും ശ്രദ്ധ പിതാവും എത്രയും ഭക്തിയോടും ആചാരത്തോടും അവരുടെ കൈകളിൽ ചുമന്നു എന്ന ഉണ്ണിപ്പൈതലായ തന്നെ ഈ അശുദ്ധ കൈകൾക്കൊണ്ട് എടുപ്പാനും പകുപ്പാനും ഉയർത്താനും സ്നേഹത്തോടെ തൻെറ തിരുമാനം അനുവദിച്ചതുമെന്നിയെ എയിടെയെല്ലാം തന്നെ എടുത്തുകൊണ്ട് നടക്കമോ അവരുടെ പക്കൽതന്നെ കൊണ്ടുപോകണമോ, ഏതു നേരത്തിൽതന്നെ കാണണമോ, എത്രനേരം തൻെറ ചേരെ നിൽക്കണമോ ഇതിനൊക്കെക്കും അനുവദിച്ചതുമെന്നിയെ അടിയന് അനിഷ്ടവും മനമടിയും തോന്നി തൻെറ തിരുമുമ്പിൽ നിന്ന് മാറുന്നതല്ലാതെ തനിക്ക് അസഹിതമായി ഈ തിരുമുമ്പിൽനിന്ന് മാറുവാൻ തിരുമനസ്സാകാതെ എൻെറ ആശ്രയാഗ്രഹങ്ങളൊക്കെയും നിറവേറുവാനും എന്തെല്ലാം അപേക്ഷിക്കണമോ, ആയതൊക്കെയും മടികൂടാതെ അപേക്ഷിപ്പാനും അനുവദിച്ചുകൊണ്ട് രാപകൽ പിരിയാതെ എൻെറ വാസസ്ഥലത്തിൽ ചേരെതന്നെ താനും എഴുന്നെള്ളിയിരിപ്പാനും തിരുമനസ്സായി! (ധ്യാനസല്ലാപം)

ദിവ്യകാരുണ്യനാഥനോടുള്ള പ്രത്യേക ഭക്തിയും സ്നേഹവും കൊണ്ടായിരുന്നു ദേവാലയത്തിൻെറ പൂജ്യതക്കും വെടിപ്പിനും വേണ്ടി ഇദ്ദേഹം എപ്പോഴും ഉൽബോധിപ്പിച്ചുകൊണ്ടിരുന്നത്. ആശ്രമ ദേവാലയങ്ങളും കർബ്ബാനക്കു ഉപയോഗിക്കുന്ന തിരുവസ്ത്രങ്ങളും തിരുപ്പാത്രങ്ങളും എപ്പോഴും ന്യൂനതയില്ലാത്തതും വെടിപ്പുള്ളതുമായിരിക്കണമെന്ന് പ്രത്യേകം, സന്ദർശനാവസരങ്ങളിൽ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഇതിൽ കണ്ടമാനം വീഴ്ചവരുത്തുന്നവരെ പ്രത്യേകം ശാസിച്ചിരുന്നു. ഇന്നും CMI സഭയിൽ കാനോനിക സന്ദർശനം നടത്തുന്ന മേൽ ശ്രേഷ്ഠൻ പള്ളിയും പള്ളിയിൽ ഉപയോഗിക്കുന്ന കുമ്പസാരക്കൂടുമുതലുള്ള സാമഗ്രികളും ശുചിയായിരിക്കുവാൻ ശ്രദ്ധിക്കുകയും നിഷ്കർഷിക്കുകയും ചെയ്യാറുണ്ട്. ചാവറയച്ചൻെറ കാലത്ത് ആരംഭിച്ച ഈ നല്ല മാതൃക ഒരു പാരമ്പര്യം പോലെ ഇന്നും തുടരുകയാണ്. ചാവറയച്ചൻ വികാരി ജനറാൾ ആയപ്പോൾ ഇടവക പള്ളികളിലും ഇതു നടപ്പാക്കിയിരുന്നു.

ദൈവമഹത്വത്തിനു അനുയോജ്യമായ ഒരു ദേവാലയം നിർമ്മിക്കാൻ ശ്ലമ്മോൻെറ സർവ്വ പ്രതാപത്തിനും സമ്പൽസമൃദ്ധിക്കുപോലും അശക്യമായിരുന്നെന്നും അങ്ങിനെയെങ്കിൽ സാക്ഷാൽ ദൈവം കുടികൊള്ളുന്ന നമ്മുടെ ദേവാലയങ്ങൾ എപ്രകാരം പൂജ്യമുള്ളതാകണം എന്നു പ്രിയോരച്ചൻ കൂടെ കൂടെ പറയുമായിരുന്നു. ദേവാലയകാര്യത്തിൽ പ്രത്യേക ശുഷ്കാന്തി പ്രദർശിപ്പിക്കുന്നവരെ ലോഭം കൂടാതെ പ്രിയോരച്ചൻ പ്രശംസിച്ചിരുന്നു. ധർമ്മം തെണ്ടിയാണെങ്കിലും

അക്കാലത്തെ ഏററം മനോഹരമായ ഒരു ദേവാലയമാണു
ഇദ്ദേഹം മാന്നാനത്തു പണിതീർത്തതു്. വാഴക്കുളത്തു മനോ
ഹരമായ രീതിയിൽ പള്ളി പണിയുവാൻ പാറായിൽ അവിരാ
തരകനെ ഏല്പിക്കുകയായിരുന്നു. റോക്കസ്സ് ശീശ്മ വന്ന
പ്പോറം തരകനുമായി പിണങ്ങിയതിനാൽ പള്ളിപണി തര
കൻ മുഴുവനാക്കിയില്ല. എങ്കിലും തൂണു കൂടാത്ത വാഴക്കുളം
ആശ്രമദേവാലയം ഇന്നും എൻജിനീയന്മാർക്കു ഒരു അത്ഭുത
വസ്തുതന്നെയാണ്.

ആശ്രമ ദേവാലയങ്ങളെ ഏററവും ഭംഗിയായി സൂക്ഷി
ക്കുന്നതിനു ചാവറയച്ചൻ ഒരു മത്സരംതന്നെ നടത്തിയിരുന്നു
"നമ്മുടെ സ്ഥലമായ അരണാട്ടുകരപള്ളി മലയാളത്തിലെ
ഒന്നാം പള്ളിയെന്നു് പ്രിയോരച്ചന്റെ എഴുത്തിൽ അതിന്റെ
വെടിപ്പിനെക്കുറിച്ച് കാണിച്ചിരിക്കുന്നു-എന്നത്രെ പെരുക്കര
അച്ചൻ രേഖപ്പെടുത്തിയിരിക്കുന്നതു" (ആലോചന. P.128)
ഇതിൽനിന്നും കേരളത്തിലെ എല്ലാ പള്ളികളേയും ചാവറ
യച്ചൻ ശുചിത്വത്തിന്റെ കാര്യത്തിൽ വിലയിരുത്തിയിരുന്നു
എന്നു വ്യക്തമാകുന്നു. ഈ സ്വചിത്വത്തിന്റെ കാര്യത്തിൽ
അദ്ദേഹത്തിന്റെ ധ്യാന സല്ലാപത്തിൽ കുറിച്ചിരിക്കുന്ന ധ്യാന
ചിന്തകളെ നോക്കുക. മുട്ടാടും കാളമൂരികളും അറുത്തു പൂജിക്കുന്ന
എന്ന പൂജയിടത്തിനും മദ്ബഹായ്ക്കും അല്പമായ അനാചാര
ത്താൽ അണഞ്ഞു എന്ന ഒന്നാം മേൽപട്ടക്കാരന്റെ കടിഞ്ഞൂൽ
പുത്രന്മാരിൽ കൂടെയും അനുഗ്രഹിക്കാതെ ആ ക്ഷണത്തിൽത
ന്നെ ശിക്ഷിക്കുകയും തന്റെ തിരുപ്രമാണങ്ങറം എഴുതിയ
കല്പലക വെച്ച പൂട്ടിയിരുന്ന എന്ന പെട്ടകം ഇരിക്കുന്ന എന്നു്
ക്ദോശ്ക്കുദശിൽ (ശുദ്ധതയുടെ ശുദ്ധത) പ്രവേശിപ്പാനുള്ള
തിരശ്ശീലയുടെയുള്ളിൽ കടപ്പാൽ ഭാവിച്ച് എന്ന ഏലിയോട്ട
എന്ന മഹാസേനാപതിയെ ആകാശത്തിൽനിന്നു് തന്റെ
ദൂതന്മാരെ യത്രയാക്കി ഉടൻ ശിക്ഷിക്കുകയും ഈ വണ്ണം ആ
സാദൃശ്യത്തിനടുത്ത ദേവാലയവും പൂജയും നീ മഹിമപ്പെടുത്തി.
ആയതിൽ അല്പമായ അനാചാരം നി ക്ഷമിക്കുന്നില്ല എന്നും
കാണിച്ചിരിക്കയിൽ അയ്യയ്യോ തന്റെ സ്വരം ആകാശത്തേയും
ഭൂമിയേയും ഇളക്കുന്നു എന്ന സർവ്വേശ്വരന്റെ ഏക പുത്രനായ
സത്യദൈവവും സത്യമാഷനുമൊന്നായിരിക്കുന്ന എന്റെ രക്ഷ
യുടവനായ സർവ്വേശ്വരൻ പട്ടാങ്ങയായി തന്റെ മുഴുമഹിമ
കളെ മറച്ചുകൊണ്ടു് രാപകൽ ഇടവിടാതെ ഈ ഞങ്ങളുടെ
ഈ പാവ പ്പെട്ട ത്രോണോസിൽ ഈ അല്പ സാധനമായ ഓ
സ്തിയപ്പത്തിൽ തന്റെ ദൈവമഹിമകളെ എളിമപ്പെടുത്തി
കൊണ്ടു് എഴുന്നെള്ളി ഈ സക്രാരിയിൽ പട്ടങ്ങയായിട്ടു് കുടി
യിരിക്കുയെന്നു എന്നും സംശയമില്ലാതെ ഞാൻ ബോധിച്ച് വി

ശ്വസിച്ചിരുന്നതായും അയ്യോ പാപിയായ അടിയൻ എത്രയോ ഊഴങ്ങൾ ഈ മഹിമ നിറഞ്ഞ കൊട്ടതി നിൻെറ (തിരുസ്സ്ലീലയുടെ) ഉള്ളിൽ ഒരു വിചാരവും ഭയവും കൂടാതെ കടന്നു. അയ്യോ! എന്നെ അധർമ്മത്തിനുതക്കവണ്ണം ഇതുവരെയും എന്നെ ശിക്ഷിച്ചില്ല എന്നതന്നെയുമല്ല, ഒരു ഭയസ്വരവും കേൾപ്പിച്ചില്ലല്ലോ. അയ്യോ അശക്യമേ! അവൻ ദൈവമഹിമയും ശുദ്ധതയും അറിഞ്ഞിട്ടില്ല. അറിഞ്ഞിരുന്നാലും ഈ സാധനത്തിനടുത്ത വസ്തുവല്ലാതെ ആക്ദോശ്ക്കദശിൽ മറെറാന്നുമില്ലല്ലോ. ആ കർത്താവേ! നീയിവിടെ പട്ടാങ്ങയായിട്ട് ആകാശത്തിൽ ബാവായുടെ വലത്തു ഭാഗത്തിൽ എന്നപോലെ നീ തന്നെ എഴുന്നെള്ളിയിരിക്കുന്നു എന്ന് എൻെറ അമ്മ ശുദ്ധ പള്ളി ഊനമില്ലാത്ത വിശ്വാസസത്യമായി എന്നെ പഠിപ്പിക്കുകയും, ആയ്തിൻവണ്ണം പ്രവൃത്തി എന്നിലല്ലയെങ്കിലും സംശയമില്ലാതെ ഞാനും വിശ്വസിച്ചിരിക്കയിൽ ഭയം കൂടാതെ ഈ കൊട്ടത്തി നിൻെറ ഉള്ളിൽ ഞാൻ കടന്നാറെയും അയ്യോ എത്ര ഊഴങ്ങൾ എന്നെ ശിക്ഷിക്കാതെ എന്നോട് ക്ഷമിച്ചു. ആ! ഇതുതന്നെയോ, ഇതുമല്ലാതെയും എൻെറ രക്ഷയ്ക്കും എനിക്കും മനോഗുണം ചെയ്യുവാനും എന്നോട് പൊറുപ്പാനും എൻെറ അപേക്ഷകളെ കേൾപ്പാനും എൻെറ ആവശ്യങ്ങളെ തീർപ്പാനും എനിക്ക് എന്തെല്ലാം കൊള്ളാമെന്നും അറിവിച്ചുകൊണ്ട് തൻെറ പക്കൽ ഏതു നേരമെങ്കിലും ചെന്ന് ഉണർത്തിച്ചാൽ എപ്പോഴും കേട്ടുകൊള്ളാമെന്നും കല്പിച്ചുകൊണ്ട് ഏൻെറ സമീപമായ ഈ ദേവാലയത്തിൽ ത്രോണോസിൽ താൻ എഴുന്നള്ളിയിരിക്കകൊണ്ട് എന്നെ വിളിച്ചു വരുന്നു എന്ന എൻെറ തമ്പുരാൻെറ തിരുമുമ്പിൽ ചെന്നുകൊണ്ട് ഇനിക്കു വേണ്ടിയതിനെ ചോദിപ്പാനും മനസ്സുകൂടാതെ വീണ്ട് വിചാരത്തിനാൽ ചുററിനടന്ന എൻെറ ആയുസ്സിൻെറ ദിവസങ്ങൾ പഴതെ കളഞ്ഞതിനേയും, ഈ ലോകത്തിൻെറ രാജാക്കൾ പ്രഭുക്കളെ കാൺമാനുള്ളതിനും അവരുടെ മുൻപിൽ അടുപ്പാനും എത്രയോ വിഷമമായിരുക്കുന്നു. എന്നാലും അപ്രകാരമുള്ള കാഴ്ചകൾ ഞാൻ ആഗ്രഹിച്ചു. ഇതിനാലുള്ള ഫലം എന്ത് എന്നുള്ളതിനേയും വിചാരിക്കാതെ ആയ്തിന്നായിട്ടും ഈ ആയുസ്സിൻെറ നാഴികയെ ഞാൻ ചേതപ്പെടുത്തി. എന്നാൽ വെളിവുള്ളപ്പോൾ വെളിവിൽ നടന്നു കൊൾവിൻ. വേല ചെയ്‌വാൻ വശമില്ലാത്ത രാവു വരുന്നു എന്നും തൻെറ തിരുവായാൽ അരുളി ചെയ്തു എന്നെ ഓർപ്പിച്ചിരിക്കയിൽ ഈ മനോഗുണത്തിൻെറ നേരത്തിൽ മനോഗുണത്തിൻ സിംഹാസനത്തിൻ പക്കൽ അണഞ്ഞു മനുഗുണമപേക്ഷിച്ചു കൊള്ളാഞ്ഞാൽ താൻ തന്നെ നീതിയുടെ സിംഹാസനത്തിൽ കയറിയാൽ വീണ്ട് മനോഗുണ

ത്തിനു നേരമില്ല. പിന്നെയോ അവിടെ എത്രയും വലിയ നീതിതന്നെ എന്നതും ഭേദമില്ലാത്ത സത്യമായിരിക്കുന്നു. ഇതിനാൽ എത്രയും വലിയശുദ്ധ മാനപ്പെട്ടവരും കൂടെയും ആ നേരത്തെ ഓർത്ത് ഭ്രമിക്കുന്നുവല്ലോ". ധ്യാനസല്ലാപം P. 36

ഇപ്രകാരമായിരുന്നു ദേവാലയത്തിന്റെ പരിശുദ്ധിയേയും മഹിമയേയും വെടിപ്പിനേയും കുറിച്ച് ചാവറയച്ചന്റെ ചിന്താഗതി. കുർബാന അർപ്പിക്കുന്നതിന് ഏക രീതി വേണമെന്നു ചാവറയച്ചനു തോന്നിയതും ഇതുകൊണ്ടൊക്കെയായിരുന്നു. അങ്ങനെ ആകപ്പാടെ അലങ്കോലമായിക്കിടന്ന മലയാളത്തിലെ സുറിയാനിപ്പള്ളികളിലെ ദിവ്യ പൂജാക്രമങ്ങൾ ഒരു ചിട്ടയിലായതും ആരാധനയുടേയും ലിററർജിയുടേയും കാര്യത്തിൽ ഒരു നവോന്മേഷം ഉണ്ടാകുകയും ചെയ്തത് ചാവറയുടെ വലിയ ഒരു സംഭാവനയായിരുന്നു.

അന്നു കുർബാന മുഴുവൻ സുറിയാനിയിലായിരുന്നു. പല അൽമായർക്കും സുറിയാനി എഴുതുവാനും വായിക്കുവാനും അറിയാമായിരുന്നു. എങ്കിലും സുറിയാനിയിൽ വൈദികൻ ചൊല്ലുന്ന പ്രാർത്ഥനയ്ക്ക് സഹായി അല്ലാതെ മററാരും ഉത്തരിച്ചിരുന്നില്ല. കുർബാന സമയം മുഴുവൻ മൗനമായിക്കഴിയുകയായിരുന്നു ദൈവജനം. ഈ മൗന സമയം ധ്യാന രീതിയിൽ ചിലവഴിക്കുന്നതിന് ചാവറയച്ചൻ നിർദ്ദേശിച്ചുകൊടുത്ത രീതിയുംകൂടി ഇവിടെ പ്രസ്താവിച്ചു കൊണ്ട്, വി. കുർബാനയെക്കുറിച്ചുള്ള ഈ ലേഖനം ഉപസംഹരിക്കാം.

**കുർബാന നാലു പങ്കായിട്ടു്**

കുർബാന നാലു പങ്കായിട്ട പകുക്കണം. എങ്ങനെയെന്നാൽ തുടക്കം മുതൽ ഏവൻഗാലിയോൻ കഴിയുന്നതുവരെയുള്ള മുമ്പത്തെ പങ്ക് ദൈവത്തെ ആരാധിക്കുന്നതിനും ബഹുമാനിക്കുന്നതിനും കാഴ്ചവയ്ക്കണം. കാഴ്ച വെക്കേണ്ടും പ്രകാരം— എന്റെ തമ്പുരാനെ സകല നന്മ സ്വരൂപി ആയിരിക്കുന്ന നിന്നെ ഞാൻ ആരാധിച്ചു കുമ്പിടുന്നേൻ നിന്നെ ബഹുമാനിപ്പാനും, സ്തുതിപ്പാനും ഞാൻ മനസ്സായിരിക്കുന്നു. എന്നാൽ ദരിദ്രപാപിയായിരിക്കുന്ന ഞാൻ നിന്നെ ബഹുമാനിക്കുന്നു. ബഹുമാനം ഏതു് എന്നാൽ ഞങ്ങളുടെ കർത്താവീശോ മിശിഹാ ഈ ത്രോണോസിന്മേൽ ഈ പൂജയിൽ നിനക്കു ഞാൻ ചെയ്യുന്ന ബഹുമാനം ഞാൻ നിനക്കു കാഴ്ചവയ്ക്കുന്നേൻ.

രണ്ടാമത്തെ പങ്കാകുന്ന വിശ്വസിയ്ക്കുന്നേൻതുടങ്ങി ശുദ്ധ ചോര ഉയർത്തി കഴിയുന്നതുവരെ, ചെയ്ത പാപങ്ങൾക്ക് പരിഹാരമായിട്ട് ഈ പൂജ കാഴ്ചവയ്ക്കണം. സർവ്വേശ്വരാ

കർത്താവേ, ഞാൻ ചെയ്ത പാപങ്ങൾക്കൊക്കെയിന്മേൽ മനസ്താപപ്പെട്ടു തേറുന്നേൻ എന്നാൽ അതിനു പരിഹാരമായിട്ട് ഞങ്ങൾക്കുവേണ്ടി തന്നെതന്നെ ഈ ത്രോണോസിന്മേൽ ഇതര പൂജയായിട്ട് കാഴ്ചവയ്ക്കുന്ന നിന്റെ ദിവ്യപുത്രനെ നിനക്കു ഞാൻ കാഴ്ചവെക്കുന്നേൻ. ഈ കർത്താവിന്റെ യോഗ്യതകളെക്കുറിച്ച് എന്നോടു പൊറുക്കണമെന്ന് നിന്നോട് ഞാൻ പ്രാർത്ഥിക്കുന്നു.

മൂന്നാമത്തെ പങ്കാകുന്ന ചോര ഉയർത്തികഴിഞ്ഞ നേരം തുടങ്ങി ശ്രു. ചോര അടക്കുന്നതുവരെ, സർവ്വേശ്വരൻ നമുക്കു ചെയ്ത നന്മയ്ക്ക് ഉപകാരസ്മരണയായിട്ട് മിശിഹാ കർത്താവിനെ കാഴ്ച വയ്ക്കണം — സർവ്വേശ്വരാ സ്വാമി നീയെനിക്ക് ചെയ്ത ഉപകാരങ്ങൾക്ക് പാപിയായ ഞാൻ ഉപകാരസ്മരണ ചെയ്യുന്നതെങ്ങിനെ ഞാൻ വശമാകുന്നില്ല എന്നതിനെകൊണ്ട്, ഈ കർബാനയിലും ഈ സമയത്ത് ലോകമെങ്ങും ചൊല്ലുന്ന കർബാനകളിലും പൂജപ്പെടുന്ന നിന്റെ ശ്രു. ചോര നിനക്കു ഞാൻ കാഴ്ച വയ്ക്കുന്നേൻ.

നാലാമത്തെ പങ്കാകുന്നത് ചോര അടക്കിയ ക്ഷണം തുടങ്ങി അന്ത്യം വരെയുള്ള നേരത്തിൽ നമുക്കാവശ്യമായിരിക്കുന്ന നന്മകൾ, അതിൽ പ്രത്യേകിച്ച് പാപങ്ങളിന്മേലുള്ള മനസ്താപവും വീണ്ടും പാപത്തിൽ വീഴാതിരിപ്പാനുള്ള മനോ ഗുണവും ദൈവ സഹായവും അപേക്ഷിക്കുന്നതല്ലാതെ നമ്മുടെ കൊവേനയിലുള്ള കൂടപ്പിറപ്പുകൾക്കു വേണ്ടിയും, സംബന്ധക്കാർക്കുവേണ്ടിയും, ബെസ്പുക്കാനയിൽ ദുരിതപ്പെടുന്ന ആത്മാക്കൾക്കുവേണ്ടിയും തമ്പുരാനോട് പ്രാർത്ഥിക്കുകയും വേണം.

വി. കർബാനയുടെ സമയത്ത് ദൈവജനം എങ്ങിനെ അതിൽ സജീവമായി പങ്കുകൊള്ളണം, എങ്ങിനെ ധ്യാനിക്കണം എന്ന് അതിന്റെ രീതിയിൽ ഇവിടെ വിവരിക്കുകയാണ്. അങ്ങനെ സാധാരണക്കാരനെക്കൂടി വി. കർബാനയുടെ ഭക്തനാക്കി ആരാധകനാക്കി തീർക്കുക എന്നതായിരുന്നു ചാവറയുടെ ലക്ഷ്യം.

ഒരു 150 കൊല്ലം മുമ്പ് ചെയ്യാവുന്നതിന്റെ പരമാവധി – വി. കർബാനയുടെ കാര്യത്തിൽ ചാവറയച്ചൻ ചെയ്തിട്ടുണ്ട്. താഴെ പറയുന്ന കാര്യങ്ങൾ ചാവറയച്ചന്റെ പേരിൽ പങ്കുവെയ്ക്കാതിരിക്കാൻ യാതൊരു മാർഗ്ഗവുമില്ല.

1. വി. കർബാനയ്ക്കു വിസീത്ത കഴിക്കുന്ന സമ്പ്രദായം നടപ്പിലാക്കി.
2. ഞായറാഴ്ച തോറും പ. കർബാനയുടെ ആശീർവ്വാദം നടത്തുന്ന രീതി ആരംഭിച്ചു.

3. തിരുമണിക്കൂറും 13 മണി ആരാധനയും 40 മണി ആരാധനയും ആരംഭിച്ചു.
4. ദിവ്യബലിയിൽ അന്നിന്റെ രീതിയിൽ സജീവമായി സംബന്ധിക്കാൻ വേണ്ട ഏർപ്പാടുണ്ടാക്കി.
5. വി. കുർബാന ഏകരീതിയിൽ അർപ്പിക്കുന്നതിന്, തിരുവസ്ത്രങ്ങൾ ധരിക്കുന്നതു മുതൽ കുർബാന അപ്പണം കഴിഞ്ഞു സങ്കീർത്തിയിൽ മടങ്ങി എത്തുന്നതു വരെയുള്ള കമ്മവിധികൾ കൃത്യമായി എഴുതി നടപ്പിൽ വരുത്തി.

ജനങ്ങൾക്കു പരിശുദ്ധ കുർബാനയോടു കൂടുതൽ ഭക്തിയുണ്ടാകാൻ സഹായിക്കുന്ന കാര്യങ്ങളൊക്കെ അദ്ദേഹം നിവ്വഹിച്ചു. റീത്തിന്റെ പ്രാക്തനാ സ്വഭാവമായിരുന്നില്ല അദ്ദേഹത്തിന്റെ ലക്ഷ്യം.

## IX

# പരസ്നേഹത്തിനു് ഒരു ചാവറ ശൈലി

“ നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം. ഇതുമൂലം എന്റെ ശിഷ്യരാണെന്നു നിങ്ങളെ ലോകം അറിയണം ” എന്ന സ്നേഹദൂത് ശിഷ്യന്മാർക്കു നല്കിയ മിശിഹായുടെ കാൽപാദങ്ങളെ പിൻചെന്ന സ്നേഹത്തിന്റെ ഗായകനായിരുന്നു ചാവറയച്ചൻ. ‘അന്യർക്കു് ഒരു നന്മയെങ്കിലും ചെയ്യുന്നില്ലെങ്കിൽ ആ ദിവസം നിന്റെ ആയുസ്സിന്റെ കൂട്ടത്തിൽ കൂട്ടരുത്. അതു വ്യർത്ഥമാക്കിയതായി കണക്കാക്കണം എന്ന സ്നേഹഗീതമോതുവാൻ ചാവറയച്ചനെ പ്രേരിപ്പിച്ചതു് ദിവ്യരക്ഷകന്റെ ഈ വചനങ്ങളായിരുന്നു. ഈ വചനം ജീവിതപ്രമാണമാക്കിയ ആദിമക്രൈസ്തവരെ അദ്ദേഹം ആദരിച്ചിരുന്നു “ മുട്ടുപാടുകൾ സഹിക്കുന്നവർ അവരുടെ ഇടയിൽ ആരുമുണ്ടായിരുന്നില്ല” എന്ന സ്ഥിതി സംജാതമാകുവാൻ ചാവറയച്ചൻ എത്രയോ ആഗ്രഹിച്ചിരുന്നു.

### തൊട്ടുകൂടാത്തവരും തീണ്ടികൂടാത്തവരും

തീണ്ടൽ, തൊടീൽ മുതലായ അനാചാരങ്ങൾ അതിന്റെ ബീഭത്സരൂപത്തിൽ കൊടികുത്തി വാണിരുന്ന ഒരു കാലത്തായിരുന്നു ചാവറയുടെ ജനനം. നിലത്തെഴുത്തു പള്ളിക്കൂടത്തിൽ പോയപ്പോഴാണ് ഇതിന്റെ വികൃതരൂപം ചാവറയച്ചനു നന്നായി മനസ്സിലായതു്. കാലത്തു വീട്ടിൽ നിന്നു കുളിച്ചു പോന്നാൽ പോരാ ആശാന്റെ അടുക്കൽ ചെല്ലണമെങ്കിൽ വീണ്ടും വീണ്ടും കുളിക്കണം. മനുഷ്യനെ മനുഷ്യൻ സമീപിച്ചാൽ, കറുത്ത തൊലിയുള്ളവന്റെ പറമ്പിൽക്കൂടി നടന്നാൽ അശുദ്ധമായിപ്പോകും എന്ന പ്രമാണം എത്ര ചിന്തിച്ചിട്ടും ചാവറയ്ക്കു മനസ്സിലായില്ല. തന്റെ പാടത്തു പണിയുന്ന വള്ളോന്റെയും തേവന്റെയും കുട്ടികൾ എന്തുകൊണ്ടു് തന്നെ കാണുമ്പോൾ ഓടിമറയുന്നു. എന്തുകൊണ്ടു് അവർ കളിക്കാൻ തന്റെ കൂടെ വരാതിരിക്കുന്നു. എന്തുകൊണ്ടു് അവർക്കു ഭക്ഷണം ദൂരെ കൊണ്ടുപോയിക്കൊടുക്കുന്നു. ഇതൊക്കെ കൊച്ചു ചാവറക്കു മനസ്സിലാകാത്ത കാര്യമായിരുന്നു. ഈ ചേരിതിരിവിന്റെ രഹസ്യം മനസ്സിലായി തുടങ്ങിയപ്പോൾ ഇതിനെതി

രായി എന്തെങ്കിലും ചെയ്യണമെന്ന ആശയം ആ കൊച്ചു മനസ്സിൽ മുളയെടുത്തു. ഓടിമാറിക്കൊണ്ടിരിക്കുന്ന പുലയക്കുട്ടികളുടെ കൂടെ കളിക്കുവാനും കറുത്ത ശരീരത്തിലെ വെളുത്ത മനസ്സിനെ ആനന്ദിപ്പിക്കുവാനും ചാവറക്കു സാധിച്ചു.

## സെമിനാരിയിലെ സഹായദൂതൻ

മററുള്ളവരോടു സ്നേഹവും അനുകമ്പയും കാണിക്കുവാനും സഹായിക്കുവാനും ഏററവും പററിയ ഒരു വേദിയായി സെമിനാരിജീവിതത്തെ കര്യാക്കോസ് ശമ്മാശൻ ഉപയോഗപ്പെടുത്തി. ലെയോപോൾഡ് മൂപ്പച്ചന്റെ ഭാഷയിൽ "കൂട്ടരോട് എല്ലാവരോടും എല്ലായ്പ്പോഴും നല്ല ഉപവിയും സന്തോഷവുമായി ചെറുപ്രായക്കാർക്ക് എളുപ്പമായിരിക്കുന്ന ഓരോ അല്പമായ അരിശങ്ങളും രസക്കേടുകളും വെറുത്തിരുന്നു".

(ആത്മാനുതാപം. P. 2)

ശമ്മാശനായിരിക്കുമ്പോഠം തന്റെ ഏററവും വലിയ സ്നേഹവും അനുകമ്പയും തന്റെ വിലയേറിയ സമയവും സമർപ്പിക്കുവാൻ ഏററവും പററിയ വേദിയായിരുന്നു 40-ൽ പരം വയസ്സുള്ള പീലിപ്പോസെന്ന സഹപാഠിക്കു കൊടുത്തിരുന്ന ട്യൂഷൻ. മന്ദബുദ്ധിയും ഒന്നും മനസ്സിലാകാത്തവനും പ്രായമേറിയവനുമായ ഇയാളെ പാലക്കൽ മല്പാൻ അയോഗ്യനായി എഴുതി തള്ളിയപ്പോഠം ഇയാളെ പഠിപ്പിക്കുന്ന കാര്യം സ്വയം ഏറെറടുത്തു തന്റെ വിലയേറിയ സമയം മുഴുവൻ ഇതിനായി കൊല്ലങ്ങളോളം ചാവറയച്ചൻ ചിലവാക്കി. വിജയത്തിലെത്തുവാൻ അവസാനം സാധിച്ചില്ലെങ്കിലും ചാവറയച്ചന്റെ വലിയ ഒരു സുഹൃത്തായിരുന്നു പീലിപ്പോസ് ശമ്മാശൻ

പള്ളിപ്പുറം പള്ളിയെക്കുറിച്ചുള്ള ലേഖനത്തിൽ ഒരു മസൂരി രോഗിക്കു വി. കുർബാനയും രോഗീലേപനവും കൊടുക്കാൻ ഇറങ്ങിത്തിരിച്ചതും ഇടവകക്കാർ തടഞ്ഞിട്ടും അവരെ പറഞ്ഞു മനസ്സിലാക്കി തന്റെ കർത്തവ്യം നിർവഹിച്ചതും വിവരിച്ചിട്ടുണ്ടല്ലോ.

തന്റെ വികാരി ജോലി കഴിഞ്ഞു് മാന്നാനത്തു തിരിച്ചെത്തിയപ്പോഠം മുതൽ അധഃകൃതക്കു് അക്ഷരാഭ്യാസം കൊടുക്കുവാനുള്ള പരിശ്രമത്തിലായിരുന്നു ചാവറയച്ചൻ.

പ്രസ്സു വന്നപ്പോഠം അതിന്റെ അച്ചുനിരത്തലും പ്രത്യേകിച്ചും ബൈൻറിംഗും നാട്ടിലെ തൊഴിലില്ലാത്ത ചെറുപ്പക്കാർക്കു മനസ്സിലാക്കിക്കൊടുക്കുവാൻ ചാവറയച്ചനു വലിയ സന്തോഷമായിരുന്നു.

## ചാവരുൾ

ചാവറയച്ചന്റെ മരണ ശാസനമായി കൈനകരിക്കാർക്കു വേണ്ടി എഴുതിയ കുടുംബചട്ടത്തിൽ പറയുന്ന ചില ഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടവയാണ്. "ഭിക്ഷക്കാർ വെറും കയ്യോടെ നിന്റെ വീട്ടിൽ നിന്നും പോകുവാൻ നീ സമ്മതിക്കരുത്. പാടുള്ളപ്പോഴൊക്കെയും അല്പമെങ്കിലും ദാനധർമ്മം കൊടുക്കാതിരിക്കരുത്. വേലക്കാർക്ക് ന്യായമായ കൂലി കൊടുക്കാതിരിക്കയോ വച്ചു താമസിപ്പിക്കയോ ചെയ്യരുത്. എന്തെന്നാൽ ഇതു ദൈവത്തിന്റെ പക്കൽ നിലവിളിക്കുന്ന പാപമാകുന്നു. പാവപ്പെട്ടവരെ നിന്ദിക്കേണ്ട. എന്തെന്നാൽ ദൈവം അവരുടെ കണ്ണുനീർ കണ്ടാൽ നിശ്ചയമായും നിന്നോടു പകരം ചോദിക്കും.

## അധഃകൃതരുടെ പക്കലേക്ക്

ഈ പുസ്തകത്തിൽതന്നെ മുന്നൊരു ലേഖനത്തിൽ വിസ്തരിച്ചു പറഞ്ഞിട്ടുള്ള കാര്യത്തിലേക്ക് ഇവിടെ വിരൽ ചൂണ്ടുക മാത്രംചെയ്യുന്നു. കൊച്ചുന്നാളിൽ അധഃകൃതരായും മാററി നിറുത്തേണ്ടവരായും കണ്ട പുലയർ മുതലായ താഴ്ന്ന ജാതിക്കാർ ചാവറയച്ചന്റെ ദൃഷ്ടിയിൽ ദൈവജനം തന്നെയായിരുന്നു. മാന്നാനം കുന്നിലെ കാടുവെട്ടിത്തെളിക്കുവാനും വാനം വെട്ടുവാനും വന്നിരുന്ന അവരെ സ്വന്തം സഹോദരങ്ങളായി കാണാനും അവരോടു ഒരുമിച്ചിരുന്നു സംസാരിക്കാനും ഭക്ഷണം കഴിപ്പാനും ചാവറയച്ചനു മടിയില്ലായിരുന്നു. അവരുടെ സ്കൂളുസ്ഥാപിക്കപ്പെട്ടപ്പോൾ അതിനു വേണ്ടി പണം പിരിക്കാനും 'പിടിയരി', കെട്ടുതെങ്ങു—മുതലായവ നടത്തുവാനും ചാവറയച്ചൻ തന്നെ ഇറങ്ങിത്തിരിക്കുന്നു. അതിനു തക്കതായ മൂലധനം സമ്പാദിക്കാനും ഉച്ചഭക്ഷണംമുടക്കം കൂടാതെ നടത്തുവാനും ശ്രമിച്ചിരുന്നു. പിടിയരി ഏർപ്പാടുകൊണ്ടു മതിയാവാതെ വന്നപ്പോൾ പള്ളിപ്പുറം, മുട്ടം, വൈക്കം, വെച്ചൂർ, മുട്ടുചിറ, കടുത്തുരുത്തി, കടമാളൂർ, കൈപ്പുഴ ഈ പള്ളികളിൽ പരസ്യം എഴുതിക്കൊടുത്തയച്ച് അരി വരുത്തിയിരുന്നു. ക്ഷേത്രപ്രവേശനവും ഗവണ്മെൻറുസ്കൂൾ പ്രവേശനവും അധ:കൃതർക്കു കിട്ടുവാൻ എത്രയോ വർഷങ്ങൾ പിന്നെയും കാത്തിരിക്കേണ്ടിവന്നു. ചാവറയച്ചൻ അങ്ങനെ അക്ഷരവിദ്യ അവർക്കു പ്രദാനം ചെയ്തുകൊണ്ട് കൊച്ചുന്നാളിൽ തന്റെ മനസ്സിൽ ഉണ്ടായ വലിയ ഒരു പ്രയാസം പൂർണ്ണമായിമാററി.

## ദീന ദയാലു

മററുള്ളവരുടെ പ്രയാസങ്ങളിൽ മനമലിയുന്ന ഒരു പ്രകൃതമായിരുന്നു ചാവറയച്ചന്. സഹായം അഭ്യർത്ഥിക്കാൻ വരു

ന്നവരെയും അദ്ദേഹം വെറും കൈയ്യോടെ വിടുമായിരുന്നില്ല. ഓരോരോ കാര്യങ്ങൾക്കായി മററുള്ളവരുടെ അടുക്കൽ സഹായാഭ്യർത്ഥനയുമായി ധാരാളം പ്രാവശ്യം പോയിട്ടുള്ള ചാവറയച്ചന്, എന്തെങ്കിലും കിട്ടാതെ മടങ്ങേണ്ടി വരുമ്പോഴുള്ള വിഷമം നന്നായിട്ട് അറിയാമായിരുന്നു. "ഒരിക്കൽ കൂനമ്മാവിൽ നിന്നും മാന്നാനത്തു വന്നിരുന്ന അവസരത്തിൽ 1000 ചക്രത്തിന് തുണി വാങ്ങിച്ച് പൈതങ്ങൾക്കും പാവപ്പെട്ട സ്ത്രീകൾക്കും കൊടുക്കുന്നതിനു കല്പിച്ചു".(ആലോചന. P·44) "ഉച്ചക്ക് കഞ്ഞിയും ആവശ്യം പോലെ തുണി, കൊന്ത, വെന്തീങ്ങ മുതലായതും" കൊടുത്തു നടത്തുന്നതിനായിട്ടും ഇസ്കോള ഇട്ടു നടത്തുന്നതിനായിട്ടും" ആയിരുന്നു ചാവറയച്ചന്റെ പണപ്പിരിവിന് ഇറങ്ങിയത്.

ഇന്നും നമ്മുടെ ഇടയിൽ പല വീടുകളിലും സന്ന്യാസ സ്ഥാപനങ്ങളിലും നടപ്പുള്ള ഒരു പതിവാണ് വി. യൗസേപ്പിതാവിന്റെ മരണത്തിരുനാളിൽ തിരുക്കുടുംബത്തിന്റെ സ്തുതിക്കായി – ഒരു പുരുഷനും സ്ത്രീക്കും–കുട്ടിക്കും ഭക്ഷണവും വസ്ത്രവും കൊടുക്കുക എന്നത് ഈ നടപ്പു ആദ്യമായി ചാവറയച്ചനാണു മാന്നാനത്തു നടപ്പിലാക്കിയത്. തിരുക്കുടുംബ ഭക്തനായ അദ്ദേഹം തന്റെ പ്രസംഗങ്ങളിലും ധ്യാനങ്ങളിലും ഇക്കാര്യം നിർദ്ദേശിക്കുകയും ജനങ്ങൾ അതു പ്രാവർത്തികമാക്കുകയും ചെയ്തു വന്നിരുന്നു. യൗസേപ്പിതാവിന്റെ മരണത്തിരുനാളിൽ നേച്ച സത്യ നടത്തുന്ന പതിവ് ഇന്നും പല പള്ളികളിലും ഉണ്ടല്ലോ. ഈ നേച്ച സദ്യയുടെ പതിവും ഉവിടവും മുകളിൽപ്പറഞ്ഞ നടപടിയുടെ തുടർച്ചയും മാന്നാനത്തു യൗസേപ്പിതാവിന്റെ തിരുനാളിൽ ആരംഭിച്ച ഒരു നടപടിയായിരുന്നു.

**കൈനകരിയിലെ ധർമ്മശാല.**

ഉററവരും ഉടയവരുമില്ലാതെ മരണാസന്നരായി വഴിവക്കിലും പീടിക തിണ്ണയിലും കിടക്കുന്ന അനാഥരെ സംരക്ഷിക്കുവാനായി 140 കൊല്ലങ്ങൾക്കുമുമ്പ് കൈനകരിയിൽ ഒരു സ്ഥാപനം തുടങ്ങിയിരുന്നു എന്നു പറയുമ്പോൾ ഇദ്ദേഹത്തിന്റെ ഉപവിയും– ഉൾക്കാഴ്ചയും എത്ര അഗാധമായിരുന്നു എന്നു ഓർക്കുക. സന്ന്യാസിനികളുടേയും മററും സഹായമില്ലാതിരുന്ന അക്കാലത്ത്– ഇതിനായി കൈനകരിയിൽ ഒരു നന്മരണ സഖ്യം തന്നെ ചാവറയച്ചൻ സ്ഥാപിക്കുകയു പലയിടത്തും നടന്ന് സംഭാവനകൾ സ്വീകരിച്ച് ഈ ഉപവിശാലയ്ക്ക് ഒരു മൂലധനം തന്നെ സ്വരൂപിക്കുകയും ചെയ്തു

ന്നു. ഇപ്രകാരമുള്ള ഒരു പ്രവൃത്തി തന്റെ സഭയുടെ അപ്പ സ്തോലിക വൃത്തിയായി ലോക പ്രസിദ്ധയായിതീൎന്ന മദർ തെരീസ തെരഞ്ഞെടുക്കുകയും ഇൻഡ്യയുടെ പല ഭാഗങ്ങ ളിലും ഇപ്രകാരമുള്ള സങ്കേതങ്ങൾ വിജയകരമായി നടത്തി കൊണ്ടുവരുകയും ചെയ്യുന്ന ഈ കാലത്തു് 140 കൊല്ലം മുമ്പു് ഇങ്ങനെയൊന്നു തന്റെ ജന്മനാടായ കൈനകരിയിൽ ചാവ റയച്ചൻ തുടങ്ങിയിരുന്നു എന്നു പറയുമ്പോൾ ചാവറയച്ചന്റെ ദൂൻ നോട്ടത്തെ നമുക്കു വിസ്മയത്തോടെ അല്ലാതെ നോക്കി ക്കാണുവാൻ സാധിക്കുകയില്ല.

## ഉപവി — എതിരാളികളോടും ശത്രുക്കളോടും.

ബന്ധുക്കളോടും വീട്ടുകാരോടും സ്നേഹിതരോടും — തിരി ച്ചു കിട്ടുമെന്നു് ഉറപ്പുള്ളവരോടും നീതി കാണിക്കുകയും സ്നേഹം കാണിക്കുകയും ദാനവും സമ്മാനവും മററും കൊടുക്കുകയും ചെയ്യുന്ന വർ നമ്മുടെ ഇടയിൽ ധാരാളമുണ്ടു്. പുര പ്രവേശനത്തിനും കല്യാണത്തിനും ചിലർക്കു കിട്ടുന്ന സമ്മാനം സൂക്ഷിക്കുവാൻ തന്നെ ഒരു മുറിവേണം. ഈയിടെ പുരപ്രവേശനം നട ത്തിയ ഒരു മാന്യൻ പിറേറ ദിവസം ഞാൻ പുതിയ വീടു കാണാൻ ചെന്നപ്പോൾ ഒരു ഡയറിയുമായി തലേ ദിവസം തനിക്കു കിട്ടിയ സമ്മാനങ്ങളുടെ കണക്കെടു ക്കുകയാണു്. സമ്മാനപ്പൊതികൾ പരിശോധിച്ചുനോക്കി അതു കൊടുത്തവരുടെ പേരുകൾ ഓർത്തുനോക്കി കൃത്യമായി എഴുതിയിടുകയാണു്. ഞാൻ കുറച്ചു കാത്തുനിന്നപ്പോൾ മടി ച്ചു മടിച്ചു തന്റെ ജോലി മതിയാക്കി അദ്ദേഹം എന്നെ കാണുവാൻ വന്നു. സംസാരത്തിനിടയിൽ ഞാൻ ചോദിച്ചു എന്തിനായിരുന്നു ചിന്താധീനനായി ആ സമ്മാനപ്പൊതികളു ടെ ഇടയിൽ ഇരിക്കുകയും പേരെഴുതി എടുക്കുകയും ചെയ്തു കൊണ്ടിരുന്നതു്. അദ്ദേഹം പറഞ്ഞു — "എനിക്കു കടം തന്നി രിക്കുന്ന സാധനങ്ങളുടെ ലിസ്റ്റും ആളുകളുടെ പേരും. എന്തിനാണു് അവ കൃത്യമായി എഴുതി സൂക്ഷിക്കുന്നതെന്നോ ? ഇതൊക്കെ ഒരു കടം തരലാണച്ചോ. മുതലും പലിശയും കൂടി അടുത്ത ദിവസം മുതൽ ഞാൻ തിരിച്ചുടക്കണം. തന്നവരൊ ക്കെ അതു പ്രതീക്ഷിക്കുന്നുണ്ടാവും.

ഇങ്ങനെ നമ്മുടെ ഇടയിലുള്ള സമ്മാനം കൊടുക്കലി ന്റെയും സഹായത്തിന്റെയുമൊക്കെ സാധാരണ രീതിയാണു് ആ വീട്ടുടമ പറഞ്ഞതു്. തിരിച്ചുകിട്ടുമെന്ന വിശ്വാസത്തോ ടുകൂടി തിരിച്ചു തരാൻ കഴിവുള്ളവർക്കു് കൊടുക്കുന്ന ഒരുതരം കടം. പക്ഷെ ന. കർത്താവിന്റെ ആശയം ഇതായിരുന്നില്ല. "തിരിച്ചു തരാൻ കഴിവില്ലാത്തവർക്കു കൊടുക്കുക. വാസ്ത

കൊടുക്കുന്നതുപോലും തിരിച്ചു ചോദിക്കാതെയും പ്രതീക്ഷിക്കാതെയുമിരിക്കുക.'' ''നിന്നെ സ്നേഹിക്കുന്നവരെ മാത്രം നീ സ്നേഹിച്ചാൽ അതിൽ എന്തുമേന്മയാണുള്ളത്". പുറജാതിക്കാരും ഇങ്ങനെ തന്നെ ചെയ്യുന്നില്ലേ ? നിങ്ങളോടു ഞാൻ പറയുന്നു. ''നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ. ഒരു കരണത്തു് അടിക്കുന്നവനു് മറേറകരണം കൂടി കാണിച്ചു കൊടുക്കുവിൻ.'' ''യൂദാസിനെ സ്നേഹിതാ എന്നു് വിളിക്കുകയും തൻെറ കൊലയാളികളോടു ക്ഷമിക്കണമേ എന്നു കുരിശിൽ കിടന്നു പ്രാർത്ഥിക്കുകയും അങ്ങനെ ശത്രുസ്നേഹത്തിൻെറ മഹനീയ മാതൃക കാണിച്ചു തരികയും ചെയ്തയാളാണു് യേശുനാഥൻ.

ഈ യേശുനാഥനെ പിൻചെല്ലുവാൻ, അനുകരിക്കുവാനായിരുന്നു ചാവറയച്ചൻെറ പരിശ്രമം. വി. അമ്മത്രേസ്യയെ കുറിച്ചു പറയുമായിരുന്നു.. പുണ്യവതിയിൽനിന്നു എന്തെങ്കിലും അനുഗ്രഹം കിട്ടണമെങ്കിൽ പുണ്യവതിയെ ഉപദ്രവിച്ചാൽ മതിയെന്നു്. അമ്മത്രേസ്യയുടെ വലിയ ഭക്തനായിരുന്ന വാ. ചാവറയച്ചനും ഏതാണ്ടിതുപൊലെ തന്നെ ഉപദ്രവിക്കുകയും വെറുക്കുകയും ചെയ്യുന്നവരോടു കൂടുതൽ സ്നേഹവും അനുകമ്പയും സഹായവുംകാട്ടുമായിരുന്നു. രണ്ടുമൂന്നു ഉദാഹരണങ്ങളിതാ.

ആസ്ഥപ്പാട്ടുപട്ടം കിട്ടിയതിനുശേഷം ആഘോഷമായ പള്ളികേററത്തിനായി (ചേന്ദംകരി പള്ളിയിൽ) ചെന്നപ്പോൾ അന്നത്തെ പള്ളിപ്രധാനികൾ പള്ളിയിൽ കയററിയില്ലെന്നു മാത്രമല്ല പള്ളിമുററം മുഴുവൻ കായലിൽനിന്നു ചെളികത്തിയിട്ടു നിറയ്ക്കുകയും ചെയ്തു. കഥാനായകൻ യാതൊരു ഭാവഭേദവും കൂടാതെ നിരവധി വള്ളങ്ങളിൽ വന്ന ബന്ധുക്കളെ സമാധാനിപ്പിക്കുകയും അനുനയിപ്പിച്ചു് ആലപ്പുഴ മാർ സ്ലീവാ പള്ളിയിലേക്കു കൊണ്ടു പോവുകയും ചെയ്തു. അവിടെ വൈദികരും ഇടവകക്കാരും ഇവരെ ആഘോഷമായി എതിരേററു. ഈ സംഭവം ആസ്ഥപ്പാട്ടുപട്ടത്തിനല്ല—പുത്തൻകുർബാനയ്ക്കു ചെന്നപ്പോഴാണു സംഭവിച്ചതെന്നു പറയുന്ന ചരിത്രകാരന്മാരുണ്ടു്. ചാവറയച്ചൻ തൻെറ നാളാഗമത്തിൽ ഇങ്ങനെയാണു പറയുന്നതു്. ''വീണ്ടും ആഘോഷമായി ഈ കഴിഞ്ഞ 29-ാം കാലം സുവാറയുടെ ഒന്നാം ഞായറാഴ്ച കുർബാന ചൊല്ലി ഇടവകയായ ചേന്ദംകരിപള്ളിയിൽ'' (നാളാഗമം - A. P. 65). ചാവറയച്ചൻെറ മരണശേഷം ഒരു കൊല്ലം തികയുന്നതിനു മുൻപു ആത്മപിതാവായ ലെയപ്പോൾദച്ചൻ എഴുതിയ ചരിത്രത്തിലും ഇങ്ങനെതന്നെയാണു്. 1829ാം കാലം കുർബാന പട്ടമേററ അന്നത്തെ മര്യാദപോലെ ചേന്ദൻകരിപള്ളിയിൽ പുത്തൻകുർബാന ചൊല്ലി (AP. 351). ഏതായാലും ഇക്കാര്യത്തെക

റിച്ച് വീണ്ടും പഠനങ്ങളും അന്വേഷണങ്ങളും ആവശ്യമായിരിക്കുന്നു. പുത്തൻകർബാനയുടെ സമയത്താണു നിഷേധമുണ്ടായതെന്നു വിശ്വസിക്കുന്നവർ ഇപ്പോഴും നിരവധിയുണ്ട്.

ഇത്രയുംഹീനമായിതന്നെ അവഹേളിച്ച തന്റെ സ്വന്തം ഇടവകയോട്–ഇടവക വികാരിയോട് ചാവറയച്ചൻ യാതൊരു മാനസിക പ്രയാസവും കാണിക്കുന്നില്ല. അദ്ദേഹം പള്ളിയിൽപോയി താമസിക്കുകയും വികാരിയുടെ സത്കാരങ്ങൾ സ്വീകരിക്കുകയും ചെയ്തു. വളരെ സുന്ദരമായ യൗസേപ്പപിതാവിന്റെ ഒരുകൊത്തുരൂപം മൂപ്പച്ചന്മാർ വഴി ചാവറയച്ചനുസമ്മാനംകിട്ടി. തന്റെ ആശ്രമമായ മാന്നാനത്തു ആശ്രമദേവാലയത്തിനുപോലും കൊടുക്കാതെ, ഒരുപക്ഷേ വളരെ ആവശ്യമായിരുന്ന ചേന്ദംകരിപള്ളിക്ക് ഈ രൂപം സമ്മാനം കൊടുക്കുകയാണ് ചാവറയച്ചൻ. ചേന്ദംകരിപള്ളിയിൽ പ്രധാനതിരുന്നാളിന് ചാവറയച്ചൻ അവശനാകുന്നതുവരെ എല്ലാ കൊല്ലവും പോയി പ്രസംഗിക്കുകയും യാതൊരു ധർമ്മവും അതിനു വാങ്ങിക്കുകയും ചെയ്യുമായിരുന്നില്ല. തന്റെഇടവകയെ ചാവറയച്ചൻ അതിരററു സ്നേഹിച്ചു. അവർക്കുവേണ്ടിയാണ് ചാവറയച്ചന്റെ – മരണശാസനം – അല്ലെങ്കിൽ കുടുംബചട്ടം എഴുതിയിരിക്കുന്നതു് ഇന്നും കുടുംബജീവിതക്കാർക്ക് ഒരു മാഗ്ന കാർട്ട (Magana Carta) യാണ് ഇതു്. തന്നെഅവഹേളിച്ച നാട്ടുകാരെ ചാവറയച്ചൻ എന്തുമാത്രം സ്നേഹിച്ചിരുന്നെന്നു് ഇതിലെ ഒരോവരിയും സാക്ഷ്യം തരുന്നുണ്ട്.

മരണാസന്നരും നിരാലംബരുമായ വൃദ്ധജനങ്ങൾക്ക് ഒരു ഉപവിശാലയുണ്ടാക്കുന്നതും കൈനകരിയിലായിരുന്നു. ഇതിന്റെ നടത്തിപ്പിനായി നാട്ടുകാരെ ചേർത്ത് ഒരു നന്മരണസഖ്യംതന്നെ ചാവറയച്ചൻ സ്ഥാപിക്കുന്നുണ്ട്.

മുട്ടുചിറ ഇടവകക്കാരൻ മാഞ്ഞൂരു് കളപ്പുരയ്ക്കൽ മാത്തൻ എന്ന ഒരു പാട്ടക്കാരനുണ്ടായിരുന്നു. ഇയാൾ മാന്നാനംവക നിലം പാട്ടത്തിനു് എടുത്തിരുന്നു. പാട്ടക്കുടിശിഖ കൊടുക്കാതിരുന്നതുകൊണ്ടോ മററു വല്ല ഉപദ്രവങ്ങൾ ചെയ്തതുകൊണ്ടോ എന്തോ – ഇയാളെ പ്രിയോരച്ചൻ (ചാവറയച്ചൻ) കൊവേന്തയിൽ വിളിച്ചു വരുത്തി ഗുണദോഷിച്ചു. ഇതു് വലിയ മാനക്കേടായി അയാൾ പരിഗണിക്കുകയും ആലപ്പുഴ ജില്ലാക്കോടതിയിൽ പ്രിയോരച്ചനു് എതിരായി ഒരു കള്ള കേസ്സു ഫയൽ ചെയ്കയും ചെയ്തു. ഈ കേസിലെ സമൻസ്സു പ്രകാരം ചാവറയച്ചനെ കോടതി കൂട്ടിൽ കയററി വിസ്തരിച്ചു. വിസ്താരം തീർന്നപ്പോൾ കേസു പൂർണ്ണമായും കള്ളത്തരമാണെന്നു ജഡ്ജിക്കു മനസ്സിലായി – ചാവറയച്ചനോട് ജഡ്ജി തന്നെ

ബഹുമാനപുരസ്സരം ക്ഷമ ചോദിക്കുകയും കേസ് ചിലവു സഹിതം തള്ളുകയും ചെയ്തു. കളപ്പുരയ്ക്കൽ ചേട്ടന് വലിയ നാണക്കേടും ചാവറയച്ചനെ കോടതി കയററിയതിന്റെ പേരിൽ പൊതു ജനങ്ങളിൽ നിന്നും കണക്കററ ഭത്സനങ്ങളും കളിയാക്കലും കിട്ടി. ഇങ്ങനെ വിഷമിക്കുകയും അയാളുടെ കുടുംബം സാമ്പത്തികമായി അധോഗതിയിലായിരിക്കുകയും ചെയ്യുന്നതറിഞ്ഞ് ചാവറയച്ചൻ പലരു വഴി ധാരാളം സഹായം ആ കുടുംബത്തിനു ചെയ്തു കൊടുത്തിരുന്നു. സഭാംഗങ്ങൾക്കായുള്ള തന്റെ മരണശാസനത്തിലും ഇക്കാര്യം ചാവറയച്ചൻ ഓർക്കുകയും മാന്നാനം കൊവേന്തക്കാർ കളപ്പുരയ്ക്കൽ മാത്തന്റെ കുടുംബത്തോട് സ്നേഹം കാണിക്കണമെന്നും കൊല്ലം തോറും കഴിയുന്നത്ര സഹായം ചെയ്തു കൊടുക്കണമെന്നും എഴുതി വയ്ക്കുകയുമുണ്ടായി. വലിയ ഒരു ഉപകാരിയുടെ സ്ഥാനത്താണ് കളപ്പുരയ്ക്കൽ മാത്തനെ പ്രിയോരച്ചൻ കാണുന്നത്. കർത്താവിന്റെ ശിഷ്യക്കൂട്ടത്തെ ഒന്നാമത്തെ മാതൃകയാകും എന്നും എഴുതിയിരിക്കുന്നു.

പ്രിയോരച്ചൻ കൂനമ്മാവിൽ താമസിച്ചിരിക്കയിൽ വളരെയേറെ ഉപകാരിയും സ്നേഹിതനുമായ പെരുമാലി തരകൻ മാന്നാനം കൊവേന്തയുമായി ഏതോ കാരണത്താൽ തെററിപ്പിരിഞ്ഞിരിക്കയാണെന്നു മനസ്സിലാക്കി. ഇതെക്കുറിച്ച് പോരൂക്കരയച്ചന്റെ നാളാഗമത്തിൽ ഇപ്രകാരം പറയുന്നു: "പെരുമാലിലെ വാലിഭക്കാരനെ കൊവേന്തയിൽ നിന്നും നീക്കിക്കളകയാൽ വലിയ പരിഭവമായിരുന്നതിനാലും മൂത്ത ചെറുക്കൻ എല്ലാവരും കൈയൊഴിഞ്ഞ് മരണപ്രമാദത്തിലിരിക്കയാലും ആലപ്പുഴയ്ക്ക് പോകുന്ന വഴിക്ക് അവിടെ കേറി. നേരറിഞ്ഞതിനാൽ അവർ പൊറുതി അപേക്ഷിച്ചു. സ്നേഹമായി – ചെറുക്കന്റെ ദീനത്തിനു പ്രത്യക്ഷം പോലെ ആശ്വാസം കാണുകയും ചെയ്തു.

തോമസ് റോക്കോസ് മെത്രാനോട് ചാവറയച്ചൻ അനുവർത്തിച്ച രീതി നമുക്ക് അറിയാം. മലയാളത്തിലെ സുറിയാനി സഭയിൽ ഭിന്നിപ്പുണ്ടാക്കുകയും അനുയായികളെ കൊണ്ട് ചാവറയച്ചനെ പീഡിപ്പിക്കുകയും ദണ്ഡിപ്പിക്കുകയും സമുദായത്തെ മുഴുവൻ കലക്കുകയും ചെയ്ത ആ വലിയ വിരോധിക്ക് അവസാന നാളിൽ ചാവറയച്ചൻ സഹായ ഹസ്തവുമായി വരുന്നു. തന്റെ സ്നേഹിതന്മാരോട് പണം പിരിച്ചു തന്നെ റോക്കോസിനു മടക്കയാത്രക്കുള്ള ക്രമീകരണങ്ങൾ ചെയ്യുകയാണ്, റോക്കോസിനെ വിടാതെ തടഞ്ഞുവച്ചു കൊണ്ടിരുന്ന അനുയായികളിൽ നിന്നും വളരെ തന്ത്രപൂർവ്വം ചാവറയച്ചൻ റോക്കോസിനെ മടക്കയാത്രക്കു കപ്പലിൽ കയറ്റുന്നു.

'രണ്ടാമത്തെ മാരണം' എന്നു ചാവറയച്ചൻ വിളിക്കുന്ന മെല്ലൂസ് ശീശ്മയോടും ചാവറയച്ചന്റെ പെരുമാററം അത്യന്തം [illegible]ത്തരമായിരുന്നു. അന്തോനിക്കത്തനാര് ബാബേലിൽ പോയി അവിടെയുള്ള ശീശ്മ മെത്രാ(ശീമോൻ നെസ്തോറിയൻ പാത്രിയാർക്കീസ്)നിൽ നിന്നും മെത്രാൻ പട്ടമേററ് 'അവുദീശോ മെത്രാപ്പോലീത്താ'യായി കേരളത്തിലേക്കു മടങ്ങി. എന്നാൽ റോക്കോസിനെ സ്വീകരിച്ചു ചതിവിൽ പെട്ടിരുന്ന സുറിയാനിക്കാർ അവുദീശോയെ കൈക്കൊള്ളാൻ കൂട്ടാക്കിയില്ല. അവസാനം സ്വന്ത നാട്ടിൽ പോയി താമസമാക്കി. അങ്ങനെയിരിക്കയിൽ 'മലമ്പനി പിടിച്ചു. സ്വന്തക്കാരും കൈക്കൊള്ളാതെയായി. സുഖക്കേടു പൊറുത്ത് കുറെനാളം തെയ്യാട്ടുശ്ശേരിയിൽ താമസിച്ചു. തെററിന്റെ ഗൗരവം മനസ്സിലായപ്പോൾ ക്ഷമ ചോദിച്ചുകൊണ്ട് കൂനമ്മാവു കൊവേനയിലായിരുന്ന പ്രിയോരച്ചന് കത്തു കൊടുത്തയക്കുന്നു. പ്രിയോരച്ചൻ വരാപ്പുഴ മെത്രാപ്പോലീത്തായോട് ആലോചിച്ചു. റോമിൽ നിന്നുള്ള അനുവാദത്തോടെ മഹറോൻ നീക്കി കത്തോലിക്കാ സഭയിലേക്കു വീണ്ടും സ്വീകരിക്കാമെന്നും അതുവരെ മാന്നാനത്തു പോയി തപസ്സിലും പ്രാർത്ഥനയിലും ജീവിക്കണമെന്ന മെത്രാപ്പോലീത്തായുടെ നിശ്ചയപ്രകാരം മാന്നാനത്തു വന്നു താമസിച്ചു അന്തോനിക്കത്തനാരെ വളരെ സ്നേഹത്തോടും ദയയോടും കൂടി സ്വീകരിക്കുകയും എല്ലാ ചിലവുകളും മാന്നാനത്തു നിന്നും കൊടുത്തു സന്തോഷത്തോടുകൂടി താമസിപ്പിക്കുകയും ചെയ്തു. റോമിൽ നിന്നും അനുവാദം വന്ന സ്ഥിതിക്ക് എല്ലാ മുടക്കുകളും മാററിക്കൊടുക്കുകയും അനുദിനാവശ്യത്തിനും ചികിൽസക്കുമുള്ള പണവും കൊടുത്ത് പ്രിയോരച്ചൻ തന്നെ ഭരണങ്ങാനത്തേക്കയച്ചു. ഇദ്ദേഹത്തെ പിന്നീട് ഇടമററത്തും വിളക്കുമാടത്തും വികാരിയായി നിയമിക്കുന്നുണ്ട്. എങ്കിലും മെത്രാൻമോഹിയും സഭയോടു കൂറില്ലാത്തവനുമായ ഈ തൊണ്ടർനാട്ട് അന്തോനികത്തനാർ മെല്ലൂസ് മെത്രാന്റെ കൂടെ കൂടി. ഇവിടെയെല്ലാം ഒരു കാര്യം നമുക്കു വ്യക്തമാകുന്നു. തെററായ കാര്യങ്ങൾ ചെയ്യുന്ന വ്യക്തികളെ ചാവറയച്ചൻ സ്നേഹിച്ചിരുന്നു. അതേ സമയം, അവരുടെ തെററിനെ വെറുക്കുകയും – അതിനെ നിശിതമായി വിമർശിക്കുകയും തിരുത്തുകയും ചെയ്തിരുന്നു. ഒരിക്കൽ ശത്രുവായിരുന്നു എന്നതിന്റെ പേരിൽ ആരേയും വെറുക്കുവാനോ ശത്രുതയോടുകൂടി പെരുമാറാനോ ചാവറയ്ക്കു സാധിക്കുമായിരുന്നില്ല. അവർക്കു നന്മ ചെയ്യേണ്ട സമയം വന്നാൽ എല്ലാം മറന്നു നന്മ ചെയ്തിരുന്നു.

ചാവറയച്ചൻ കൈനകരികൊക്കെഴുതിയ മരണശാസനത്തിൽ പറയുന്നതു നോക്കുക. "നീരസങ്ങളെക്കുറിച്ച് പകരം വീഴ്ച ചെയ്യാൻ മൃഗങ്ങൾക്കു കൂടിയും ശക്തിയുണ്ടു്. എന്നാൽ അവയെ സാരം വയ്ക്കാതെ പൊറുക്കുന്നതു് മഹാശക്തിയും വിവേകവും അവസ്ഥയുമുള്ള ആളിനു മാത്രം കഴിയുന്നതാകുന്നു. എങ്ങിനെയെന്നാൽ കോൺസ്റ്റൻറീനോസ് എന്ന മഹാ ചക്രവർത്തി ഒരിക്കൽ തൻെറ രാജ സമൂഹത്തോടുകൂടി നടക്കുമ്പോൾ, വഴിമദ്ധ്യേ ഒരുത്തൻ ആ ചക്രവർത്തിയുടെ കരണത്തിൽ അടിച്ചു. അപ്പോൾ ആ സമൂഹക്കാരെല്ലാവരും പകരം വീഴ്ച ചെയ്യുവാനും ആ ദുഷ്ടനെ കൊല്ലുവാനും ഗുണദോഷിച്ചു. ഇതിനു് ആ മഹാത്മാവു് ഉത്തരിച്ചതായതു്'' എൻെറ ഏറ്റം താഴ്ന്ന ഉദ്യോഗസ്ഥനു് ചെയ്യുവാൻ കഴിയുന്നതു് ഞാൻ ചെയ്യുന്നതു വലിയ കാര്യമോ? എന്നാൽ ഇതു ഞാൻ ക്ഷമിക്കുന്നു. ഇതു് എൻെറ ഏറ്റം വലിയ ശക്തിയുടെ അടയാളമാകുന്നു."

ഇങ്ങനെ കർത്താവിൻെറ പ്രമാണം – സ്നേഹത്തിൻെറ ഉദാത്തമായ ആ പ്രമാണം – ശത്രുക്കളോടു പോലും ക്ഷമിക്കുകയും അവർക്കു നന്മ ചെയ്യുകയും ചെയ്യുക എന്ന ദിവ്യരക്ഷകൻെറ പുതിയ പ്രമാണം – തൻെറ ജീവിതത്തിൽ പ്രാവർത്തികമാക്കുകയും അപ്രകാരം ചെയ്യുവാൻ തൻെറ ഉപദേശം കൊണ്ടും മാതൃക കൊണ്ടും മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്ത ചാവറയച്ചൻ നമ്മുടെ ഒരു തനതു ശൈലി നല്കിയിരുന്നു എന്നുള്ളതിനു സംശയമില്ല — അതെ, ഒരു ചാവറ ശൈലി തന്നെ.

# X

# ദൈവിക മനുഷ്യൻ

ഓടിനടന്നു ജനസാമാന്യത്തിനു നന്മ ചെയ്ത വാ. ചാവറയച്ചൻ ഒരു തികഞ്ഞ ദൈവോപാസകനായിരുന്നു എന്നുള്ളതാണ് സത്യം. ന. ദിവ്യരക്ഷകനായ യേശുനാഥനെ അനുകരിച്ച് രാത്രികാലം മുഴുവൻ പ്രാർത്ഥനയിൽ പിതാവായ ദൈവവുമായി ഒന്നിച്ചതിനു ശേഷം അതിൽ നിന്നുള്ള ശക്തി സംഭരിച്ച് പകൽ മുഴുവൻ ജനങ്ങളുടെ ഇടയിലേക്കിറങ്ങി പ്രവർത്തിക്കുകയായിരുന്നു ചാവറയച്ചൻ.

ചാവറയച്ചൻ ജീവിച്ചിരുന്ന നാളുകളിൽ തന്നെ അദ്ദേഹം ഒരു വിശുദ്ധാത്മാവാണെന്ന് ജനങ്ങളുടെയും വൈദികരുടെയും ഇടയിൽ ഒരു ധാരണയുണ്ടായിരുന്നു. അദ്ദേഹത്തിൻെറ പ്രസംഗം കേൾക്കാൻ ജനങ്ങൾ തിങ്ങിക്കൂടുന്നതും — അദ്ദേഹത്തിൻെറ തീരുമാനത്തിനായി ഇടവക വൈദികർ കാത്തിരിക്കുന്നതും — ഇടവകകളിലെ വഴക്കു തീർക്കാൻ വരാപ്പുഴ മെത്രാപ്പോലീത്തായുടെ പ്രതിനിധിയായി ചാവറയച്ചൻ അയക്കപ്പെടുന്നതും — നല്ല നല്ല കാര്യങ്ങൾക്കുവേണ്ടി പണം പിരിക്കാൻ ചെല്ലുമ്പോൾ സന്തോഷത്തോടുകൂടി അവർ ദാനം ചെയ്യുന്നതുമെല്ലാം ചാവറയച്ചനിൽ ഒരു പരിശുദ്ധൻ ജീവിക്കുന്നു എന്ന ബോദ്ധ്യത്തിലായിരുന്നു.

വാഴ്ത്തപ്പെട്ട ചാവറയച്ചനോട് വളരെ അടുത്തു പെരുമാറുകയും ചാവറയച്ചൻ ഏററവും ബഹുമാനിക്കുകയും ചെയ്ത വ്യക്തിയായിരുന്നു വരാപ്പുഴ മെത്രാപ്പോലീത്തയായ ബർണദീനോസ് ഒ.സി.ഡി. അദ്ദേഹം ചാവറയച്ചനിൽ ജീവിക്കുന്ന വിശുദ്ധനെ ദർശിക്കുകയും അതനുസരിച്ച ബഹുമാനാദരവുകൾ പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. പ്രിയോരച്ചൻ വഴിയായി സുകൃത പൂർണ്ണമായ ഒരു സന്ന്യാസജീവിതം കരുപ്പിടിപ്പിച്ചു കൊണ്ട് കൂനമ്മാവും പരിസരങ്ങളും പുണ്യപരിമളമാകണമെന്ന ഏററം നല്ല ഉദ്ദേശം കൊണ്ടു മാത്രമായിരുന്നു— മാന്നാനത്തുനിന്നും കൂനമ്മാവിൽ വന്നു താമസിക്കുവാനുള്ള മെത്രാപ്പോലീത്തായുടെ അഭ്യർത്ഥന, കൂട്ടത്തിൽ ആലോചന ചോദിക്കുന്നതിനും കൂടെക്കൂടെ കാണുന്നതിനുമുള്ള സൗകര്യവും. യൂറോപ്പിൽ നിന്നു പുതുതായി മിഷനറിമാർ വന്നാൽ അദ്ദേഹം

അവരെ ചാവറയച്ചൻെറ അടുക്കൽ ആദ്യം പറഞ്ഞയക്കുമായിരു
ന്നു. ''നിങ്ങൾ അദ്ദേഹത്തെ കണ്ടോ—അദ്ദേഹമാണിന്നു മലയാളം
ഭരിക്കുന്നതു്'' — എന്നു പറഞ്ഞുകൊണ്ടാണു് പലപ്പോഴും മെ
ത്രാപ്പോലീത്ത അവരെ അയച്ചിരുന്നതു്. ചാവറയച്ചൻെറ
പുണ്യകീർത്തിയെയും ബുദ്ധിസാമർത്ഥ്യത്തെയും കുറിച്ചു് പറയു
കയും മററുള്ളവർ പ്രശംസിക്കുകയും ചെയ്യുന്നതു് അദ്ദേഹത്തിനു്
ഒട്ടും ഇഷ്ടമുള്ള കാര്യമായിരുന്നില്ല. എങ്കിലും വികാരി ജന
റാളായി നിയമന പത്രികയിൽ പറയുന്നതു നോക്കുക '' ത്രെ
ന്തോസ് സുനഹദോസ് അനുവദിച്ചിരുന്നതിൻ വണ്ണം വേ
ണ്ടുന്ന സ്ഥൈര്യവും മിടുക്കും ബോധവിജ്ഞാനവും പുണ്യവ്യാ
പാരവും തനിക്കുണ്ടെന്നു് നാം ബോധിച്ചു് നമ്മുടെ കീഴ്മ
ലയാളത്തിലുള്ള സുറിയാനിപ്പള്ളികളിൽ അടങ്ങിയിരിക്കുന്ന
പട്ടക്കാരുടെയും അയമേനികളുടെയും ആത്മപാലനം ചെയ്തു്
അവരെ ഭരിക്കുന്നതിനു്.''

—(നിയമനപത്രിക).

ഈ മെത്രാപ്പോലീത്തതന്നെ ഒരിക്കൽ മാന്നാനം സന്ദർശി
ച്ചപ്പോൾ പ്രിയോരച്ചനോടുള്ള ബഹുമാന സൂചകമായി അദ്ദേ
ഹത്തോടു സംസാരിക്കുവാൻ ചാവറയച്ചൻെറ മുറിയിലേക്കു
കയറി ചെന്നു. മാന്നാനത്തു് എല്ലാവരും ആദരിക്കുന്ന വലി
യ പ്രിയോരച്ചൻെറ മുറിയിൽ ഒരു സാധാരണ കട്ടിലും മേ
ശയും കസേരയും മാത്രം. മെത്രാപ്പോലീത്താച്ചൻ തൻെറ മുറി
യിലേക്കു യാതൊരു മുന്നറിയിപ്പുകൂടാതെ കയറിവരുമെന്നു്
ചാവറയച്ചൻ ഒരിക്കലും ഓർത്തില്ല. താൻ ഇരിക്കുന്ന കസേ
രയിൽ നിന്നും എഴുന്നേററു് അതു കൊടുക്കുവാൻ ചാവറയച്ചൻ
തത്രപ്പെടുന്ന നേരംകൊണ്ടു് മെത്രാപ്പോലീത്താച്ചൻ അവിടെ
യുള്ള പെട്ടിയുടെ മുകളിൽ ഇരുന്നുകഴിഞ്ഞു. ചാവറയച്ചനെ
നിർബന്ധിച്ചു കസേരയിൽ തന്നെ ഇരുത്തി. വാതിക്കൽ
നിന്ന തോപ്പിൽ അന്തോണീസച്ചനായിരുന്നു ഇതിനു സാക്ഷി.

ബെർണദീനോസ് മെത്രാപ്പോലീത്ത മരണാസന്നനായി
കിടക്കയിൽ രോഗീശുശ്രൂഷയ്ക്കായി മൂപ്പച്ചനെയല്ലാതെ മററാ
രേയും അകത്തു പ്രവേശിപ്പിക്കുന്നില്ലായിരുന്നു. പ്രിയോരച്ചൻ
വന്ന കാര്യം അറിയിച്ചപ്പോൾ ഉടനെ അകത്തു പ്രവേശിപ്പിച്ചു.
വളരെ കാര്യങ്ങൾ പ്രിയോരച്ചനോടു സ്വകാര്യമായി സംസാ
രിച്ചു. (പാറപ്പുറത്തു വല്ലിയച്ചൻെറ നാളാഗമം)

## ലെയോപ്പോൾദ് മൂപ്പച്ചൻെറ സാക്‌ഷ്യം

ചാവറയച്ചൻെറ നോട്ടത്തിൽ മൂപ്പച്ചന്മാരിൽ അറിവുകൊണ്ടും
വിശുദ്ധി കൊണ്ടും കേമനായിട്ടുള്ളതു് ലെയോപ്പോൾദ് മൂപ്പച്ച
നായിരുന്നു. തീക്‌ഷ്ണത നിറഞ്ഞതുകൊണ്ടു് ശമ്മാശനായിരി

ക്കെ തന്നെ മിഷനു വേണ്ടി നാടുവിട്ട് ഇൻഡ്യയിലേക്കു വന്നവനായിരുന്ന ലേയോപ്പോൾഡ്. പ്രായത്തിൽ കുറവെങ്കിലും വിശുദ്ധിയിലും വിജ്ഞാനത്തിലും മുമ്പന്തിയിലായിരുന്ന ഈ യുവ വൈദികനെ ചാവറയച്ചൻ കൂനമ്മാവിൽ വച്ച് തന്റെ ആത്മഗുരുവായി തിരഞ്ഞെടുത്തു. ലെയപ്പോൾഡ് മൂപ്പച്ചൻ ഒരു 'കൊച്ചനുജൻ' എന്നപോലെ ബഹുമാനത്തോടുകൂടി ചാവറയച്ചനോടു പെരുമാറിയിരുന്നു. മെത്രാപ്പോലീത്താച്ചന്റെ പ്രതിനിധിയായ സഭയുടെ 'ഡെലഗേററ്' ആയിരുന്നെങ്കിലും "ഒരു പുണ്യവാനെ മറെറാരു പുണ്യവാനെ അറിയുവാൻ സാധിക്കുകയുള്ളു" എന്നു പറയുന്നതിൻ വണ്ണം ജീവിച്ചിരുന്ന ഒരു വിശുദ്ധനായി കണ്ട് ചാവറയച്ചനെ ബഹുമാനിച്ചിരുന്നു. പുതു സന്ന്യാസികൾക്ക് ജീവിക്കുന്ന മോഡലായി അദ്ദേഹം പലപ്പോഴും ചാവറയച്ചനെ കാണിച്ചു കൊടുത്തിരുന്നു.

വളരെ ഏറെ ചുഴിഞ്ഞ് നാം ചിന്തിച്ചാൽ കൂനമ്മാവിൽ തന്നെ ചികിത്സിക്കുവാനും മാന്നാനത്തേക്കോ അമ്പഴക്കാട്ടേക്കോ കൂടുതൽ സൗകര്യത്തെപ്രതി പോകാതിരിക്കുവാനും ചാവറയച്ചൻ നിർബന്ധം കാണിച്ചതു് തന്റെ ആത്മപിതാവിനോടുള്ള അടുപ്പവും സ്നേഹവും ആയിരുന്നു. ലെയപ്പോൾഡച്ചൻ നിർബന്ധിച്ച് അമ്പഴക്കാട്ടേക്ക് ദീനപരിചരണത്തിനായി അയച്ചെങ്കിലും ചാവറയച്ചൻ 3 ദിവസത്തിനുശേഷം കൂനമ്മാവിലേക്കു മടങ്ങിപ്പോരുകയാണു ചെയ്തതു്. രോഗീലേപനം ലെയോപ്പോൾഡച്ചന്റെ കയ്യിൽ നിന്നും സ്വീകരിക്കാൻ ചാവറയച്ചന് ആഗ്രഹമുണ്ടായിരുന്നെങ്കിലും ലെയോപ്പോൾഡച്ചന് ഇക്കാര്യം ചിന്തിക്കാനേ സാധിക്കുമായിരുന്നില്ല.

ചാവറയച്ചൻ മരിച്ച ആഴ്ചയിൽ തന്നെ അദ്ദേഹത്തിന്റെ പെരുമാററ സാമാനങ്ങളൊക്കെ അദ്ദേഹം ശേഖരിക്കുകയും അതു തിരുശേഷിപ്പ് എന്നതുപോലെ പൂജ്യതയോടുകൂടി ഓരോ ഭാഗമായി അന്നുള്ള കൊവേന്തകൾക്ക് അയച്ചുകൊടുത്തു. ശവസംസ്കാരത്തിനുശേഷം മുറിയിൽ വന്നയുടനെ ലെയോപ്പോൾഡ് മൂപ്പച്ചൻ തന്റെ ഡയറിയിൽ കണ്ണുനീരോടുകൂടി ഇപ്രകാരം എഴുതി "ഇന്നു് 1871 ജനുവരി മൂന്നിനു് തിരുക്കുടുംബത്തിന്റെ ഫാ. കുരിയാക്കോസ് ഏലിയാസ്, പ്രഥമ പ്രിയോർ, അത്യന്തം നിർമ്മലമായ ജീവിതത്തിനു ശേഷം നിര്യാതനായി. മാമ്മോദീസായിൽ തനിക്ക് ലഭിച്ച വിശുദ്ധി ഒരിക്കലും നഷ്ടപ്പെടുത്തിയിട്ടില്ലന്നു് മരണത്തിനു് മുൻപ് ഏററു പറയുവാൻ ഇദ്ദേഹത്തിനു് കഴിഞ്ഞു. എല്ലാ സുകൃതങ്ങളും വിശിഷ്യാ ഹൃദയ ലാളിത്യം, സജീവ വിശ്വാസം, ആഴമുള്ള അനുസരണം, പരി. കുർബാനയോടും പരി. കന്യകാ മറിയ

ത്തോടും വി. യൗസേപ്പിനോടുമുള്ള ആർദ്രമായ ഭക്തി എന്നിവ ഇദ്ദേഹം അഭ്യസിച്ചിരുന്നു. മലയാളത്തിലെ ക്രിസ്ത്യാനികളുടെ നന്മക്കവേണ്ടി വളരെയേറെ കഷ്ടപ്പാടുകൾ ഇദ്ദേഹം സഹിച്ചിട്ടുണ്ടു്; പ്രത്യേകിച്ചു് റോക്കോസ് ശീശ്മയുടെ കാലഘട്ടത്തിൽ. ഇതിന്റെ പേരിൽ പരി. പിതാവു് പീയൂസ് 9–ാമൻ ഒരഭിനന്ദന കത്തു് ഇദ്ദേഹത്തിനു് അയയ്ക്കുകയുണ്ടായി. മലബാറിലെ കർമ്മലീത്താ മൂന്നാം സഭയുടെ സ്ഥാപകനും പ്രഥമ പ്രിയോരുമാണിദ്ദേഹം. വളരെ പ്രയാസങ്ങൾ സഹിച്ചു് സന്ന്യാസിനികൾക്കവേണ്ടിയും ഒരു സഭ ഇദ്ദേഹം സ്ഥാപിച്ചു. സ്ഥായിയായ സുകൃതങ്ങൾ, വിജ്ഞാനം, സുറിയാനി ഭാഷയിലുള്ള അഗാധമായ പാണ്ഡിത്യം എന്നിവ മൂലം മലബാറിലെ സുറിയാനിക്കാരുടെ മേൽ വലിയ സ്വാധീനമാണമാണു് ഇദ്ദേഹത്തിനുണ്ടായിരുന്നതു്. ഭൗതിക വസ്തുക്കളോടുള്ള ക്രമവിരുദ്ധമായ സ്നേഹത്തിൽ നിന്നു വിമുക്തനായിരുന്നു ഇദ്ദേഹം. അന്ത്യകൂദാശകൾ അസാധാരണമായ ഭക്തിയോടും വിശുദ്ധിയോടുംകൂടെ സ്വീകരിച്ചശേഷം തന്നെ അറിയുന്നവരെ, പ്രത്യേകിച്ചു് എന്നെ (ഞാൻ എന്നെത്തന്നെ അറിയുന്നതുപോലെ ഇദ്ദേഹത്തെയും അറിഞ്ഞിരുന്നു) കണ്ണീരാലാശ്ലീകൊണ്ടു് സ്വർഗ്ഗീയ സന്തോഷത്തോടെ 65–ാം വയസ്സിൽ ഇദ്ദേഹം അന്ത്യശ്വാസം വലിച്ചു. ഇവിടെ കൂനമ്മാവു് പള്ളിയിൽ സംസ്കരിക്കുകയും ചെയ്തു. വിശുദ്ധവും മനോഹരവുമായ ആത്മാവേ എനിക്കു വേണ്ടി പ്രാർത്ഥിക്കേണമേ.”

ചാവറയച്ചന്റെ പെരുമാററ സാധനങ്ങൾ കൊവേന്തകൾക്കു അയച്ചുകൊടുത്തപോലെ കൂനമ്മാവിൽ അദ്ദേഹം താമസിച്ചിരുന്ന ആശ്രമത്തിലെ അന്തേവാസികൾക്കു് അതിന്റെ അംശങ്ങൾ കൊടുത്തിരുന്നു. പ്രത്യേക കൂട്ടിൽ ഭദ്രമായി തിരുശേഷിപ്പുപോലെ ഇതവർ സൂക്ഷിച്ചു.

വിശുദ്ധന്മാരുടെ ശരീരം അഴികയില്ല എന്നൊരു വിശ്വാസം ലെയോപ്പോൾഡ് മിഷനറിക്കുണ്ടായിരുന്നു. പൊതുജനങ്ങളറിയാതെ മരിച്ചു് അഞ്ചാറുമാസം കഴിഞ്ഞപ്പോൾ കഴിമാടം ലെയപ്പോൾഡച്ചൻ തുറപ്പിക്കുകയും അഴിഞ്ഞു എന്നു തീർച്ച വരുത്തുകയും ചെയ്തു.

## വൈദീകർ ചാവറയച്ചനെക്കുറിച്ചു്

ചാവറയച്ചനു് വൈദീകരുടെ ഇടയിലുള്ള സ്വാധീനം അദ്ദേഹത്തിൽ വിളങ്ങിയിരുന്ന വിശുദ്ധികൊണ്ടു ആയിരുന്നെന്നു മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലോ. വിചാരണ ചെയ്തു എന്തെങ്കിലും ശിക്ഷ കൊടുക്കണമെന്നു തോന്നിയാൽ ചാവറ

ച്ചനെയായിരുന്നു സാധാരണ വരാപ്പുഴ മെത്രാപ്പോലീത്താ
ന്മാർ അയച്ചിരുന്നത്. അദ്ദേഹത്തിന്റെ മെത്രാന്മാർക്കുള്ള
കത്തുകളിൽ ഭൂരിഭാഗവും ഇങ്ങനെ തന്നെയുള്ളവയായിരുന്നു.
ചാവറയച്ചൻ നിശ്ചയിക്കുന്ന ശിക്ഷ സന്തോഷത്തോടെ അവർ
കൈക്കൊണ്ടിരുന്നു. അതുപോലെതന്നെ ശിക്ഷയിൽനിന്നും
മോചനം കൊടുക്കുവാനും ആലോചന ചോദിക്കുവാനും ഉപ
ദേശം സ്വീകരിക്കാനും മാന്നാനത്തേക്ക് അവർ ഓടിവരു
മായിരുന്നു. തിരുന്നാളുകൾക്കു വന്നാൽ പൂജ്യതയോടുകൂടി
അവർ ചാവറ പിതാവിനെ സ്വീകരിച്ചിരുന്നു. പലപ്പോഴും അ
ത്താഴത്തിനു സമയമാകുമ്പോഴും ചാവറയച്ചനെ കാത്തിരിക്കും.
കണ്ടില്ലെങ്കിൽ പള്ളിയിലോ അതുമല്ലെങ്കിൽ സിമിത്തേരി
യിലോ അദ്ദേഹം പ്രാർത്ഥിക്കുന്നതായി അവർ കണ്ടെത്തുമാ
യിരുന്നു. (പാലാക്കുന്നേൽ വലിയച്ചന്റെ ഡയറി)

“പട്ടക്കാരുടെ ജീവിതം അവരുടെ ഉടുപ്പ് മുതലായതിൽ
വളരെ ശ്രദ്ധയുണ്ടായിരുന്നു. പട്ടക്കാർക്ക് അദ്ദേഹത്തിന്റെ
നേരെ ദേവനെപ്പോലെ വണക്കമുണ്ടായിരുന്നു. മാന്നാനം സെ
മിനാരിയിൽ ചെന്നാൽപിന്നെ അവർക്കു മിണ്ടാട്ടമില്ല. ചാവറ
യച്ചൻ എന്നുകേട്ടാൽ സുറിയാനിപട്ടക്കാർക്കു ദേവനെപ്പോ
ലെ വണക്കമുണ്ടായിരുന്നു”. (ബ. ളൂയീസച്ചന്റെ കത്ത്)

## തലമുടിയുടെ കഥ

ഒരിക്കൽ മുട്ടത്തുപാടത്തു വർക്കിയച്ചൻ ചാവറയച്ചനെ
കാണുവാനായി മാന്നാനത്തുചെന്നു. അപ്പോഴും ചാവറയച്ചൻ
തലമുടി വെട്ടിക്കുവാൻ പോയിരിക്കയായിരുന്നു. വർക്കി
യച്ചൻ സാവധാനത്തിൽ നടന്നുചെന്നു മുടിവെട്ടിക്കുന്ന സ്ഥലം
കണ്ടുപിടിച്ചു. മുടി വെട്ടിക്കഴിഞ്ഞു ചാവറയച്ചൻ കളിമുറി
യിലേക്കുപോയ സമയം ബാർബറെ സ്വാധീനിച്ച് വർക്കി
യച്ചൻ ചാവറയച്ചന്റെ കുറെ മുടി ഒരു കടലാസിൽ ശേഖ
രിച്ച് പോക്കററിൽ സൂക്ഷിച്ചു. ചാവറയച്ചനെ കണ്ടു വന്ന
കാര്യം സാധിച്ചതിനുശേഷം മടങ്ങിപ്പോയ വർക്കിയച്ചൻ
സാമാന്യം വലിയ അരുളിക്ക ഉണ്ടാക്കിച്ച് ഈ മുടി അതിൽ
സൂക്ഷിച്ച് ഒരു നിധിപോലെ കരുതിപ്പോന്നു. ചാവറയച്ച
നിൽനിന്നു പലേ അനുഗ്രഹങ്ങളും ഈ വർക്കിയച്ചനു കിട്ടി
യിരുന്നു. മരണത്തിനുശേഷം ചരമദിനത്തിൽ മാന്നാനത്തു
വന്നു ദിവ്യ പൂജ അർപ്പിക്കുകയും ഈ അരുളിക്ക എല്ലാവരേ
യും കാണിക്കുകയും ചെയ്തിരുന്നു. ഇദ്ദേഹം മരിക്കാറായ
പ്പോഴും തന്റെ സഹോദരപുത്രനായ മുട്ടത്തുപാടത്തു യൗസേപ്പ
ച്ചന് ഇതു തനിക്കു നൽകാവുന്ന ഏററം വലിയ സമ്മാന
മെന്നു പറഞ്ഞ് കൊടുക്കുകയും അദ്ദേഹവും വർക്കിയച്ചനെ

പ്പോലെ അതു പൂജ്യമായി സൂക്ഷിക്കുകയും ചെയ്തിരുന്നു. (വാഴ്ത്തപ്പെട്ട അൽഫോൻസാമ്മ നൊവിഷ്യറ്റുകാലത്തു രോഗ ഗ്രസ്തയായപ്പോൾ ബ. യൗസേപ്പച്ചൻ ഈ അരുളിക്ക തലയിണക്കീഴിൽ വച്ചു ചാവറയച്ചനോടു പ്രാർത്ഥിക്കുവാൻ പറയുകയും അങ്ങനെ അത്ഭുതകരമായി രോഗത്തിൽനിന്നു അൽഫോൻസാമ്മ സുഖം പ്രാപിക്കുകയും ചെയ്ത കാര്യം നമുക്ക് അറിവുള്ളതാണല്ലോ.) 1937 ജൂൺ മാസത്തിൽ യൗസേപ്പച്ചൻ ഈ അരുളിക്ക മാന്നാനത്തു ഏൽപിക്കയും ഇന്നും അതു മാന്നാനത്തു സൂക്ഷിക്കയും ചെയ്തു പോരുന്നു.

ചാവറയച്ചന്റെ കാലത്തുതന്നെ പല വൈദികർക്കും ഉണ്ടായിരുന്ന ധാരണയെക്കുറിച്ച് പറയുവാൻ വേണ്ടിയാണ് മുടിയുടെ കഥ പറഞ്ഞത്. വിശുദ്ധരുടെ ഉപയോഗവസ്തുക്കൾ കൈക്കലാക്കുവാൻ ആളുകൾ ആഗ്രഹിക്കുന്നതുപോലെ ചാവറയച്ചൻ ജീവിച്ചിരുന്നപ്പോഴേ ശിഷ്യരായ വൈദികർ – ഓരോരോ സാധനങ്ങൾ കൈവശപ്പെടുത്തുവാൻ പരിശ്രമിച്ചിരുന്നു. ചാവറയച്ചന്റെ പല ഡയറിക്കുറിപ്പുകളും ഓരോരുത്തർ കൈക്കലാക്കിയിരുന്നതായി വ്യക്തമായ അറിവു നമുക്കുണ്ട്. ചാവറയച്ചന്റെ വ്രതം സ്വീകരിക്കുകയും ധ്യാനിപ്പിക്കുകയും ചെയ്ത മർസ്സലീനോസ് മെത്രാൻ ഇദ്ദേഹം മാന്നാനത്തുണ്ടായ പുഷ്പമാകുന്നു എന്ന് സത്യവേദചരിത്രം എന്ന ഗ്രന്ഥത്തിൽ സൂചിപ്പിച്ചിരിക്കുന്നു.

## സന്ന്യാസ വൈദികരുടെ സാക്ഷ്യം

1838 ഫെബ്രുവരി മഞ്ഞുമ്മേൽ മരിച്ചു. ബ. ലൂയിയച്ചൻ ചാവറയച്ചന്റെ ആത്മീയ സുഹൃത്തായിരുന്നു. ദീർഘകാലം അദ്ദേഹം പ്രിയോരച്ചനോടൊത്തു താമസിച്ചിട്ടുള്ളതാണ്. അദ്ദേഹം പറയുന്നതു നോക്കുക "വന്ദ്യ പ്രിയോർപിതാവ് പല വത്സരത്തേക്കു ഈയുള്ളവന്റെ ആത്മീയ പിതാവായിരുന്നു. സഭയിലെ ക്രമാനുസരണം കൃത്യത, ദൈവത്തോടുള്ള സ്നേഹഐക്യത, വ്രതാനുഷ്ഠാനങ്ങളുടെ നിരന്തര ശ്രദ്ധ ഇത്യാദി സർവ്വ താല്പര്യത്തോടെ പരിശീലിപ്പിച്ചുവന്നു. വൈകിട്ടത്തെ ധ്യാനം ഒരു മണിക്കൂറായിരുന്നല്ലോ. ആസമയം മുഴവനും സദാ കണ്ണുനീരൊഴുക്കിക്കൊണ്ട് മുട്ടിന്മേൽതന്നെ പരവശമായി നിന്നിരുന്നു. അനുവാദത്തിനായി ചെല്ലുന്നവർ സ്കപ്പുളാരമുത്തികൊണ്ട് പൊയ്ക്കൊള്ളുക പതിവായിരുന്നു. മണിയാകുമ്പോൾ സമീപെ നില്ക്കുന്നവർ വിളിച്ചറിയിക്കും. അപ്പോൾ പാരവശ്യംതീർന്ന് ജപം ചൊല്ലി അവസാനിപ്പിക്കും. കണ്ണുനീർ ഒഴുക്കി കൊണ്ടാണ് മുറിയിലേക്കു പോയിരുന്നതു" (ലൂയിസച്ചന്റെ കത്ത്.)

ചാവറയച്ചന്റെ വലിയ ഒരു സുഹൃത്തായിരുന്ന ലെയോപ്പോൾഡച്ചന്റെ അനുജനായ ജരാർദ് മൂപ്പച്ചൻ പ്രിയോരച്ചനെക്കുറിച്ച് പറയുന്നതു കേൾക്കുക. "ഒരു ദിവസം ജരാർദ് മൂപ്പച്ചൻ കർബാന ദീനക്കാരനു കൊടുക്കുന്ന സമയം അവിടെ മുറിയിൽ വന്നിരുന്നു. ദീനക്കാരൻ ദിവ്യകാരുണ്യത്തെ കൈക്കൊള്ളുന്ന സമയം അദ്ദേഹത്തിൽ വിളങ്ങിയ ഭക്തിയും മുഖത്തിൽ പ്രകാശിച്ചിരുന്ന വെളിവിനേയും പ്രസ്തുത മൂപ്പച്ചൻ കണ്ടു വിസ്മയിച്ചു. താൻ കണ്ട അതിശയമായ ആ സംഗതിയേപ്പററി പുതു സന്ന്യാസികളോട് വളരെ സ്തുതിയായി പറഞ്ഞിരുന്നു." (പാറപ്പുറത്തു വർക്കിഅച്ചന്റെ ഡയറി)

ദീനക്കിടക്കയിൽ ചാവറയച്ചന്റെ ശുശ്രൂഷിയായിരുന്ന ബ. ലൂയീസച്ചൻ പറയുന്നതു കാണുക: "ഒടുക്കത്തെ ഒപ്രുശുമാ കൊടുക്കുമ്പോൾ ഞങ്ങളൊക്കെ ഉണ്ടായിരുന്നു. അപ്പോൾ എല്ലാവരോടും ആ മരിക്കാൻ തക്ക അവസരത്തിൽ കൂടേയും ഉപദേശം പറഞ്ഞു. സഭയുടെ ക്രമത്തിലുണ്ടാകേണ്ടുന്ന സൂക്ഷത്തെക്കുറിച്ച് അപ്പോൾ പറഞ്ഞു. ഉയിരുള്ള ദൈവസ്നേഹവും പരസ്നേഹവും ഈശോ മറിയം യൗസേപ്പിന്റെ നേരെയുണ്ടാകേണ്ട ഭക്തി, വീണ്ടും "ഞാൻ എന്റെ ആയുഷ്ക്കാലം മുഴുവനും ഈ വിശുദ്ധ ത്രിത്വത്തിലാണ് ജീവിതം കഴിച്ചിരിക്കുന്നതു്, എന്റെ പേരു് കര്യാക്കോസ് ദ്മിൻദ്ഹോമ്മാ കന്തീശാ എന്നും ഞാൻ ധരിച്ചിരിക്കുന്നതു് ഈ ഓർമ്മയ്ക്കുവേണ്ടി തന്നെയാണ്. ഇതിനനുസരണമായി ഇവർ എന്റെ ആത്മാവിനെ പാപാശുദ്ധത്തിൽ നിന്ന് എന്നും കാത്തുസൂക്ഷിച്ചിട്ടുണ്ട്. അതുകൊണ്ട് അന്നു കേട്ടിരുന്നവർ ഇദ്ദേഹം എന്നും Gratia Sanctificans പാപത്തിൽ ഉൾപെടാതെ ജീവിച്ചിരുന്നു എന്നു വിശ്വസിച്ചു. കേട്ടവരിൽ ജരാർദച്ചൻ ആ കാലങ്ങളിൽ ഇദ്ദേഹം ഇത്ര വിശുദ്ധനായി ജീവിച്ചെന്നുവരുകിൽ അതൊരു വിശേഷ സംഭവമാണെന്നു പറയുന്നു. മരിച്ചപ്പോൾ ഞങ്ങൾ എല്ലാവരും ഉണ്ടായിരുന്നു." (ബ. ലൂയീസച്ചന്റെ കുറിപ്പ്)

ചാവറയച്ചന്റെ അന്ത്യസമയമടുത്തപ്പോൾ ആശ്രമാംഗങ്ങളെല്ലാം രോഗിയുടെ മുറിയിൽ ഓടികൂടി. ചിലർ വിങ്ങിപ്പൊട്ടി, ചിലരുടെ കണ്ണിൽനിന്നും ധാരധാരയായി കണ്ണീർ പ്രവഹിച്ചു. ഇതുകണ്ട് ചാവറയച്ചൻ ചോദിച്ചു; "നിങ്ങൾ എന്തിനാണു കരയുന്നതു്. എനിക്കായി ദൈവം നിശ്ചയിച്ച സമയമാണിതു്. എന്റെ മാതാപിതാക്കളുടെ സഹായത്താൽ തിരുക്കുടുംബത്തെ ഹൃദയത്തിൽ ചെറുപ്പം മുതൽ പ്രതിഷ്ഠിച്ചിരുന്ന എനിക്ക് തിരുക്കുടുംബത്തിന്റെ അനുഗ്രഹത്താൽ

മാമ്മോദീസായിൽ കിട്ടിയ വരപ്രസാദം ഒരിക്കലും നഷ്ടപ്പെടുത്തുവാൻ ഇടയായിട്ടില്ല എന്നു സന്തോഷത്തോടെ പറയുന്നതിനു എനിക്കു ധൈര്യമുണ്ട്. നിങ്ങളും ഈ തിരുക്കുടുംബത്തിനു പ്രതിഷ്ഠിതരാകുവിൻ.

**ദൈവജനത്തിന്റെ സാക്ഷ്യം**

ജീവിച്ചിരിക്കുന്ന ഒരു വിശുദ്ധനായിട്ടാണ് ചാവറയച്ചൻ അക്കാലത്തു് അറിയപ്പെട്ടിരുന്നതു്. അദ്ദേഹത്തെ ഒന്നു കാണുക, പ്രസംഗം ശ്രവിക്കുക, കർബാനയിൽ സംബന്ധിക്കുക, ഇവയെല്ലാം അവർക്കു നിർവൃതിദായകങ്ങളായിരുന്നു. അതുകൊണ്ടാണു അക്കാലങ്ങളിൽ ചാവറയച്ചൻ വരുന്നുണ്ട് എന്നു കേട്ടാൽ ആളുകൾ ഓടിക്കൂടിയിരുന്നതു്. ആ കൊല്ലം പള്ളിയിൽ പല പ്രമുഖരും നോക്കിയിട്ടു തീരാതിരുന്ന 'പദ്രവാദ' വഴക്കു പ്രിയോരച്ചൻ അവിടം ഒന്നു വന്നാൽ മതി എല്ലാം അവസാനിക്കും എന്നു പറഞ്ഞു കൊണ്ട് സുഖമില്ലാതെ ഇരുന്ന ചാവറയച്ചൻ കൂനമ്മാവിൽ നിന്നും മരണങ്ങാനത്തേക്കു (ആനക്കല്ല്) പുറപ്പെടുകയും വഴക്കെല്ലാം തീർക്കുകയും ചെയ്തു. അന്നു കൊവേന്ത വയ്ക്കാൻ നാട്ടുകാരും ഇടവകക്കാരും സ്ഥലവും പണവും സമ്പാദിച്ചു കൊണ്ട് ആവശ്യപ്പെട്ടിരുന്നതും ചാവറയച്ചന്റെ സാന്നിദ്ധ്യം ഇടക്കിടക്കുണ്ടാകുമല്ലോ എന്നു കരുതി മാത്രമായിരുന്നു. പല പ്രവചനങ്ങളും ചാവറയച്ചൻ നടത്തിയിട്ടുണ്ട്. അതുപോലെ സംഭവിക്കുന്നുണ്ട്. പടവുപുരയ്ക്കൽ കുരുവിള എന്ന ബാലൻ മാന്നാനത്തു പഠിക്കുവാനായി വന്നു. 'ഇതു് ശീശ്മയുടെ വിത്താണ്. നിങ്ങൾ ഇവനെ ഭയപ്പെടണം' എന്നു ചാവറയച്ചൻ പറഞ്ഞതായി രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നീട് കുരുവിളവേദക്കാരനായ–കുരുവിള അച്ചൻ ഇദ്ദേഹമായിരുന്നു. അതുപോലെ അരണാട്ടുകര ചിറമേൽ തരകൻ എന്ന വൈദ്യൻ സുഖമില്ലാതെ ഇരുന്ന ചാവറയച്ചനെ കാണാൻ ഒരു ദിവസം ചെന്നു. ചില ചികിത്സാവിധികൾ പറഞ്ഞു കൊടുത്തതിനു ശേഷം പോകുവാൻ ഒരുങ്ങിയപ്പോൾ ഇന്ന മാസം ഇത്രാംതീയതി വരണമെന്നു പറഞ്ഞറിയിച്ചിരുന്നു. വൈദ്യൻ കൃത്യമായി അന്നു വന്നു. അപ്പോൾ ചാവറയച്ചൻ മരണാസന്നനായി വായുവലിക്കുന്ന നേരമായിരുന്നു. തരകൻവൈദ്യന്റെ 'വായു ഗുളിക' ആ സമയത്തു വളരെ ഉപകരിച്ചു.

ചാവറ വീട്ടിനടുത്തുള്ള പവ്വത്തിൽ മറിയം ചാവറയച്ചനെ കുറിച്ചു പറയുന്നതു കേൾക്കുക: 'എന്റെ ദൈവമേ കൈനകരിക്കു വേണ്ടി എന്തെല്ലാം ചെയ്തിട്ടാണു പോയതു്. ഇങ്ങനെ ഒരാളെ കിട്ടുമോ'. മുട്ടുചിറ മാത്തികുന്നേൽ മാണി

കുര്യൻ പറയുന്നതിതാണ് 'വലിയ പ്രിയോരച്ചനെ ഞാൻ കണ്ടിട്ടുണ്ട്. കാണുന്നതിനു മാത്രമല്ല, അദ്ദേഹത്തിന്റെ മധുരമായ പ്രസംഗം കേൾക്കുന്നതിനുള്ള ഭാഗ്യവും എനിക്കു ലഭിച്ചിട്ടുണ്ട്. ഹാ–എത്ര ആനന്ദകരമായ കാഴ്ചയാണ് അദ്ദേഹത്തെ കാണുന്നത് എന്നു പറയുവാൻ വിഷമം. റൂഹാദക്കുദശയാൽ നിറഞ്ഞയാൾ, ചെറിയ മണിസ്വരം, എന്നാൽ പള്ളിയിൽ എല്ലാവർക്കും അദ്ദേഹത്തിന്റെ ഇമ്പമായ പ്രസംഗം കേൾക്കാൻ യാതൊരു പ്രയാസവുമില്ല. ഹാ ആ ഓർമ്മ ഒരിക്കലും മറന്നിട്ടില്ല. ഇന്നും ഇന്നലത്തെപ്പോലെ തോന്നുന്നു.

നവീകരണ മാർത്തോമ്മാ സഭയുടെ സ്ഥാപകനും നമ്മുടെ കഥാനായകന്റെ ഒരു ആത്മമിത്രമായിരുന്ന മാത്യു അത്തനാസിയൂസ് മെത്രാൻ "ഈ നാട്ടിൽ വല്ല ചാവറയോ മറ്റോ അല്ലാതെ ആരാണ് സ്വർഗ്ഗത്തിൽ പോകുന്നത്, അയ്യാളുടെ തുകൽവാറിൽ തൂങ്ങി ഞാനും അവിടെ ചെന്നെത്താൻ നോക്കും" എന്നു പറഞ്ഞതായി കാണുന്നു.

മീനച്ചിൽകാർ ശീശ്മ വഴക്കുകളുടെ കാലത്ത് ചാവറയച്ചനെതിരായി തഹസീൽദാരുടെ അടുക്കൽ ഒരു ഹർജ്ജി സമർപ്പിച്ചു. തഹസീൽദാർ പ്രയോരച്ചനുമായി നേരിട്ടു സംസാരിച്ചതിനു ശേഷം പറഞ്ഞതിങ്ങനെയാണ് 'അദ്ദേഹം ഒരു ദിവ്യപുരുഷനാകുന്നു' ഇത്ര മഹാനും ഈശ്വരപ്രസാദമുള്ളവനുമായ ഈ ദേഹത്തെ പ്രതി പരാതി ബോധിപ്പിച്ചവർ മഹാദുഷ്ടന്മാരും ഈശ്വരകോപത്തിന് അർഹന്മാരുമത്രേ !

## കൃതികളിൽ കാണുന്ന ദൈവീക മനുഷ്യൻ(*)

ചാവറയച്ചൻ ഗദ്യമായും പദ്യമായും ഡയറിക്കുറിപ്പായും വളരെയേറെ കാര്യങ്ങൾ എഴുതി സൂക്ഷിച്ച് ഭാവിതലമുറയ്ക്കായി തന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ കൃതികളെല്ലാം അദ്ദേഹത്തിൽ തിങ്ങി നിറഞ്ഞിരുന്ന ദൈവീക പ്രസാദത്തിന്റെ തുളുമ്പൽ ആയിരുന്നു. ദൈവത്തെ ഉൾക്കൊണ്ട് ദൈവാനുഭവം ആസ്വദിച്ചതിനു ശേഷം മറ്റുള്ളവർക്ക് അതിന്റെ അല്പം രുചി പറഞ്ഞു കൊടുക്കുന്നതായിരുന്നു കൃതികളെല്ലാം തന്നെ.

പ്രാർത്ഥനയെന്നത് പിതാവായ ദൈവത്തോടുള്ള സംഭാഷണമായിരുന്നു. "ധ്യാനം എന്നത് ദൈവത്തോടുള്ള സംസാരമായിരുന്നു. സ്നേഹത്താൽ ദൈവത്തോടുചേർന്ന് തന്നോടൊന്നിച്ചിരുന്ന്, സ്നേഹിതന്മാരോട് ഒന്നിച്ചുള്ള സംഭാഷണം പോലെ

* ചാവറയച്ചന്റെ കൃതികളിലെ സാഹിത്യ ഭംഗിയെക്കുറിച്ചും പ്രാർത്ഥനാരീതിയെക്കുറിച്ചും പ്രത്യേക ലേഖനങ്ങൾ കാണുക.

ആത്മമണവാളനായ ഈശോയോടൊന്നിച്ചിരുന്ന് സംസാരിച്ചിരിക്കുകയത്രെ ഇതിന്റെ പ്രവൃത്തി...സ്നേഹിതന്മാർ ഒന്നിച്ചിരുന്നാൽ വേർപിരിയുന്നതുവരെയും നാവടങ്ങാതെ സംസാരിക്കും. ഇതു കണ്ടുവരുന്ന കാര്യം തന്നെ. ഇതിനിടയിൽ അവർക്ക് സംസാരത്തിനു വകയില്ലാഞ്ഞിട്ട് മിണ്ടടങ്ങിയെന്നും വരികയില്ല. അപ്പോഴൊ സ്നേഹമുണ്ടെങ്കിൽ അയാളിനോട്ട് സംസാരിപ്പാൻ വകയുണ്ടാവും. ഈ സംസാരം ഒരുത്തൻ പഠിപ്പിക്കയും വേണ്ട. പേച്ചറിയാത്തവരും തമ്മിൽ സ്നേഹമുണ്ടായാൽ തമ്മിൽ പറയുകയും തിരിയുകയും ചെയ്യും. എന്നു വരുമ്പോൾ ഞാനും ഈശോമിശിഹായെ പട്ടാങ്ങായിട്ട് സ്നേഹിക്കുന്നു എങ്കിൽ എനിക്ക് ധ്യാനത്തിൽ തന്നോട് സംസാരിപ്പാൻ വകയുണ്ടാകും. അല്ലെങ്കിൽ സംസാരിപ്പാൻ പാടില്ലെങ്കിലും അരികെയിരിക്കുന്നതിനാൽ തൃപ്തിയായിരിക്കുമല്ലോ. ആയതിനാൽ ഈ സ്നേഹം ഇനിക്കുണ്ടാകുമെങ്കിൽ നിനക്കു ചൊല്ലിത്തരുവാനുള്ള ബുദ്ധിമുട്ടു കുറഞ്ഞിരിക്കും. അതെന്ത്യ, വേഗം പഠിക്കും ഈ സംസാരം. ആയതിനാൽ ഈ സ്നേഹം ഇനിക്ക് തരുവിക്കണം, അപ്പോൾ ധ്യാനവും പഠിക്കും.

ചാവറയച്ചൻ പ്രാർത്ഥനയാകുന്ന വേഷം വച്ചുകെട്ടേണ്ടി വന്നിട്ടില്ല. ദൈവത്തെ കണ്ടുമുട്ടുക, ചേരെയിരിക്കുക–സംസാരിക്കുക–ആനന്ദവും നിർവൃതിയും അനുഭവിക്കുക ഇതെല്ലാമായിരുന്നു, വലിയ വലിയ മിസ്റ്റിക്കുകളുടെ അനുഭവം. ഇവിടെ ചാവറയച്ചൻ ഈ മിസ്റ്റിസിസത്തിലേക്ക് ഉയർന്നിരുന്നു എന്നു നാം മനസ്സിലാക്കണം.

മുട്ടുകുത്തി ഒരു മണിക്കൂർ നിന്നാലും അനങ്ങാതെ നില കൊള്ളുക, കണ്ണിൽ നിന്നും ആനന്ദാശ്രുക്കൾ പൊഴിയുക, പരിസര ബോധം അസ്തമിക്കുന്ന തരത്തിൽ ദൈവിക നിർവൃതിയിൽ നിർലീനനാകുക – ഇതെല്ലാം ചാവറയച്ചന്റെ കൂടെ ധ്യാനത്തിനു സംബന്ധിച്ചവർ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുള്ള കാര്യമാണല്ലോ.

കന്യാസ്ത്രീകൾക്കു കൊടുക്കുന്ന ഉപദേശത്തിലും അനുഭവത്തിൽ നിന്നു പറയാനേ ചാവറസ്സു അറിയാൻ പാടുണ്ടായിരുന്നുള്ളൂ. "ഹാ ഈശോയുടെ സ്നേഹത്തിൻ ചരിപ്പിൽ 'എപ്പോഴും തന്റെ കൺമുമ്പിൽ ഇരിപ്പിൻ; തന്റെ അരികെ നടപ്പിൻ; തന്നോടു കൂടി എപ്പോഴും സംസാരിപ്പിൻ. യാതൊരു വസ്തുവിന്മേൽ നിനക്ക് ഇഷ്ടമോ ആഗ്രഹമോ അധിക സന്തോഷമോ തോന്നുമ്പോൾ ഈ പ്രയാസം നിറഞ്ഞ കർത്താവ് നിന്റെ നേരെ തിരിഞ്ഞു പറയുന്നു. എന്നെ നോക്കുക,

എന്നെക്കാൾ അധികം നിന്നെ സന്തോഷപ്പെടുത്തുമോ, ഇതു് ദുഃഖമോ ക്ലേശമോ. എങ്കിൽ നീ എന്തുകൊണ്ടു ക്ലേശിക്കുന്നു. ഞാൻ നിന്നെ സന്തോഷിപ്പിക്കും — (കത്തുകൾ No. )

ദൈവത്തിൽ വിലയം പ്രാപിക്കുന്ന ആത്മാവിനു തന്റെ തന്നെ ആസ്തിക്യവും പ്രവർത്തന ശൈലിയുമെല്ലാം ദൈവത്തിൽ സമർപ്പിക്കാനും അവിടുത്തെ കരുണയിൽ നിർവൃതി കൊള്ളുവാനുമേ സാധിക്കൂ. ചാവറയച്ചന്റെ ചിന്ത നോക്കുക — "ദൈവം ചെയ്യിച്ചതൊക്കേയും എന്റെ വശമോ? ഇത്രടം നീ വന്നതെങ്ങനെ, വീട്ടിൽ നിന്നാരു വിളിച്ചു? പട്ടത്തിനു് എങ്ങിനെ കേറി, കൊവേന്തയിൽ എങ്ങിനെ കൂടി, സഭ എങ്ങിനെ കിട്ടി, പ്രിയോരെന്നാരു വിളിച്ചു, ഇവിടെ എങ്ങിനെ വന്നു, ഇതിനൊന്നിനു് നിന്നെ കൊള്ളാമോ, ഇല്ലയില്ല നിശ്ചയം അപ്പഴോ തിരുമനസ്സു നടക്കും.

പ്രകൃതിയിൽ സഞ്ചരിക്കുന്ന ചാവറയ്ക്കു് പുല്ലു പുഷ്പാദികളും നക്ഷത്ര ജാലങ്ങളും പുഴയും കായലും തോടും വരമ്പും എല്ലാമെല്ലാം ദൈവത്തിലേക്കടുപ്പിക്കുന്ന യാന പാത്രങ്ങളായിരുന്നു. പ്രകൃതിയിൽനിന്നും പ്രകൃതിനാഥനിലേക്കു നീങ്ങാൻ ചാവറയ്ക്കു വളരെ എളുപ്പമായിരുന്നു. ആത്മാനുതാപത്തിലെ ചില വരികൾ നോക്കുക :

ആകാശഗോളങ്ങളും ആദിത്യ ചന്ദ്രന്മാരും
പ്രകാശഗ്രഹങ്ങളും നക്ഷത്ര കൂട്ടങ്ങളും
ഭൂമിയിൽ മുളച്ചുള്ള പുല്ലുപുഷ്പാദികളും
ഭൂതലം സമസ്തവും സൂക്ഷിച്ചു നോക്കിക്കൊണ്ടു്
ഇതൊക്കെ സൃഷ്ടിച്ചതിനെന്തു കാരണമെന്നു
മതിനെക്കണ്ടു് നിന്റെ മഹിമ ഗ്രഹിപ്പാനും
മിപ്പോലെയുള്ള ഭാഗ്യമീലോകെ വച്ചുവെങ്കി
ലപ്പരലോകെയുള്ള ഭാഗ്യങ്ങളെത്രചിത്രം

ഇവിടെയുള്ള ഭാഗ്യങ്ങളിൽ മുഴുകിക്കഴിയാനല്ല — ഈ ഭാഗ്യങ്ങളെക്കാൾ ഈ കാഴ്ചകളേക്കാൾ പരമോന്നതമായ കാഴ്ച കാണാൻ ആനന്ദം തേടാൻ കാണികളെ ചാവറ ആഹ്വാനം ചെയ്യുകയാണു്. ഇവിടെയെല്ലാം ഒരു തികഞ്ഞ ദൈവോപാസകനെയാണു നാം ദർശിക്കുക.

ഇപ്രകാരം ജീവിച്ചിരുന്നപ്പോഴെ വിശുദ്ധിയുടെ ഉന്നത ശ്രേണിയിൽ കയറിപ്പററിയ ഒരു മുനിവര്യനായിരുന്നു ചാവറയച്ചൻ. സ്വയം ബോദ്ധ്യത്തിലൂടെയും ദൈവോപാസന

യിലൂടെയും നേടിയെടുത്തതായിരുന്ന ചാവറയുടെ വിശ്രുത
പാലയ്ക്കൽ മല്പാനച്ചൻേറയും പോരൂക്കരെ തോമാച്ചൻേറയുമൊ
ക്കെ നല്ല നല്ല മാതൃകകറം ഇതിനു വളവും പ്രേരണയും നല്കി
ദൈവോപാസനയെന്നതു് മനുഷ്യ ദർശനമാണു്. ധ്യാന
ത്തിൽ നിർലീനനായി നിർവൃതിയിൽ ലയിച്ചിരിക്കാ
ആഗ്രഹമുണ്ടെങ്കിലും മനുഷ്യദശ്നത്തിനുവേണ്ടി, പരോപക
രങ്ങറംക്കുവേണ്ടി ഓടിപാഞ്ഞു നടക്കുന്നു.മനുഷ്യൻെറ കണ്ണു
രൊപ്പി അവനെ ദൈവത്തിലേക്കടുപ്പിക്കുന്നു. ഈ ലോക
വസ്തുക്കളേക്കാറം ശ്രേഷ്ഠമായ കാര്യങ്ങളും ഭാഗ്യങ്ങളും അവ
നെ കാണിച്ചു കൊടുക്കുന്നു. ചാവറയുടെ ജീവിത ശൈലി
ചുരുക്കത്തിൽ ഇതായിരുന്നു. പ്രാർത്ഥനയ്ക്കു വേണ്ടി പരോ
പകാരങ്ങറം ഉപേക്ഷിക്കുകയോ പരോപകാരങ്ങറംക്കുവേ
ണ്ടി പ്രാർത്ഥന ഉപേക്ഷിക്കുകയോ ചാവറയച്ചൻ ഇവിടെ
ചെയ്യുന്നില്ല. ഇതായിരിക്കാം ജനങ്ങളെ ജാതിമത ഭേദ
മെന്യേ അദ്ദേഹത്തിലേക്കു് അടുപ്പിച്ച ദിവ്യ ശക്തി.

—

RMEL JYOTHI
ALWAYE
THAIKKATTUKARA



Fr. John Ro
Pattessery (

കാലഘട്ടത്തെ അതിജീവിക്കുകയും
സ്വന്തം വ്യക്തിത്വത്തിന്റെ വശ്യശ
ക്തികൊണ്ട് ത്രികാലങ്ങളെ പ്രകാ
ശമാനമാക്കുകയും ചെയ്ത വാഴ്ത്തപ്പെട്ട
ചാവറ കുരിയാക്കോസ് ഏലിയാ
സച്ചന്റെ ചരിത്രം കേരള ക്രൈസ്ത
വ സമൂഹത്തിന്റെ ഒരു കാലഘട്ട
ത്തിന്റെ മുഴുവനും ചരിത്രമാണ് –
സാമൂഹിക – സംസ്കാരിക രംഗത്താ
കട്ടെ, സർവ്വോപരി ആദ്ധ്യാത്മിക രം
ഗത്താകട്ടെ, ക്രാന്തദർശിയും പുണ്യ
പുരുഷനും മനുഷ്യസ്നേഹിയുമായ
ചാവറയച്ചന്റെ സമുജ്ജ്വല വ്യ
ക്തിത്വം മനസ്സിലാക്കുക. കേരളചരിത്രം പഠിക്കുന്ന
ക്കെ ഒഴിച്ചു നിർത്താനാവാത്ത ഒന്നത്രേ. വിവിധ
ളിൽ ഈ മഹാത്മാവിനെക്കുറിച്ച് കൂടുതൽ വെളി
ച്ചങ്ങൾ തരുന്ന ഈ പുസ്തകം വിരചിച്ചത് ഫാ
റോമിയോ പട്ടശ്ശേരി – 1934 – ൽ ചേർത്തല അടുത്തു
എന്ന സ്ഥലത്തു പട്ടശ്ശേരി എന്ന പുരാതന കുടും
ജനിച്ചു. മാതാപിതാക്കൾ – വർഗീസും മറിയാമ്മ
ഹം. 1953 – ൽ C. M. I. സഭയിൽ ചേർന്നു, 1962. ൽ
യി. ഫിലോസഫി, തിയോളജി എന്നിവയിലുള്ള
ക്കുപുറമേ, ചരിത്രത്തിൽ മാസ്റ്റർ ബിരുദവും നേട
ഒരു നല്ല ധ്യാന പ്രാസംഗികനും ഗായകനും അനേ
ങ്ങളുടെ രചയിതാവുമാണ്. ഇപ്പോൾ ആലുവ
ആൻറണീസ് ആശ്രമത്തിൽ താമസിച്ചുകൊണ്ട്,
ശുശ്രൂഷയിൽ വ്യാപൃതനായിരിക്കുന്നു.

— Chavara Books and Publications

Sr. Edward, CMC
Superior General
Mount Carmel Generalate

# VII

# രമ്യതയുടെ ശുശ്രൂഷകൻ

കേരള സഭയ്ക്ക് ചാവറയച്ചൻ നൽകിയ നിരവധി സംഭാവനകളിൽ ഏറ്റവും പ്രധാനപ്പെട്ടത് കേരള സുറിയാനി സഭയെ ഭിന്നിപ്പിക്കാതെ ഒന്നിച്ചു നിർത്തുന്നതിൽ ധീരനേതൃത്വം നൽകി എന്നുള്ളതാണ്. 1653-ലെ കൂനൻ കുരിശു സത്യം നടന്ന കാലത്തെപ്പോലെ സഭാംഗങ്ങൾ വീണ്ടും അസംതൃപ്തരും ആവേശക്കാരുമായി തീർന്നിരുന്ന ഒരു കാലഘട്ടമായിരുന്നു, 1850 മുതലുള്ള കാലഘട്ടം. സ്വന്തം റീത്തിലെ മെത്രാനെ കിട്ടണമെന്ന ആഗ്രഹം എന്നത്തേക്കാൾ ഏറെ ഈ കാലത്തു ശക്തി പ്രാപിച്ചു. റോമിലേക്കു വ്യക്തികളും സമൂഹങ്ങളും അയക്കുന്ന നിവേദനങ്ങൾ ഒന്നുകിൽ അവിടെ എത്തിച്ചേരാതിരിക്കയോ—അല്ലെങ്കിൽ അതു ഗുണമായ മറുപടി അയക്കുന്നതിൽ നിന്നും റോമൻ സിംഹാസനത്തെ പ്രതിനിവർത്തിക്കുകയോ ചെയ്തിരുന്ന പ്രബല ശക്തി റോമിൽ തന്നെ പ്രവർത്തിച്ചിരുന്നു.

റോമാ സിംഹാസനവുമായി ഒന്നിപ്പിൽ കഴിയണം എന്ന് അതിയായി ആഗ്രഹിച്ചിരുന്ന കേരള സുറിയാനി സഭ ഈ 'അനങ്ങാപ്പാറ' നയത്തെ എന്തു് വിലകൊടുത്തും എതിർക്കണമെന്ന ആവേശകരമായ ചിന്താഗതിയുള്ളവരായിരുന്നു. പക്ഷേ സൂക്ഷ്മദൃക്കും സഭാ സ്നേഹിയുമായ ചാവറയച്ചൻ ഈ വൈകാരിക പ്രശ്നത്തിന്റെ നാനാവശങ്ങൾ വിലയിരുത്തുകയും സഭാംഗങ്ങളേയും വൈദിക സുഹൃത്തുക്കളെയും സമുദായ നേതാക്കന്മാരെയും എല്ലാം പല പ്രാവശ്യം കണ്ടു വിഭാഗീയ മനഃസ്ഥിതിയിൽ നിന്നും പിന്തിരിയണമെന്ന് ഉപദേശിക്കുകയും വികാരങ്ങൾക്ക് അടിപ്പെട്ട് ഒന്നും പ്രവർത്തിക്കരുതെന്ന് ഉപദേശിക്കുകയും ചെയ്തുകൊണ്ടിരുന്നു.

കത്തോലിക്കാ സഭയാണ് സത്യ സഭയെന്നും അവിടെയാണ് ക്രിസ്തുവിന്റെ സാന്നിദ്ധ്യവും പിൻതുടർച്ചയും കൈവയ്പ്പും പഠനവുമെന്നു, ദൃഢമായി വിശ്വസിച്ചിരുന്ന ഒരാളായിരുന്നു ചാവറയച്ചൻ. സ്വജാതി മെത്രാനു വേണ്ടിയോ റീത്തു മെത്രാനുവേണ്ടിയോ കലാപക്കൊടി ഉയർത്തി സുറിയാനി